Newspaper for malayalees Worldwide
CHICAGO/TORONTO ◆ Estd.2020

# വാചകം
# VACHAKAM

America | Canada | India | Keralam | Socialmedia | Cinema | Sports | Technology | World

CHICAGO
Vol. 5 / Issue 49/ Pages 32
01
ജൂലൈ 2026
ബുധനാഴ്ച
1201 മിഥുനം 17

www.vachakam.com
news@vachakam.com
canada@vachakam.com




ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യൂ ആർ കോഡ് സ്കാൻ ചെയ്യൂ

Newspaper for malayalees Worldwide CHICAGO/TORONTO ◆ Estd.2020

# വാചകം
VACHAKAM

CHICAGO
Vol. 5 / Issue 49/ Pages 32
01
ജൂലൈ 2026
ബുധനാഴ്ച
1201 മിഥുനം 17





www.vachakam.com
news@vachakam.com
canada@vachakam.com


## പിരിച്ചുവിട്ട ജീവനക്കാരെ ഉയർന്ന ശമ്പളത്തിൽ തിരികെ വിളിച്ച് ഫോർഡും ഐബിഎമ്മും

# മനുഷ്യന്റെ വൻ തിരിച്ചുവരവ്!



കഴിഞ്ഞ കുറച്ചു വർഷങ്ങളായി ആഗോള തൊഴിൽ വിപണിയിൽ പടർന്നുപിടിച്ച ഏറ്റവും വലിയ ആശങ്കയായിരുന്നു കൃത്രിമബുദ്ധിയുടെ കടന്നുകയറ്റവും അത് സൃഷ്ടിക്കാൻ പോകുന്ന തൊഴിൽ നഷ്ടങ്ങളും. മനുഷ്യൻ ചെയ്യുന്ന എല്ലാ ജോലികളും യന്ത്രങ്ങൾ ഏറ്റെടുക്കുമെന്നും കമ്പനികളുടെ പ്രവർത്തനച്ചിലവ് പകുതിയായി കുറയുമെന്നുമുള്ള സാങ്കേതിക വിദഗ്ധരുടെ പ്രവചനങ്ങൾ കോർപ്പറേറ്റ് ലോകം ആവേശത്തോടെയാണ് സ്വീകരിച്ചത്. എന്നാൽ, ഈ സാങ്കേതിക അമിതാവേശം പ്രായോഗിക തലത്തിൽ കനത്ത തിരിച്ചടിയാണ് സമ്മാനിച്ചതെന്ന പുതിയ യാഥാർത്ഥ്യമാണ് ഇപ്പോൾ പുറത്തുവരുന്നത്. ഫോർഡ്, ഐബിഎം, കോമൺവെൽത്ത് ബാങ്ക് ഓഫ് ഓസ്ട്രേലിയ തുടങ്ങിയ


ശേഷം പേജ് 8ൽ



അമ്പലക്കൊള്ള:
സോമനാഥം മുതൽ അയോധ്യ വരെ
(എൻ. പി. ചെക്കുട്ടി എഴുതുന്നു)
........................................ പേജ് 06
വെള്ളാനകൾ മദിച്ചു വിലസി
പി. എസ്. സിയിൽ
........................................ പേജ് 15
അര പിണറായിയാവുമോ
സതീശൻ?
........................................ പേജ് 16
പ്രകാശം പരത്തിയ
വയോവൃദ്ധൻ!
........................................ പേജ് 17
ഗോളടിച്ച്, ഗോളടിച്ച്
'മെസ്സി'യായി സതീശൻ,
വലകുലുങ്ങുന്നതുകണ്ട്
'കിളിപോയി' പ്രതിപക്ഷവും!
........................................ പേജ് 24
തീക്കട്ടയിൽ ഉറുമ്പരിക്കുമ്പോൾ
........................................ പേജ് 25


## ദോഹ: ട്രംപിന്റെ പുതിയ സമാധാന നീക്കവും മാറുന്ന പശ്ചിമേഷ്യൻ സമവാക്യങ്ങളും



ദോഹയിലെ നയതന്ത്ര വേദിയിൽ നിന്ന് പുറത്തുവന്ന വാർത്തകൾ പശ്ചിമേഷ്യൻ രാഷ്ട്രീയത്തിലും വാഷിംഗ്ടണിലെ അധികാര ഇടനാഴികളിലും കനത്ത ചർച്ചകൾക്ക് വഴിതുറന്നിരിക്കുകയാണ്. ഫെബ്രുവരിയിൽ പൊട്ടിപ്പുറപ്പെട്ട യുദ്ധത്തിന് താൽക്കാലിക ശമനം വരുത്തിക്കൊണ്ട് കഴിഞ്ഞ മാസം സ്വിറ്റ്സർലൻഡിലെ ലൂസേൺ ഉച്ചകോടിയിൽ രൂപീകരിച്ച സമാധാന കരാറിന്റെ തുടർച്ചയായിട്ടാണ് ഖത്തറിന്റെയും പാകിസ്ഥാന്റെയും മധ്യസ്ഥതയിൽ അമേരിക്കയും ഇറാനും തമ്മിൽ ദോഹയിൽ പരോക്ഷ ചർച്ചകൾ നടത്തിയത്. ചർച്ചകൾ വിജയകരമാണെന്നും ഇറാന്റെ ആണവ നിരായുധീകരണ പ്രക്രിയ മികച്ച രീതിയിലാണ് മുന്നോട്ട് പോകുന്നതെന്നും അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ്


ശേഷം പേജ് 8ൽ



ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com
വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

# ബൊസ്നിയയെ തകർത്ത് യുഎസ് പ്രീക്വാർട്ടറിൽ



സാൻ ഫ്രാൻസിസ്കോ: പത്ത് പേരുമായി ചുരുങ്ങിയിട്ടും തകർപ്പൻ പോരാട്ടവീര്യവുമായി അമേരിക്കൻ പട ഫിഫ ലോകകപ്പിന്റെ പ്രീക്വാർട്ടറിലേക്ക് (റൗണ്ട് ഓഫ് 16) യോഗ്യത നേടി. ബുധനാഴ്ച നടന്ന ആവേശകരമായ മത്സരത്തിൽ എതിരില്ലാത്ത രണ്ട് ഗോളുകൾക്ക് ബൊസ്നിയയെ തകർത്താണ് യുഎസ് ചരിത്രവിജയം സ്വന്തമാക്കിയത്. ലോകകപ്പ് നോക്കൗട്ട് ഘട്ടത്തിൽ ഒരു വിജയം നേടാനായുള്ള അമേരിക്കയുടെ 24 വർഷത്തെ നീണ്ട കാത്തിരിപ്പാണ് ഈ ജയത്തോടെ അവസാനിച്ചത്.

സാൻ ഫ്രാൻസിസ്കോ ബേ ഏരിയയിൽ തടിച്ചുകൂടിയ പതിനായിരക്കണക്കിന് ആരാധകരെ സാക്ഷിയാക്കി കളം നിറഞ്ഞുകളിച്ച അമേരിക്കയ്ക്കായി ആദ്യ പകുതിയുടെ അവസാന നിമിഷങ്ങളിൽ ഫോളാരിൻ ബലോഗൻ ആദ്യ ഗോൾ നേടി. എന്നാൽ രണ്ടാം പകുതിയിൽ താരം ചുവപ്പ് കാർഡ് കണ്ട് പുറത്തായതോടെ യുഎസ് പത്ത് പേരായി ചുരുങ്ങി.

തുടർന്ന് കളി അവസാനിക്കാൻ എട്ട് മിനിറ്റ് ബാക്കിയുള്ളപ്പോൾ മാലിക് ടിൽമാൻ നേടിയ മനോഹരമായ ഫ്രീ കിക്ക് ഗോളിലൂടെ അമേരിക്ക വിജയം ഉറപ്പിച്ചു.സൂപ്പർ താരം ക്രിസ്റ്റ്യൻ പുലിസിച്ച് ടീമിലേക്ക് തിരിച്ചെത്തിയത് യുഎസിന്റെ ആക്രമണങ്ങൾക്ക് മൂർച്ച കൂട്ടി. മത്സരത്തിൽ പുലിസിച്ചും ബലോഗനും നേടിയ രണ്ട് ഗോളുകൾ ഓഫ്സൈഡ് നിയമങ്ങളിൽ കുരുങ്ങി റദ്ദാക്കപ്പെട്ടിരുന്നു.

യൂറോപ്യൻ രാജ്യങ്ങൾക്കെതിരെ ലോകകപ്പിൽ തുടർച്ചയായി 10 മത്സരങ്ങളിൽ പരാജയപ്പെട്ട ചരിത്രമുള്ള അമേരിക്കയ്ക്ക് ഈ വിജയം വലിയൊരു ആത്മവിശ്വാസമാണ് നൽകുന്നത്. സെനഗലിനെ അധിക സമയത്ത് 32 ന് തോൽപ്പിച്ച് എത്തുന്ന ബെൽജിയമാണ് പ്രീക്വാർട്ടറിൽ അമേരിക്കയുടെ എതിരാളികൾ. സിയാറ്റിലിൽ വെച്ചാണ് ഈ പോരാട്ടം നടക്കുക.

# തിരഞ്ഞെടുപ്പിൽ ഇടപെടേണ്ട! ട്രംപിന്റെ മെയ്ൽ ബാലറ്റ് ഉത്തരവിന് സ്റ്റേ

യു.എസ്. പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പുറപ്പെടുവിച്ച വിവാദപരമായ മെയ്ൽ ഇൻ ബാലറ്റ് (തപാൽ വോട്ട്) എക്സിക്യൂട്ടീവ് ഉത്തരവ് നടപ്പാക്കുന്നതിൽ നിന്ന് യു.എസ്. പോസ്റ്റൽ സർവീസിനെ ഫെഡറൽ കോടതി തടഞ്ഞു. പോസ്റ്റൽ സർവീസിന്റെ പുതിയ നീക്കം, 2020 ലെ ഒരു കേസിനെ തുടർന്നുണ്ടായ നിയമപരമായ ഒത്തുതീർപ്പ് വ്യവസ്ഥകളുടെ ലംഘനമാണെന്ന് യു.എസ് ഡിസ്ട്രിക്റ്റ് ജഡ്ജ് എമ്മെറ്റ് സുല്ലിവൻ വ്യക്തമാക്കി. ട്രംപ് ഭരണകൂടത്തിന് രാജ്യമൊട്ടാകെ തിരിച്ചടിയേകുന്നതാണ് ഈ പുതിയ വിധി.




## എന്തായിരുന്നു ട്രംപിന്റെ ഉത്തരവ്?

തപാൽ വോട്ട് ചെയ്യുന്ന വോട്ടർമാരുടെ കൃത്യമായ പട്ടികയും മറ്റ് കർശനമായ വിവരങ്ങളും കേന്ദ്ര ഏജൻസിക്ക് മുൻകൂട്ടി സമർപ്പിക്കുന്ന സംസ്ഥാനങ്ങളിലെ ബാലറ്റുകൾ മാത്രമേ കൈമാറാവൂ എന്നായിരുന്നു 2026 മാർച്ചിൽ ട്രംപ് പോസ്റ്റൽ സർവീസിന് നൽകിയ നിർദ്ദേശം. വോട്ട് തട്ടിപ്പുകൾ തടയാൻ എന്ന പേരിലായിരുന്നു ഈ നീക്കം. എന്നാൽ, ഈ ഉത്തരവ് നടപ്പിലായാൽ വോട്ടർമാരുടെ വൻതോതിലുള്ള വിവരങ്ങൾ ട്രംപ് അനുകൂലികളായ ഉദ്യോഗസ്ഥരുടെ കൈകളിൽ എത്തുമെന്നും, ഇത് തിരഞ്ഞെടുപ്പിൽ സർക്കാരിന് അനാവശ്യമായി ഇടപെടാൻ അവസരമൊരുക്കുമെന്നും ആക്ഷേപമുയർന്നു. കൂടാതെ തപാൽ വോട്ടുകളുടെ കവറുകളിൽ പ്രത്യേക ബാർകോഡുകൾ നിർബന്ധമാക്കണമെന്നും ഉത്തരവിലുണ്ടായിരുന്നു. സാമ്പത്തിക ബാധ്യത കാരണം പല തദ്ദേശ ഭരണകൂടങ്ങൾക്കും ഇത് പെട്ടെന്ന് നടപ്പാക്കുക അസാധ്യമായിരുന്നു.

## കോടതിയുടെ നിരീക്ഷണം

2020 ൽ കോവിഡ് പ്രതിസന്ധിക്കിടെ തപാൽ വോട്ടുകൾ വൈകുന്നു എന്ന് ചൂണ്ടിക്കാട്ടി പ്രമുഖ മനുഷ്യാവകാശ സംഘടനയായ നാഷണൽ അസോസിയേഷൻ ഫോർ ദി അഡ്വാൻസ്മെന്റ് ഓഫ് കളേർഡ് പീപ്പിൾ പോസ്റ്റൽ സർവീസിനെതിരെ കേസ് ഫയൽ ചെയ്തിരുന്നു. തുടർന്ന് 2021ൽ ഉണ്ടായ ഒത്തുതീർപ്പ് പ്രകാരം എല്ലാ വോട്ടർമാരുടെയും തപാൽ വോട്ടുകൾക്ക് മുൻഗണന നൽകി കൃത്യസമയത്ത് എത്തിക്കുമെന്ന് പോസ്റ്റൽ സർവീസ് ഉറപ്പുനൽകിയിരുന്നു.

നിബന്ധനകൾ പാലിച്ചില്ലെന്ന പേരിൽ വോട്ടർമാരുടെ ബാലറ്റുകൾ നൽകാതിരിക്കുകയോ, ലിസ്റ്റ് നൽകിയില്ലെന്ന പേരിൽ സംസ്ഥാനങ്ങളിലെ വോട്ടുകൾ തടഞ്ഞുവെക്കുകയോ ചെയ്യുന്നത് ഈ ഒത്തുതീർപ്പ് കരാറിന്റെ ലംഘനമാണെന്ന് ജഡ്ജി എമ്മെറ്റ്സുല്ലിവൻവ്യക്തമാക്കി.നേരത്തെ ബോസ്റ്റണിലെ ഒരു കോടതി 24 സംസ്ഥാനങ്ങളിൽ ഈ ഉത്തരവ് തടഞ്ഞിരുന്നെങ്കിൽ, പുതിയ വിധിയിലൂടെ രാജ്യം മുഴുവൻ ട്രംപിന്റെ നിർദ്ദേശത്തിന് സ്റ്റേ വന്നിരിക്കുകയാണ്.

## എന്തുകൊണ്ട് ഇത് ട്രംപിന് കനത്ത തിരിച്ചടിയാകുന്നു?

വരാനിരിക്കുന്ന നവംബർ 3 ലെ യു.എസ്. മിഡ്ടേം തെരഞ്ഞെടുപ്പിൽ യു.എസ്. കോൺഗ്രസിന്റെ ഇരുസഭകളുടെയും ഭരണം നിലനിർത്താൻ റിപ്പബ്ലിക്കൻ പാർട്ടിയും ഡെമോക്രാറ്റുകളും തമ്മിൽ കടുത്ത പോരാട്ടത്തിലാണ്. തപാൽ വോട്ടുകൾക്ക് കർശന നിയന്ത്രണം ഏർപ്പെടുത്തി തിരഞ്ഞെടുപ്പ്പ്രക്രിയയെ സ്വാധീനിക്കാമെന്ന ട്രംപിന്റെ നീക്കത്തിനാണ് ഇവിടെ തടസ്സമുണ്ടായിരിക്കുന്നത്.

വിധിയുടെ തൊട്ടുപിന്നാലെ, തെരഞ്ഞെടുപ്പ്ദിവസത്തിന്ശേഷവും എത്തുന്ന തപാൽ വോട്ടുകൾ (അതിൽ തെരഞ്ഞെടുപ്പ് ദിവസത്തെ പോസ്റ്റ്മാർക്ക് ഉണ്ടെങ്കിൽ) എണ്ണാമെന്ന സംസ്ഥാന നിയമം യു.എസ്. സുപ്രീം കോടതിയും ശരിവെച്ചിരുന്നു. ഇതും ട്രംപിന്റെ നിലപാടുകൾക്ക് വിരുദ്ധമായിരുന്നു.

കറുത്തവർഗ്ഗക്കാരായ വോട്ടർമാരെയും പാർശ്വവത്കരിക്കപ്പെട്ട സമൂഹങ്ങളെയും ലക്ഷ്യമിട്ട് വോട്ടിംഗ് തടസ്സപ്പെടുത്താനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾക്കാണ് കോടതി തടയിട്ടിരിക്കുന്നതെന്ന് NAACP വ്യക്തമാക്കി. ഈ വിധിക്കെതിരെ ട്രംപ് ഭരണകൂടം അപ്പീൽ നൽകുമെന്നാണ് സൂചന. ഇതോടെ വരാനിരിക്കുന്ന തെരഞ്ഞെടുപ്പ് തീയതികൾ അടുക്കുംതോറും യു.എസിലെ നിയമപോരാട്ടങ്ങൾ കൂടുതൽ ശക്തമാകാനാണ് സാധ്യത.

Published from Chicago by Vachakam Ltd,
1001 E. Chicago Ave. Ste.151, Naperville
Illinois 60540, USA. (Corporate Office).

Founder, Chairman & CEO:
Jose Chennikkara
Co-Founder Vice Chairman and CEO:
Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director:
Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad
1-773-888-2242
1-773-842-9149, 1-773-888-2243
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online)
for Malayalees worldwide)
Cost $1.00 per copy
**1-773-888-2242**
**1-773-842-9149**
**Email: vachakamonline@gmail.com**
**E-Paper reading**
**visit vachakam.com**

Disclaimer
Vachakam Ltd. assumes no liability or responsibility for claims against advertisments, advertorials, articles or copyright issues.

# യൂഎസിൽ ആണവ നിലയങ്ങളിലെ റേഡിയേഷൻ ചട്ടങ്ങൾ ലഘൂകരിക്കാൻ നീക്കം; സുരക്ഷാ ആശങ്കയുമായി ശാസ്ത്രജ്ഞർ

വാഷിംഗ്ടൺ: ആണവോർജ്ജ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി റേഡിയേഷൻ സുരക്ഷാ ചട്ടങ്ങളിൽ വലിയ ഇളവുകൾ വരുത്താൻ അനുമതി തേടി യുഎസ് ആണവ നിയന്ത്രണ സമിതി. പുതിയ ആണവ റിയാക്ടറുകളുടെ നിർമ്മാണം വേഗത്തിലാക്കാനും ചെലവ് ചുരുക്കാനുമായി ട്രംപ് ഭരണകൂടം മുന്നോട്ട് വെക്കുന്ന പുതിയ നയങ്ങളുടെ ഭാഗമായാണ് ഈ നിർണായക നീക്കം.

ഡാറ്റാ സെന്ററുകൾ, ഇലക്ട്രിക് വാഹനങ്ങൾ, ക്രിപ്റ്റോ കറൻസി മൈനിങ് എന്നിവ കാരണം രാജ്യത്ത് വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത മുൻനിർത്തി 2050ഓടെ അമേരിക്കയുടെ ആണവോർജ്ജ ശേഷി നാലിരട്ടിയാക്കാനാണ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ലക്ഷ്യമിടുന്നത്.

ഇതിനായി ഫെഡറൽ ഭൂമിയിൽ ആണവനിലയങ്ങൾ നിർമ്മിക്കാനും അനുമതികൾ വേഗത്തിലാക്കാനും കഴിഞ്ഞ വർഷം ട്രംപ് പ്രത്യേക ഉത്തരവിട്ടിരുന്നു. ഇതിന്റെ തുടർച്ചയായാണ്, വർഷങ്ങളായി നിലനിൽക്കുന്ന 'A-em-c' (ALARA - As Low as Reasonably Achievable) എന്ന റേഡിയേഷൻ സുരക്ഷാ മാനദണ്ഡം ഒഴിവാക്കാൻ എൻആർസി ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്നത്.

എത്ര ചെറിയ അളവിലുള്ള റേഡിയേഷനും അർബുദത്തിന് കാരണമായേക്കാം എന്ന ശാസ്ത്രീയ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലുള്ളതായിരുന്നു ഈ കർശന നിയമം.

പുതിയ മാറ്റം ചട്ടങ്ങളിൽ കൂടുതൽ വ്യക്തത കൊണ്ടുവരാനാണെന്നും സുരക്ഷാ മാനദണ്ഡങ്ങൾ കുറയ്ക്കുന്നില്ലെന്നുമാണ് എൻആർസി ചെയർമാൻ ഹോ നീഹ് വ്യക്തമാക്കുന്നത്. പുതിയ റിയാക്ടറുകൾ രൂപകൽപ്പന ചെയ്യുന്ന കമ്പനികൾക്ക് കൃത്യമായ റേഡിയേഷൻ പരിധിയെക്കുറിച്ച് മുൻകൂട്ടി ധാരണ നൽകാൻ ഇത് സഹായിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

എന്നാൽ, ഈ നീക്കത്തിനെതിരെ കടുത്ത ആശങ്കയുമായി ശാസ്ത്രജ്ഞരും ആണവ സുരക്ഷാ പ്രവർത്തകരും രംഗത്തെത്തിയിട്ടുണ്ട്. റേഡിയേഷനിൽ സുരക്ഷിതമായ അളവ് എന്നൊന്നില്ലെന്നും അർബുദ സാധ്യത ഇതിലൂടെ വർദ്ധിക്കുമെന്നും 'യൂണിയൻ ഓഫ് കൺസേൺഡ് സയന്റിസ്റ്റ്' സംഘടനയിലെ ഭൗതികശാസ്ത്രജ്ഞൻ എഡ്വിൻ ലെയ്മാൻ മുന്നറിയിപ്പ് നൽകി.

ആണവ വ്യവസായ മേഖലയ്ക്ക് പണം ലാഭിക്കാൻ വേണ്ടി മാത്രം ജീവനക്കാരെയും പൊതുജനങ്ങളെയും ഉയർന്ന തോതിലുള്ള റേഡിയേഷൻ ഭീഷണിയിലേക്ക് തള്ളിവിടുകയാണ് ഈ പുതിയ നിയമമെന്ന് അദ്ദേഹം ആരോപിച്ചു.

## റീ...പോളിംഗ്




*കൃത്യമായ പ്ലാനും വിഷനുമുള്ള സർക്കാരാണിത്. വി.ഡി. സതീശൻ*



# ഷിക്കാഗോ മാർത്തോമാ ശ്ലീഹ കത്തീഡ്രലിൽ 2026ലെ ദുക്രാന തിരുനാൾ ആഘോഷങ്ങൾക്ക് തുടക്കം

2026 ലെ ദുക്രാന തിരുന്നാളിനു ജൂൺ 28 ഞായറാഴ്ച വൈകുന്നേരം ഭക്തിനിർഭരമായി പരിശിശുദ്ധ കുർബ്ബാനയോടെയും തുടർന്നുന്നുള്ള യുക്രൈസ്റ്റിക് പ്രൊസെഷനോടും കൂടി കൊടികയറി. ഈ ദിവസത്തെ തിരുകർമ്മങ്ങൾക്ക് നേതൃത്ത്വം നൽകാൻ മാർ ജോയ് ആലപ്പാട്ട് പിതാവും സന്നിഹിതനായിരുന്നു. ഷിക്കാഗോ ഇടവക വിശുദ്ധ തോമാശ്ലീഹായുടെ തിരുശേഷിപ്പിനാൽ അനുഗ്രഹീതമാണ്.

തിരുനാളാഘോഷങ്ങൾ കേരളത്തിന്റെ സമ്പന്നമായ ക്രൈസ്തവ പാരമ്പര്യം നിലനിർത്തിക്കൊണ്ടുതന്നെ ആഘോഷപൂർവമാക്കുന്നതിനായി ഇടവകാംഗങ്ങൾ എല്ലാവരും ഒരുമയോടെ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഈ വർഷത്തെ ദുക്രാന തിരുനാളിന്റെ ഒരുക്കങ്ങൾക്കും ആഘോഷങ്ങൾക്കും നേതൃത്വം നൽകുന്നത് ഇടവകയിലെ യുവജനങ്ങളാണ്.

അവരുടെ സജീവ പങ്കാളിത്തവും ആത്മാർഥമായ സേവനവും തിരുനാളിന് കൂടുതൽ ചാരുതയും ആവേശവും പകരുമെന്ന പ്രതീക്ഷയിലാണ് ഇടവകസമൂഹം.

തിരുനാളിനോടനുബന്ധിച്ച് ഓരോ ദിവസവും വിശുദ്ധ കുർബാനയും മാർത്തോമാ ശ്ലീഹായുടെ നൊവേനയും കത്തീഡ്രലിലെ ഓരോ വാർഡിലെ അംഗങ്ങളെ പ്രത്യേകം സമർപ്പിച്ച് ഭക്തിപൂർവം അർപ്പിച്ചുവരുന്നു.

ജൂലൈ 3ന് വൈകുനേരം കുർബാനക്ക് ശേഷം ഒരു കൺസെർട്ട് നൈറ്റ് യുവജനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ടു. ജൂലൈ 4ന് വൈകിട്ട് 5ന് ഇംഗ്ലീഷ് രാസകുർബ്ബാനക്കു ശേഷം കത്തീഡ്രൽ കൾച്ചറൽ അക്കാദമിയുടെ നേതൃത്ത്വത്തിൽ ഒരു കലാസന്ധ്യ സങ്കടിപ്പിച്ചിട്ടുണ്ട്. ജൂലൈ 5 തിരുന്നാൾ ദിനത്തിൽ വൈകുന്നേരം ആത്മീയ നിർഭരമായ കുർബ്ബാന ഇംഗ്ലീഷിലും തുടർന്ന് പ്രോസെഷനും അതിനു ശേഷം കിച്ചൻ ടോൺസിന്റെ നേതൃത്ത്വത്തിൽ വോളന്റീർസ് സ്നേഹവിരുന്നും ഒരുക്കുന്നു. തിരുനാൾ ആഘോഷങ്ങൾക്ക് മിഴിവേകുന്നതിനായി വർണാഭമായ വെടിക്കെട്ടും ക്രമീകരിച്ചിട്ടുണ്ട്. ഇടവകാംഗങ്ങളെ പ്രായഭേദമന്യേ ഒത്തുചേർത്തു നിർത്തിക്കൊണ്ട് ഈ തിരുന്നാൾ വിജയകരമാക്കുന്നതിനാവശ്യമായ മാർഗനിർദേശങ്ങളും നേതൃത്വവും നൽകി

ഇടവക വികാരിയായ റവ. ഫാ. തോമസ് കാടുകാപ്പിള്ളിലും അസിസ്റ്റന്റ് വികാരിയായ റവ. ഫാ. ജോയൽ പയസും മുന്നിൽ നിന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. യുവാക്കളുടെ പ്രതിനിധികളായ സിബി ഫ്രാൻസിസ്, ജോ വടകര, അൽഫോൻസ തോമസ്, ജോബിൻ തോമസ്, സിനി കാപ്പിൽ, ഫിൽസി മൂലയിൽ എന്നിവരാണ് തിരുനാളിന്റെ കോർഡിനേറ്റർമാരായി പ്രവർത്തിക്കുന്നത്. അവരോടൊപ്പം കത്തീഡ്രലിലെ കൈക്കാരന്മാരായ ജെയിംസ് ജോൺ, റോയ് ജോസഫ്, ബോബി ചിറയിൽ വിവിഷ് ജേക്കബ്, ആദിത്യ ജോസ്, അലീഷ ജോർജ് എന്നിവരും വളരെയധികം വോളന്റീർസും തിരുനാൾ ഒരുക്കങ്ങൾ വിജയകരമാക്കുന്നതിനായി എല്ലാവിധ സഹായസഹകരണങ്ങളും നൽകി സജീവമായി പ്രവർത്തിച്ചുവരുന്നു. തിരുനാളിന്റെ തിരുക്കർമങ്ങളിലും ആഘോഷപരിപാടികളിലും പങ്കെടുത്ത് ഈ ദുക്രാന തിരുനാൾ ആത്മീയാനുഗ്രഹങ്ങളും ദൈവകൃപയും നിറഞ്ഞ അനുഭവമാക്കി മാറ്റുവാൻ ഏവർക്കും സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

# മെക്സിക്കോയിൽ ലോകകപ്പ് വിജയാഘോഷത്തിനിടെ വൻ ദുരന്തം; തിരക്കിൽപ്പെട്ട് നാല് മരണം

മെക്സിക്കോ സിറ്റി: ഫിഫ ലോകകപ്പിൽ ഇക്വഡോറിനെ തോൽപ്പിച്ച് ദേശീയ ടീം പ്രീക്വാർട്ടറിലേക്ക് യോഗ്യത നേടിയതിന് പിന്നാലെ മെക്സിക്കോ സിറ്റിയിലുണ്ടായ വിജയാഘോഷങ്ങൾ ദുരന്തത്തിൽ കലാശിച്ചു. ജനത്തിരക്കിലും ആഘോഷങ്ങളിലും പെട്ട് നാല് പേർ മരണപ്പെട്ടതായി മെക്സിക്കോ ആരോഗ്യ മന്ത്രാലയം ബുധനാഴ്ച സ്ഥിരീകരിച്ചു.

ചൊവ്വാഴ്ച രാത്രി പതിനായിരക്കണക്കിന് ആരാധകർ ഒത്തുകൂടിയ ചരിത്ര പ്രസിദ്ധമായ 'ഏഞ്ചൽ ഓഫ് ഇൻഡിപെൻഡൻസ്' സ്മാരകത്തിന് സമീപമുള്ള തെരുവുകളിലാണ് ആദ്യ ദുരന്തമുണ്ടായത്. രണ്ട് സ്ത്രീകളും ഒരു പുരുഷനും ബോധരഹിതരായി തെരുവിൽ വീഴുകയായിരുന്നു. ഉടൻ തന്നെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ശ്വാസംമുട്ടിയാണ് മൂവരും മരണപ്പെട്ടതെന്ന് അധികൃതർ വ്യക്തമാക്കി. പിന്നീട്, ആഘോഷങ്ങളിൽ പങ്കെടുത്ത മുപ്പതുകാരനായ മറ്റൊരു യുവാവ് ശാരീരിക അസ്വസ്ഥതകളെയും ഹൃദയാഘാതത്തെയും തുടർന്ന് ആശുപത്രിയിൽ വെച്ച് മരണപ്പെടുകയായിരുന്നു.

ഏകദേശം 14 ലക്ഷത്തിലധികം ആളുകളാണ് ഒരേസമയം മെക്സിക്കോ സിറ്റിയിലെ തെരുവുകളിലേക്ക് വിജയാഘോഷങ്ങളുമായി ഇറങ്ങിയത്. പടക്കങ്ങളും മദ്യലഹരിയും നൃത്തച്ചുവടുകളുമായി ജനങ്ങൾ തടിച്ചുകൂടിയതോടെ നഗരം പൂർണ്ണമായും നിയന്ത്രണാതീതമായി. ഒരടി പോലുംമുന്നോട്ട്നീങ്ങാൻകഴിയാത്തവിധം തെരുവുകൾ സ്തംഭിച്ചതോടെ, നഗരമധ്യത്തിലേക്ക് കൂടുതൽ ആളുകൾ എത്തരുതെന്ന് മേയർ പരസ്യമായി അഭ്യർത്ഥിക്കേണ്ടി വന്നു. ജനങ്ങൾ കൂടുതൽ ഉത്തരവാദിത്തോടും ജാഗ്രതയോടും കൂടി മാത്രമേ ഇനി ആഘോഷങ്ങളിൽ പങ്കുചേരാവൂ എന്നും മേയർ കൂട്ടിച്ചേർത്തു.



## ഷിക്കാഗോ മലയാളി അസോസിയേഷൻ

# നാഷണൽ ആം റെസ്ലിങ് കോമ്പറ്റിഷൻ ശ്രദ്ധേയമായി

ഷിക്കാഗോ: ഷിക്കാഗോ മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട നാഷണൽ ആം റെസ്ലിങ് കോമ്പറ്റിഷൻ ശ്രദ്ധേയമായി. അസോസിയേഷന്റെ ചരിത്രത്തിൽ, ആദ്യമായി നടത്തപ്പെട്ട ആം റെസ്ലിങ് മത്സരങ്ങൾ കാണുവാൻ വിവിധ സ്റ്റേറ്റുകളിൽ നിന്നുൾപ്പെടെ നിരവധി പേരാണ് എത്തിയത്.

2026 ജൂൺ മാസം 21ാം തിയതി ഡെസ്പ്ലെയിൻസിലുള്ള ക്നാനായ കമ്മ്യൂണിറ്റി ഹാളിൽ വച്ച് നടത്തപ്പെട്ട മത്സരങ്ങൾ പ്രശസ്ത സിനിമ നടനും മലയാളത്തിലെ ആക്ഷൻ ഹീറോയുമായ ബാബു ആന്റണി ഉദ്ഘാടനം ചെയ്തു.

ലൈറ്റ് വെയിറ്റ്, മിഡിൽ വെയിറ്റ്, സൂപ്പർ വെയിറ്റ് എന്നീ മൂന്ന് വിഭാഗങ്ങളിലായി നടത്തപ്പെട്ട മത്സരങ്ങളിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നായി 25ൽ പരം ടീമുകൾ പങ്കെടുത്തു. ആവേശകരമായ മത്സരങ്ങൾക്ക് ഒടുവിൽ ലൈറ്റ് വെയിറ്റ് വിഭാഗത്തിൽ അനൂപ് ജോസഫ് ഒന്നാം സ്ഥാനവും ജെറിൻ ജോസഫ് രണ്ടാം സ്ഥാനവും നേടി. മിഡിൽ വെയിറ്റ് വിഭാഗത്തിൽ ഡോൺ സഖറിയ ജേതാവായപ്പോൾ ഡിബിൻ ജോസ് രണ്ടാം സ്ഥാനം കരസ്ഥമാക്കി. സൂപ്പർ വെയിറ്റ് വിഭാഗത്തിൽ പ്രദീപ് ഡേവിസ് ഒന്നാം

സ്ഥാനവും മെബിൻ അബ്രഹാം രണ്ടാം സ്ഥാനവും നേടി. വിജയികൾക്ക് ട്രോഫികളും പുരസ്കാരങ്ങളും സമ്മാനിച്ചു.

ആം റെസ്ലിങ് മത്സരങ്ങളുടെ കോഓർഡിനേറ്റർ ആയി അഭിലാഷ് നെല്ലാമറ്റം, റഫറിമാരായി ആഷ്‌ലി ജോൺ, ജെസ്സ്മോൻ പുറമഠം, റഫറി സപ്പോർട്ട് പ്രിൻസ് ഈപ്പൻ, രജിസ്ട്രേഷൻ സൂസൻ ചാക്കോ, ബീന ജോർജ്, വെയിറ്റ് മാനേജ്മെന്റ് മനോജ് അച്ചേട്ട്, ഗെയിം കണ്ടക്ടർസ് സഞ്ചു മാത്യു, മാത്യൂസ് എബ്രഹാം, ടൈം മാനേജ്മെന്റ് ജിനോയ് മാത്യു, ഫസ്റ്റ് എയ്ഡ് ഷൈനി ഹരിദാസ്, സായി പുല്ലാപ്പള്ളിൽ, ട്രോഫി വർഗീസ് തോമസ്, ഫെസിലിറ്റി സപ്പോർട്ട് ഫിലിപ്പ് പുത്തൻപുരയിൽ, വർഗീസ് തോമസ് എന്നിവർ പ്രവർത്തിച്ചു.

പരിപാടിയുടെ മുഖ്യ സ്പോൺസറായിരുന്ന തോമസ് നെല്ലാമറ്റത്തിനും സഹ സ്പോൺസറായിരുന്ന അങ്കിത് സോണിക്കും ഷിക്കാഗോ മലയാളി അസോസിയേഷൻ ഭരണസമിതി ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തി.

അസോസിയേഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ പ്രസിഡന്റ് ജോസ് മണക്കാട്ട്, സെക്രട്ടറി ബിജു മുണ്ടക്കൽ, ട്രഷറർ അച്ചൻകുഞ്ഞ് മാത്യു, വൈസ് പ്രസിഡന്റ് ലൂക് ചിറയിൽ, ജോയിന്റ് സെക്രട്ടറി സാറ അനിൽ, ജോയിന്റ് ട്രഷറർ പ്രിൻസ് ഈപ്പൻ എന്നിവർ സ്പോൺസർമാർക്കും മത്സരാർത്ഥികൾക്കും വിധികർത്താക്കൾക്കും സന്നദ്ധപ്രവർത്തകർക്കും പരിപാടിയുടെ വിജയത്തിനായി പ്രവർത്തിച്ച എല്ലാവർക്കും നന്ദി അറിയിച്ചു.

പങ്കെടുത്തവരുടെയും കാണികളുടെയും മനസ്സിൽ മായാത്ത ഓർമ്മകൾ സമ്മാനിച്ച ഈ കായികമാമാങ്കം ഭാവിയിലും കൂടുതൽ വിപുലമായ രീതിയിൽ സംഘടിപ്പിക്കുമെന്ന് സംഘാടകർ അറിയിച്ചു.






# ഷിക്കാഗോ സെൻ്റ് തോമസ് ഓർത്തോഡോക്സ് ഇടവകയിൽ മാർത്തോമ ശ്ലീഹായുടെ പെരുന്നാൾ ജൂലൈ 3,4,5 & നാലാമത് വാർഷിക 'സമ്മർ ഫെസ്റ്റ് 2026' ജൂലൈ 4ന്



**ഷിക്കാഗോ സെൻ്റ് തോമസ് ഓർത്തോഡോക്സ് ഇടവകയുടെ കാവൽപിതാവും ഇന്ത്യയുടെ അപ്പോസ്തോലനുമായ പരിശുദ്ധ മാർത്തോമാ ശ്ലീഹായുടെ ദുഖറോനോയും ഇടവക പെരുന്നാളും ജൂലൈ 3,4,5 (വെള്ളി, ശനി, ഞായർ) തീയതികളിൽ ഭക്തിയാദര പൂർവ്വം കൊണ്ടാടുന്നു. കൂടാതെ, 2026 ജൂലൈ 4 ശനിയാഴ്ച രാവിലെ 11:30 മുതൽ വൈകുന്നേരം 4:30 വരെ, നാലാമത് വാർഷിക 'സമ്മർ ഫെസ്റ്റ് 2026' നടത്തപെടുന്നതാണ്.**

**ജൂൺ 28 ഞായറാഴ്ച്ച വി.കുർബാനയേ തുടർന്ന് പെരുന്നാൾ കൊടിയേറ്റം നടത്തപ്പെട്ടു. തുടർന്ന് എല്ലാ ദിവസവും സന്ധ്യാ നമസ്ക്കാരവും വചന ശുശ്രൂഷയും ഉണ്ടായിരിക്കുന്നതാണ്. റവ.ഫാ. ജോയ്സ് പാപ്പൻ , റവ. ഫാ. ജോൺ സാമുവൽ, റവ.ഫാ. ഷിനു തോമസ്, റവ.ഫാ. ഡോ. റെനീഷ് എബ്രഹാം , റവ. സബ് ഡീക്കൻ മാത്യു ജേക്കബ് എന്നീ വൈദീക ശ്രേഷ്ഠർ വചന ശുശ്രൂഷയ്ക്ക് നേതൃത്വം കൊടുത്തത്.**



**റവ. ഫാ. ഗീവർഗീസ് ജോൺ** (വികാരി - സെൻ്റ് ലൂക്സ് ഓർത്തഡോക്സ് മിഷൻ ചർച്ച്) | **റവ.ഫാ. ജോയ്സ് പാപ്പൻ** | **റവ. ഫാ. ജോൺ സാമുവൽ** | **റവ.ഫാ. ഷിനു തോമസ്** | **റവ.ഫാ. ഡോ. റെനീഷ് എബ്രഹാം** | **റവ. സബ് ഡീക്കൻ മാത്യു ജേക്കബ്** | **റവ.ഫാ. ഷിൻ്റോ ഡേവിഡ്**

നമ്മുടെ ഇടവകയിലെയും സഹ ഇടവകകളിലെയും കുടുംബങ്ങളെയും, സഭാനേതാക്കളെയും, നിങ്ങളെപ്പോലുള്ള വിശിഷ്ടാതിഥികളെയും, ഷിക്കാഗോയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവരെയും ഒരുമിച്ച് കൊണ്ടുവരുന്ന ഈ ആഘോഷം, നമ്മുടെ സംസ്കാരത്തിൻ്റെയും സൗഹൃദത്തിൻ്റെയും ഐക്യത്തിൻ്റെയും ഒരു വലിയ സംഗമവേദിയാണ്.

ഈ പരിപാടിയുടെ ഭാഗമായി പരമ്പരാഗതമായ ഷിക്കാഗോ/ഇന്ത്യൻ ഭക്ഷണവിഭവങ്ങൾ, സ്വാദിഷ്ടമായ പലഹാരങ്ങൾ, ഗെയിംസ്, ലേലം (Auction), റാഫിൾ എന്നിവ ഉണ്ടായിരിക്കുന്നതാണ്. നമ്മുടെ പ്രിയപ്പെട്ട ആത്മീയ സംഘടനകളുടെയും മറ്റ് അഭ്യുദയകാംക്ഷികളുടെയും നേതൃത്വത്തിൽ വിവിധ കലാപരിപാടികളും, ബിസിനസ് സ്റ്റാളുകളും, ഒട്ടേറെ വിനോദ പരിപാടികളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശുശ്രൂഷകളിലൂടെയും ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെയും കുടുംബ കേന്ദ്രീകൃതമായ പരിപാടികളിലൂടെയും, ആത്മീയ വളർച്ചയ്ക്കും, സാമൂഹിക പിന്തുണയ്ക്കും, പ്രാദേശികമായും അയൽ നഗരങ്ങളിലും, അമേരിക്കയിലുടനീളവും അന്താരാഷ്ട്രതലത്തിലും സേവനങ്ങൾ നൽകുന്നതിനും ഞങ്ങളുടെ സഭയും ഇടവകയും പ്രതിജ്ഞാബദ്ധമായി തുടരുന്നു.

മാർത്തോമാ ശ്ലീഹാ പകർന്ന് തന്ന ക്രിസ്തീയ വിശ്വാസ പാരമ്പര്യമാണ് മലങ്കര സഭാവിശ്വാസികളുടെ വിശ്വാസത്തിൻ്റെ അടിസ്ഥാനം.

ആ ക്രിസ്തീയ വിശ്വാസത്തിന് സാക്ഷ്യം വഹിക്കുവാനും, ആ പരിശുദ്ധ പിതാവിൻ്റെ മധ്യസ്ഥം തേടുവാനും, പെരുന്നാൾ ശുശ്രൂഷകളിൽ & 'സമ്മർ ഫെസ്റ്റ് 2026' പങ്കുകൊള്ളുവാനും ഏവരെയും സ്നേഹത്തോടെ ക്ഷണിക്കുന്നതായി ഇടവക വികാരി വികാരി റവ.ഫാ. ഷിൻ്റോ ടി. ഡേവിഡ്, ട്രസ്റ്റി എബ്രഹാം വിപിൻ ഈശോ, സെക്രട്ടറി ജോൺ ചെറിയാൻ, പെരുന്നാൾ & സമ്മർ ഫെസ്റ്റ് 2026 സബ് കമ്മിറ്റിക്കുവേണ്ടി സുനിൽ തോമസ്, കെൽവിൻ പാപ്പച്ചൻ, ഷാജൻ വർഗീസ്, ടോണി തോമസ്, കുര്യാക്കോസ് വർക്കി എന്നിവർ അറിയിച്ചു.

**ജൂലായ് 1 ബുധനാഴ്ച** വൈകിട്ട് 6.30ന് പ്രാർത്ഥന, ഭക്തിനിർഭരമായ സന്ദേശം - **റവ. സബ്ഡിയൻ മാത്യു ജേക്കബ്.**

**ജൂലൈ 2 വ്യാഴാഴ്ച** വൈകിട്ട് 6:30നു **റവ.ഫാ. ഡോ. റെനീഷ് എബ്രഹാം** വിശുദ്ധ കുർബാന അർപ്പിക്കുന്നതാണ്.

**ജൂലൈ 3 വെള്ളിയാഴ്ച** 6 മണിക്ക് സന്ധ്യ നമസ്ക്കാരവും കൺവെൻഷൻ പ്രസംഗവും ഉണ്ടായിരിക്കുന്നതാണ്. ജൂലൈ 4 ശനിയാഴ്ച വൈകിട്ട് 6നു സന്ധ്യാ നമസ്കാരം, വചന ശുശ്രൂഷ, പ്രദക്ഷിണം, ശ്ലൈഹീക വാഴ്വ് എന്നിവ നടത്തപെടുന്നതാണ്.

**ജൂലൈ 5 ഞായറാഴ്ച** രാവിലെ 8നു പ്രഭാത നമസ്കാരവും, വിശുദ്ധ കുർബാനയും, തുടർന്ന് മധ്യസ്ഥ പ്രാർത്ഥന, പ്രദക്ഷിണം, ശ്ലൈഹീക വാഴ്വ് , നേർച്ച വിളമ്പ് എന്നിവയോടെ പെരുന്നാൾ ശുശ്രൂഷകൾ സമാപിക്കും.

പെരുന്നാൾ ശുശ്രൂഷകൾക്ക് **റവ. ഫാ. ഗീവർഗീസ് ജോൺ** (വികാരി സെൻ്റ് ലൂക്ക് ഓർത്തഡോക്സ് മിഷൻ ചർച്ച് ഓഫ് ബെൻസാലം, ഫിലാഡൽഫിയ) മുഖ്യ കാർമ്മികത്വം വഹിക്കും. **വികാരി റവ.ഫാ. ഷിൻ്റോ ഡി. ഡേവിഡ്** ശുശ്രൂഷകൾക്ക് നേതൃത്വം നൽകും.

കൂടാതെ, **2026 ജൂലൈ 4 ശനിയാഴ്ച** രാവിലെ 11:30 മുതൽ വൈകുന്നേരം 4:30 വരെ 6099 N Northcott Ave, Chicago, IL നാലാമത് വാർഷിക **'സമ്മർ ഫെസ്റ്റ് 2026'** നടക്കുന്നു.

**താഴെ കൊടുത്തിരിക്കുന്ന ഇടവക ഫേസ്ബുക് പേജിൽ ശുശ്രൂഷകൾ തത്സമയം കാണുവാൻ സാധിക്കുന്നതാണ്.**
**https://www.facebook.com/StThomasOrthodoxChurchChicago/** **Parish Address: 6099 N Northcott Ave, Chicago, IL 60631.**

## കൂടുതൽ വിവരങ്ങൾക്ക് : റവ.ഫാ. ഷിൻ്റോ ടി. ഡേവിഡ് (വികാരി) 586 – 746 – 4869, എബ്രഹാം വിപിൻ ഈശോ (ട്രസ്റ്റീ) 980 – 422 – 2044, ജോൺ ചെറിയാൻ (സെക്രട്ടറി) 224 – 659 – 4649




നാഴികമണി

# അമ്പലക്കൊള്ള: സോമനാഥം മുതൽ അയോധ്യ വരെ



എൻ.പി. ചെക്കുട്ടി

ഇന്ത്യയിൽ അമ്പലക്കൊള്ള പുതിയ ഒരു ഏർപ്പാടല്ല. പ്രാചീനകാലം മുതൽ അമ്പലങ്ങളും വിഹാരങ്ങളും ഈ നാട്ടിൽ ധാരാളമായി ഉണ്ടായിരുന്നു. മൗര്യകാലം മുതൽ അത്തരം ക്ഷേത്രങ്ങൾക്കും ആരാധനാലയങ്ങൾക്കും ധാരാളം ധനം അധികാരികൾ വാരിക്കോരി നൽകിയിട്ടുമുണ്ട്. പുരാണങ്ങളിൽ യാഗങ്ങളും യജ്ഞങ്ങളും സംബന്ധിച്ചുള്ള പല കഥകളുമുണ്ട്. ഓരോ യാഗത്തിന്റെയും അവസാനത്തിൽ രാജാവ് തന്റെ സമ്പത്തിൽ വലിയ പങ്ക് ദാനം ചെയ്യും. ബ്രാഹ്മണന്മാരാണ് ദാനമൊക്കെ വാങ്ങിക്കൊണ്ടു പോകുന്നത്. അതിനാൽ അക്കാലം മുതൽ ബ്രാഹ്മണർ വമ്പിച്ച സ്വത്തിന്റെ ഉടമകളായി. ക്ഷേത്രസ്വത്തിന്റെ കൈകാര്യക്കാരും അവകാശികളും അവർ തന്നെയായിരുന്നു.

വിഹാരങ്ങൾ വ്യത്യസ്തമാണ്. ബ്രാഹ്മണമതത്തോടുള്ള വിയോജിപ്പിന്റെ ഫലമായാണ് ബുദ്ധമതവും ജൈനമതവും ഉണ്ടായത്. ബുദ്ധനും ജൈന മഹാവീരനും ഭൗതിക സമ്പത്തിൽ വലിയ താല്പര്യം പ്രകടിപ്പിച്ചില്ലെങ്കിലും അവരുടെ പേരിൽ ഉയർന്നുവന്ന ബൗദ്ധജൈന ക്ഷേത്രങ്ങളും വമ്പിച്ച സമ്പത്തിന് ഉടമകളായി. ബുദ്ധവിഹാരങ്ങൾ മാത്രമല്ല, നളന്ദയിലെയും തക്ഷശിലയിലേയും ബൗദ്ധ സർവ്വകലാശാലകൾക്കും വമ്പിച്ച സ്വത്തുക്കൾ കൈവശമുണ്ടായിരുന്നു.

ഇത്തരം സ്ഥാപനങ്ങൾക്കു രാജാക്കന്മാർ സംഭാവനകൾ നൽകിയതിന്റെ രേഖകളും ഇന്ത്യാചരിത്രത്തിൽ ധാരാളമായുണ്ട്. ക്രിസ്തുവിനു മൂന്നു നൂറ്റാണ്ടു മുമ്പ് ജീവിച്ച അശോക ചക്രവർത്തിയുടെ ലിഖിതങ്ങളിലൊന്നിൽ ബ്രാഹ്മണർക്കും ശ്രമണർക്കും മറ്റു സമാജങ്ങൾക്കും ചക്രവർത്തി നൽകിയ സംഭാവനകളെപ്പറ്റി പറയുന്നുണ്ട്.

ശ്രമണർ എന്നാൽ ബ്രാഹ്മണേതര ചിന്തകളിൽപ്പെട്ട വിവിധ പ്രസ്ഥാനങ്ങളുടെ പൊതുവായ പേരാണ്. ജൈനരും ബൗദ്ധരും മാത്രമല്ല, ലോകായത എന്നറിയപ്പെട്ട ചർവാകരും അതിൽ ഉൾപ്പെട്ടിരുന്നു. ചർവാകന്മാർ ദൈവനിഷേധികളാണ്. എന്നിരുന്നാലും അശോകന്റെ കാലത്തു അവർക്കു പോലും സർക്കാർ സഹായം കിട്ടിയിരുന്നു.

അതിനാൽ ഇന്ത്യയിലെ ക്ഷേത്രങ്ങളും വിഹാരങ്ങളും സർവകലാശാലകളും എളുപ്പത്തിൽ സമ്പത്തു തേടിയിറങ്ങിയ കൂട്ടരുടെ സവിശേഷ ശ്രദ്ധാകേന്ദ്രമായി മാറി. അക്കാരണത്താൽ തന്നെ ക്ഷേത്രക്കൊള്ള ഇന്ത്യാചരിത്രത്തിലെ ഒരു സ്ഥിരം സംഭവമാണ്. ഗുജറാത്തിലെ പേരുകേട്ട സോമനാഥ ക്ഷേത്രം മുഹമ്മദ് ഗസ്നി കൊള്ളയടിച്ചു എന്നാണ് ചരിത്രത്തിൽ പറയുന്നത്. എന്നാൽ സോമനാഥ ക്ഷേത്രത്തിലെ കൊള്ളയുടെ ചരിത്രം പരിശോധിച്ച റോമിലാ ഥാപ്പർ പറയുന്നത് മുഹമ്മദ് ഗസ്നി മാത്രമല്ല പ്രസ്തുത ക്ഷേത്രം കൊള്ളയടിച്ചതെന്നാണ്.

ഗസ്നിക്കു മുമ്പും പിമ്പും അവിടെ കൊള്ള നടന്നിട്ടുണ്ട്. കൊള്ളക്കാരിൽ ചിലർ ഇന്ത്യയിൽ തന്നെയുള്ള ചില ഹിന്ദു രാജാക്കന്മാരായിരുന്നു എന്നും അവർ ചൂണ്ടിക്കാണിക്കുന്നുണ്ട്. പണം കിട്ടാൻ ഏറ്റവും എളുപ്പം ക്ഷേത്ര ഭണ്ഡാഗാരങ്ങൾ കൊള്ളയടിക്കുകയാണെങ്കിൽ അതു ജാതിമതദേശ വ്യത്യാസമില്ലാതെ എല്ലാവരും ചെയ്യും. ഇന്ത്യയുടെ ചരിത്രം അതിനു ദൃക്സാക്ഷിയാണ്.

സോമനാഥ ക്ഷേത്രം പല കാലങ്ങളിൽ കൊള്ളയടിച്ചവരിൽ മുഹമ്മദ് ഗസ്നി പോലുള്ള മുസ്ലിം ഭരണാധികാരികൾ മാത്രമല്ല, ഹൈന്ദവരായ രാജാക്കന്മാരുമുണ്ടെന്നു സ്വാതന്ത്ര്യത്തിനു ശേഷം ക്ഷേത്ര പുനർനിർമാണത്തിന് ഇറങ്ങിത്തിരിച്ച കുലപതി കെ.എം. മുൻഷി മുതൽ അക്കാലത്തെ ഇന്ത്യൻ രാഷ്ട്രപതി ഡോ. രാജേന്ദ്രപ്രസാദ് വരെയുള്ള പ്രമാണിമാർക്ക് അറിയാമായിരുന്നു. എന്നാലും അവർ മുഹമ്മദ് ഗസ്നിയുടെ പേരുമാത്രമാണ് പരാമർശിച്ചത്. കാരണം മുസ്ലിം അക്രമികൾ ക്ഷേത്രം കൊള്ളയടിച്ചു എന്നു പറയുമ്പോൾ അതിന്റെ ഗുണങ്ങൾ പലതാണ്.

കൊള്ളയുടെ ഉത്തരവാദിത്വം മുഴുക്കെ ഒരു കൂട്ടരുടെ തലയിൽ കെട്ടിവെക്കാം. ക്ഷേത്ര പുനരുദ്ധാരണത്തിനു വമ്പിച്ച പിരിവു നടത്താം. ആ വകയിൽ രാഷ്ട്രീയനേട്ടങ്ങളുംകൈവരിക്കാം.ഒരുവെടിക്കു രണ്ടുപക്ഷി എന്നാണ് മലയാളികളുടെ പഴഞ്ചൊല്ലിൽ പറയുന്നത്. എന്നാൽ ഉത്തരേന്ത്യൻ ഗോസായി രാഷ്ട്രീയക്കാർക്കു ഒരു വെടിക്കു ഒരുപാടു പക്ഷികളെ വീഴ്ത്താനുള്ള ശേഷിയുണ്ട്.

അതാണ് ശബരിമലയും അയോധ്യയും തമ്മിലുള്ള വ്യത്യാസം. ശബരിമല പ്രാചീനമായ കേരള ക്ഷേത്രമാണ്. സത്യത്തിൽ അതൊരു ബൗദ്ധ വിഹാരമായിരുന്നു എന്നും അയ്യപ്പൻ ബുദ്ധന്റെ പ്രതിരൂപമാണ് എന്നും പല ചരിത്രകാരന്മാരും അഭിപ്രായപ്പെടുന്നുണ്ട്. അയ്യപ്പ വിഗ്രഹത്തിന്റെ ഇരിപ്പും ധ്യാനനിരതനായ ബുദ്ധന്റെ ഇരിപ്പും ഒരേതരത്തിലാണ്. ബൗദ്ധ സ്വാധീനം അശോകന്റെ കാലം മുതൽ തെക്കൻ പ്രദേശങ്ങളിൽ ശക്തമായിരുന്നു താനും.

ശബരിമലയ്ക്കും തെക്കു ഇന്ത്യാസമുദ്ര ദ്വീപായ ശ്രീലങ്കയിൽ ബുദ്ധമതം പ്രചാരം നേടിയിരുന്നു. ഇന്നും അന്നാട്ടിൽ ബുദ്ധമതത്തിനാണ് പ്രാമുഖ്യം. ശ്രീലങ്കയുടെ പ്രാചീന ചരിത്രമായ ദ്വീപവംശത്തിൽ പറയുന്ന ഒരു കാര്യം, അശോകന്റെ കാലത്തു ബുദ്ധമതം സ്വീകരിച്ച ദ്വീപിലെ രാജാവ് ബോധ് ഗയയിലെ പുണ്യവൃക്ഷത്തിന്റെ ഒരു കമ്പ് സ്വന്തം നാട്ടിൽ നട്ടുവളർത്താനായി ആവശ്യപ്പെട്ടുവെന്നും അശോകൻ സ്വന്തം മകന്റെ കൈവശം കപ്പലിൽ അത് ദ്വീപിലേക്കു കൊടുത്തയച്ചു എന്നുമാണ്.

ബുദ്ധനോടുള്ള അശോകന്റെ അമിതമായ ഭക്തിയിൽ അരിശം പൂണ്ട രാജ്ഞി പുണ്യവൃക്ഷത്തിനു വിഷം കുത്തിവെച്ചു അതിനെ നശിപ്പിച്ചു കളഞ്ഞു. ഉണങ്ങിപ്പോകുന്ന വൃക്ഷത്തിന്റെ സ്ഥിതി കണ്ടു അശോകൻ മോഹാലസ്യപ്പെട്ടു വീഴുന്ന ഒരു ചിത്രം സാരനാഥിലെ അദ്ദേഹത്തിന്റെ ശിലാലിഖിതങ്ങളുടെ കൂട്ടത്തിൽ കാണാനുണ്ട്. ഏതായാലും ആയിരത്തഞ്ഞൂറു വർഷം കഴിഞ്ഞു പത്തൊമ്പതാം നൂറ്റാണ്ടിൽ അലക്സാണ്ടർ കണ്ണിങ്ഹാം എന്ന ബ്രിട്ടീഷ് ആർക്കിയോളജിസ്റ്റാണ് ലങ്കയിലേക്ക് അശോകൻ കൊടുത്തുവിട്ട ആൽമരത്തിൽ നിന്നും ഒരു കമ്പ് തിരിച്ചു കൊണ്ടുവന്ന് ഗയയിൽ വീണ്ടും പുണ്യവൃക്ഷം നട്ടുവളർത്തിയത്. അതായതു ബുദ്ധന്റെ ജന്മനാട്ടിൽ ഇന്നു കാണുന്ന അദ്ദേഹത്തിന്റെ ബോധോദയത്തിന്റെ വേദിയായ ആൽമരം ശ്രീലങ്കയുടെയും ഗ്രേറ്റ് ബ്രിട്ടന്റെയും സംഭാവനയാണ്. ബുദ്ധന്റെ നാടായ ഇന്ത്യയുടെയല്ല.

ഇത്തരം കഥകളൊന്നും രാഷ്ട്രീയക്കാർ നാട്ടുകാരോടു പറയാറില്ല. കാരണം വോട്ടുകിട്ടാൻ അതൊന്നും അവരെ സഹായിക്കുകയില്ല. ജാതിയും മതവും പറഞ്ഞു വോട്ടു പിടിക്കണമെങ്കിൽ ചരിത്രം ചവറ്റുകുട്ടയിൽ തള്ളണം. വ്യാജ ചരിത്രങ്ങൾ എഴുതിയുണ്ടാക്കണം.

അതാണ് ഇന്ന് ഇന്ത്യയിലും കേരളത്തിലും നടക്കുന്നത്. ശബരിമലയിലെ സ്വർണക്കൊള്ളയുടെ പിന്നിൽ പ്രവർത്തിച്ചത് ആരെന്നു ഒരിക്കലും ഈ നാട് അറിയാൻ പോകുന്നില്ല. ദൈവതുല്യരായ ചിലരാണ് കൊള്ളയ്ക്കു പിന്നിലെന്ന് ദേവസ്വം അധ്യക്ഷനായിരുന്ന പദ്മകുമാർ പറഞ്ഞിട്ടുണ്ട്. ആരാണ് ഈ ദൈവതുല്യൻ? സഖാക്കൾക്ക് ഏതു ദൈവം? എന്തു ദൈവം? അപ്പോൾ യഥാർത്ഥത്തിൽ കൊള്ളത്തലവൻ ആരെന്ന ചോദ്യത്തിന് ഇനിയും ഉത്തരമില്ല.

അതൊക്കെ പോകട്ടെ. ശബരിമലയിൽ മാത്രമല്ല ഇന്ത്യയിൽ കൊള്ള നടക്കുന്നത് എന്നറിയുമ്പോൾ മലയാളികൾക്ക് അല്പം ആശ്വാസത്തിനു വകയുണ്ട്. ശബരിമല അയ്യപ്പൻ ബൗദ്ധനോ അല്ലയോ എന്നതിരിക്കട്ടെ. അയ്യപ്പന്റെ ശക്തി കൊള്ളക്കാർക്കു ബാധകമാണോ അല്ലയോ എന്നതും ഇരിക്കട്ടെ. വാതിൽപ്പാളി പോയെങ്കിലും ശബരിമലയിൽ തങ്കവിഗ്രഹമെങ്കിലും ബാക്കി ഇരിപ്പുണ്ടല്ലോ. ഭാഗ്യം.

എന്നാൽ എന്താണ് അയോധ്യയിലെ ശ്രീരാമന്റെ സ്ഥിതി? ശ്രീരാമൻ ഹിന്ദുക്കളുടെ ഹൃദയ രാജകുമാരനാണ് എന്നല്ലേ സംഘപരിവാരം ഉൽഘോഷിച്ചത്? അവരല്ലേ അവിടെയുള്ള പള്ളി പൊളിച്ചു രാമജന്മഭൂമി സ്ഥലം കൈക്കലാക്കി അവിടെ ക്ഷേത്രം പണിതത്? എന്നിട്ടിപ്പോൾ എന്താണ് രാമജന്മഭൂമിയിലെ ഹിന്ദു ഹൃദയസാമ്രാട്ടിന്റെ അവസ്ഥ? അമ്പലം ഉത്ഘാടനം കഴിഞ്ഞപ്പോൾ അങ്ങോട്ട് ഒഴുകിയ പൊന്നിനും പണത്തിനും കണക്കില്ല. എന്നിട്ട് അതൊക്കെ എങ്ങോട്ടു പോയി? കോടാനുകോടികൾ ആർഎസ്എസ്വിശ്വഹിന്ദു പരിഷദ് കർസേവകർ അടിച്ചു മാറ്റി കൊണ്ടുപോയി എന്നാണ് അമ്പലത്തിലെ കൊള്ളയെപ്പറ്റി അന്വേഷിക്കുന്ന യു.പി പോലീസ് സംഘം പറയുന്നത്. എന്നാൽ ആരും പേടിക്കേണ്ട. കേസൊക്കെ തേഞ്ഞുമാഞ്ഞു പോകും. കാരണം ശബരിമലയായാലും അയോധ്യയായാലും അവിടെ തടവിൽ കിടക്കുന്ന വിഗ്രഹങ്ങൾക്ക് പണത്തിന്റെ ആവശ്യമില്ല. വിഗ്രഹങ്ങളുടെ കാവൽക്കർക്കും അവരുടെ സിൽബന്ധികൾക്കും പണം ആവശ്യമുണ്ടു താനും. അതിനാൽ അവർ ഭഗവാനിൽ നിന്നും അല്പം ധനം കടമെടുത്തു തങ്ങളുടെ ആവശ്യങ്ങൾ നിർവഹിക്കുന്നു.

ഭഗവാനെന്തിനു പണം എന്നാണ് അവരും ചോദിക്കുന്നത്. തനിക്കു പണത്തിനു ആവശ്യമുണ്ടെന്നു ഒരു ഭഗവാനും ായ തുറന്നു പറയാനിടയില്ലെന്നു അവർക്ക് ഉറപ്പുണ്ട്. അതിനാൽ അമ്പലക്കൊള്ള നിർബാധം ഇനിയും നടക്കും. പരാതിയുണ്ടെങ്കിൽ ദൈവങ്ങൾ അടുത്ത പോലീസ് സ്റ്റേഷനിൽ എഴുതി കൊടുക്കട്ടെ. നമ്മുടെ ജനാധിപത്യ സർക്കാർ അക്കാര്യം പരിഗണിക്കും.






# ഷിക്കാഗോ പിസിനാക്ക് വ്യാഴാഴ്ച ആരംഭിക്കും. സമ്മേളനം നാഷണൽ കൺവീനർ റവ. ജോർജ് കെ സ്റ്റീഫൻസൻ ഉദ്ഘാടനം ചെയ്യും

ഷിക്കാഗോ: നാല്പതാമത് പിസിനാക് കോൺഫറൻസിന് വ്യാഴാഴ്ച വൈകിട്ട് അഞ്ചര മണിക്ക് തുടക്കം കുറിക്കും. ഡോ. ടൈറ്റസ് ഈപ്പൻ അധ്യക്ഷത വഹിക്കുന്ന ഉദ്ഘാടന സമ്മേളനത്തിൽ നാഷണൽ കൺവീനർ പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ ഉദ്ഘാടനം നിർവ്വഹിക്കും.

ലോകത്തിലെ ഏറ്റവും വലിയ സഭകളിൽ ഒന്നായ ഹൈദരാബാദിലെ കാൽവറി ടെമ്പിൾ സഭയുടെ സീനിയർ പാസ്റ്റർ ഡോ. സതീഷ് കുമാർ, ഡോ. റ്റിങ്കു തോംസൺ എന്നിവർ പ്രസംഗിക്കും. പാസ്റ്റർ ജെയിംസ് വർഗീസ് സങ്കീർത്തന വായന നടത്തും. നാഷണൽ കൊയറിനെ ബ്ലെസ്സൻ ബെന്നി പരിചയപ്പെടുത്തും. ലോർഡ്സൺ ആന്റണിയുടെ നേതൃത്വത്തിലുള്ള സംഘം പ്രെയ്സ് ആൻഡ് വർഷിപ്പിന് നേതൃത്വം നൽകും.

ഷേർളി ഷിക്കാഗോ രചിച്ച തീം സോങ് ഷിക്കാഗോ കൊയർ ടീം അവതരിപ്പിക്കും. നാഷണൽ ട്രഷറർ പ്രസാദ് ജോർജ് സ്വാഗതം ആശംസിക്കും. നാഷണൽ സെക്രട്ടറി സാം മാത്യുവിന്റെ നേതൃത്വത്തിൽ ലോക്കൽ ഭാരവാഹികളും നാഷണൽ കമ്മിറ്റി അംഗങ്ങളും പരിപാടികൾക്ക് നേതൃത്വം നൽകും. കേരള മുഖ്യമന്ത്രി വി. ഡി. സതീശന്റെ ആശംസാ സന്ദേശം ഉദ്ഘാടന സമ്മേളനത്തിൽ വായിക്കും.

ഇംഗ്ലീഷ് സെഷനിലെ പരിപാടികൾക്ക് ഡോ. ജോനാഥാൻ ജോർജും ടീമും നേതൃത്വം നൽകും. ലേഡീസിനായി ക്രമീകരിച്ചിരിക്കുന്ന പ്രോഗ്രാമുകൾക്ക് കോർഡിനേറ്റർ ജീന വിൽസൺ നേതൃത്വം നൽകും. ഒരു വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് പിസിനാക് സമ്മേളനം നടക്കുന്നത്. ഷിക്കാഗോ ആതിഥേയത്വം നൽകുന്ന നാലാമത്തെ കോൺഫറൻസിനാണ് ഷംബർഗ് കൺവെൻഷൻ സെന്ററിൽ വേദി ഒരുങ്ങുന്നത്.



### വൃദ്ധരായ മാതാപിതാക്കളുടെ സംരക്ഷണം, ഡോ ജോർജ് മാത്യു മോഡറേറ്റർ

പിസിനാക് കോൺഫറൻസിൽ വൃദ്ധ ജന സംരക്ഷണത്തെ കുറിച്ചുള്ള സെമിനാറിൽ ഡോ. ജോർജ് മാത്യു മോഡറേറ്ററായിരിക്കും. ഓൾഡ് ഈസ് ഗോൾഡ് എന്ന പേരിട്ടിരിക്കുന്ന ഈ സെമിനാറിൽ ഡോ. വില്ലി എബ്രഹാം, ഡോ. റെനു വർഗീസ് എന്നിവർ പ്രസംഗിക്കും. ജീവിത സായ്ഹാനത്തിലെത്തിയ മാതാപിതാക്കളുടെ സംരക്ഷണം ഒരു വെല്ലുവിളിയായി നേരിടുമ്പോൾ അതിന് പരിഹാരം നിർദ്ദേശിക്കുകയാണ് ഈ സെമിനാർ.

### സ്ത്രീ ശാക്തികരണ സെമിനാർ ജൂലൈ 4ന്

വനിതകളുടെ ശാരീരിക മാനസിക, ആത്മീകമേഖലകളിലെ സമഗ്ര ആരോഗ്യത്തെ ആസ്പദമാക്കി പ്രചോദനാത്മകവും വിജ്ഞാന പ്രദവുമായ ചർച്ച ജൂലൈ 4 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2:45ന് ചർച്ച ആരംഭിക്കും. പ്രധാന സമ്മേളനവേദിയുടെ രണ്ടാം നിലയിലുള്ള നിർവാണ ബിയിലാണ് ചർച്ചകൾ നടക്കുന്നത്. ഡോ. ജോയ്സ് ജോസഫാണ് മോഡറേറ്റർ. ഡോ.ജ്യോതി ബെൻ, ഡോ. ആശ ജോൺ, ഫാമിലിനേഴ്സ് പ്രാക്ടീഷണർമാരായ ഡോ. സൂസൻ മാത്യു, ഷെൻസി വർഗീസ്, ഷൈനി ഡാനിയൽ എന്നിവർ പാനലിസ്റ്റുകൾ ആയിരിക്കും.

കൂടാതെ, വനിതാരോഗ്യവുമായി ബന്ധപ്പെട്ട വിവിധമേഖലകളിലെ വിദഗ്ധരുമായി ചോദ്യോത്തരവേളയും ഉണ്ടായിരിക്കുന്നതാണ്. ചോദ്യോത്തരവേളയ്ക്ക് ഡോ. ജിൻസി ജോസഫിന്റെ നേതൃത്വത്തിലുള്ള സംഘം ഉത്തരം നൽകും. കൂടുതൽ വിവരങ്ങൾക്ക് ഷെൻസി വർഗീസ് 847-922-2742.

### തിരുവത്താഴ ശുശ്രൂഷയ്ക്ക് പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൻ നേതൃത്വം നൽകും

കോൺഫറൻസിന്റെ സമാപനദിവസമായ ജൂലൈ 5 ഞായറാഴ്ച രാവിലെ ആയിരങ്ങൾ പങ്കെടുക്കുന്ന ഭക്തിനിർഭരമായ തിരുവത്താഴ ശുശ്രൂഷയ്ക്ക് നാഷണൽ കൺവീനർ പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ നേതൃത്വം നൽകും. അദ്ദേഹത്തോടൊപ്പം വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള 24 പാസ്റ്റർമാർ ശുശ്രൂഷയിൽ സഹകരിക്കും. പാസ്റ്റർമാരായ പ്രിൻസ്പോൾ, ജോൺസൻ ഫിലിപ്പ്, പി.എസ്. മാത്യു, എബി ബെൻ എന്നിവർ മുഖ്യ സഹയികളായി പ്രവർത്തിക്കും. ഇംഗ്ലീഷ് സെഷനിൽ പാസ്റ്റർ ഫിന്നിതോമസ് തിരുവത്താഴ ശുശ്രൂഷ നടത്തും. കോൺഫറൻസിൽ പങ്കെടുക്കുന്നവരോടൊപ്പം ഷിക്കാഗോ സിറ്റിയിലെ മുഴുവൻ പെന്തക്കോസ്ത് സഭ വിശ്വാസികളും ഈ ശുശ്രൂഷയിൽ പങ്കെടുക്കും. പ്രാദേശിക ക്രമീകരണങ്ങൾക്ക് പാസ്റ്റർമാരായ പ്രിൻസ്പോളും ജോൺസൺ ഫിലിപ്പുംനേതൃത്വം നൽകും.

### ആരോഗ്യകരമായ ദാമ്പത്യജീവിതവും കുടുംബപരിപാലനവും: സെമിനാർ ശനിയാഴ്ച

ആരോഗ്യകരമായ ദാമ്പത്യജീവിതവും കുടുംബപരിപാലനവും എന്ന സെമിനാറിൽ ഡോ. സാം ജോർജ്, ഡോ. തോമസ് ഇടിക്കുള എന്നിവർ മോഡറേറ്റർമാരായിരിക്കും. സെലീന എബ്രഹാം, സാബു ജോർജ്, ഡോ. റെമ ജേക്കബ്, ബിജു തോമസ് എന്നിവർ വിഷയങ്ങൾ അവതരിപ്പിക്കും. മാനസികാരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും സെമിനാർ ചർച്ച ചെയ്യും. ജൂലൈ 4 ശനിയാഴ്ച 2:45 മുതൽ നിർവാണ റൂമിലാണ് സെമിനാർ നടക്കുന്നത്.

◗ കുര്യൻ ഫിലിപ്പ്



# ഫോമാ ഇന്റർനാഷണൽ കൺവെൻഷൻ ചരിത്രസംഭവമാക്കാൻ സംഘാടകർ

ഹൂസ്റ്റൺ: അമേരിക്കയിലെ ഏറ്റവും വലിയ മലയാളി പ്രവാസി സംഘടനയായ ഫോമായുടെ അന്താരാഷ്ട്ര കൺവെൻഷന് ഇനി ആഴ്ചകൾ മാത്രം ബാക്കി നിൽക്കെ, സംഘടനയ്ക്ക് ജന്മം നൽകിയ ഹൂസ്റ്റണിൽ നടക്കുന്ന ഈ മഹാസമ്മേളനം ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി സതേൺ റീജിയൻ പ്രവർത്തകർ ഒരുമിച്ച് പ്രവർത്തനം ആരംഭിച്ചു.

കൺവെൻഷനായി ഇതിനോടകം തന്നെ ആയിരത്തിലധികം പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സമ്മേളനം നടക്കുന്ന ഹോട്ടലിലെ ഭൂരിഭാഗം മുറികളും ബുക്ക് ചെയ്യപ്പെട്ടതായും അമേരിക്കയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് ഇപ്പോഴും ആവേശകരമായ രജിസ്ട്രേഷൻ തുടരുകയാണെന്നും അവർ അറിയിച്ചു.

ജൂൺ 23ന് അപ്ന ബസാറിൽ ചേർന്ന സതേൺ റീജിയൻ പ്രവർത്തകയോഗത്തിൽ വിവിധ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾക്ക് ഔദ്യോഗിക തുടക്കമായി. ഫോമായുടെ പ്രസിഡന്റ് ബേബി മണക്കുന്നേൽ അധ്യക്ഷത വഹിച്ച യോഗത്തിൽ റീജിയണൽ ചെയർമാൻ വർഗീസ് രാജേഷ് മാത്യു സ്വാഗതം ആശംസിച്ചു.

വരുന്ന ജൂലൈ 30, 31 ആഗസ്റ്റ് 1, 2 (വ്യാഴം, വെള്ളി, ശനി, ഞായർ) തിയതികളിൽ 'വിൻധം ഹൂസ്റ്റണി'ൽ അരങ്ങേറുന്ന ഫോമാ ഫാമിലി കൺവൻഷനോട് അനുബന്ധിച്ചുള്ള ഹോട്ടലുകളിലെ റൂമുകളെല്ലാം നിറഞ്ഞുവെന്ന് ബേബി മണക്കുന്നേൽ വ്യക്തമാക്കി. രജിസ്ട്രേഷൻ പുരോഗമിക്കുന്ന പശ്ചാത്തലത്തിൽ കൂടുതൽ പേർക്ക് തൊട്ടടുത്തുതന്നെ മുറികൾ ലഭ്യമാക്കുന്നുണ്ട്.

തുടർന്ന് ഹൂസ്റ്റൺ കൺവെൻഷൻ ജനറൽ കൺവീനർ ജിജു കുളങ്ങര, ഫോമായുടെ ചരിത്രത്തിലെ ഏറ്റവും ശ്രദ്ധേയമായ കൺവെൻഷനുകളിലൊന്നായി ഈ സമ്മേളനത്തെ മാറ്റുന്നതിനായി എല്ലാവരും ആത്മാർത്ഥമായി പ്രവർത്തിക്കണമെന്ന് ആഹ്വാനം ചെയ്തു.

കൺവെൻഷൻചെയർമാൻസുബിൻകുമാരൻ ഒരുക്കങ്ങളുടെയുംപ്രവർത്തനങ്ങളുടെയുംപുരോഗതി സംബന്ധിച്ച വിശദീകരണം നൽകി. കൺവെൻഷൻ സ്പെഷ്യൽ സപ്പ്ളിമെന്റിന്റെ പ്രസിദ്ധീകരണത്തിലേക്കു ഏവരുടെയും പിന്തുണ മീഡിയ ചെയർ സൈമൺ വളാച്ചേരി അഭ്യർത്ഥിച്ചു.

**സെക്യൂരിറ്റി കമ്മിറ്റി:** രാജൻ പത്തനാപുരം, **ഓൺലൈൻ മീഡിയ കമ്മിറ്റി:** ജീമോൻ റാന്നി, **ഉദ്ഘാടന ഘോഷയാത്ര കമ്മിറ്റി:** പൊടിയമ്മ പിള്ള, **സ്വീകരണ അതിഥി സത്കാര കമ്മിറ്റി:** ജോയ് എൻ. സാമുവൽ, **ബിസിനസ് മീറ്റ് കമ്മിറ്റി:** ജോൺ ഉമ്മൻ (പ്രസാദ്).

വി.ഐ.പി സ്വീകരണ കമ്മിറ്റി ചെയർ പേഴ്സനായി എം.ജി. മാത്യുവിനെ പ്രസിഡന്റ് നോമിനേറ്റ് ചെയ്തു. ഫോമാ ദേശീയ റീജിയൻ നേതാക്കളായ തോമസ് ഒലിയാംകുന്നേൽ, ജോയ്. എൻ ശാമുവേൽ, എസ്.കെ. ചെറിയാൻ, ഷാജി എഡ്വേർഡ്, മിഖായേൽ ജോയ്, തോമസ് ജോർജ് (സഞ്ജു), ക്രിസ്റ്റഫർ ജോർജ്, മെർലിൻ സാജൻ, സാജൻ ജോൺ, ആൻസി ശാമുവേൽ, ശശി പിള്ള, ഡെന്നിസ് മാത്യു, സുരേഷ് രാമകൃഷ്ണൻ തുടങ്ങിയവർ ചർച്ചകളിൽ സജീവമായി പങ്കെടുത്തു.

◗ ജീമോൻ റാന്നി




# ആവേശം കുറഞ്ഞ് കോർപ്പറേറ്റുകൾ

(ഒന്നാം പേജ് തുടർച്ച)

അന്താരാഷ്ട്ര പ്രശസ്തമായ വൻകിട കമ്പനികൾ തങ്ങൾ എടുത്ത യന്ത്രവത്കരണ തീരുമാനങ്ങൾ തിരുത്തുകയും ജീവനക്കാരെ വൻതോതിൽ തിരികെ നിയമിക്കുകയും ചെയ്യുന്നത് ആഗോള വിപണിയിൽ ഒരു വലിയ ചർച്ചയ്ക്ക് തുടക്കമിട്ടിരിക്കുകയാണ്.

മനുഷ്യന്റെ വിവേചനബുദ്ധിയും പെട്ടെന്ന് തീരുമാനങ്ങളെടുക്കാനുള്ള കഴിവും യന്ത്രങ്ങൾക്കില്ലെന്ന തിരിച്ചറിവിലേക്ക് കോർപ്പറേറ്റ് ലോകം എത്തിയ വഴികളെക്കുറിച്ചുള്ള അന്വേഷണം താഴെ നൽകുന്നു:

റോബർട്ട് ഹാഫ് എന്ന പ്രമുഖ സ്റ്റാഫിംഗ് ഏജൻസി അമേരിക്കയിൽ നടത്തിയ പുതിയ പഠനങ്ങൾ പ്രകാരം, മുപ്പത്തിരണ്ട് ശതമാനം കമ്പനികളും സാങ്കേതികവിദ്യയുടെ ഉപയോഗം മുൻനിർത്തി ജീവനക്കാരെ പിരിച്ചുവിട്ടിരുന്നുവെങ്കിലും പിന്നീട് അതേ തസ്തികകളിലേക്ക് മനുഷ്യരെത്തന്നെ തിരികെ നിയമിക്കാൻ നിർബന്ധിതരായിട്ടുണ്ട്. യന്ത്രങ്ങൾക്ക് കൃത്യമായ ഡാറ്റ നൽകിയാൽ അവ മികച്ച ഉൽപ്പന്നങ്ങൾ നിർമ്മിക്കുമെന്ന ധാരണ തെറ്റാണെന്ന് കമ്പനികൾക്ക് ബോധ്യപ്പെട്ടു കഴിഞ്ഞു.

### 1. സാങ്കേതിക അമിതാവേശത്തിന് തിരിച്ചടി: ആഗോള ഭീമന്മാർ നിലപാട് മാറ്റിയ വഴി

ആഗോളതലത്തിൽ വ്യവസായ മേഖലയെ നയിക്കുന്ന പ്രമുഖ കമ്പനികൾ തങ്ങളുടെ പിരിച്ചുവിടൽ തീരുമാനങ്ങൾ തിരുത്താൻ നിർബന്ധിതരായത് പ്രായോഗിക തടസ്സങ്ങൾ മൂലമാണ്.

**വാഹന നിർമ്മാണത്തിലെ ഗുണനിലവാര തകരാറുകൾ:** ഫോർഡ് തങ്ങളുടെ പുതിയ വാഹനങ്ങളുടെ സുരക്ഷയും ഗുണനിലവാരവും പരിശോധിക്കാൻ പൂർണ്ണമായും അത്യാധുനിക സോഫ്റ്റ്‌വെയറുകളെയാണ് ആശ്രയിച്ചിരുന്നത്. എന്നാൽ യന്ത്രങ്ങൾക്ക് നിർമ്മാണ ഘട്ടത്തിലെ സൂക്ഷ്മമായ നൈപുണ്യ വൈകല്യങ്ങൾ കണ്ടെത്താൻ കഴിയില്ലെന്ന് ബോധ്യപ്പെട്ടതോടെ കമ്പനി വലിയൊരു പ്രതിസന്ധിയിലായി. കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ മുന്നൂറ്റമ്പതോളം പരിചയസമ്പന്നരായ സാങ്കേതിക വിദഗ്ധരെയും എഞ്ചിനീയർമാരെയും കമ്പനി വീണ്ടും ജോലിയിൽ പ്രവേശിപ്പിച്ചു.

**ഉപഭോക്തൃ സേവന രംഗത്തെ തകർച്ചകൾ:** കോമൺവെൽത്ത് ബാങ്ക് ഓഫ് ഓസ്ട്രേലിയ തങ്ങളുടെ കസ്റ്റമർ സർവീസ് വിഭാഗത്തിൽ നിന്ന് നാൽപ്പതിലധികം ജീവനക്കാരെ കഴിഞ്ഞ വർഷം പിരിച്ചുവിട്ടിരുന്നു. പകരം ഉപഭോക്താക്കളുടെ ഫോൺ കോളുകൾക്ക് മറുപടി നൽകാൻ പുതിയ വോയ്സ് ബോട്ടുകളെയാണ് അവർ നിയോഗിച്ചത്. എന്നാൽ ബാങ്കിന്റെ സാങ്കേതിക സംവിധാനങ്ങൾക്ക് ഉപഭോക്താക്കളുടെ സങ്കീർണ്ണമായ ആവശ്യങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞില്ലെന്ന് മാത്രമല്ല, ബാങ്കിലേക്ക് വരുന്ന പരാതികളുടെ എണ്ണം ഇരട്ടിയാവുകയും ചെയ്തു.

**മനുഷ്യവിഭവശേഷിയിലെ നൈതിക പ്രതിസന്ധികൾ:** ഐബിഎം തങ്ങളുടെ ജീവനക്കാരുടെ അപേക്ഷകളും മറ്റ് ആഭ്യന്തര കാര്യങ്ങളും കൈകാര്യം ചെയ്യാൻ വലിയ തോതിൽ റോബോട്ടിക് സംവിധാനങ്ങൾ നടപ്പിലാക്കി. സാധാരണ അപേക്ഷകൾ മികച്ച രീതിയിൽ കൈകാര്യം ചെയ്യാൻ സാങ്കേതിക വിദ്യയ്ക്ക് കഴിഞ്ഞെങ്കിലും, ഏകദേശം ആറ് ശതമാനത്തോളം വരുന്ന സങ്കീർണ്ണമായ നൈതിക പ്രശ്നങ്ങളിലും മനുഷ്യത്വപരമായ തീരുമാനങ്ങളിലും യന്ത്രങ്ങൾ പൂർണ്ണമായും പരാജയപ്പെട്ടു.

### 2. തൊഴിൽ വിപണിയിലെ പുതിയ ചലനങ്ങൾ: പുതിയ അവസരങ്ങളുടെ വാതായനങ്ങൾ

യന്ത്രങ്ങൾക്ക് പകരം മനുഷ്യരെ വിന്യസിക്കാനുള്ള കോർപ്പറേറ്റ് കമ്പനികളുടെ തീരുമാനം തൊഴിൽ വിപണിയിൽ വലിയ മാറ്റങ്ങളാണ് ഉണ്ടാക്കുന്നത്.

**ഉപഭോക്തൃ സേവന രംഗത്തെ വൻ ഉണർവ്:** കേവലം റെക്കോർഡ് ചെയ്ത മറുപടികൾ നൽകുന്ന യന്ത്രങ്ങളേക്കാൾ തങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്ന മനുഷ്യരുമായി സംസാരിക്കാനാണ് ഉപഭോക്താക്കൾ താല്പര്യപ്പെടുന്നത്. ഇത് ബാങ്കിംഗ്, ഇൻഷുറൻസ്, ഇകോമേഴ്സ് മേഖലകളിൽ വൻതോതിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഉപഭോക്താക്കളുടെ സംതൃപ്തി വർദ്ധിപ്പിക്കാൻ കമ്പനികൾ മനുഷ്യ ഉദ്യോഗസ്ഥരുടെ എണ്ണം കൂട്ടുകയാണ്.

**ഉൽപ്പാദന മേഖലയിലെ എഞ്ചിനീയറിംഗ് തസ്തികകൾ:** മെക്കാനിക്കൽ, ഓട്ടോമൊബൈൽ വ്യവസായങ്ങളിൽ പുതിയ പ്രൊജക്ടുകൾ രൂപകൽപ്പന ചെയ്യുന്നതിനും അവയുടെ ഗുണനിലവാരം നേരിട്ട് പരിശോധിക്കുന്നതിനും എഞ്ചിനീയർമാരുടെ വലിയൊരു നിര തന്നെ ആവശ്യമായി വരുന്നുണ്ട്. യന്ത്രങ്ങളെ നിയന്ത്രിക്കാനും അവയുടെ പ്രവർത്തനങ്ങൾ വിലയിരുത്താനും മനുഷ്യന്റെ സാന്നിധ്യം അനിവാര്യമാണ്. ഇത് സാങ്കേതിക ബിരുദധാരികൾക്ക് പുതിയ കരിയർ സാധ്യതകൾ തുറന്നു നൽകുന്നു.

**ഡാറ്റാ ഓഡിറ്റിംഗും സുതാര്യതയും:** ഓർഗ്വ്യൂ പുറത്തുവിട്ട കണക്കുകൾ പ്രകാരം, സാങ്കേതിക വിദ്യയുടെ ഉപയോഗം മൂലം ജീവനക്കാരെ പിരിച്ചുവിട്ട മുപ്പത്തിയൊൻപത് ശതമാനം കമ്പനി മേധാവികളും തങ്ങൾക്ക് തെറ്റുപറ്റിയതായി സമ്മതിച്ചിട്ടുണ്ട്. യന്ത്രങ്ങൾ നൽകുന്ന വിവരങ്ങൾ എത്രത്തോളം കൃത്യമാണെന്ന് പരിശോധിക്കാൻ പുതിയ 'ഡാറ്റാ ഓഡിറ്റർമാരെ' കമ്പനികൾ നിയമിച്ചു തുടങ്ങിയിട്ടുണ്ട്. ഇത് ഐടി മേഖലയിൽ പുതിയൊരു തൊഴിൽ വിഭാഗത്തിന് രൂപം നൽകി.

### 3. മനുഷ്യന്റെ വിവേചനബുദ്ധിയും സാങ്കേതിക വിദ്യയും തമ്മിലുള്ള സന്തുലിതാവസ്ഥ

സമ്പൂർണ്ണമായ യന്ത്രവത്കരണത്തിന് പകരം മനുഷ്യനും സാങ്കേതികവിദ്യയും കൈകോർക്കുന്ന ഒരു പുതിയ വ്യവസ്ഥിതിയാണ് ഇപ്പോൾ രൂപപ്പെടുന്നത്.

**നൈതികമായ തീരുമാനങ്ങളിലെ പോരായ്മകൾ:** ഒരു ജീവനക്കാരന്റെ വ്യക്തിപരമായ സാഹചര്യങ്ങൾ പരിഗണിക്കാനോ കമ്പനിയുടെ താല്പര്യങ്ങൾക്ക് അനുസൃതമായി നിയമങ്ങളിൽ ഇളവുകൾ വരുത്താനോ യന്ത്രങ്ങൾക്ക് കഴിയില്ല. മനുഷ്യന്റെ വൈകാരിക ബുദ്ധിയും പരസ്പര വിശ്വാസവുമാണ് ഏതൊരു സ്ഥാപനത്തിന്റെയും സുഗമമായ മുന്നോട്ടുപോക്കിന് അടിസ്ഥാനം. ഇത് തിരിച്ചറിഞ്ഞത് ഇമിഗ്രേഷൻ, ഫിനാൻസ് മേഖലകളിൽ വലിയ മാറ്റങ്ങൾക്ക് കാരണമായി.

**ഡാറ്റയുടെ പരിമിതികൾ:** യന്ത്രങ്ങളുടെ പ്രവർത്തന ക്ഷമത എന്നത് അതിലേക്ക് നൽകുന്ന വിവരങ്ങളുടെ ഗുണനിലവാരത്തെ ആശ്രയിച്ചാണ് ഇരിക്കുന്നത്. വിപണിയിലെ പെട്ടെന്നുണ്ടാകുന്ന മാറ്റങ്ങളോ മനുഷ്യരുടെ പുതിയ ഉപഭോഗ ശീലങ്ങളോ മുൻകൂട്ടി കാണാൻ പഴയ വിവരങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന സിസ്റ്റങ്ങൾക്ക് കഴിയില്ല. ഈ പരിമിതിയാണ് ഫോർഡ് പോലുള്ള കമ്പനികളെ തങ്ങളുടെ നയം മാറ്റാൻ പ്രേരിപ്പിച്ചത്.

**സഹവർത്തിത്വത്തിന്റെ പുതിയ മാതൃകകൾ:** സാങ്കേതികവിദ്യയെ മനുഷ്യനെ പുറത്താക്കാനുള്ള ഒരു ആയുധമായി കാണാതെ, മനുഷ്യന്റെ ജോലി എളുപ്പമാക്കാനുള്ള ഒരു സഹായിയായി മാത്രം കാണുക എന്നതാണ് പുതിയ കോർപ്പറേറ്റ് നയം. ഇത് കമ്പനികളിലെ ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കാനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും സഹായിക്കും.

### 4. ഈ തൊഴിൽ മാറ്റങ്ങൾ ജനജീവിതത്തിൽ ഉണ്ടാക്കുന്ന നല്ല സ്വാധീനങ്ങൾ

തൊഴിൽ വിപണിയിലുണ്ടാകുന്ന ഈ പോസിറ്റീവ് മാറ്റങ്ങൾ സാധാരണ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താൻ സഹായിക്കും.

**മാനസിക സമ്മർദ്ദം കുറയുന്നു:** ഏതു നിമിഷവും ജോലി നഷ്ടപ്പെടാം എന്ന ഭീതിയിൽ കഴിഞ്ഞിരുന്ന ഐടി, മാനുഫാക്ചറിംഗ് മേഖലയിലെ ജീവനക്കാർക്ക് ഈ പുതിയ വാർത്തകൾ വലിയ ആശ്വാസമാണ് നൽകുന്നത്. തൊഴിൽ സുരക്ഷിതത്വം വർദ്ധിക്കുന്നതോടെ ജീവനക്കാരുടെ മാനസികാരോഗ്യവും കുടുംബ ജീവിതവും കൂടുതൽ ഭദ്രമാകും.

**സാമ്പത്തിക വളർച്ചയും ഉപഭോഗവും:** പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതോടെ ജനങ്ങളുടെ കയ്യിൽ പണം വരികയും അത് വിപണിയിലെ ഉപഭോഗം വർദ്ധിപ്പിക്കുകയും ചെയ്യും. ഇത് രാജ്യത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനം വർദ്ധിക്കാൻ കാരണമാകും.

**ഭാവി തലമുറയ്ക്കുള്ള സുരക്ഷിതത്വം:** കാനഡയിലെ പ്രധാനമന്ത്രി മാർക്ക് കാർണിയുടെ നേതൃത്വത്തിലുള്ള ഭരണകൂടം തങ്ങളുടെ സാമ്പത്തിക നയങ്ങളിൽ മനുഷ്യവിഭവശേഷിക്ക് വലിയ പ്രാധാന്യമാണ് നൽകുന്നത്. വരുംതലമുറയ്ക്ക് ജോലി ലഭിക്കില്ലെന്ന ആശങ്കകൾ ഇല്ലാതാക്കാൻ ഇത്തരമൊരു ആഗോള നയമാറ്റം സഹായിക്കുമെന്ന് ഒട്ടാവയിലെ സാമ്പത്തിക വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നു.



# ഫോമാ സ്ഥാനാർത്ഥികൾക്ക് പിന്തുണ

ഷിക്കാഗോ: ഷിക്കാഗോ മലയാളി അസോസിയേഷനിൽ നിന്നും ഫോമയുടെ വിവിധ സ്ഥാനങ്ങളിലേക്ക് മത്സരിക്കുന്ന ജോൺസൻ കണ്ണൂക്കാടൻ, രഞ്ജൻ എബ്രഹാം, പ്രിൻസ് ഈപ്പൻ, ആഗ്നസ് മാത്യു എന്നിവർക്ക് സംഘടന പിന്തുണ അറിയിച്ചു.

മുൻപ് ഷിക്കാഗോ മലയാളി അസോസിയേഷന്റെ ജോയിന്റ് ട്രഷറർ, ട്രഷറർ,വൈസ്പ്രസിഡന്റ്എന്നീസ്ഥാനങ്ങൾ വഹിച്ച ശേഷം 2018 മുതൽ 2021 വരെ മൂന്ന് വർഷം പ്രസിഡന്റ് ആയി പ്രവർത്തിച്ചിട്ടുള്ള ജോൺസൻ പ്രസിഡന്റായിരുന്നപ്പോൾ നിരവധി ചാരിറ്റി പ്രവർത്തനങ്ങൾ നടത്തി തന്റെ കഴിവും പ്രഗൽഭ്യവും തെളിയിച്ചിട്ടുള്ള വ്യക്തിയാണ്. ഷിക്കാഗോ മലയാളി അസോസിയേഷന്റെ സുവർണ ജൂബിലി ആഘോഷങ്ങളുടെ ധനകാര്യ കമ്മിറ്റിയുടെ ചെയർമാനായി പ്രവർത്തിച്ചു. ദീർഘ വർഷങ്ങളായി ചാരിറ്റി കോർഡിനേറ്റർ ആയി പ്രവർത്തിച്ചു വരുന്നു. ജോൺസൻ റീജിയണൽ വൈസ് പ്രസിഡന്റായ ഫോമാ സെൻട്രൽ റീജിയൻ ആദ്യമായി ഈ വർഷം കലാമേള സംഘടിപ്പിച്ച് മാതൃകയായി. ഇപ്പോൾ നാഷണൽ കമ്മിറ്റി ജോയിന്റ് ട്രഷറർ ആയി മത്സരിക്കുന്ന ജോൺസന് എല്ലാ പിന്തുണയും സംഘടന വാഗ്ദാനം ചെയ്തു.

സെൻട്രൽ റീജിയൻ വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കുന്ന രഞ്ജൻ എബ്രഹാം 2016 -2018 കാലയളവിൽ ഷിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡന്റായിരുന്നു. അദ്ദേഹത്തിന്റെ അനുഭവസമ്പത്തും സേവനമനോഭാവവും സെൻട്രൽ റീജിയൻ കമ്മിറ്റിക്ക് ഒരു മുതൽക്കൂട്ടായിരിക്കും.

നാഷണൽ കമ്മിറ്റി മെമ്പർ സ്ഥാനത്തേക്ക് മത്സരിക്കുന്ന പ്രിൻസ് ഈപ്പൻ വിവിധ സാമൂഹിക, സാംസ്കാരിക സംഘടനകളിൽ സജീവമായി പ്രവർത്തിച്ച് സമ്പന്നമായ പ്രവർത്തന പരിചയം നേടിയ വ്യക്തിയാണ്. നിലവിൽ അദ്ദേഹം ഷിക്കാഗോ മലയാളി അസോസിയേഷന്റെ ജോയിന്റ് ട്രഷററായി പ്രവർത്തിക്കുന്നു.

വിമൻസ് റെപ്രെസെന്റേറ്റീവ് സ്ഥാനത്തേക്ക് മത്സരിക്കുന്ന ആഗ്നസ് മാത്യു ദീർഘ വർഷങ്ങൾ അസോസിയേഷന്റെ വിമൻസ് റെപ്രെസെന്റേറ്റീവായി പ്രവർത്തന പരിചയം ഉള്ള വ്യക്തിയാണ്. വനിതകളുടെ ശാക്തീകരണത്തിനും സാമൂഹിക മുന്നേറ്റത്തിനുമായി നിരവധി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിട്ടുള്ള അവർ, ചാരിറ്റി മേഖലയിലും ശ്രദ്ധേയമായ സേവനപ്രവർത്തനങ്ങൾ കാഴ്ചവെച്ചിട്ടുണ്ട്.

# ദോഹയിൽ ട്രംപിന്റെ പുതിയ സമാധാന നീക്കവും മാറുന്ന പശ്ചിമേഷ്യൻ സമവാക്യങ്ങളും

(മൂന്നാം പേജ് തുടർച്ച)

ട്രംപ് അവകാശപ്പെടുമ്പോൾ തന്നെ, ഇതൊരു നീണ്ടുപോകുന്ന നയതന്ത്ര ചതുരംഗക്കളിയാണെന്ന വിലയിരുത്തലിലാണ് ആഗോള നിരീക്ഷകർ. ഹോർമുസ് കടലിടുക്കിലെ കപ്പൽ ഗതാഗതം, ഖത്തറിലെ മരവിപ്പിച്ച പണം വിട്ടുകിട്ടൽ, ആണവ പരിശോധനകൾ എന്നിവ കേന്ദ്രീകരിച്ച് നടന്ന ദോഹ ചർച്ചകളുടെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്ന സമഗ്ര റിപ്പോർട്ട്:

ഫെബ്രുവരി 28ന് ഇറാന് നേരെ നടത്തിയ സൈനിക നീക്കത്തിന് ശേഷം, പശ്ചിമേഷ്യയിൽ സമാധാനം കൊണ്ടുവരാൻ ട്രംപിന് നയതന്ത്ര ചർച്ചകളെ കഠിനമായി ആശ്രയിക്കേണ്ടി വരുന്നു. ഇറാന്റെ പരമോന്നത നേതാവായിരുന്ന അലി ഖമേനിയുടെ വിയോഗത്തെത്തുടർന്ന് രാജ്യം കടുത്ത ആഭ്യന്തര പ്രക്രിയകളിലൂടെ കടന്നുപോകുമ്പോഴും, തങ്ങളുടെ തന്ത്രപ്രധാനമായ താല്പര്യങ്ങളിൽ നിന്ന് ഇഞ്ചോടിഞ്ച് പിന്മാറില്ലെന്ന കടുത്ത നിലപാടിലാണ് ഡെപ്യൂട്ടി വിദേശകാര്യ മന്ത്രി കാസിം ഗരീബാബാദിയുടെ നേതൃത്വത്തിലുള്ള ഇറാനിയൻ പ്രതിനിധി സംഘം ദോഹയിൽ സ്വീകരിച്ചത്.

### ദോഹ ചർച്ചകളിൽ നിന്നുള്ള 5 പ്രധാന കണ്ടെത്തലുകൾ

രണ്ടുദിവസമായി നടന്ന പരോക്ഷ സാങ്കേതിക ചർച്ചകളിൽ ഉയർന്നുവന്ന പ്രധാന തീരുമാനങ്ങൾ വിപണിയെയും നയതന്ത്രത്തെയും ഒരുപോലെ സ്വാധീനിക്കുന്നതാണ്.

**ഹോർമുസ് കടലിടുക്കിലെ തർക്കങ്ങൾ:** കരാറിന്റെ ഭാഗമായി കപ്പലുകളിൽ നിന്ന് ടോൾ ഈടാക്കാതെ 60 ദിവസത്തെ താൽക്കാലിക ഇളവ് നൽകാൻ ഇറാൻ സമ്മതിച്ചിരുന്നുവെങ്കിലും ഭാവിയിൽ ഈ ജലപാതയുടെ നിയന്ത്രണം തങ്ങൾക്കായിരിക്കുമെന്ന വാശിയിലാണ് ടെഹ്റാൻ.

**മരവിപ്പിച്ച പണത്തിന്റെ വിനിയോഗം:** മുൻപ് ദക്ഷിണ കൊറിയയിൽ നിന്ന് ഖത്തറിലെ ബാങ്കുകളിലേക്ക് മാറ്റിയ ഇറാന്റെ ആറ് ബില്യൺ ഡോളറിന്റെ എണ്ണ വരുമാനത്തിൽ നിന്ന് മൂന്ന് ബില്യൺ ഡോളർ വിട്ടുകിട്ടണമെന്ന ഇറാന്റെ ആവശ്യം ചർച്ചയായി. രാജ്യത്തിന് അടിയന്തിരമായി ആവശ്യമുള്ള സാധനങ്ങൾ വാങ്ങാൻ ഈ തുക ഉപയോഗിക്കാൻ അനുവദിക്കാമെന്ന ധാരണയിലേക്ക് കാര്യങ്ങൾ നീങ്ങുന്നുണ്ടെന്നാണ് സൂചന.

**ആണവ പരിശോധനകളുടെ പുനരാരംഭം:** ന്താരാഷ്ട്ര ആണവോർജ്ജ ഏജൻസിയിലെ (IAEA) ഇൻസ്പെക്ടർമാർക്ക് തങ്ങളുടെ ആണവ കേന്ദ്രങ്ങളിൽ പരിശോധന നടത്താൻ അനുമതി നൽകാമെന്ന് ഇറാൻ സമ്മതിച്ചിട്ടുണ്ട്.

**വെടിനിർത്തൽ ലംഘനങ്ങൾ നിരീക്ഷിക്കാനുള്ള ചാനൽ:** വെടിനിർത്തൽ കരാർ ലംഘിക്കപ്പെടുന്നത് പരസ്പരം അറിയിക്കാനും രേഖപ്പെടുത്താനുമായി പുതിയൊരു ആശയവിനിമയ സംവിധാനം ഉടൻ നിലവിൽ വരുമെന്ന് ഇറാൻ വ്യക്തമാക്കി.

**താൽക്കാലികസമാധാനഅന്തരീക്ഷം:** അമേരിക്കയിലെ സ്വാതന്ത്ര്യദിന ആഘോഷങ്ങൾക്ക് മുൻപായി ഹോർമുസ് കടലിടുക്കിൽ ഒരാഴ്ചത്തെ സൈനിക പിന്മാറ്റത്തിനും സമാധാനത്തിനും ഇരുപക്ഷവും സമ്മതിച്ചിട്ടുണ്ട്.

### ട്രംപിന്റെ നയവ്യതിയാനവും നീണ്ടുപോകുന്ന ചർച്ചകളുടെ റിസ്കും

വിദേശ യുദ്ധങ്ങൾ അവസാനിപ്പിക്കാൻ വന്ന ട്രംപ് ഇപ്പോൾ അനന്തമായ ചർച്ചകളുടെ കെണിയിൽ വീഴുകയാണോ എന്ന് വാൾ സ്ട്രീറ്റ് ജേണൽ നിരീക്ഷിക്കുന്നു.

**ചർച്ചകളുടെ തന്ത്രം:** തങ്ങളുടെ ചുവപ്പ് രേഖകൾ ലംഘിക്കാതെ തന്നെ ചർച്ചകൾ വർഷങ്ങളോളം നീട്ടിക്കൊണ്ടുപോകുന്നതിൽ ഇറാൻ പണ്ടേ മിടുക്കരാണ്. ആണവ പദ്ധതികൾ പൂർണ്ണമായി ഉപേക്ഷിക്കാതെ തന്നെ സാമ്പത്തിക ഉപരോധങ്ങളിൽ ഇളവുകൾ നേടിയെടുക്കുകയാണ് അവരുടെ ലക്ഷ്യം.

**ട്രംപിന്റെ മനംമാറ്റം:** മുൻപ് ഇറാന്റെ സൈനിക കേന്ദ്രങ്ങൾ ശക്തമായി ആക്രമിച്ച ട്രംപ് ഇപ്പോൾ അവരുമായി 'വളരെ നല്ല ബന്ധത്തിലാണെന്ന്' അവകാശപ്പെടുന്നത് അദ്ദേഹത്തിന്റെ മാറിയ രാഷ്ട്രീയ ശൈലിയെ കാണിക്കുന്നു.

**നയതന്ത്ര വിദഗ്ധരുടെ ആശങ്ക:** കടുത്ത തീരുമാനങ്ങൾ എടുക്കുന്നതിൽ നിന്ന് ട്രംപിനെ തടയാൻ ഇറാൻ ഈ ചർച്ചകളെ ഒരു കവചമായി ഉപയോഗിക്കുകയാണെന്ന് വാഷിംഗ്ടണിലെ ചില പ്രതിരോധ വിദഗ്ധർ വിലയിരുത്തുന്നു. ഇത് ട്രംപിന്റെ വിദേശനയത്തിന്റെ പരാജയമായി ചിത്രീകരിക്കപ്പെടാൻ സാധ്യതയുണ്ട്.

### അമേരിക്കൻ ആഭ്യന്തര രാഷ്ട്രീയവും ഇടക്കാല തിരഞ്ഞെടുപ്പും

പശ്ചിമേഷ്യയിലെ ഈ നയതന്ത്ര നീക്കങ്ങൾ വരാനിരിക്കുന്ന യുഎസ് ഇടക്കാല തിരഞ്ഞെടുപ്പിലെ പ്രധാന ചർച്ചാവിഷയമാണ്.

**റിപ്പബ്ലിക്കൻ പാർട്ടിക്കുള്ളിലെ ഭിന്നത:** ഇറാനുമായി വിട്ടുവീഴ്ചകൾക്ക് തയ്യാറാകുന്ന ട്രംപിന്റെ നയത്തോട് റിപ്പബ്ലിക്കൻ പാർട്ടിയിലെ തീവ്രദേശീയവാദികൾക്ക് പൂർണ്ണ യോജിപ്പില്ല. എന്നാൽ പുതിയ യുദ്ധങ്ങൾ ഒഴിവാക്കുന്നത് സാധാരണക്കാരായ വോട്ടർമാരെ ആകർഷിക്കാൻ ട്രംപിനെ സഹായിക്കും.

**ഡെമോക്രാറ്റുകളുടെ വിമർശനങ്ങൾ:** ഇറാനെ വിശ്വസിക്കാൻ കൊള്ളില്ലെന്നും ട്രംപ് ഒപ്പിടുന്ന കരാറുകൾ അമേരിക്കയുടെ ദീർഘകാലസുരക്ഷയ്ക്ക് ഭീഷണിയാണെന്നും പ്രതിപക്ഷം ആരോപിക്കുന്നു. ദോഹ ചർച്ചകളിലെ ഓരോ വീഴ്ചയും വരും തിരഞ്ഞെടുപ്പുകളിൽ ഡെമോക്രാറ്റുകൾ ആയുധമാക്കും.

**സാമ്പത്തിക നേട്ടങ്ങൾ രാഷ്ട്രീയ ആയുധമാക്കുന്നു:** ചർച്ചകളുടെ ഫലമായി ആഗോള എണ്ണവില കുറഞ്ഞത് അമേരിക്കയിലെ ഇന്ധന വിലയിലും കുറവുണ്ടാക്കിയിട്ടുണ്ട്. ഇത് പണപ്പെരുപ്പം കുറയ്ക്കുകയും തിരഞ്ഞെടുപ്പിൽ ട്രംപിന്റെ പാർട്ടിക്ക് അനുകൂലമായ തരംഗം സൃഷ്ടിക്കാൻ സഹായിക്കുകയും ചെയ്യും.

### പശ്ചിമേഷ്യൻ സുരക്ഷാ ഭൂപടത്തിലെ മാറ്റങ്ങൾ

അമേരിക്കയും ഇറാനും തമ്മിലുള്ള ഈ കൂടിക്കാഴ്ചകൾ പശ്ചിമേഷ്യയിലെ മറ്റ് രാജ്യങ്ങളെയും ബാധിക്കുന്നുണ്ട്.

**ഇസ്രായേലിന്റെ ജാഗ്രത:** ഇറാനുമായി അമേരിക്ക ഏതെങ്കിലും തരത്തിലുള്ള ഒത്തുതീർപ്പിലെത്തുന്നത് ഇസ്രായേൽ ഭയത്തോടെയാണ് കാണുന്നത്. ഇന്ത്യ മുതൽ അമേരിക്ക വരെ നീളുന്ന ഒരു പുതിയ പ്രാദേശിക സുരക്ഷാ സഖ്യം രൂപീകരിക്കണമെന്ന് ഇസ്രായേൽ പ്രതിരോധ മന്ത്രാലയം ആവശ്യപ്പെടുന്നതിന് പിന്നിലെ കാരണം ഇതാണ്.

**ഗൾഫ് രാജ്യങ്ങളുടെ നിലപാട്:** സൗദി അറേബ്യയും യുഎഇയും തങ്ങളുടെ സാമ്പത്തിക താല്പര്യങ്ങൾ സംരക്ഷിക്കാൻ അമേരിക്കയുടെ 'പ്രോജക്റ്റ് ഫ്രീഡം' എന്ന സൈനിക നീക്കത്തിന് താവളങ്ങൾ തുറന്നുനൽകിയിരുന്നുവെങ്കിലും, ഇറാനുമായി നേരിട്ടൊരു യുദ്ധത്തിന് അവർ താല്പര്യപ്പെടുന്നില്ല. അതിനാൽ ദോഹ ചർച്ചകളെ അവർ പിന്തുണയ്ക്കുന്നു.

ദോഹയിലെ ഈ നയതന്ത്ര ചർച്ചകൾ പശ്ചിമേഷ്യയിൽ താൽക്കാലിക സമാധാനം നൽകുന്നുണ്ടെങ്കിലും, ഹോർമുസ് കടലിടുക്കിന്റെ പൂർണ്ണമായ നിയന്ത്രണത്തെക്കുറിച്ചുള്ള തർക്കങ്ങൾ പരിഹരിക്കപ്പെടാതെ കിടക്കുകയാണ്.





## SEEKING BRIDEGROOM

**Knanaya Parents, Kerala** invite proposal for their daughter, 31, 154 cm, M.Tech (Bio-Technology) & PhD. Now she is working in Chennai.

**Contact:+1-630-642-4596**

**Email: lukescyriac@gmail.com**

#060326

## വരനെ ആവശ്യമുണ്ട്

**ഫ്ളോറിഡയിലെ മിയാമിയിൽ താമസിക്കുന്ന** മാതാപിതാക്കൾ, RN ആയി മിയാമിയിൽ ജോലി ചെയ്യുന്ന 28 വയസ്സുള്ള ക്നാനായ യുവതി (യുഎസ് സിറ്റിസൺ)അനുയോജ്യരായ ക്നാനായ കാത്തലിക് യുവാക്കളിൽനിന്നും വിവാഹാലോചന ക്ഷണിക്കുന്നു.

**ബന്ധപ്പെടുക: 786–868–7192, 786–825–5748**

#060326

## Holiday Let Penthouse in Kochi

Two bed Penthouse with Balcony on the 18th floor, fully furnished, air-conditioned, is available for short stay in the heart of Kochi. Close to shops/Restaurants/ Shopping centres. Beautiful view of Kochi City. Location - Vennala near Holiday Inn Hotel.

**Contact NG Jerome**
**Mob: +91 9446211630**

#060326

## ബേബി സിറ്ററെ ആവശ്യമുണ്ട്

ഷിക്കാഗോ ഡസ്പ്ലെയിൻസിൽ താമസിക്കുന്ന മലയാളി കുടുംബത്തിന് ബേബി സിറ്റിംഗിന് ആളെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക: 773–679–5526**
**773–396–0535**

#052026

## Babysitter Wanted in Tampa

**Tampa (Florida) യിൽ** താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ താമസിച്ചോ വന്നുപോയോ ചെറിയ കുട്ടിയെ നോക്കുന്നതിനായി ബേബി സിറ്ററെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക: 847–687–2151**

#051326

## ആവശ്യമുണ്ട്

**ഷിക്കാഗോയുടെ നോർത്ത് ഗർണിയിൽ** താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ താമസിച്ച് വീട്ടുജോലികൾ ചെയ്യുവാൻ സ്ത്രീയെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക: 847–421–2233**

#060326




## നൊവേന

### വിശുദ്ധ യൂദാ ശ്ലീഹാ നൊവേന



ഈശോയുടെ വിശ്വസ്തദാസനും സ്നേഹിതനു അപ്പസ്തോലനുമായ വിശുദ്ധ യൂദായേ ദിവ്യഗുരുവിനെ ശത്രുക്കളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തവന്റെ പേരിനോട് അങ്ങയുടെ പേരിനുള്ള സാമ്യം പലരും അങ്ങയെ മറക്കുവാൻ കാരണമാക്കിയല്ലോ. എങ്കിലും നിരാശാജനകവും അസാധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങേ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. വളരെയധികം കഷ്ടപ്പെടുന്ന എനിക്കിവേണ്ടി പ്രാർത്ഥിക്കണമേ ആശയററ സന്ദർഭങ്ങളിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേയ്ക്കു സംസിദ്ധമായിരിക്കുന്ന പ്രത്യോകാനുകൂല്യത്തെ എന്ക്കുവേണ്ടി വിനിയോഗിക്കണമെന്ന് ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

എന്റെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും ദു:ഖങ്ങളിലും പ്രത്യേകിച്ച് ... (നിയോഗം)... സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനുമായി ഈ വലിയ ആവശ്യനേരത്ത് എന്റെ സഹായത്തിന് എത്തേണമെ.

അങ്ങനെ അങ്ങയോടും മറെറല്ലാ വിശുദ്ധരോടും കൂടെ ദൈവത്തെ അനവരതം സ്തുതിക്കുന്നതിന് എനിക്ക് ഇടയാകട്ടെ. ഓ! വാഴ്ത്തപ്പെട്ട വി യൂദായേ ഈ വലിയ അനുഗ്രഹത്തെ ഞാൻ എന്നും സ്മരിക്കുന്നതാണെന്നും എന്റെ ശക്തിയുള്ള പ്രത്യേക മദ്ധ്യസ്ഥനായി അങ്ങയെ വണങ്ങുന്നതിൽ ഞാൻ ഒരിക്കലും കുറവു വരുത്തുകയില്ലെന്നും അങ്ങയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് എന്റെ സർവ്വ കഴിവുകളും വിനിയോഗിക്കുന്നതാണെന്നും ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു.

**ജേക്കബ് മറിയാമ്മ**

#060326

### ഉണ്ണിയീശോയോടുള്ള നൊവേന



ഇഹലോകവാസികളായ ഞങ്ങളേരോരുത്തരോടുമുള്ള സ്നേഹത്താൽ മനുഷ്യാവതാരം ചെയ്ത് ഞങ്ങളുടെ ഇടയിലേക്ക് വരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. പാപികളായ ഞങ്ങളുടെ അയോഗ്യതകൾ പരിഗണിക്കാതെ ഞങ്ങളിൽ ഒരുവനായിത്തീരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ, കാലിത്തൊഴുത്തിൽ പിറന്ന് എളിമയോടെയും വിനയത്തിന്റെയും മാതൃകയായി ജീവിച്ചതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

പാപികളായ ഞങ്ങളിൽ അനുഗ്രഹവർഷം ചൊരിഞ്ഞുകൊണ്ടിരിക്കുന്ന അങ്ങേയ്ക്കു ഞങ്ങൾ നന്ദിപറയുന്നു. അങ്ങേ തിരുമുമ്പിൽ അണഞ്ഞ് ഈ നെവേനയിൽ ഇന്നു ഞങ്ങൾ പ്രത്യേകമായി അപേക്ഷിക്കുന്നു..... ആവശ്യങ്ങൾ ഞങ്ങൾക്ക് ഒരോരുത്തർക്കും സാധിച്ചുതരണമെന്ന് തകർന്ന ഹൃദയത്തോടുകൂടി അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു.

ആമേൻ

**ചിന്നമ്മ മാത്യു**

#060326


Newspaper for Malayalees Worldwide ◆Estd.2020

വാചകം VACHAKAM

To Advertise
1 773–888–2242
1 773–842–9149
1 773–888–2243
vachakamonline@gmail.com
news@vachakam.com

Vachakam.com

**For E-Paper reading visit Vachakam.com**


# ലോസ് ആഞ്ചലസിൽ വിവിധ മലയാളി സംഘടനാ പ്രതിനിധികളുമായി 'ടീം പ്രോമിസി'ന്റെ സംവാദം ക്രിയാത്മകമായി



ലോസ് ആഞ്ചലസ്: അമേരിക്കൻ മലയാളി സംഘടനകളുടെ നെടുംതൂണായ ഫോമായെ കൂടുതൽ കരുത്തോടെ, സുതാര്യതയോടെ മുന്നോട്ട് നയിക്കാനുള്ള ദൃഢപ്രതിജ്ഞയുമായി 'ടീം പ്രോമിസ്' സ്ഥാനാർത്ഥികൾ ഫോമാ 2026–2028 വർഷത്തെ എക്സിക്യൂട്ടീവ് കമ്മിറ്റി തിരഞ്ഞെടുപ്പിന്റെ ഭാഗമായി ലോസ് ആഞ്ചലസ് സന്ദർശിച്ച് വിവിധ മലയാളി സംഘടനകളുടെ പ്രതിനിധികളുമായും ഡെലിഗേറ്റുമാരുമായും സംവാദം നടത്തി. കേരള അസോസിയേഷൻ ഓഫ് ലോസ് ആഞ്ചലസ് (കല) ഇൻലൻഡ് എമ്പയർ മലയാളി അസോസിയേഷൻ (ഐ.ഇ.എം.എ), വാലി മലയാളി അസോസിയേഷൻ (വി.എം.എ), ഒരുമ എന്നീ സംഘടനകളിലെ പ്രതിനിധികളുമായാണ് ടീം ആശയവിനിമയം നടത്തിയത്.

സന്ദർശനത്തോടനുബന്ധിച്ച് ദേശീയ പുരസ്കാര ജേതാവും പ്രശസ്ത മേക്കപ്പ് ആർട്ടിസ്റ്റും എഴുത്തുകാരനുമായ പട്ടണം റഷീദ് ലോസ് ആഞ്ചലസിലുണ്ടായിരുന്നതിനാൽ, അദ്ദേഹത്തിന്റെ പുതിയ പുസ്തകത്തിന്റെ പ്രകാശന ചടങ്ങിൽ പങ്കെടുക്കാൻ ടീം പ്രോമിസിന് അവസരം ലഭിച്ചു. ഇതിനോടനുബന്ധിച്ച് ഒരുമ സംഘടിപ്പിച്ച ചടങ്ങിൽ വനിതാ പ്രതിനിധി സ്ഥാനത്തേക്ക് സെൽബിയെയും യുവജന പ്രതിനിധി സ്ഥാനത്തേക്ക് എലെയ്ൻ കാപ്പാട്ടിൽനെയും ഔദ്യോഗികമായി എൻഡോഴ്സ് ചെയ്തു. ഈ പ്രഖ്യാപനം ടീം പ്രോമിസിന്റെ വനിതായുവജന ശാക്തീകരണ ദൗത്യത്തിന് കൂടുതൽ കരുത്തേകുന്നതായി വിലയിരുത്തപ്പെട്ടു.

യോഗത്തിൽ സേവ്യർ പടയാട്ടി (വാലി മലയാളി അസോസിയേഷൻ സെക്രട്ടറി), ഹോളിവുഡ് റീജിയണിൽ നിന്നുള്ള നാഷണൽ കമ്മിറ്റി സ്ഥാനാർത്ഥി ലോജ ലോന, സാം ഉമ്മൻ, മനു തുരുത്തിക്കാടൻ, ജോൺ കെ ജോൺ (സന്തു), ടോമി പൊട്ടുകുളം (വാലി ക്ലബ് മുൻ പ്രസിഡന്റ്), ബിജു തോട്ടുങ്കണ്ടത്തിൽ (വാലി ക്ലബ്), ഥാഡ് ജോൺസൺ, ഒരുമ പ്രസിഡന്റ് സിജു എബ്രഹാം, സെക്രട്ടറി അനീഷ് മാത്യു, ട്രഷറർ വർഗീസ് പടിഞ്ഞാറേമുറിയിൽ, നാഷണൽ കമ്മിറ്റി വനിതാ റെപ് സ്ഥാനാർത്ഥി സെൽബി കുര്യാക്കോസ്, നാഷണൽ കമ്മിറ്റി യൂത്ത് റെപ് സ്ഥാനാർത്ഥി ആഗ്നസ് ബിജു, ബിജു പി ജോർജ് (സെക്രട്ടറി, കല), സണ്ണി നടുവിലേക്കുറ്റ് (ട്രഷറർ, കല), മാത്യു ചാക്കോ (ഐ.ഇ.എം.എ മുൻ പ്രസിഡന്റ്), സുജ ഔസോ (ഐ.ഇ.എം.എ), ജോസഫ് ഔസോ, ഫ്രാൻസിസ് മാത്യു (ഒരുമ), ലില്ലി ഫ്രാൻസിസ് (ഒരുമ), ബിനോയ് പുല്ലുകാലായിൽ (ഒരുമ), നെസി പുല്ലുകാലായിൽ, റോയ് വല്യാനേൽ (ഒരുമ), ജോസ് പാമ്പാടി തുടങ്ങിയവർ ആശംസകൾ നേർന്ന് സംസാരിച്ചു.

ഫോമയോടുള്ള ശക്തമായ പ്രതിബദ്ധത മുൻനിർത്തി, തിരഞ്ഞെടുപ്പിന് മുൻപ് തന്നെ കൃത്യവും വ്യക്തവുമായ ഒരു മാനിഫെസ്റ്റോ ഞങ്ങൾ നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കുന്നതായിരിക്കുമെന്നും വെറും വാഗ്ദാനങ്ങൾ നൽകി കടന്നുപോകാനല്ല, മറിച്ച് പ്രകടനപത്രികയിലെ ഓരോ കാര്യവും സമയബന്ധിതമായി, വിശ്വാസ്യതയോടെയും സുതാര്യതയോടെയും സത്യസന്ധതയോടെയും നടപ്പിലാക്കാൻ തങ്ങൾ ബാധ്യസ്ഥരായിരിക്കുമെന്നും മാത്യു വർഗീസ് നേതൃത്വം നൽകുന്ന 'ട്രീം പ്രോമീസിലെ വിവിധ സ്ഥാനങ്ങളിലേയ്ക്ക് ജനവിധി തേടുന്ന അനു സ്കറിയ (ജനറൽ സെക്രട്ടറി), ബിനോയ് തോമസ് (ട്രഷറർ), ജോൺസൺ ജോസഫ് (വൈസ് പ്രസിഡന്റ്), രേഷ്മ രഞ്ജൻ (ജോയിന്റ് സെക്രട്ടറി), ടിറ്റോ ജോൺ (ജോയിന്റ് ട്രഷറർ) എന്നിവർ പറഞ്ഞു.

ലോസ് ആഞ്ചലസ് സന്ദർശനം, വടക്കേ അമേരിക്കയിലെ വിവിധ മേഖലകളിലെ അംഗസംഘടനകളുമായും ഡെലിഗേറ്റുമാരുമായും നേരിട്ട് സംവദിച്ച് ഫോമായെ കൂടുതൽ സുതാര്യവും ഉൾക്കൊള്ളുന്നതും സേവനോന്മുഖവുമായ സംഘടനയായി വളർത്താനുള്ള ടീം പ്രോമിസിന്റെ പ്രതിബദ്ധത ഒരിക്കൽക്കൂടി ഊട്ടിയുറപ്പിക്കുന്നതായി തങ്ങൾക്ക് ലഭിച്ച ഊഷ്മളമായ സ്വീകരണത്തിന് ഹൃദ്യമായ നന്ദി പ്രകാശിപ്പിച്ചുകൊണ്ട് നേതാക്കൾ അഭിപ്രായപ്പെട്ടു.




# ഫൊക്കാന കൺവൻഷനിൽ പുരുഷന്മാർക്കായി 56 കാർഡ് ഗെയിം മത്സരം; രജിസ്ട്രേഷൻ ആരംഭിച്ചു

ന്യൂയോർക്ക്: നോർത്ത് അമേരിക്കയിലെ മലയാളികളുടെ ഏറ്റവും വലിയ സംഘടനകളിലൊന്നായ ഫൊക്കാനയുടെ 2026 അന്തർദേശീയ കൺവൻഷന്റെ ഭാഗമായി പുരുഷന്മാർക്കായി ആവേശകരമായ 56 കാർഡ് ഗെയിം മത്സരം സംഘടിപ്പിക്കുമെന്ന് ഫൊക്കാന മെൻസ് ഫോറം അറിയിച്ചു. മലയാളി സമൂഹത്തിനിടയിൽ ഏറെ ജനപ്രിയമായ ഈ കാർഡ് ഗെയിമിലൂടെ സൗഹൃദവും കൂട്ടായ്മയും വർധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് മത്സരം ഒരുക്കുന്നത്.

മെൻസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന 56 ഗെയിം മത്സരം കൺവൻഷനിലെ പ്രധാന ആകർഷണങ്ങളിലൊന്നാകുമെന്നാണ് സംഘാടകർ പ്രതീക്ഷിക്കുന്നത്. വിജയികൾക്ക് ട്രോഫികളും പ്രത്യേക ക്യാഷ് സമ്മാനങ്ങളും നൽകും.

കൺവൻഷനിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള മലയാളികൾ പങ്കെടുക്കുന്ന ഈ മഹാസമ്മേളനത്തിൽ 56 ഗെയിം മത്സരം ഒരു പ്രത്യേക പരിപാടിയായിരിക്കുമെന്ന് 56 ഗെയിം മത്സരത്തിന്റെ ചെയർമാൻ സക്കറിയ പെരിയപ്പുറം (302-690-9227), കോർഡിനേറ്റേഴ്സ് ആയ വർഗീസ് തോമസ് (ജിമ്മിച്ചൻ 586-604-64740, ജോയി തട്ടാർകുന്നേൽ എന്നിവർ അറിയിച്ചു.

മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ കൺവൻഷൻ രജിസ്ട്രേഷനോടൊപ്പം മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണമെന്ന് ഭാരവാഹികൾ അഭ്യർഥിച്ചു.

*ശ്രീകുമാർ ഉണ്ണിത്താൻ*




# യുവജനങ്ങളുടെ തൊഴിൽ സംരക്ഷണത്തിന് നയവേദിയുമായി 'ടീം വോയ്സ് ഓഫ് ഫോമാ'

ന്യൂയോർക്ക്: യുവജനങ്ങളുടെ തൊഴിൽ സംരക്ഷണത്തിനായി ടീം വോയ്സ് ഓഫ് ഫോമാ നയവേദി (പോളിസി ഫോറം) രൂപീകരിക്കും. ഇന്ന് നോർത്ത് അമേരിക്കയിലെ മലയാളി സമൂഹം പ്രത്യേകിച്ച് യുവജനങ്ങൾ ഏറ്റവും കൂടുതൽ അഭിമുഖീകരിക്കുന്ന ഗൗരവതരമായ ഒരു വിഷയമാണ് അർഹതക്കനുസരിച്ചുള്ള തൊഴിലില്ലായ്മ. ഇതിനൊരു പരിഹാരം കാണുവാൻ ശ്രമിക്കുന്നതിന്റെ ഭാഗമായി, ഈ മേഖലകളിൽ പ്രവർത്തന പരിചയമുള്ളവരെ ഉൾപ്പെടുത്തി ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കുകയും പ്രസ്തുത സമിതിയുടെ സേവനം നോർത്ത് അമേരിക്ക മുഴുവനും ലഭ്യമാക്കുകയും ചെയ്യുമെന്ന് ഫോമായുടെ 2026-2028 ഭരണസമിതിയിലേയ്ക്ക് ജനവിധി തേടുന്ന ടീം വോയ്സ് ഓഫ് ഫോമാ'യുടെ പ്രസിഡന്റ് സ്ഥാനാർത്ഥി ബിജു തോണിക്കടവിൽ വ്യക്തമാക്കി.

എച്ച്-1ബി വിസയിലെത്തി അമേരിക്കൻ മലയാളി സമൂഹത്തിൽ തൊഴിലില്ലാതെ പ്രയാസമനുഭവിക്കുന്ന ഐ.റ്റി പ്രോഫഷണലുകൾ ഉൾപ്പെടെയുള്ള യുവ മലയാളികൾക്കായി ഗവൺമെന്റ് തലത്തിൽ ലോബിയിങ് നടത്താൻ നയവേദിയുടെ നേതൃത്ത്വത്തിൽ 'ടീം വോയ്സ് ഓഫ് ഫോമാ' ആത്മാർത്ഥമായി പരിശ്രമിക്കുമെന്ന് ബിജു തോണിക്കടവിൽ പറഞ്ഞു. തൊഴിൽ ആവശ്യങ്ങൾക്കായി എത്തുന്ന യുവതലമുറയിൽ ഭൂരിഭാഗവും ആശ്രയിക്കുന്നത് എച്ച്-1ബി വിസയെയാണെന്നിരിക്കെ മാറിയ യു.എസ് വിസ നയങ്ങളും, തൊഴിൽ വിപണിയിലെ അനിശ്ചിതത്വങ്ങളും പുതിയ ഇമിഗ്രന്റ്സിന് വലിയ വെല്ലുവിളികൾ ഉയർത്തുന്ന പശ്ചാത്തലത്തിലാണ് അവർക്ക് നിയമ സഹായം ഉൾപ്പെടെയുള്ള കൃത്യമായ മാർഗ നിർദേശങ്ങൾ നൽകാൻ 'ടീം വോയ്സ് ഓഫ് ഫോമാ' മുന്നോട്ടു വരുന്നത്.

എച്ച്-1ബി വിസക്കാരുടെ യു.എസിലെ ജീവിതവും തൊഴിലും കൂടുതൽ സുരക്ഷിതമാക്കുക എന്നതാണ് ടീം വോയ്സ് ഓഫ് ഫോമാ 'നയവേദി' പദ്ധതിയിലുടെ ലക്ഷ്യമിടുന്നത്.

ടീം വോയ്സ് ഓഫ് ഫോമാ നയവേദിയിലൂടെ മുന്നോട്ട് വയ്ക്കുന്ന ഈ ലോബിയിംഗ് ശ്രമങ്ങൾ ഫലപ്രദമാക്കാൻ നമ്മുടെ ബിസിനസുകാരടെയും അഭ്യുദയകാംക്ഷികളുടെയും അകമഴിഞ്ഞ പിന്തുണ ആവശ്യമാണ്. പുതിയ എച്ച്-1ബി പ്രവാസികൾക്ക് ജോലിസ്ഥലത്തും ജീവിതത്തിലും കൂടുതൽ സ്ഥിരതയും മികച്ചൊരു ഭാവിയും കെട്ടിപ്പടുക്കാൻ ഈ പദ്ധതിക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി ബിജു തോണിക്കടവിൽ നേതൃത്വം നൽകുന്ന ടീം ഫോമായുടെ വിവിധ സ്ഥാനങ്ങളിലേയ്ക്ക് ജനവിധി തേടുന്ന പോൾ പി ജോസ് (ജനറൽ സെക്രട്ടറി), പ്രദീപ് നായർ (ട്രഷറർ), സാമുവൽ മത്തായി (വൈസ് പ്രസിഡന്റ്), ഡോ. മഞ്ജു പിള്ള (ജോയിന്റ് സെക്രട്ടറി) ജോൺസൺ കണ്ണൂക്കാടൻ (ജോയിന്റ് ട്രഷറർ) എന്നിവർ പറഞ്ഞു.

*എ.എസ് ശ്രീകുമാർ*

# കെ.സി.എസ്. ഷിക്കാഗോ ഒളിമ്പിക്സും കുടുംബ പിക്നിക്കും 2026: ഐക്യത്തിന്റെയും സൗഹൃദത്തിന്റെയും ആഘോഷമായി മറ്റൊരു മഹാവിജയം!!

ഷിക്കാഗോ: ജൂൺ 27, 2026ന് ഡെസ് പ്ലെയിൻസ് ക്യാമ്പ് ഗ്രൗണ്ട് റോഡ് വുഡ്സിൽ സംഘടിപ്പിച്ച കെ.സി.എസ് ഷിക്കാഗോ ഒളിമ്പിക്സും കുടുംബ പിക്നിക്കും 2026, ആവേശവും പങ്കാളിത്തവും കൊണ്ട് മറ്റൊരു ചരിത്രവിജയമായി മാറി. ഉച്ചയ്ക്ക് 12 മണിക്ക് കെ.സി.എസ്. പ്രസിഡന്റ് ജോസ് ആനമല പരിപാടി ഉദ്ഘാടനം ചെയ്തതോടെ ഈ മഹാസംഗമത്തിന് തുടക്കമായി

അഞ്ഞൂറിലധികം കെ.സി.എസ്. അംഗങ്ങൾ പങ്കെടുത്ത ഈ പരിപാടി, ഷിക്കാഗോയിലെ ക്നാനായ സമൂഹത്തിന്റെ ഐക്യത്തിന്റെയും സാഹോദര്യത്തിന്റെയും ശക്തമായ പ്രതീകമായി മാറി. പ്രായഭേദമന്യേ കുടുംബാംഗങ്ങൾ ഒരുമിച്ചുകൂടി സന്തോഷവും സൗഹൃദവും പങ്കുവെച്ച ഈ ദിനം, ക്നാനായ സമൂഹത്തിന്റെ അഭിമാനകരമായ കൂട്ടായ്മയുടെ മറ്റൊരു മനോഹരമായ ഉദാഹരണമായി.

പരിപാടിയുടെ പ്രധാന ആകർഷണം എല്ലാ പ്രായക്കാർക്കും അനുയോജ്യമായ വിവിധ കായികമത്സരങ്ങളും വനോദപരിപാടികളും ആയിരുന്നു. പിക്കിൾബോൾ, ബാസ്ക്കറ്റ്ബോൾ ത്രീ പോയിന്റ് ഷൂട്ടൗട്ട്, വാട്ടർ ബലൂൺ ടോസ്, മ്യൂസിക്കൽ ചെയർ തുടങ്ങിയ മത്സരങ്ങൾ വലിയ ആവേശത്തോടെയാണ് നടന്നത്. വിജയികളായവർക്ക് ട്രോഫികൾ നൽകി ആദരിക്കുകയും ചെയ്തു.

മത്സരങ്ങളുടെ ആവേശത്തോടൊപ്പം, കെ.സി.എസ്. ഷിക്കാഗോ ഒരുക്കിയ മുഴുവൻ ദിവസവും നീണ്ടുനിന്ന ബാർബിക്യൂവും വിവിധ ഭക്ഷണപാനീയങ്ങളും കുടുംബങ്ങൾക്കിടയിൽ സൗഹൃദവും സന്തോഷവും പങ്കിടാനുള്ള മനോഹരമായ അന്തരീക്ഷം സൃഷ്ടിച്ചു.

ഈ മഹാപരിപാടിയുടെ വിജയത്തിന് പിന്നിൽ പ്രവർത്തിച്ച കെ.സി.എസ്. എക്സിക്യൂട്ടീവ് ബോർഡ്, ഡയറക്ടർ ബോർഡ് അംഗങ്ങൾ, വിവിധ കമ്മിറ്റി ഭാരവാഹികൾ, കായികപരിപാടികളുടെ സംഘാടകർ, അനേകം സന്നദ്ധപ്രവർത്തകർ എന്നിവരുടെ അക്ഷീണ പരിശ്രമം പ്രത്യേകം അഭിനന്ദനാർഹമാണ്. പരിപാടിയുടെ ആസൂത്രണം മുതൽ അവസാനഘട്ടം വരെയുള്ള എല്ലാ പ്രവർത്തനങ്ങളും മികച്ച ഏകോപനത്തോടെയും സംഘടനാപാടവത്തോടെയും നിർവഹിക്കപ്പെട്ടു.

പരിപാടിയുടെ മുഴുവൻ സമയവും പ്രസിഡന്റ് ജോസ് ആനമല, വൈസ് പ്രസിഡന്റ് മാറ്റ് വിളങ്ങാട്ടുശ്ശേരിൽ, ട്രഷറർ ടീന നെടുവാമ്പുഴ, ജോയിന്റ് സെക്രട്ടറി ക്രിസ് കട്ടപ്പുറം, ലെജിസ്ലേറ്റീവ് ബോർഡ് ചെയർമാൻ സിജോ പുള്ളോർക്കുന്നേൽ എന്നിവർ സജീവമായി നേതൃത്വം നൽകി. മത്സരങ്ങൾ ഏകോപിപ്പിക്കുന്നതിലും പങ്കെടുത്തവരെ പ്രോത്സാഹിപ്പിക്കുന്നതിലും എല്ലാവർക്കും ആവശ്യമായ സഹായങ്ങൾ ഉറപ്പാക്കുന്നതിലും ഇവരുടെ സാന്നിധ്യം ശ്രദ്ധേയമായിരുന്നു.

സമാപന സമ്മേളനത്തിൽ പ്രസിഡന്റ് ജോസ് ആനമല പരിപാടിയുടെ വിജയത്തിനായി അശ്രാന്തമായി പ്രവർത്തിച്ച എല്ലാ സന്നദ്ധപ്രവർത്തകർക്കും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തി. കെ.സി.എസ്. ഷിക്കാഗോ ഒളിമ്പിക്സും കുടുംബ പിക്നിക്കും 2026 വെറും ഒരു കായികമേള മാത്രമായിരുന്നില്ല; അത് കുടുംബങ്ങളുടെ സംഗമവും, സൗഹൃദത്തിന്റെ ആഘോഷവും, ക്നാനായ പാരമ്പര്യത്തിന്റെ അഭിമാനപ്രകടനവും, സമൂഹ ഐക്യത്തിന്റെ ശക്തമായ സന്ദേശവുമായിരുന്നു.

ഈ മഹാവിജയത്തിൽ പങ്കാളികളായ എല്ലാ കുടുംബങ്ങൾക്കും, സന്നദ്ധ പ്രവർത്തകർക്കും, സംഘാടകർക്കും, സ്പോൺസർമാർക്കും കെ.സി.എസ്. ഷിക്കാഗോയുടെ ഹൃദയം നിറഞ്ഞ നന്ദി. നമ്മുടെ സമൂഹത്തിന്റെ ഐക്യവും സഹകരണവും കൂടുതൽ ശക്തിപ്പെടുത്തുന്ന ഇത്തരത്തിലുള്ള അനേകം മനോഹരമായ പരിപാടികളുമായി വീണ്ടും കണ്ടുമുട്ടാമെന്ന പ്രത്യാശയോടെ.

*ഷാജി പള്ളിവീട്ടിൽ*






# സമുദായ ശാക്തീകരണത്തിന് എസ്.എം.സി.സി. നേതൃത്വം നൽകണം: മാർ ജോയ് ആലപ്പാട്ട്

ഫിലാഡൽഫിയ: അമേരിക്കയിലെ സീറോ മലബാർ വിശ്വാസികളുടെ ശാക്തീകരണത്തിന് സിറോ മലബാർ കത്തോലിക് കോൺഗ്രസ് (എസ്.എം.സി.സി) നേതൃത്വം നൽകണമെന്ന് രൂപത ബിഷപ്പ് മാർ ജോയ് ആലപ്പാട്ട് ആഹ്വാനം ചെയ്തു. എസ്.എം.സി.സിയുടെ പുതിയ ദേശീയ സമിതിയുടെ പ്രവർത്തന ഉദ്ഘാടനം നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു മാർ ആലപ്പാട്ട്. എസ്.എം.സി.സിയുടെ പ്രവർത്തങ്ങൾ രൂപതാ തലത്തിൽ കൂടുതൽ വ്യാപിപ്പിക്കണമെന്നും മാർ ജോയ് ആലപ്പാട്ട് അഭ്യർഥിച്ചു. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ ഉപയോഗം വർധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ, മനുഷ്യന്റെ തൊഴിൽ, ധാർമ്മികത, അന്തസ് എന്നിവയിൽ ഇവ ചെലുത്തുന്ന സ്വാധീനത്തെപ്പറ്റി വിശ്വാസികളെ പ്രബുദ്ധരാക്കണമെന്നും, അതിനായി ലിയോ പതിനാലാമൻ മാർപ്പാപ്പയുടെ ആദ്യ ചാക്രിയ ലേഖനമായ ‘മാഗ്നിഫിക്ക ഹ്യുമാനിറ്റീസ്‘ വിശ്വാസികൾക്കിടയിൽ പഠനവിഷയമാക്കണമെന്നും മാർ ആലപ്പാട്ട് ഉദ്ബോധിപ്പിച്ചു. പുതിയ ഭാരവാഹികൾ രൂപതാ അധ്യക്ഷൻ ബിഷപ്പ് മാർ ജോയ് ആലപ്പാട്ടിന് മുമ്പാകെ സത്യപ്രതിജ്ഞ ചെയ്തു ഉത്തരവാദിത്വങ്ങൾ ഏറ്റെടുടുത്തു.

ഫിലാഡൽഫിയ സെയിന്റ് തോമസ് സീറോ മലബാർ ഫൊറോനാ ദേവാലയത്തിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ എസ്.എം.സി.സി പ്രസിഡന്റ് ജോർജ് വി. ജോർജ് അധ്യക്ഷത വഹിച്ചു. ഫിലാഡൽഫിയ ഫൊറോനാ ഇടവക വികാരി റവ. ഫാ.ജോർജ് ദാനവേലിൽ, സ്ഥാപക നേതാക്കളും മുൻ പ്രസിഡന്റുമാരുമായ ഡോ. ജെയിംസ് കുറിച്ചി, ജോർജ് മാത്യു സി.പി.എ, എസ്.എം.സി.സി. ജനറൽ സെക്രട്ടറി ഷോളി കുമ്പിളുവേലി, ജോയിന്റ് സെക്രെട്ടറി ജോജോ കോട്ടൂർ, നാഷണൽ കമ്മിറ്റി അംഗങ്ങളായ ജോസ് തോമസ്, ഷൈജു കളത്തിൽ, റ്റീനോ തോമസ്, റീജണൽ കോർഡിനറ്റർ റോഷിൻ പ്ലാമൂട്ടിൽ, ഫിലാഡൽഫിയ ചാപ്റ്റർ പ്രസിഡന്റ് സജി സെബാസ്റ്റ്യൻ തുടങ്ങിയവർ സംസാരിച്ചു.

തദവസരത്തിൽ നവീകരിച്ച എസ്.എം.സി.സി വെബ്സൈറ്റിന്റെ ഉദ്ഘാടനവും മാർ ജോയ് ആലപ്പാട്ട് നിർവ്വഹിച്ചു.



# കെ.എച്ച്.എൻ.എ സൗത്ത്ഈസ്റ്റ് റീജിയൺ ടീം പ്രഖ്യാപിച്ചു

ഫ്ളോറിഡ: നോർത്ത് അമേരിക്കയിലെ മലയാളി ഹിന്ദുക്കളുടെ ദേശീയ സംഘടനയായ കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്കയുടെ - കെ.എച്ച്.എൻ.എ - സൗത്ത്ഈസ്റ്റ് റീജിയണിലെ പുതിയ നേതൃനിര പ്രഖ്യാപിച്ചു. സൗത്ത്ഈസ്റ്റ് റീജിയണൽ വൈസ് പ്രസിഡന്റായി ചുമതലയേറ്റ ഷാജീവ് പത്മനിവാസിനോടൊപ്പം റീജിയണൽ വൈസ് ചെയറായി രാജീവ് കുമാർ പദ്മകുമാർ പ്രവർത്തിക്കും. റീജിയണൽ സെക്രട്ടറിയായി രാഖി രാജീവിനെയും വനിതാ ഫോറം ചെയറായി ഡോ. അർച്ചന നായരെയും നിയമിച്ചു. യൂത്ത് ആൻഡ് യുവ പ്രതിനിധിയായി സന നായരും ടീമിൽ ഉൾപ്പെടുന്നു.

സംഗീത ചന്ദ്രൻ സ്പിരിച്വൽ ചെയറായും രാകേഷ് രാമനാഥൻ സ്പോർട്സ് ചെയറായും റിക്കി പറമ്പത്ത് ഇക്കണോമിക്സ് ഫോറം ചെയറായും പ്രവർത്തിക്കും. ആത്മീയം, കായികം, സാമ്പത്തിക ബോധവൽക്കരണം തുടങ്ങിയ മേഖലകളിൽ സമൂഹത്തെ കൂടുതൽ ശാക്തീകരിക്കുകയാണ് ഈ ചുമതലകളുടെ ലക്ഷ്യം. കെ.എച്ച്.എൻ.എ പ്രസിഡന്റ് ടി. ഉണ്ണികൃഷ്ണൻ, ജനറൽ സെക്രട്ടറി സിനു നായർ, ട്രഷറർ അശോക് മേനോൻ, വൈസ് പ്രസിഡന്റ് സഞ്ജീവ്കുമാർ കെ.വി., ജോയിന്റ് സെക്രട്ടറി ശ്രീകുമാർ ഹരിലാൽ, ജോയിന്റ് ട്രഷറർ അപ്പുക്കുട്ടൻ പിള്ള, ട്രസ്റ്റി ബോർഡ് ചെയർപേഴ്സൺ വനജ നായർ എന്നിവർ പുതിയ സൗത്ത് ഈസ്റ്റ് റീജിയൺ ടീമിന് ആശംസകളും പൂർണ പിന്തുണയും അറിയിച്ചു.

ജോർജിയ, അലബാമ, മിസിസിപ്പി സംസ്ഥാനങ്ങളിലെ മലയാളി ഹിന്ദു സമൂഹത്തെ കൂടുതൽ ശക്തമായി ഏകോപിപ്പിക്കാനും സാംസ്കാരിക, ആത്മീയ, സാമൂഹിക പ്രവർത്തനങ്ങൾ വിപുലീകരിക്കാനും പുതിയ നേതൃത്വത്തിന് സാധിക്കുമെന്ന് കെ.എച്ച്.എൻ.എ പ്രസിഡന്റ് ടി. ഉണ്ണികൃഷ്ണൻ പ്രത്യാശ പ്രകടിപ്പിച്ചു.

# ഫൊക്കാന കൺവൻഷൻ 2026 ‘ചിരിയരങ്ങിന്’ നേതൃത്വം നൽകി രാജു മൈലപ്രാ

ഓഗസ്റ്റ് 6 മുതൽ പെൻസിൽവാനിയ കൽഹാരി റിസോർട്ടിൽ അരങ്ങേറുന്ന ഫൊക്കാന കൺവെൻഷനിലെ ജനപ്രിയ പരിപാടികളിൽ ഒന്നായ ചിരിയരങ്ങിന് പ്രശസ്ത ഹാസ്യസാഹിത്യകാരൻ രാജു മൈലപ്ര നേതൃത്വം നൽകും. വടക്കേ അമേരിക്കയിലെ മലയാളി സമൂഹത്തിന്റെ ഏറ്റവും വലിയ സാംസ്കാരിക കൂട്ടായ്മയായ ഫൊക്കാനയുടെ കൺവൻഷനുകളിൽ വർഷങ്ങളായി നിറഞ്ഞ സദസ്സുകളെ ആകർഷിച്ചുവരുന്ന പരിപാടിയാണ് ചിരിയരങ്ങ്.




അതിഥികളോടൊപ്പം സദസ്യരെക്കൂടി പങ്കെടുപ്പിച്ച് നർമ്മവും ആക്ഷേപഹാസ്യവും സമകാലിക വിഷയങ്ങളിലെ രസകരമായ അവതരണങ്ങളും കൊണ്ട് ശ്രദ്ധേയമായ ഈ പരിപാടിയുടെ മുഖ്യ സംഘാടകനും കോ ഓർഡിനേറ്ററുമായി തുടക്കം മുതൽ രാജു മൈലപ്ര പ്രവർത്തിച്ചുപോരുന്നു. മലയാള സാഹിത്യരംഗത്തും അമേരിക്കൻ മലയാളി സംഘടനാപ്രവർത്തനങ്ങളിലും സജീവ സാന്നിധ്യമായ രാജു മൈലപ്ര ഫൊക്കാനയുടെ മുൻ ദേശീയ ജോയിന്റ് സെക്രട്ടറിയായും ന്യൂയോർക്ക് റീജിയണൽ വൈസ് പ്രസിഡന്റായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

‘ചിരി മനുഷ്യരെ തമ്മിൽ കൂടുതൽ അടുപ്പിക്കുന്നു’. പ്രവാസി ജീവിതത്തിന്റെ തിരക്കുകൾക്കിടയിൽ സന്തോഷത്തിന്റെയും സൗഹൃദത്തിന്റെയും നിമിഷങ്ങൾ സമ്മാനിക്കുകയാണ് ചിരിയരങ്ങിന്റെ ലക്ഷ്യം. ഈ പരിപാടിയുടെ കോ ഓർഡിനേറ്ററായി രാജു മൈലപ്രയെ ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു എന്ന് ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണിയും സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താനും ട്രഷറർ ജോയി ചാക്കപ്പനും സംയുക്തമായി പ്രസ്താവിച്ചു.






# ഫൊക്കാന തിരഞ്ഞെടുപ്പ്: ടീം ഇൻറ്റഗ്രിറ്റിക്ക് ഷിക്കാഗോയിൽ അത്യുജ്ജ്വലമായ സ്വീകരണം




ഫൊക്കാന തെരഞ്ഞെടുപ്പിന്റെ ഭാഗമായി ഷിക്കാഗോയിൽ എത്തിച്ചേർന്ന നേതാക്കൾക്ക് ഷിക്കാഗോയിലെ ഫൊക്കാന പ്രവർത്തകരും നേതാക്കളും ഡെലിഗേറ്റുകളും ചേർന്ന് അത്യുജ്ജ്വലമായ സ്വീകരണം നൽകി. പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കുന്ന ഫിലിപ്പോസ് ഫിലിപ്പ്, ട്രഷറർ സ്ഥാനത്തേക്ക് മത്സരിക്കുന്ന ആന്റോ വർക്കി, നാഷണൽ കമ്മിറ്റിയിലേക്ക് മത്സരിക്കുന്ന ഷൈമി ജേക്കബ്, ഷിക്കാഗോയിൽ നിന്ന് ഫൊക്കാന ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് മത്സരിക്കുന്ന സന്തോഷ് നായർ എന്നിവർക്കാണ് ഷിക്കാഗോയിലെ ഫൊക്കാന പ്രവർത്തകരും നേതാക്കളും ഡെലിഗേറ്റുകളും ചേർന്ന് ഹൃദ്യമായ വരവേൽപ്പ് നൽകിയത്.

പ്രസിഡന്റ് സ്ഥാനാർഥി ഫിലിപ്പോസ് ഫിലിപ്പാണ് ആദ്യം കോട്ടയം ക്ലബ് ഹാളിൽ തിങ്ങി നിറഞ്ഞു നിന്നിരുന്ന ഫൊക്കാന പ്രവർത്തകരോടും നേതാക്കളോടും സംസാരിച്ചത്. വടക്കേ അമേരിക്കയിലെയും കാനഡയിലെയും മലയാളി സമൂഹത്തെ ഫൊക്കാനയോടൊപ്പം ചേർത്ത് നിർത്തി ഈ പ്രദേശങ്ങളിലെ ഏറ്റവും കഴിവുറ്റ മലയാളി നേതാക്കളെ ഒരുമിപ്പിച്ചു നിർത്തി ശക്തമായ മലയാളി സമൂഹമായി മുന്നോട്ട് കൊണ്ടുപോകുക എന്നതാണ് നമ്മുടെ ലക്ഷ്യം. വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വിദഗ്ധരായ നൂറ് മലയാളികളെ കണ്ടെത്തി അവരെ ആദരിക്കുക എന്നുള്ളതും നമ്മളുടെ ലക്ഷ്യമാണ്. മാത്രമല്ല, എല്ലാ മേഖലകളിലും സ്ത്രീകളുടെ പങ്കാളിത്തം കൂടുതൽ ഉറപ്പാക്കുന്നതിനായി അവരെ മലയാളി സമൂഹത്തിന്റെ മുഖധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള ബൃഹത്തായ പദ്ധതികൾ ടീം ഇൻറ്റഗ്രിറ്റി ആവിഷ്കരിച്ചിട്ടുണ്ടെന്നും പ്രസംഗത്തിൽ പ്രസിഡന്റ് സ്ഥാനാർത്ഥി പിലിപ്പോസ് ഫിലിപ്പ് ചൂണ്ടിക്കാട്ടി.

മലയാളി അസോസിയേഷനുകൾ, സാംസ്കാരിക സംഘടനകൾ, മതസാമൂഹിക കൂട്ടായ്മകൾ എന്നിവ വഴി പുതിയ കുടിയേറ്റക്കാർക്ക് പിന്തുണയും ഐക്യവും നൽകാൻ ടീം ഇന്റഗ്രിറ്റിക്ക് കഴിയുമെന്നും, ഇത് സാമൂഹിക ഒറ്റപ്പെടൽ കുറയ്ക്കുമെന്നും ജനറൽ സെക്രട്ടറി സ്ഥാനാർഥി സന്തോഷ് നായർ അഭിപ്രായപ്പെട്ടു. ഫൊക്കാനയുടെ ചരിത്രത്തിൽ ആദ്യമായി ഇത്രയേറെ പദ്ധതികൾ കൊണ്ടുവന്നിട്ടുള്ളത് ഇപ്പോഴത്തെ കമ്മറ്റിയാണ്. അവർ കൊണ്ടുവന്നിട്ടുള്ള ഫൊക്കാന മെഡിക്കൽ കാർഡ് കേരളത്തിലെ എല്ലാ ജില്ലകളിലേക്കും പ്രിവിലേജ് കാർഡ് കൂടുതൽ എയർപോർട്ടുകളിലേക്ക് വ്യാപിപ്പിക്കുവാനും, ഈ ഭരണസമിതി തുടങ്ങിയിട്ടുള്ള ഫൊക്കാന ഹെൽത്ത് ക്ലിനിക്ക് കൂടുതൽ പ്രദേശങ്ങളിൽ തുടങ്ങുവാനും ടീം ഇൻറ്റഗ്രിറ്റി പ്ലാൻ ചെയ്തിട്ടുണ്ടന്നും സന്തോഷ് നായർ പറഞ്ഞു.

ഫൊക്കാനയുടെ വരുവചലവ് കണക്ക് കൂടുതൽ സുതാര്യമാക്കുന്നതിന് വേണ്ടി അക്കൗണ്ടിംഗ് ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ആക്കുവാൻ ആലോചനയിലുണ്ടെന്ന് ട്രഷറർ സ്ഥാനാർത്ഥി ആന്റോ വർക്കി പ്രസംഗത്തിൽ പറഞ്ഞു. ഫൊക്കാന കേരളത്തിൽ തുടങ്ങി വെച്ചിരിക്കുന്ന ഭവന നിർമ്മാണ പദ്ധതി എല്ലാ തടസ്സങ്ങളും മാറ്റി ഫണ്ട് സമാഹരിച്ച് ഊർജിതമായി ഉടൻതന്നെ തുടങ്ങാനാണ് പദ്ധതി ഇട്ടിരിക്കുന്നത് എന്നും ആന്റോ വർക്കി എടുത്ത് പറഞ്ഞു.

റീജിയനുകളുമായി സഹകരിച്ച് കൂടുതൽ കലാ കായിക മത്സരങ്ങൾ തുടങ്ങുമെന്നും നാഷണൽ കമ്മറ്റിയിലേക്ക് മത്സരിക്കുന്ന ഷൈമി ജേക്കബ് പറഞ്ഞു. യുവസംരഭകർക്കുവേണ്ടി ലീഡർഷിപ്പ് ക്യാമ്പ്, നെറ്റ്‌വർക്ക് റിട്രീറ്റ്, കരീയർ കോൺഫറൻസ് തുടങ്ങിയവ ഊർജിതമാക്കുവെന്നും ഷൈമി കൂട്ടിച്ചേർത്തു. ഫൊക്കാന മിഡ്‌വെസ്റ്റ് റീജിയന്റെ പ്രവർത്തനങ്ങൾ കൂടുതൽശക്തിപ്പെടുത്തുമെന്ന് റീജിനൽ വൈസ് പ്രസിഡന്റായി മത്സരിക്കുന്ന ജോൺസൻ കാരിക്കൽ പറഞ്ഞു. സ്പെല്ലിങ് ബീ, വോളിബാൾ മത്സരങ്ങൾ നടത്തുവാൻ പ്ലാൻ ഇട്ടിട്ടുണ്ടന്നും പറഞ്ഞു. ഫൊക്കാന മുൻ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ജൈബു മാത്യു കുളങ്ങര, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് പ്രവീൺ തോമസ്, അനിൽകുമാർ പിള്ള, ജോർജ് പണിക്കർ എന്നിവർ ആശംസകൾ അറിയിച്ചു കൊണ്ട് പ്രസംഗിച്ചു.

ഗ്രേറ്റർ ഷിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡന്റ് ജിതേഷ് ചുങ്കത്ത്, കേരള അസോസിയേഷൻ ഓഫ് ഷിക്കാഗോ പ്രസിഡന്റ് ആന്റോ കവലക്കൽ, കേരള കൾച്ചറൽ സെന്ററിന് വേണ്ടി ജോസ് ചെന്നിക്കര, മിഡ്‌വെസ്റ്റ് മലയാളി അസോസിയേഷൻ മുൻ പ്രസിഡന്റ് വിജി എസ്. നായർ യുണൈറ്റഡ് മലയാളി അസോസിയേഷൻ പ്രസിഡന്റ് സൈമൺ പള്ളിക്കുന്നൽ, ഷിക്കാഗോ മലയാളി അസോസിയേഷൻ മുൻ പ്രസിഡൻറ്റ് ടോമി അമ്പനാട്ട്, വുമൺസ് ഫോറം റീജിയണൽ കോർഡിനേറ്റർ സുജാ ജോൺ, സാബു തോമസ്, ടോമി മേതിപാറ തുടങ്ങിയവർ ടീം ഇൻറ്റഗ്രിറ്റിയ്ക്ക് പൂർണ പിന്തുണ അറിയിച്ചുകൊണ്ട് സംസാരിച്ചു. സുബാഷ് ജോർജ്, ജോഷി പുത്തുരാൻ, രവി കുട്ടപ്പൻ, സായ് പുല്ലാപ്പള്ളി, അനിൽകൃഷ്ണൻ, സേവിയർ ഒരവനകളത്തിൽ, നിരൻ ജോർജ്, ബൈജു കണ്ടത്തിൽ, രജു ചെറിയാൻ, മനോജ് കോട്ടപ്പുറം, ഹെരാൾഡ് ഫിഗിരദോ, ജോർജ് കുട്ടി തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്യം കൊടുത്തു.















# 1450 അടി ഉയരത്തിൽ സാഹസിക വിവാഹാഭ്യർത്ഥന; റഷ്യൻ ദമ്പതികളെ പൊക്കി ന്യൂയോർക്ക് പൊലീസ്

ന്യൂയോർക്ക്: വിഖ്യാതമായ എംപയർ സ്റ്റേറ്റ് ബിൽഡിംഗിന്റെ ഏറ്റവും മുകളിൽ സുരക്ഷാ ക്രമീകരണങ്ങളൊന്നുമില്ലാതെ കയറി വിചിത്രമായ രീതിയിൽ വിവാഹാഭ്യർത്ഥന നടത്തിയ റഷ്യൻ ദമ്പതികൾ യുഎസ് പൊലീസിന്റെ പിടിയിലായി. 1,454 അടി ഉയരമുള്ള കെട്ടിടത്തിന്റെ മുകളിലെ ടെലികമ്മ്യൂണിക്കേഷൻ ആന്റിനയിലാണ് ഏഞ്ചല നിക്കോളഔ (33), ഇവാൻ ബീർക്കസ് (32) എന്നിവർ അതിസാഹസികമായി കയറിയത്.

കെട്ടിടത്തിന്റെ മുകളിലെത്തിയ ഇവർ ലോകസമാധാനം ആഹ്വാനം ചെയ്യുന്ന ഒരു വലിയ ബാനർ അവിടെ ഉയർത്തി. ഇതിന് പിന്നാലെ ഇവാൻ മുട്ടുകുത്തി നിന്ന് ഏഞ്ചലയ്ക്ക് മോതിരം സമ്മാനിച്ച് വിവാഹാഭ്യർത്ഥന നടത്തുകയായിരുന്നു. ഇരുവരും പരസ്പരം ചുംബിക്കുന്നതിന്റെയും മോതിരം അണിയിക്കുന്നതിന്റെയും ദൃശ്യങ്ങൾ സമൂഹമാധ്യമങ്ങളിൽ പങ്കുവെച്ചിട്ടുണ്ട്. എന്നാൽ താഴെയിറങ്ങിയ ഉടൻ തന്നെ ന്യൂയോർക്ക് പൊലീസ് ഇവരെ കസ്റ്റഡിയിലെടുക്കുകയായിരുന്നു.

കെട്ടിടത്തിൽ അതിക്രമിച്ചു കടക്കൽ, പൊതുജനങ്ങൾക്ക് അപകടമുണ്ടാക്കുന്ന രീതിയിൽ പെരുമാറൽ, ക്രിമിനൽ കുറ്റം ചെയ്യൽ തുടങ്ങിയ വകുപ്പുകൾ ചുമത്തിയാണ് ഇവർക്കെതിരെ കേസെടുത്തിരിക്കുന്നത്. കെട്ടിടത്തിന്റെ 103ാം നിലയിലെ മെയിന്റനൻസ് ഹാച്ച് വഴിയാണ് ഇവർ മുകളിലേക്ക് കയറിയതെന്നാണ് പ്രാഥമിക വിവരം. സാഹസികമായി കെട്ടിടങ്ങൾക്ക് മുകളിൽ കയറി ലോകശ്രദ്ധ നേടിയ ഈ ദമ്പതികളുടെ ജീവിതത്തെ ആസ്പദമാക്കി 2024 ൽ 'സ്കൈവാക്കേഴ്സ്: എ ലവ് സ്റ്റോറി' എന്ന പേരിൽ ഒരു ഡോക്യുമെന്ററിയും പുറത്തിറങ്ങിയിട്ടുണ്ട്.

# കാനഡയുടെ 159–ാം ജന്മദിനം: രാജ്യത്തുടനീളം വിപുലമായ ആഘോഷങ്ങൾ, വില്ലനായി കാലാവസ്ഥാ വ്യതിയാനം

കാനഡയുടെ 159-ാമത് ജന്മദിനം രാജ്യത്തുടനീളം പാട്ടും പരേഡുകളുമായി ജനങ്ങൾ വിപുലമായി ആഘോഷിച്ചു. കടുത്ത ചൂടും തുടർന്നുണ്ടായ ഇടിമിന്നൽ മുന്നറിയിപ്പും കാരണം തലസ്ഥാനമായ ഒട്ടാവ ഉൾപ്പെടെയുള്ള ചില നഗരങ്ങളിൽ വൈകുന്നേരത്തെ കരിമരുന്ന് പ്രയോഗം അടക്കമുള്ള ഔദ്യോഗിക പരിപാടികൾ റദ്ദാക്കേണ്ടി വന്നെങ്കിലും ജനങ്ങളുടെ ആവേശം ഒട്ടും കുറഞ്ഞില്ല. ആൽബർട്ടയിൽ നിന്നുള്ള തത്സമയ സംപ്രേക്ഷണത്തിലൂടെ പ്രമുഖ അവതാരകരായ ഇയാൻ ഹാനോമാൻസിംഗും ഗ്ലോറിയ മകരെങ്കോയും സിബിസിയിലൂടെ കാനഡാ ദിനത്തിന്റെ വിപുലമായ ആഘോഷക്കാഴ്ചകൾ ലോകമെമ്പാടുമുള്ള പ്രേക്ഷകരിലേക്ക് എത്തിച്ചു.

## ഐക്യത്തിന്റെ സന്ദേശവുമായി പ്രധാനമന്ത്രി മാർക്ക് കാർണി

നിലവിലെ ആഗോള സാഹചര്യങ്ങളിൽ കാനഡ നേരിടുന്ന വെല്ലുവിളികളെയും രാജ്യത്തിന്റെ ഒത്തൊരുമയെയും കുറിച്ച് ഒട്ടാവയിലെ പാർലമെന്റ് ഹില്ലിൽ നടന്ന ചടങ്ങിൽ പ്രധാനമന്ത്രി മാർക്ക് കാർണി സംസാരിച്ചു. കാട്ടുതീ, പ്രളയം തുടങ്ങിയ പ്രതിസന്ധി ഘട്ടങ്ങളിൽ കനേഡിയൻ ജനത പരസ്പരം നൽകിയ പിന്തുണയെ അദ്ദേഹം പ്രശംസിച്ചു.

രാജ്യം കൂടുതൽ അപകടകരവും വിഭജിതവുമായ ഒരു ലോകത്തെയാണ് നേരിടുന്നതെങ്കിലും, ജനങ്ങൾ ഒത്തൊരുമയോടെയാണ് അതിനെ പ്രതിരോധിക്കുന്നതെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.




ആൽബർട്ടയിൽ ഒക്ടോബറിൽ നടക്കാനിരിക്കുന്ന വിഘടനവാദ റഫറണ്ടത്തിന്റെ പശ്ചാത്തലത്തിൽ, പ്രവിശ്യാ സർക്കാരുമായും ജനങ്ങളുമായും ചേർന്ന് ആൽബർട്ടയെയും രാജ്യത്തെയും കൂടുതൽ ശക്തമാക്കാൻ ഫെഡറൽ സർക്കാർ ഒന്നിച്ച് പ്രവർത്തിക്കുമെന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.

ഇതോടൊപ്പം കാനഡയുടെ ഭാവി പദ്ധതികളെക്കുറിച്ചുള്ള ചില പ്രധാന പ്രഖ്യാപനങ്ങളും പ്രധാനമന്ത്രി നടത്തി. അടുത്ത വർഷം മുതൽ കാനഡ യൂറോവിഷൻ സോംഗ് കോണ്ടസ്റ്റിൽ പങ്കാളിയാകുമെന്നും, 2028 ൽ നാഷണൽ കാപ്പിറ്റൽ റീജിയണിൽ വെച്ച് ഫ്രാങ്കോഫോണി ഉച്ചകോടിക്ക് രാജ്യം ആതിഥേയത്വം വഹിക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. കാനഡയുടെ ആർട്ടെമിസ് കക ചാന്ദ്ര ദൗത്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കനേഡിയൻ ബഹിരാകാശ സഞ്ചാരി ജെറമി ഹാൻസനും ചടങ്ങിൽ സംസാരിച്ചു.

## ഗവർണർ ജനറലിന്റെയും മുൻ പ്രധാനമന്ത്രിയുടെയും വാക്കുകൾ

കാനഡയുടെ 31-ാമത് ഗവർണർ ജനറലായി ചുമതലയേറ്റ ശേഷമുള്ള തന്റെ ആദ്യ കാനഡാ ദിനത്തിൽ ലൂയിസ് ആർബർ രാജ്യത്തിന് ശുഭപ്രതീക്ഷയുടെ സന്ദേശം നൽകി. രാജ്യം നിലവിൽ മികച്ചൊരു അവസ്ഥയിലാണെന്നും ജനങ്ങൾ കൂടുതൽ ആത്മവിശ്വാസമുള്ളവരാണെന്നും അവർ അഭിപ്രായപ്പെട്ടു. അതോടൊപ്പം തന്നെ, ഗോത്രവർഗ്ഗക്കാരുമായുള്ള അനുരഞ്ജനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും കാനഡയിലെ അസമത്വങ്ങൾ പരിഹരിക്കേണ്ടതിനെക്കുറിച്ചും അവർ ഓർമ്മിപ്പിച്ചു. രാഷ്ട്രീയ ധ്രുവീകരണത്തിൽ നിന്ന് മാറി കാനഡയെ കൂടുതൽ ഏകീകൃതമാക്കാൻ ജനങ്ങൾ വ്യത്യസ്ത കാഴ്ചപ്പാടുള്ളവരുമായി ചർച്ചകളിൽ ഏർപ്പെടണമെന്ന് ചടങ്ങിൽ പങ്കെടുത്ത മുൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോയും ആവശ്യപ്പെട്ടു.

## മധ്യ കാനഡയെ ഉലച്ച് കടുത്ത ഉഷ്ണതരംഗം

ആഘോഷങ്ങൾക്കിടയിലും ഒന്റാറിയോ, ക്യൂബെക്ക് തുടങ്ങിയ മധ്യ കാനഡ പ്രവിശ്യകളിൽ കടുത്ത ചൂടാണ് അനുഭവപ്പെടുന്നത്. അന്തരീക്ഷത്തിലെ ഈർപ്പം കാരണം അനുഭവപ്പെടുന്ന ചൂട് പലയിടങ്ങളിലും 40 ഡിഗ്രി സെൽഷ്യസിന് മുകളിലെത്തി. ഇതേത്തുടർന്ന് ജനങ്ങൾ ധാരാളം വെള്ളം കുടിക്കണമെന്നും സുരക്ഷിതമായിരിക്കണമെന്നും എൻവയോൺമെന്റ് കാനഡ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.













# വീര്യംകുറഞ്ഞ മദ്യത്തിന് നികുതി നിരക്ക് അംഗീകരിച്ച് നിയമസഭ



തിരുവനന്തപുരം: വിവാദങ്ങൾക്ക് തത്കാലം വിട. വീര്യം കുറഞ്ഞ മദ്യത്തിന്റെ നികുതി ഘടന ഉൾപ്പെടുത്തിയ ധനബില്ല് നിയമസഭ പാസാക്കി. പ്രതിപക്ഷത്തിന്റെ ആരോപണങ്ങൾ മുഖ്യമന്ത്രി വി.ഡി. സതീശൻ തള്ളി. ഭരണമുന്നണിയിലെ ആശങ്ക തടയാൻ ധനബില്ലിലെ മൂന്നും അഞ്ചും വകുപ്പുകളിൽ മദ്യത്തിന്റെ നികുതി നിരക്ക് നടപ്പാക്കാൻ പ്രത്യേക വിജ്ഞാപനം ഇറക്കണമെന്ന വ്യവസ്ഥ എഴുതിച്ചേർത്തു. ഈ വിഷയം ഉന്നയിച്ച് പ്രതിപക്ഷം സഭ ബഹിഷ്കരിച്ചു.

വീര്യം കുറഞ്ഞ മദ്യത്തിനു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ വച്ച് ഏറ്റവും കൂടുതൽ നികുതിയാണ് കേരളത്തിൽ നിശ്ചയിച്ചതെന്ന് ഇതുസംബന്ധിച്ച ചർച്ചകൾക്കുള്ള മറുപടിയിൽ മുഖ്യമന്ത്രി പറഞ്ഞു.

വീര്യം കുറഞ്ഞ മദ്യം സംസ്ഥാനത്ത് വിൽക്കണോ എന്ന് തീരുമാനിക്കേണ്ടത് യു.ഡി.എഫാണ്. അവിടെ മാത്രമല്ല കേരളത്തിലാകെ മദ്യനയം ചർച്ചചെയ്യാം. വിൽക്കേണ്ട എന്ന് യു.ഡി.എഫ് തീരുമാനിച്ചാൽ വിൽക്കില്ല. മറിച്ച് വിൽക്കാനാണ് തീരുമാനമെങ്കിൽ അപ്പോൾ ചുമത്തേണ്ട നികുതി നിശ്ചയിക്കുക മാത്രമാണ് ധനബില്ലിലും ബഡ്ജറ്റിലും ചെയ്തിരിക്കുന്നത്. വില്പനയ്ക്കുള്ള നടപടിക്രമങ്ങൾ എക്സൈസ് വകുപ്പിന്റെയും ബെവ്കോയുടെയും നിയന്ത്രണത്തിലാണ്. യു.ഡി.എഫ് അനുമതിയോടെ സർക്കാർ തീരുമാനിച്ച് എക്സൈസ് വകുപ്പും ബിവറേജസ് കോർപറേഷനും ഉത്തരവിറക്കിയാൽ മാത്രമായിരിക്കും ഈ നികുതിനിരക്കിൽ കച്ചവടം നടക്കുക.

വിഷയത്തെ ഊതിപ്പെരുപ്പിച്ച് വലുതാക്കിയതാണ്. ബഡ്ജറ്റിന്റെ ഗ്രെയ്സ് കളയാൻ പ്രതിപക്ഷത്തിനൊപ്പം ചിലരും കൂടിയെന്ന് യു.ഡി.എഫിലെ വിമർശകരെയും ലക്ഷ്യമിട്ട് മുഖ്യമന്ത്രി പറഞ്ഞു. അതിനൊന്നും വഴങ്ങുന്ന സർക്കാരല്ല ഇത്. വീര്യം കുറഞ്ഞ മദ്യത്തിന് കുറഞ്ഞ നികുതിനിർദ്ദേശം ബഡ്ജറ്റിൽ ഉള്ളതാണ്. ബഡ്ജറ്റിലെ നികുതി നിർദ്ദേശം ധനബില്ലിൽ വരുമെന്ന് അറിയാത്തയാളാണോ 10 വർഷം കേരളം ഭരിച്ച പിണറായി വിജയനെന്നും വി.ഡി.സതീശൻ ചോദിച്ചു. ഇത് ധനബില്ലിൽ ഒളിച്ച് കടത്തിയതല്ലെന്ന് പറഞ്ഞ മുഖ്യമന്ത്രി, ഇടത് ഭരണകാലത്തെ ഫയൽ കുറിപ്പുകൾ സഭയിൽ ഉദ്ധരിച്ചു. വീര്യം കുറഞ്ഞ മദ്യം മദ്യാസക്തി കുറയ്ക്കും എന്ന് പറഞ്ഞവരാണ് ഇടതുപക്ഷം. ബിയറിനും വൈനിനും തുല്യമായ നികുതി വേണമെന്നാണ് ഫയലിൽ എഴുതിവച്ചിരുന്നതെന്നും പരിഹസിച്ചു.

ഭൂമിയുടെ ന്യായവില പരിഷ്കരണം, സ്വകാര്യ യാത്രാവാഹനങ്ങളുടെ നികുതി പകുതിയാക്കി കുറയ്ക്കൽ തുടങ്ങി ബഡ്ജറ്റിലെ മറ്റ് നിർദ്ദേശങ്ങളും ധനബില്ലിലുണ്ട്.

### 100 ദിനം, 541 പദ്ധതികൾ, കൗണ്ട് ഡൗൺ തുടങ്ങി

തിരുവനന്തപുരം: ഇന്നലെ മുതൽ 100 ദിവസം കൊണ്ട് 541 പ്രോജക്ടുകൾ തീർപ്പാക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചു. വിവിധ ഡിപ്പാർട്ട്മെന്റുകളിൽ നിന്ന് വന്ന നിർദ്ദേശങ്ങൾ പരിശോധിച്ച് നടപ്പാക്കാൻ കഴിയുന്ന പദ്ധതികളാണ് മന്ത്രിസഭ അംഗീകരിച്ചതെന്ന് മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞു. 100 ദിവസത്തെ അഞ്ചാക്കി തിരിച്ച് ഓരോ 20 ദിവസം കൂടുമ്പോഴും ഈ പദ്ധതി എവിടെവരെ എത്തി എന്ന് വിശകലനം ചെയ്യും. മുഖ്യമന്ത്രിയുടെ ഓഫീസിൽ ആധുനിക ടെക്നോളജിയുടെ പിൻബലത്തോടുകൂടിയാണ് വിശകലനം. 10 കൊല്ലവും 15 കൊല്ലവും വൈകി പ്രോജക്ട് നടപ്പിലാക്കുമ്പോൾ ജനങ്ങളുടെ നികുതിപ്പണം ഒഴുകിപ്പോകുന്നതിന് കണക്കില്ല. അതിനു മാറ്റമുണ്ടാകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

### സഭ ബഹിഷ്കരിച്ച് പ്രതിപക്ഷം

വീര്യം കുറഞ്ഞ മദ്യത്തിന് നികുതിയിളവ് ഒളിച്ചുകടത്തുകയാണെന്ന് ആരോപിച്ച് നിയമസഭയിൽ ധനബില്ലിന്റെ പൊതുചർച്ചയും മറ്റ് നടപടികളും പ്രതിപക്ഷം ബഹിഷ്കരിച്ചു. രാജ്യത്തെ വൻകിട മദ്യക്കമ്പനികൾക്ക് മദ്യമൊഴുക്കാൻ അവസരമൊരുക്കുന്ന നടപടിയാണിതെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ ആരോപിച്ചു. വീര്യം കുറഞ്ഞമദ്യത്തിന് നികുതിയിളവടക്കം നിർദ്ദേശിക്കുന്ന ഇത്തരം ധനകാര്യ ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിടേണ്ടതാണെന്നും ധൃതിപിടിച്ച് അവതരിപ്പിക്കുന്നത് സഭാകീഴ്‌വഴക്കങ്ങൾക്ക് എതിരാണെന്നും ക്രമപ്രശ്നം ഉന്നയിച്ച് ബാലഗോപാൽ ആരോപിച്ചു. വിലപേശുകയാണിതിന്റെ ലക്ഷ്യമെന്നും കൂട്ടിച്ചേർത്തു.

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് വിദേശനിക്ഷേപം:

# അദാനി ഗ്രൂപ്പ് ഔദ്യോഗികമായി സംസ്ഥാന സർക്കാരിന്റെ അനുമതി തേടി




തിരുവനന്തപുരം: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് വിദേശനിക്ഷേപം എത്തിക്കുന്നതിനായി അദാനി ഗ്രൂപ്പ് ഔദ്യോഗികമായി സംസ്ഥാന സർക്കാരിന്റെ അനുമതി തേടി. ഒരാഴ്ചയ്ക്കകം അപേക്ഷ നൽകാനാണ് ആദ്യം തീരുമാനിച്ചിരുന്നത്. എന്നാൽ അദാനി ലീഗൽ വിഭാഗത്തിന്റെ നിയമോപദേശം കൂടി തേടിയ ശേഷമാണ് ഇന്നലെ അപേക്ഷ സമർപ്പിച്ചത്. വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണത്തിനും നടത്തിപ്പിനുമായി രൂപീകരിച്ച 'അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ്' കമ്പനിയാണ് ഓഹരി കൈമാറാൻ അനുമതി തേടിയത്.

ഓഹരി കൈമാറാൻ അദാനി ഗ്രൂപ്പ് സർക്കാരിന്റെ അനുമതി തേടിയിട്ടില്ലെന്ന് മുഖ്യമന്ത്രി വിഡി സതീശൻ പറഞ്ഞിരുന്നു. പിന്നാലെയാണ് അപേക്ഷ സമർപ്പിച്ചത്. നിയമപരമായ ഓഹരി കൈമാറ്റത്തിന് അനുമതി വേണമെന്നാണ് അപേക്ഷ.

# വൈകാരിക കുറിപ്പുമായി രഞ്ജിത്തിനെതിരായ കേസിലെ അതിജീവിത

സമൂഹ മാധ്യമത്തിൽ വൈകാരിക കുറിപ്പുമായി സംവിധായകൻ രഞ്ജിത്തിനെതിരായ കേസിലെ അതിജീവിത. അഞ്ച് മാസത്തെ നിശബ്ദതക്ക് ശേഷമാണ് അതിജീവിത ഫേസ്ബുക്കിലൂടെ പ്രതികരിച്ചത്.

കേസുമായി ബന്ധപ്പെട്ട് കടുത്ത മാനസിക പ്രതിസന്ധികളിലൂടെയാണ് താൻ കടന്നുപോയതെന്ന് നടി തന്റെ സോഷ്യൽ മീഡിയ പോസ്റ്റിൽ വെളിപ്പെടുത്തി. മാനസികമായി തളർന്നുവീണപ്പോൾ തന്നെ താങ്ങിനിർത്താൻ പ്രിയപ്പെട്ടവരും സുഹൃത്തുക്കളും മുന്നോട്ടുവന്നു. അവരുടെ പിന്തുണയാണ് ഈ ഘട്ടത്തെ അതിജീവിക്കാൻ സഹായിച്ചതെന്നും താരം വ്യക്തമാക്കി.

'ജീവിതത്തിലെ ഏറ്റവും താങ്ങാനാവാത്ത ഘട്ടത്തെയാണ് താൻ കഴിഞ്ഞ അഞ്ച് മാസമായി നിശബ്ദമായി നേരിട്ടതെന്ന് അതിജീവിത പറയുന്നു. പൂർണ്ണമായും തകർന്നുപോയ അവസ്ഥയിലായിരുന്നു.

സംഭവിച്ച കാര്യങ്ങളുടെ ആഘാതത്തിൽ ആഴ്ചകളോളം ഉറക്കമില്ലാത്ത രാത്രികളാണ് കടന്നുപോയത്. ഒരിക്കലും പഴയ ജീവിതത്തിലേക്ക് മടങ്ങിവരാൻ സാധിക്കില്ലെന്ന് ഒരു ഘട്ടത്തിൽ വിശ്വസിച്ചുപോയതായും നടി കുറിച്ചു.

സംവിധായകൻ രഞ്ജിത്ത് തന്നോട് മോശമായി പെരുമാറിയെന്ന നടിയുടെ വെളിപ്പെടുത്തലിന് പിന്നാലെ വലിയ നിയമനടപടികളാണ് കേരളത്തിൽ ഉണ്ടായത്. കടുത്ത മാനസിക വിഷമം അനുഭവിച്ചിരുന്ന നടി കൗൺസിലിംഗിന് ശേഷമാണ് പോലീസിൽ പരാതി നൽകാൻ തയ്യാറായത്.






# വെള്ളാനകൾ മദിച്ചു വിലസി പി.എസ്.സിയിൽ

കേരളത്തിലെ പൊതുസമൂഹത്തിന് മുന്നിൽ കോടതികളുടെയൊപ്പം വിശ്വാസ്യതയുണ്ടായിരുന്ന പി.എസ്.സിയുടെ മേൽ കരിനിഴൽ വീണിരിക്കുന്നു. തൊഴിലില്ലായ്മ അതിരൂക്ഷമായിരിക്കവേ പി.എസ്.സിയെ പ്രതീക്ഷയോടെ ഉറ്റുനോക്കിപ്പോന്ന ലക്ഷക്കണക്കിനു കുടുംബങ്ങളെ ആധിയിലാക്കുന്ന വിവരങ്ങളാണ് ഇതിന്റെ അനുബന്ധമായി പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ദൂരവ്യാപക പ്രത്യാഘാതമുണ്ടാക്കുന്ന സംഭവ വികാസമാണിതെന്നു തീർച്ച.

സംസ്ഥാനത്ത് പി.എസ്.സി പരീക്ഷകളെക്കുറിച്ചുള്ള വിവാദങ്ങൾ പുതിയതല്ല. ചോദ്യപേപ്പർ ചോർച്ച, ഉത്തരസൂചികയിലെ പിഴവുകൾ, വ്യാജ സർട്ടിഫിക്കറ്റ് പരാതികൾ, പരീക്ഷ റദ്ദാക്കൽ, കോടതി വിധിയെ തുടർന്നുള്ള പുനഃപരിശോധന തുടങ്ങി നിരവധി വിവാദങ്ങൾ നേരത്തേ ഉയർന്നിട്ടുണ്ട്. ഏത് പരീക്ഷയിലും വല്ലപ്പോഴും തെറ്റുകൾ സംഭവിക്കുക സ്വാഭാവികമാണ്. എന്നാൽ നിരന്തരം പിഴവുകളും തെറ്റുകളും ആവർത്തിക്കാനിടവരുന്നത് പബ്ലിക് സർവീസ് കമ്മീഷന്റെ വിശ്വാസ്യത നഷ്ടപ്പെടുത്തുന്നു. നടപടികളിലെ അതാര്യതയും വിവരങ്ങൾ യഥാസമയം പൊതുസമൂഹത്തെ അറിയിക്കുന്നതിൽ കാണിക്കുന്ന വിമുഖതയുമാണ് സ്ഥാപനത്തിലെ അഴിമതിക്കും ക്രമക്കേടിനും വളമാകുന്നത്.

2023 നവംബറിലാണ് ഇൻഡസ്ട്രി ആൻഡ് ഇൻഫ്രാ ചീഫ്, പ്ലാൻ കോ-ഓർഡിനേഷൻ ഡിവിഷൻ ചീഫ്, പെസ്പെക്റ്റീവ് പ്ലാനിംഗ് ചീഫ് എന്നീ തസ്തികകളിലേക്ക് പി.എസ്.സി പരീക്ഷ നടന്നത്. തുടർന്ന് മാസങ്ങളോളം മാർക്കുകൾ വ്യക്തമാക്കാതെ രഹസ്യമാക്കി വെച്ച കമ്മീഷൻ, വിവരാവകാശ നിമയപ്രകാരം ഉത്തരക്കടലാസിന്റെ പകർപ്പിനായി അപേക്ഷിച്ച ഉദ്യോഗാർഥികളെ ഒരു വർഷത്തോളമാണ് വട്ടംചുറ്റിച്ചത്.

സഹികെട്ട ഉദ്യോഗാർഥികൾ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിക്കുകയും മൂന്നാഴ്ചക്കകം കൃത്യമായ മറുപടി നൽകാൻ ട്രൈബ്യൂണൽ ആവശ്യപ്പെടുകയും ചെയ്തപ്പോഴാണ് പി.എസ്.സി രേഖകൾ പുറത്തുവിടാൻ നിർബന്ധിതമായതും പരീക്ഷയിലെ ക്രമക്കേട് പുറത്തുവന്നതും. ഭരണഘടനാപരമായ സ്ഥാപനമാണ് പി.എസ്.സി. എന്നിട്ടും ഉദ്യോഗാർഥികൾക്ക് സ്വന്തം ഉത്തരക്കടലാസ് കാണിക്കാതെ അവരെ




കോടതി കയറ്റിയത് ജനാധിപത്യ കേരളത്തിന് നാണക്കേടായിപ്പോയി.

ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് റാങ്ക് ലിസ്റ്റ് റദ്ദാക്കി പുനർ മൂല്യനിർണയം നടത്താനുള്ള പി.എസ്.സിയുടെ തീരുമാനം സ്വാഗതാർഹമാണ്. ഇതുകൊണ്ട് മാത്രമായില്ല, പത്ത് ചോദ്യങ്ങൾക്ക് മാർക്കിടാതെ വിട്ടതെന്തുകൊണ്ടാണ്, ആരാണ് ഈ കളിക്ക് പിന്നിൽ തുടങ്ങിയ കാര്യങ്ങൾ സമഗ്രമായി അന്വേഷിച്ച് കുറ്റക്കാർക്ക് മാതൃകാപരമായ ശിക്ഷ ഉറപ്പാക്കണം. അന്വേഷണ റിപോർട്ട് ഫയലിൽ ഉറങ്ങുന്ന പതിവുരീതി ആവർത്തിക്കുകയുമരുത്.

നേരത്തേ പരീക്ഷാ ക്രമക്കേടുകളെക്കുറിച്ച് ആരോപണമുയർന്നപ്പോൾ ശരിയായ അന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിനു മുമ്പിൽ കൊണ്ടുവരാത്തതു കൊണ്ടാണ് ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നത്. രാഷ്ട്രീയ, സാമ്പത്തിക സ്വാധീനത്തിലൂടെ കുറ്റവാളികൾ രക്ഷപ്പെടുകയാണ് പതിവ്. ഇതിനപ്പുറം പരീക്ഷാ നടത്തിപ്പും മൂല്യനിർണയവും കുറ്റമറ്റ രീതിയിലും സുതാര്യമായും നടത്താൻ കമ്മീഷന്റെ മുഴുവൻ സംവിധാനവും ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കകയും കാര്യക്ഷമമാക്കുകയും വേണം.

പി.എസ്.സി പ്രഖ്യാപിച്ച ആഭ്യന്തര വിജിലൻസിന്റെ അന്വേഷണം ക്രമക്കേടിന്റെ യഥാർഥ ചിത്രം പുറത്തുകൊണ്ടുവരില്ലെന്ന വിലയിരുത്തലിലാണ് സർക്കാർ. ഈ സാഹചര്യത്തിലാണ് ക്രൈംബ്രാഞ്ചിനെയോ വിജിലൻസിനെയോ കൊണ്ട് അന്വേഷിപ്പിണമെന്ന നിലപാടിലേക്ക് സർക്കാർ നീങ്ങുന്നത്. അന്വേഷണ സാധ്യത സംബന്ധിച്ച് മുഖ്യമന്ത്രി അഡ്വക്കേറ്റ് ജനറലിൽനിന്ന് നിയമോപദേശം തേടി. മന്ത്രിസഭയിൽ വിഷയം കൊണ്ടുവന്നശേഷം തീരുമാനമെടുക്കാനാണ് ആലോചന. പി.എസ്.സിയിലെ നിയമന ക്രമക്കേട് സംബന്ധിച്ച് ഒട്ടേറെ പരാതികൾ മുഖ്യമന്ത്രിക്ക് ലഭിച്ചു. മുൻ സർക്കാർ രാഷ്ട്രീയ താൽപര്യങ്ങൾക്കനുസരിച്ച് പി.എസ്.സിയെ ദുരുപയോഗം ചെയ്തെന്ന് നേരത്തെ യു.ഡി.എഫ് ആരോപിച്ചിരുന്നു.

### ആഭ്യന്തര വിജിലൻസ്

ആസൂത്രണ ബോർഡിലെ ഉയർന്ന തസ്തികയിലേക്ക് നടത്തിയ പരീക്ഷയിലെ ക്രമക്കേട് തെളിവുസഹിതം പുറത്തുവന്നതോടെയാണ് പി.എസ്.സി ആഭ്യന്തര വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ചത്. ഉയർന്ന ഉദ്യോഗസ്ഥരെയെല്ലാം ചോദ്യംചെയ്യാനും രേഖകൾ പരിശോധിക്കാനും ആഭ്യന്തര വിജിലൻസിന് പി.എസ്.സി ചെയർമാന്റെ അനുമതി ആവശ്യമാണ്. പരിമിത അധികാരമുള്ള ആഭ്യന്തര വിജിലൻസിന്റെ അന്വേഷണത്തിലൂടെ ക്രമക്കേടിന്റെ പൂർണ ചിത്രം പുറത്തുവരില്ലെന്നാണ് സർക്കാർ കരുതുന്നത്.

ആഭ്യന്തര വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ചതിന് പിന്നാലെ ആസൂത്രണ ബോർഡിലേക്ക് പി.എസ്.സി നടത്തിയ പരീക്ഷയിലെ മറ്റൊരു ക്രമക്കേടു കൂടി പുറത്ത് വന്നു. പേർസ്പെക്റ്റീവ് പ്ലാനിങ് ഡിവിഷൻ ചീഫ് തസ്തികയിലേക്കുള്ള യോഗ്യത നിശ്ചയിക്കുന്നതിലാണ് അസാധാരണ നടപടികൾ. ഇക്കണോമിക്സിൽ ബിരുദാനന്തര ബിരുദമുള്ളവരെ, സ്റ്റാറ്റിസ്റ്റിക്സ് ഇക്കണോമെട്രിക് ഡിപ്ലോമ ഇല്ലെന്ന കാരണത്താൽ ഒഴിവാക്കി. 80 ഉദ്യോഗാർഥികളിൽ 79 പേരെയും അയോഗ്യരാക്കി. ഒരാളെ മാത്രം ഉൾപ്പെടുത്തിയാണ് റാങ്ക് പട്ടിക പ്രസിദ്ധികരിച്ചത്. സ്റ്റാറ്റിസ്റ്റിക്സ്, ഇക്കണോമിക്സിന്റെ ഭാഗമെന്നാണ് ഉദ്യോഗാർഥികൾ പറയുന്നത്.

ആസൂത്രണ ബോർഡിലെ പി.എസ്.സി നിയമനങ്ങളിൽ 2019ലും അട്ടിമറി നടന്നതായി ഉദ്യോഗാർഥിയുടെ


ബാബു കദളിക്കാട്

വെളിപ്പെടുത്തൽ ഇതിനിടെ വന്നു. എഴുത്തുപരീക്ഷയിൽ പിന്നിലായ കെ.ജി.ഒ.എ നേതാവിനും ആസൂത്രണ ബോർഡിലെ താൽക്കാലിക ജീവനക്കാർക്കും അഭിമുഖത്തിൽ മാർക്ക് ദാനം ചെയ്തെന്നും ആരോപിക്കുന്നു. ചീഫ് സോഷ്യൽ സർവിസ് പരീക്ഷയിൽ ഒന്നാമതെത്തിയ ദലിത് യുവതിയെ അഭിമുഖത്തിൽ ഏറ്റവും കുറഞ്ഞ മാർക്ക് നൽകി പി.എസ്.സി പുറത്താക്കി.

ഡിജിറ്റൽ സാങ്കേതിക വിദ്യയിൽ ലോകം വളരെയേറെ മുന്നേറിയ കാലമാണിത്. ഉദ്യോഗാർഥിയുടെ ഓരോ ഉത്തരത്തിനും മാർക്ക് രേഖപ്പെടുത്തിയിട്ടുണ്ടോ, ഏതെങ്കിലും ചോദ്യം വിലയിരുത്താതെ വിട്ടുകളഞ്ഞോ തുടങ്ങിയ കാര്യങ്ങൾ സ്വയം കണ്ടെത്താൻ കഴിയുന്ന സോഫ്റ്റ് വെയർ സംവിധാനങ്ങൾ വികസിപ്പിക്കുക ഇന്നത്ര പ്രയാസമുള്ള കാര്യമല്ല. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇത്തരം സംവിധാനങ്ങൾ നിലവിലുണ്ട്. പരീക്ഷക്കു ശേഷം നിശ്ചിത ദിവസത്തിനകം ഉദ്യോഗാർഥിക്ക് ഉത്തരക്കടലാസിന്റെ ഡിജിറ്റൽ കോപ്പി നൽകാനുള്ള സംവിധാനവും ആവശ്യമാണ്.

പി.എസ്.സി അംഗങ്ങളുടെ നിയമനങ്ങളിൽ കക്ഷിരാഷ്ട്രീയ താത്പര്യങ്ങൾക്കപ്പുറം ഭരണപരമായ മികവ്, ഉന്നത വിദ്യാഭ്യാസ പശ്ചാത്തലം, പരീക്ഷാ നടത്തിപ്പിലെ പരിചയസമ്പത്ത് തുടങ്ങിയ ഘടകങ്ങൾക്കും ഭരണഘടനാപരമായ യോഗ്യതകൾക്കും പ്രാമുഖ്യം നൽകുകയും വേണം. നിലവിൽ അതാത് കാലത്തെ സർക്കാറുകൾ അവരുടെ രാഷ്ട്രീയ താത്പര്യങ്ങൾക്കാണ് നിയമനത്തിൽ പ്രാമുഖ്യം നൽകിവരുന്നത്.

മറ്റു അധികാര പദവികൾ ലഭിക്കാത്ത പാർട്ടിപ്രമുഖരുടെ പുനരധിവാസത്തിനുള്ള വേദിയായി ഈ ഭരണഘടനാ സ്ഥാപനം അധഃപതിക്കുകയാണ്. ഇനിയെങ്കിലും വഴിവിട്ട ഈ ശൈലി ഉപേക്ഷിച്ച് കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഉയർന്ന യോഗ്യതയുള്ളവരെ മാത്രം നിയമിക്കാൻ സർക്കാർ സന്നദ്ധത കാണിക്കേണ്ടിയിരിക്കുന്നു.






# അര പിണറായിയാവുമോ സതീശൻ?

**ഹോ**ർമൂസ് കടലിടുക്കിൽ കാത്തുകിടക്കുന്ന എണ്ണക്കപ്പലുകളെ പോലെയാണ് പുതിയ യു.ഡി.എഫ് സർക്കാരിന്റെ നയപരിപാടികൾ. എതിർപ്പുകളുടെ തീയുണ്ടകൾ താണ്ടി വേണം ഒരോന്നിനും മറുകര കാണാൻ. വിവാദങ്ങൾ കുത്തിനിറച്ച യാനങ്ങളാണ് വി.ഡി. സതീശന്റെ ഒന്നര മാസത്തെ ഭരണത്തിനിടയിൽ നിയമനിർമ്മാണ സഭയിൽ വന്നടുത്തത്.

പ്രതിപക്ഷ എതിർപ്പുകൾ പുറം കാലുകൊണ്ട് തട്ടിയകറ്റുന്ന സതീശൻ ശൈലി ഇതിനോടകം ചർച്ചയാകുമ്പോൾ, നമ്മൾ എന്നും ഓർക്കുന്ന ഒരു നേതാവിന്റെ മുഖം തെളിഞ്ഞുവരുന്നു; സാക്ഷാൽ ലീഡർ എന്ന കെ.കരുണാകരൻ !



കേരള രാഷ്ട്രീയത്തിൽ അടിയുറച്ച ഭരണനേതൃത്വവും കർശനമായ അച്ചടക്കവും നടപ്പാക്കിയ നേതാവെന്ന നിലയിൽ കെ. കരുണാകരനെ ചിലർ ‘ഏകാധിപതി’ എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. എന്നാൽ, ജനകീയനായ നേതാവും യു.ഡി.എഫ്. എന്ന മുന്നണിയുടെ ശില്പിയുമായി അദ്ദേഹത്തെ കാണുന്നവരുമുണ്ട്.

1975ൽ രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചപ്പോൾ കേരളത്തിലെ ആഭ്യന്തരമന്ത്രിയായിരുന്നു അദ്ദേഹം. ആ സമയത്ത് പ്രതിപക്ഷത്തെയടക്കം അടിച്ചമർത്താനും ശക്തമായ പോലീസ് നടപടികൾ നടപ്പാക്കാനും അദ്ദേഹം മുന്നിൽ നിന്നു.

അടിയന്തരാവസ്ഥക്കാലത്ത് കാണാതായ പി. രാജൻ എന്ന എഞ്ചിനീയറിങ് കോളേജ് വിദ്യാർത്ഥിയുടെ മരണത്തിൽ അന്നത്തെ ആഭ്യന്തരമന്ത്രിയായിരുന്ന കെ. കരുണാകരന്റെ പങ്ക് വലിയ വിമർശനങ്ങൾക്കും വിവാദങ്ങൾക്കും കാരണമായിരുന്നു.

കോൺഗ്രസ് പാർട്ടിയിലും അദ്ദേഹം നേതൃത്വം നൽകിയ ’ഐ’ ഗ്രൂപ്പിലും സ്വന്തം തീരുമാനം നടപ്പാക്കുന്നതിൽ അദ്ദേഹം കർക്കശക്കാരനായിരുന്നു. എന്നാൽ,നേട്ടങ്ങളും ജനപ്രീതിയും ‘ലീഡർ’ എന്ന വിളിപ്പേരിന് അദ്ദേഹത്തെ അർഹനാക്കി.

കേരള രാഷ്ട്രീയത്തിൽ പാർട്ടി ഭേദമന്യേ കെ.കരുണാകരൻ ’ലീഡർ’ എന്ന് അറിയപ്പെട്ടു. നാല് തവണ കേരള മുഖ്യമന്ത്രിയായി അദ്ദേഹം.

ഭരണകാര്യങ്ങളിലും പാർട്ടിയിലെ ഗ്രൂപ്പ് കളികളിലും അദ്ദേഹം പുലർത്തിയ കർശനമായ നിലപാടുകളാണ് അദ്ദേഹത്തെ ഏകാധിപതിയെന്ന് വിമർശിക്കാൻ പലരെയും പ്രേരിപ്പിച്ചത്. അതേസമയം, ശക്തനായ ഭരണാധികാരിയെന്ന നിലയിലാണ് അദ്ദേഹത്തിന്റെ അനുയായികൾ അദ്ദേഹത്തെ ഓർക്കുന്നത്.

അത്തരം ഒരു തലത്തിലേക്ക് വി.ഡി. സതീശൻ ഉയരുമോ, അതിനുള്ള ബാല്യം അദ്ദേഹത്തിനുണ്ടോ എന്നത് ഒരു പ്രധാന ചോദ്യമാണ്.

### സതീശ ശൈലി

കരുത്ത് കാട്ടുമ്പോഴും, അത് അണികളെയും പൊതുജനത്തെയും ബോധ്യപ്പെടുത്താൻ കഴിഞ്ഞിരുന്നു എന്നതാണ് ലീഡർ കരുണാകരന്റെ സവിശേഷത. അതിന് പാർട്ടിയിൽ അദ്ദേഹത്തെ പിന്തുണയ്ക്കുന്നവരുടെ ഒരു സൈന്യം അദ്ദേഹത്തിന്റെ കരുത്തായിരുന്നു. അത്തരമൊരു സൈന്യമോ അനുയായികളോ തനിക്കുണ്ടോ എന്ന് തുടക്കക്കാരൻ എന്ന നിലയിൽ ചുരുങ്ങിയ പക്ഷം സതീശൻ ചിന്തിക്കേണ്ടതുണ്ട്. കാരണം, പാളയത്തിൽ പട നടത്താൻ കോപ്പുകൂട്ടുന്ന ഒരു സംഘം മൂത്ത നേതാക്കളുള്ള പ്രസ്ഥാനത്തിലാണ് സതീശന്റെ നിൽപ്പ് എന്നത് പ്രധാനമാണ്.

അധികാരത്തിലേറി ഒന്നരമാസം തികയും മുൻപ് പാർട്ടിയിലും മുന്നണിയിലും മുഖ്യമന്ത്രി വി.ഡി. സതീശൻ ഒറ്റപ്പെടുന്നുണ്ടോ?

മദ്യനയത്തിൽ കൈപൊള്ളിയ സതീശനെതിരെ, നേരത്തേ അദ്ദേഹത്തെ പിന്തുണച്ച് ഒപ്പം നിന്ന പാർട്ടിയിലെ മുതിർന്ന നേതാക്കളും രംഗത്തെത്തി. പാർട്ടിയിലും മുന്നണിയിലും ചർച്ച ചെയ്യാതെ ഒറ്റയ്ക്ക് തീരുമാനങ്ങളെടുക്കുന്നു എന്ന വിമർശനം തുടക്കത്തിലേ അദ്ദേഹം കേൾപ്പിക്കരുതായിരുന്നു.

നയപരമായ കാര്യങ്ങളിൽ ഉൾപ്പെടെ പാർട്ടിയിൽ യാതൊരു കൂടിയലോചനകളും ഇല്ലാതെയാണ് മുഖ്യമന്ത്രി തീരുമാനങ്ങളെടുക്കുന്നത് എന്നതാണ് പ്രധാന വിമർശനം. മദ്യനയം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ഏകാധിപത്യപരമായ നിലപാട് സ്വീകരിച്ച് സതീശൻ മുന്നോട്ടുപോകുന്നതാണ് വി.എം. സുധീരനെ പോലെ ആദർശത്തിന്റെ അസ്കിതയുള്ള നേതാക്കളെ ചൊടിപ്പിച്ചത്. മുഖ്യമന്ത്രിത്തർക്കത്തിൽ ഉൾപ്പെടെ സതീശനൊപ്പം നിന്ന നേതാക്കൾ പലരും സതീശനെതിരെ രംഗത്തെത്തിയത് വളരെ പെട്ടെന്നാണ്.

മദ്യനയം യു.ഡി.എഫുമായി മുന്നേ ചർച്ച ചെയ്ത് തീരുമാനിക്കണമായിരുന്നെന്നും സുധീരൻ നിലപാടെടുത്തു.

വീര്യം കുറഞ്ഞ മദ്യത്തിന്റെ നികുതി ഇളവിൽ യു.ഡി.എഫ് തീരുമാനമെടുക്കുമെന്ന് എക്സൈസ് മന്ത്രി എം.ലിജുവിന് വ്യക്തമമക്കേണ്ടിവന്നു. വിഷയത്തിൽ തന്റെ വ്യക്തിപരമായ അഭിപ്രായത്തിന് പ്രസക്തിയില്ലെന്നും ഏത് മദ്യ വില്പനയും എക്സൈസ് വിഭാഗം അറിഞ്ഞിരിക്കണമെന്നും ലിജു പറഞ്ഞതിന് അർത്ഥം ലിജുവിനെ സതീശൻ സൈഡ് ആക്കി എന്ന് തന്നെ!

മുന്നണിയിൽ ചർച്ച ചെയ്യാതെ മദ്യനികുതി കുറയ്ക്കില്ലെന്ന് രാജ്മോഹൻ ഉണ്ണിത്താൻ എംപിയും വ്യക്തമാക്കിയതോടെ പ്രതിഷേധത്തിന്റെ വീര്യം സതീശൻ തിരിച്ചറിയേണ്ടതായിരുന്നു. തീരുമാനങ്ങളിൽ വിദ്യാഭ്യാസ വകുപ്പ് ഉൾപ്പെടെ വിവിധ വകുപ്പുകൾക്കും അതൃപ്തിയുണ്ടെന്ന വിവരങ്ങൾ അറിയാത്ത ആളല്ല മുഖ്യമന്ത്രി.

‘ടീം യു.ഡി.എഫ്’ എന്ന് പേരുപറഞ്ഞ് അധികാരത്തിൽ വന്നതിനു ശേഷം, ഏകപക്ഷീയമായി തീരുമാനങ്ങൾ എടുക്കുന്നുവെന്നും അത് അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നുവെന്നും ആരോപിക്കപ്പെടുമ്പോൾ അതിനെ കണ്ടില്ലെന്ന് വയ്ക്കുന്നത് പ്രതികരണശേഷിയുള്ള ജനത വസിക്കുന്ന ഒരു പ്രദേശത്ത് എത്രനാൾ വിലപ്പോകുമെന്ന്

ചിന്തിക്കേണ്ടത് ജനവും പാർട്ടിയും ചേർന്ന് കസേരയിൽ ഇരുത്തിയ നേതാവ് തന്നെയാണ്.

പാർട്ടിയോട് ആലോചിച്ചു വേണം കാര്യങ്ങൾ ചെയ്യാൻ എന്ന് ഹൈക്കമാൻഡ് വടിയെടുക്കുന്നത് വരെ കാര്യങ്ങൾ സതീശൻ കൊണ്ടെത്തിക്കരുതായിരുന്നു എന്ന് മാത്രമേ വോട്ടർമാർക്ക് പറയാനുള്ളൂ.

◗ *പ്രിജിത്ത് രാജ്*

# പെൺകുട്ടികളെ വലയിലാക്കി ക്രൂര പീഡനം; യുഎസിൽ വൻ സെക്സ് റാക്കറ്റ് പിടിയിൽ

ലോസ് ആഞ്ചലസ്: സൗത്ത് ലോസ് ആഞ്ചലസിലെ ഫിഗറോവ കോറിഡോർ കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്ന വൻ സെക്സ് റാക്കറ്റ് തകർത്ത് ഫെഡറൽ അധികൃതർ. പത്ത് പേരെ അറസ്റ്റ് ചെയ്തതായി യുഎസ് ഫെഡറൽ ഉദ്യോഗസ്ഥർ അറിയിച്ചു. പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെയും യുവതികളെയും ഭീഷണിപ്പെടുത്തിയും മയക്കുമരുന്നിന് അടിമകളാക്കിയും ലൈംഗിക ജോലികൾക്ക് നിർബന്ധിച്ചിരുന്ന ക്രൂരമായ സംഘമാണ് പിടിയിലായത്.

‘ഓപ്പറേഷൻ ബ്രോക്കൺ ബ്ലേഡ്’ എന്ന പേരിൽ ഫെഡറൽ ഏജൻസികളും ലോസ് ആഞ്ചലസ് പൊലീസും സംയുക്തമായി നടത്തുന്ന വലിയ സുരക്ഷാ കാമ്പെയ്ന്റെ രണ്ടാം ഘട്ടമായാണ് ഈ അറസ്റ്റുകൾ നടന്നത്. കുപ്രസിദ്ധ കുറ്റവാളി സംഘമായ ‘ഹൂവർ ക്രിമിനൽ ഗാംഗ്’ അംഗങ്ങളും, സൗത്ത് ലോസ് ആഞ്ചലസിലെ ‘സ്റ്റേഡിയം ഇൻ & സ്പാസ്’ മോട്ടൽ മാനേജരായ മുകേഷ്കുമാർ രാംഭായ് അഹിർ(45) എന്നിവരാണ് പിടിയിലായ പ്രമുഖർ.

2021 ഫെബ്രുവരി മുതൽ 2026 ജൂൺ വരെയുള്ള കാലയളവിൽ ഈ പ്രദേശത്തെ ലൈംഗികക്കടത്ത് പൂർണ്ണമായും നിയന്ത്രിച്ചിരുന്നത് ഇവരായിരുന്നുവെന്ന് കോടതി രേഖകൾ വ്യക്തമാക്കുന്നു.പണത്തിന് ബുദ്ധിമുട്ടനുഭവിക്കുന്നവരും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുമായ പെൺകുട്ടികളെയും, പ്രത്യേകിച്ച് 14 വയസ്സ് മാത്രം പ്രായമുള്ള കുട്ടികളെ വരെയാണ് ഇവർ ലക്ഷ്യമിട്ടിരുന്നത്. ആഡംബര ജീവിതം വാഗ്ദാനം ചെയ്ത് സോഷ്യൽ മീഡിയ വഴിയും അല്ലാതെയും ഇവരെ വലയിലാക്കിയ ശേഷം മയക്കുമരുന്ന് നൽകിയും ക്രൂരമായി മർദ്ദിച്ചും തങ്ങളുടെ നിയന്ത്രണത്തിലാക്കുകയായിരുന്നു ഇവരുടെ രീതി.

ഇരകളിൽനിന്നും പണം മുഴുവൻ ഈ സംഘം തട്ടിയെടുത്തിരുന്നു. നിയമങ്ങൾ അനുസരിക്കാത്ത കുട്ടികളെ പട്ടിണിക്കിടുകയും ചെയ്തിരുന്നതായി അന്വേഷണത്തിൽ കണ്ടെത്തി. കേസിലെ പ്രതികളിലൊരാളായ കാമറൂൺ ലോക്കറ്റ് (23) എന്നയാൾ 2024 നവംബറിൽ ഒരു ഇരയെ ക്രൂരമായി മർദ്ദിക്കുകയും ആ പെൺകുട്ടിയുടെ കവിളിലെ മാംസം കടിച്ചുപറിച്ചെടുക്കുകയും ചെയ്തതായി പ്രൊസിക്യൂട്ടർമാർ വെളിപ്പെടുത്തി.

തുടർന്ന് പെൺകുട്ടിയെ ചികിത്സയ്ക്കായി ആശുപത്രിയിലേക്ക് അയച്ച ഇയാൾ, പരിക്കിനെക്കുറിച്ച് പോലീസിനോട് കള്ളം പറയാൻ അവളെ നിർബന്ധിക്കുകയും ചെയ്തു. മറ്റൊരു പ്രതിയായ ഖലീദ് മൗട്ടൻ (26) എന്നയാൾ 2025 ജൂലൈയിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ നിർബന്ധിത ഗർഭച്ഛിദ്രത്തിന് വിധേയയാക്കുകയും, അന്നുതന്നെ അവളെ വീണ്ടും ലൈംഗിക ജോലികൾ ചെയ്യാൻ നിർബന്ധിക്കുകയും ചെയ്തുമോട്ടൽ മാനേജരായ മുകേഷ്കുമാർ അഹിർ ഈ മാഫിയ സംഘത്തിൽ നിന്നും 64,000 ഡോളറിലധികം കൈപ്പറ്റുകയും ഇത് ഫെഡറൽ ഏജൻസികളുടെ കണ്ണുവെട്ടിച്ച് ബാങ്കുകളിൽ നിക്ഷേപിക്കാൻ സഹായിക്കുകയും ചെയ്തു.

കുറ്റം തെളിയിക്കപ്പെട്ടാൽ പ്രതികൾക്ക് കുറഞ്ഞത് 15 വർഷം മുതൽ ജീവപര്യന്തം വരെ തടവുശിക്ഷ ലഭിക്കാം. ഫിഗറോവ കോറിഡോറിനെ ഇത്തരം കുറ്റവാളികളിൽ നിന്നും പൂർണ്ണമായി മോചിപ്പിക്കുമെന്നും ഇരകളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റിയതായും എൽഎപിഡി ചീഫ് ജിം മക്ഡൊണൽ വ്യക്തമാക്കി. ലൈംഗികക്കടത്ത് പതിവായ ഈ പ്രദേശത്ത് മുൻപും സമാനമായ വലിയ ഓപ്പറേഷനുകൾ നടന്നിട്ടുണ്ട്.





## അധ്യായം 39

# പ്രകാശം പരത്തിയ വയോവൃദ്ധൻ..!

2002 പുലിറ്റ്സർ അവാർഡിന്റെ സുവർണ്ണ ശോഭയിൽ ന്യൂയോർക്കിലെ 'ദി വേൾഡ് ടൈംസ്' ആസ്ഥാനം തിളങ്ങിനിൽക്കേണ്ട നിമിഷമായിരുന്നു അത്. എന്നാൽ, അവിടുത്തെ അന്തരീക്ഷം ഒരു ശ്മശാനത്തിന്റേതുപോലെ മൂകമായിരുന്നു. ചരിത്രവിജയത്തിന്റെ വാർത്താ ലിങ്കുകളും ടെലക്സ് സന്ദേശങ്ങളും കൺട്രോൾ റൂമിലെ മെഷീനുകളിൽ നിന്ന് തുടർച്ചയായി അച്ചടിച്ചു വീഴുന്നുണ്ടായിരുന്നെങ്കിലും, അതൊന്നും ശ്രദ്ധിക്കാൻ ആർക്കും സമയമില്ലായിരുന്നു.

എല്ലാവരുടെയും കണ്ണുകൾ ചാനലുകളിൽ മിന്നിമറയുന്ന ആ പുതിയ ബ്രേക്കിംഗ് ന്യൂസിലായിരുന്നു. ഇന്ത്യയിലെ പ്രമുഖ ഈവനിംഗ് ഡെയ്‌ലികളിലും ചാനലുകളിലും ആദ്യം പ്രത്യക്ഷപ്പെട്ട ആ വാർത്ത ഇപ്പോൾ അന്താരാഷ്ട്ര മാധ്യമങ്ങളും ഏറ്റെടുത്തു കഴിഞ്ഞിരിക്കുന്നു:

''പുലിറ്റ്സർ ജേതാവ് റോബിൻസിനെ നെടുമ്പാശേരി വിമാനത്താവളത്തിൽ നിന്നും അന്താരാഷ്ട്ര കപ്പൽമാഫിയ സംഘം തട്ടിക്കൊണ്ടുപോയി!''

''ദി വേൾഡ് ടൈംസി''ന്റെ എക്സിക്യൂട്ടീവ് എഡിറ്റർ ജോർജ് ലൂക്കാസ് കനത്ത ആലോചനയോടെ ന്യൂസ് റൂമിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുകയായിരുന്നു. അയാളുടെ കൈകൾ കോട്ടിന്റെ പോക്കറ്റിൽ മുറുകിപ്പിടിച്ചിരുന്നു. മുഖത്ത് പതിവില്ലാത്തവിധം അമർഷവും ആകുലതയും നിഴലിച്ചു. തന്റെ ഏറ്റവും മികച്ച ഇൻവെസ്റ്റിഗേറ്റീവ് റിപ്പോർട്ടർ, ലോകത്തിന്റെ നെറുകയിൽ എത്തിയ അതേ നിമിഷം ശത്രുക്കളുടെ കൈകളിൽ അകപ്പെട്ടിരിക്കുന്നു!

''എങ്ങനെയെങ്കിലും... ഒരു നിമിഷം മുമ്പേ റോബിൻസിനെ നമുക്ക് കണ്ടെത്തിയേ പറ്റൂ!'' ജോർജ് ലൂക്കാസ് പെട്ടെന്ന് തിരിഞ്ഞുനിന്ന് എഡിറ്റോറിയൽ ബോർഡിനോട് കർക്കശമായ സ്വരത്തിൽ പറഞ്ഞു. അതോടെ എഡിറ്റോറിയൽ റൂമിൽ അതിഗൗരവമായ ചർച്ചകൾക്ക് തുടക്കമായി. അന്തരീക്ഷം വലിഞ്ഞുമുറുകി.

''ചീഫ്, നമ്മുടെ കയ്യിലുള്ള വിവരങ്ങൾ വെച്ച് ഡ്രാഗൂണിന്റെ ആളുകൾ റോബിൻസിനെ ഇന്ത്യ വിടാൻ അനുവദിക്കില്ല. എയർപോർട്ടിലെ ആ കോർണറിൽ വെച്ച് അവർ ലക്ഷ്യമിട്ടത് അയാളെ വകവരുത്താനല്ല, മറിച്ച് എന്തോ ഒരു ഒത്തുതീർപ്പിനാണ്. അത് നടക്കാതെ വന്നപ്പോഴാണ്...'' അസോസിയേറ്റ് എഡിറ്റർ ഫിലിപ്പ് ഫയലുകൾ മേശപ്പുറത്തേക്ക് വെച്ചുകൊണ്ട് പറഞ്ഞു.

''പക്ഷേ, വിമാനത്താവളത്തിലെ യാത്രക്കാരുടെ ലിസ്റ്റിൽ റോബിൻസിന്റെ പേരുണ്ടായിരുന്നല്ലോ? അയാൾ ബോർഡിംഗ് പാസ് എടുത്തിരന്നോ ഇല്ലയോ എന്നതിൽ ഇപ്പോഴും ദുരൂഹതയുണ്ട്. ''

''ഇന്ത്യയിലെ നമ്മുടെ ബ്യൂറോ ചീഫിനെ ഞാൻ വിളിച്ചിരുന്നു. എയർപോർട്ടിന് പുറത്തുവെച്ചാണ് സംഘർഷം നടന്നതെന്നാണ് പ്രാഥമിക വിവരം,'' മറ്റൊരു മുതിർന്ന സബ് എഡിറ്റർ ചർച്ചയിലേക്ക് കടന്നുവന്നു.

ജോർജ് ലൂക്കാസ് മേശപ്പുറത്തിരുന്ന ഭൂപടത്തിലേക്ക് നോക്കി. ഏതാണ്ട് ആയിരത്തിഅഞ്ഞൂറോളം നാഴിക നീണ്ടുകിടക്കുന്ന മഞ്ഞുപുതഞ്ഞുകിടക്കുന്ന ഭവനത്തിലേക്ക് നീളുന്ന ആ നിഗൂഢമായ വഴി കാണിച്ച് കൊടുക്കാൻ ആ ഭൂപടത്തിന് കഴിയുമായിരുന്നില്ല..!

''നമ്മൾ ഒരു കാര്യം മനസ്സിലാക്കണം,'' ലൂക്കാസിന്റെ ശബ്ദം താഴ്ന്നു, എങ്കിലും അതിൽ ഒരു പ്രത്യേക ഭയമുണ്ടായിരുന്നു.

''ഡ്രാഗൂണിന്റെ സംഘം റോബിൻസിനെ ജീവനോടെ പിടികൂടിയിട്ടുണ്ടെങ്കിൽ, അത് ഒരു ഒപ്പിന് വേണ്ടിയാണ്. അതിന് റോബിൻസ് വഴങ്ങില്ലെന്ന് നമുക്കറിയാം. സമയം വളരെ കുറവാണ്. ഒന്നെങ്കിൽ അവർ അയാളെ വകവരുത്തി കാണും... അല്ലെങ്കിൽ...'' അയാൾ വാക്കുകൾ പൂർത്തിയാക്കിയില്ല.

### കഥ ഇതുവരെ

റിപ്പോർട്ടർ റോബിൻസ് ഒരു വിമാന അപകടത്തെക്കുറിച്ച് അറിയാൻ അമേരിക്കയിൽ നിന്നും കെനിയായിൽ എത്തി. അവിടത്തെ ദാരിദ്ര്യം ഭയാനകമായിരുന്നു. രക്ഷപെടാൻ ചിലർ കപ്പലിലും വിമാനത്തിലും ഒളിച്ചു കയറുന്നതായി അറിയുന്നു. ആ അനുഭവം നേരിട്ടറിയാൻ അയാൾ ഒരു ചരക്കുകപ്പലിൽ രഹസ്യമായി കയറി. ആ യാത്രക്കിടെ അയാൾക്ക് നടുക്കടലിലേക്ക് ചാടേണ്ടിവന്നു. ഒടുവിൽ ഒരു ദ്വീപിലെത്തി. അവിടെ അലൂമ എന്ന സ്ത്രീയോട് തന്റെ പൂർവ്വകാലകഥ പറയുന്നു. അതിനുശേഷം അലൂമയുടെയും ആ ദ്വീപിന്റേയും കഥ എഴുതാൻ തുനിയുന്നു റോബിൻസ്. ആ സമയം ആരെയോ തിരക്കി ഒരു കപ്പൽ ആ ദ്വീപിനെ ലക്ഷ്യമാക്കി യാത്രതിരിക്കുന്നു. റോബിൻസ് വീണ്ടും അമേരിക്കയിലെത്തി. ദ്വീപിനെക്കുറിച്ചുള്ള ഫീച്ചർ തയ്യാറാക്കിയതിനു ശേഷം കേരളത്തിൽ എത്തി. റോബിൻസ് ബീനയെ കണ്ടുമുട്ടുന്നു. തുടർന്നയാൾ അപ്രത്യക്ഷനാകുന്നു. ഈ അവസരത്തിൽ റോബിൻസിന് പുലിറ്റ്സർ അവാർഡ് ലഭിക്കുന്നു.

തുടർന്നു വായിക്കുക

ആ എഡിറ്റോറിയൽ മുറിയിലെ ഓരോ മാധ്യമപ്രവർത്തകന്റെയും ഉള്ളിൽ ഒരേസമയം ഭീതിയും ഉദ്വേഗവും പുകഞ്ഞു കൊണ്ടിരുന്നു. വിമാനത്താവളത്തിന്റെ ഇരുളിൽ നിന്നും റോബിൻസ് എങ്ങോട്ടാണ് മറഞ്ഞത്? മാഫിയയുടെ തടവറയിലേക്കോ, അതോ എല്ലാവരുടെയും കണ്ണുവെട്ടിച്ച് മറ്റേതെങ്കിലും സുരക്ഷിത താവളത്തിലേക്കോ? ഉത്തരമില്ലാത്ത ആ ചോദ്യങ്ങൾ ന്യൂയോർക്കിലെ ആ രാത്രിയെ കൂടുതൽ ഭയാനകമാക്കി തീർത്തു.




ഇതേസമയം നേര്യമംഗലത്തെ പുനർജനിയിൽ ഇപ്പോൾ നിശബ്ദതയ്ക്ക് കട്ടി കൂടിയിട്ടെന്നപോലെ തോന്നി. മേശപ്പുറത്തിരുന്ന ടെലിവിഷൻ സ്ക്രീനിൽ നിന്നും വരുന്ന നീലവെളിച്ചം ബീനയുടെ വിളറിയ മുഖത്ത് തട്ടിച്ചിതറുന്നുണ്ടായിരുന്നു. വാർത്താ ചാനലുകളിൽ 'ദി വേൾഡ് ടൈംസ്' പത്രത്തിന്റെ പേരും നെടുമ്പാശേരി എയർപോർട്ടിന്റെ ദൃശ്യങ്ങളും മാറിമാറി തെളിയുന്നുണ്ട്. എന്നാൽ അതൊന്നും കാണാനോ കേൾക്കാനോ ഉള്ള ശേഷി അവൾക്ക് നഷ്ടപ്പെട്ടിരുന്നു. അപ്രതീക്ഷിതമായി കൈകളിലെത്തിയ കനപ്പെട്ട നിധി പെട്ടെന്നൊരു നിമിഷം വഴുതി അഗാധമായ കയത്തിലേക്ക് വീണുപോയ അവസ്ഥയിലായിരുന്നു ഡോ. ബീന.

അവൾക്ക് ഇപ്പോൾ ഊണില്ല, ഉറക്കമില്ല. ദിവസങ്ങളായി കണ്ണുകളിലേക്ക് ഉറക്കം വന്നിട്ട്. മസ്തിഷ്കത്തെയും മനുഷ്യശരീരത്തെയും കുറിച്ചും, കഠിനമായ രോഗാവസ്ഥകളിൽ മനസ്സിനെ എങ്ങനെ നിയന്ത്രിക്കണമെന്നും രോഗികൾക്ക് ഉപദേശങ്ങൾ നൽകുന്ന ഒരു മെഡിക്കൽ ഡോക്ടറാണ് അവൾ. പക്ഷേ, സ്വന്തം ജീവിതം ഒരു കൊടുങ്കാറ്റിൽ പെട്ടുലയുമ്പോൾ ഒരു ഡോക്ടർക്ക് പഠിച്ച തിയറികളോ മെഡിക്കൽ ശാസ്ത്രമോ ഒന്നും തുണയാകില്ലെന്ന കഠിനമായ യാഥാർത്ഥ്യം അവൾ തിരിച്ചറിയുകയായിരുന്നു. റോബിൻസ് എന്ന മനുഷ്യൻ അവളുടെ ജീവിതത്തിലേക്ക് വന്നതും, ആ കൈകൾ കോർത്തുപിടിച്ച് അയാൾ നൽകിയ കെയറിങ്ങും ആ വ്യക്തിത്വമഹിമയും ഓരോന്നായി അവളുടെ ഓർമ്മച്ചെപ്പുകളിൽ നിന്ന് പുറത്തേക്ക് ചാടി അവളെ ശ്വാസം മുട്ടിച്ചു കൊണ്ടിരുന്നു.

''നിങ്ങളെവിടെയാണ് റോബിൻസ്...? '' അവളുടെ വരണ്ട ചുണ്ടുകൾ പതുക്കെ മന്ത്രിച്ചു.

ആ ചോദ്യം ആ മുറിയുടെ ചുവരുകളിൽ തട്ടി പ്രതിധ്വനിക്കുകയല്ലാതെ ഒന്നുമായില്ല. ക്യാപ്ടൻ ഡ്രാഗൂണിന്റെ ക്രൂരന്മാരായ മനുഷ്യർ റോബിൻസിനെ എയർപോർട്ടിൽ വെച്ച് തട്ടിക്കൊണ്ടുപോയി എന്ന വാർത്ത കേട്ടത് മുതൽ അവളുടെ ഉള്ളിൽ ഒരു അഗ്നിപർവ്വതം പുകയുന്നുണ്ടായിരുന്നു. അവർ അയാളെ എന്ത് ചെയ്തു കാണും? ജീവനോടെ വച്ചിട്ടുണ്ടാകുമോ? അതോ ആ രാത്രിയുടെ ഇരുളിൽ അവരയാളെ...? ഓർക്കാൻ പോലും വയ്യാത്ത ചിന്തകൾ അവളുടെ തലച്ചോറിനെ മരവിപ്പിച്ചു കളഞ്ഞു.

കൈകൾ അനിയന്ത്രിതമായി വിറയ്ക്കുന്നുണ്ടായിരുന്നു. മേശപ്പുറത്തിരുന്ന ഗ്ലാസ്സ് വാട്ടർ ജഗ്ഗിൽ നിന്നും വെള്ളം പകരാൻ നോക്കിയ അവളുടെ കൈകളിൽ നിന്നും ഗ്ലാസ്സ് തറയിലേക്ക് വീണു പൊട്ടിത്തെറിച്ചു. ചിതറിപ്പോയ ആ ചില്ലുകഷ്ണങ്ങൾ അവളുടെ തകർന്നടിഞ്ഞ മനസ്സിന്റെ പ്രതീകം പോലെയായിരുന്നു.

അവളുടെ അമ്മ മോളി ശബ്ദം കേട്ട് ഓടിവന്നു.

''എന്താ മോളെ ഇത്. എന്നെ വിളിച്ചാൽ പോരായിരുന്നോ..? ''

അവൾ ഒന്നും മിണ്ടിയില്ല.

ആ സമയത്തുതന്നെയാണ് ബിനോയിയുടെ ആവശ്യപ്രകാരം വന്ദ്യ വയോധികനായൊരു സുഹൃത്ത് ബീനയെ കാണാൻ എത്തിയത്. അദ്ദേഹം മുറിയിലേക്കു പ്രവേശിച്ചിട്ട് കുറേ നേരം ബീനയെ നിശബ്ദമായി നിരിക്ഷിച്ചുകൊണ്ടിരുന്നു. ബീന വെള്ളമെടുക്കാൻ ഉപയോഗിച്ച ഗ്ലാസ് പൊട്ടിച്ചിതറിയത് മോളി ഡെസ്പാനിലേക്ക് ഒരു സ്പോഞ്ചുകൊണ്ട് ഒപ്പിയെടുത്തിടുന്നു.

''കരയാൻ കഴിയുന്നവരെക്കുറിച്ച് എനിക്ക് ഭയമില്ല. കരയാൻ കഴിയാത്തവരെയാണ് ഞാൻ ഭയപ്പെടുന്നത്.'' ആ മനുഷ്യൻ ആരോടെന്നില്ലാതെ പറഞ്ഞു.

കുപ്പിച്ചില്ല് ഡെസ്പാനിലാക്കിയശേഷം അത് ഒരു മൂലയിലേക്ക് മാറ്റിവയ്ക്കുന്ന മോളിയോടായി അദ്ദേഹം പറഞ്ഞു:

''സഹോദരി, ഈ മകളെ ഉപദേശിക്കേണ്ട. അവളുടെ ഉള്ളിലെ കാർമേഘം പെയ്തൊഴിയണം.''

ഡെസ്പാൻ ഒരു മൂലയിലേക്ക് മാറ്റി വച്ച ശേഷം മോളി തിരകെ വന്നപ്പോൾ ആ മനുഷ്യൻ മോളിയോട് ബീനയെ ചേർത്തുപിടിക്കാൻ ആവശ്യപ്പെട്ടു. മോളി അതനുസരിച്ച് ബീനയെ ചേർത്ത് കെട്ടിപ്പിടിച്ചു. അല്പം കഴിഞ്ഞ് സാവകാശം അവളുടെ പുറത്ത് മെല്ലെ തട്ടിക്കൊടുക്കാൻ പറഞ്ഞു. ആ പ്രവൃത്തിയുടെ ആത്മീയ മായ ആഴം ചെറുതായിരുന്നില്ല.

ബീനയുടെ ഉള്ളിലെവിടെയോ അത് പോയി തൊട്ടു. നിമിഷങ്ങൾക്കകം, ദിവസങ്ങളായി ഉള്ളിൽ അടക്കിപ്പിടിച്ചിരുന്ന എല്ലാ സങ്കടങ്ങളും കനലുകളും ഉരുകാൻ തുടങ്ങി. ബീന ഏങ്ങിയേങ്ങി കരഞ്ഞുകൊണ്ടിരുന്നു. ഒരു ഘട്ടത്തിലത് വല്ലാത്തൊരു അവസ്ഥയിലെത്തി. അവളുടെ നിയന്ത്രണങ്ങളെല്ലാം തകർന്നപോയിരുന്നു.

ബിനോയ് പരിഭ്രമത്തോടെ അവളെ പിടിക്കാൻ ആഞ്ഞെങ്കിലും ആ വൃദ്ധൻ കൈ കൊണ്ടവനെ തടഞ്ഞു.

''ഡോക്ടറാണെന്നത് കൊണ്ട്, മനുഷ്യയല്ലാതാകുന്നില്ല. മറ്റുള്ളവരുടെ വേദന ചുമക്കുന്നവർക്ക് സ്വന്തം വേദന ഇറക്കിവെക്കാനും ഒരിടം വേണം.

''അവൾ കരയട്ടെ... ആ കണ്ണീർ ഒഴുകിപ്പോകട്ടെ...''

ആ പ്രാർത്ഥനാനിർഭരമായ കരച്ചിലിനൊടുവിൽ ബീനയുടെ മനസ്സിലേക്ക് ഒരു അപൂർവ്വ ശാന്തത പടർന്നു കയറുകയായിരുന്നു. ഒടുവിൽ, ആ മുറിയിലെ ഘനമേറിയ നിശബ്ദതയെ ഭേദിച്ചുകൊണ്ട് അയാൾ പറഞ്ഞു:

''ഇപ്പോൾ നമുക്കറിയാത്ത കാര്യങ്ങളെക്കുറിച്ച് വിധിയെഴുതരുത്. വിവരം കിട്ടുന്നതുവരെ മനസ്സ് തകർന്നപോകരുത്.'

ഒടുവിൽ അദ്ദേഹം ബീനയോടായി പറഞ്ഞു:

''മകളെ..., നിന്നെ കാത്തിരിക്കുന്ന വാർത്ത ശുഭകരമാകട്ടെ. ആ വാർത്ത എപ്പോൾ വേണമെങ്കിലും വരാം. മോൾ ധൈര്യമായിരിക്കു..''

ആ മനുഷ്യൻ ശാന്തമായി അവിടെ നിന്നും പുറത്തേക്ക് നടന്നിറങ്ങി. അയാൾ പുറത്തേക്കുപോയെങ്കിലും അദ്ദേഹത്തിന്റെവാക്കുകൾബീനയുടെമനസ്സിൽ പ്രതിധ്വനിച്ചുകൊണ്ടിരുന്നു. എന്തെന്നില്ലാത്തൊരു ആത്മവിശ്വാസം തന്നെ പൊതിയുന്നതായി ബീനയ്ക്കു തോന്നി.

(തുടരും)

# അമേരിക്കൻ മലയാളികളുടെ സാമൂഹിക ക്ഷേമത്തിനായി ടീം പ്രോമിസിന്റെ 'ഫോമാ കെയർ' പദ്ധതി




ഫ്ളോറിഡ: 'വിദ്യാജ്യോതി' സ്കോളർഷിപ്പ് പദ്ധതിയുടെയും 'ആർദ്രം' കാൻസർ കെയർ പ്രോജക്ടിന്റെയും 'കേരള പഠന'ത്തിന്റെയും തുടർച്ചയായി 'ടീം പ്രോമിസ്' വടക്കേ അമേരിക്കയിലെ മലയാളി സമൂഹത്തിന് താങ്ങാവുക എന്ന ലക്ഷ്യത്തോടെ 'ഫോമാ കെയർ' (കരുതൽ) എന്ന അടിയന്തര കമ്മ്യൂണിറ്റി സഹായ പദ്ധതി പ്രഖ്യാപിച്ചിരിക്കുന്നു. ടീം പ്രോമിസിന്റെ 'കരുതൽ' പദ്ധതി, വടക്കേ അമേരിക്കയിലുടനീളമുള്ള മലയാളി കുടുംബങ്ങൾക്ക് ആവശ്യമായ സമയത്ത് കരുതലും പിന്തുണയും സമയോചിതമായ സഹായവും ഉറപ്പാക്കാനുള്ള ശക്തമായ ഇടപെടലാണെന്ന് ഫോമായുടെ സ്ഥാപക നേതാവും ടീം പ്രോമീസിന്റെ പ്രസിഡന്റ് സ്ഥാനാർത്ഥിയുമായ മാത്യു വർഗീസ് (ജോസ് ഫ്ളോറിഡ) വ്യക്തമാക്കി.

ഈ പദ്ധതിയുടെ ഭാഗമായി, ഓരോ മേഖലയിലും റീജിയണൽ വൈസ് പ്രസിഡന്റുമാർ (ആർ.വി.പി), നാഷണൽ കമ്മിറ്റി അംഗങ്ങൾ, പ്രാദേശിക അസോസിയേഷൻ പ്രതിനിധികൾ, സന്നദ്ധ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി കരുതൽ റീജിയണൽ കമ്മിറ്റികൾ രൂപീകരിക്കും. പ്രാദേശിക അസോസിയേഷനുകളുമായി ചേർന്ന് യഥാർത്ഥ ആവശ്യക്കാരെ കണ്ടെത്തുകയും, സഹായം ഏകോപിപ്പിക്കുകയും, ലഭ്യമാക്കേണ്ട കാര്യങ്ങൾ സമയബന്ധിതമായി എത്തിക്കുകയും ചെയ്യുകയെന്നതായിരിക്കും ഈ കമ്മിറ്റികളുടെ പ്രധാന ഉത്തരവാദിത്വം.

'കരുതൽ' എന്ന വാക്ക് അർത്ഥമാക്കുന്നത് പോലെ തന്നെ, വടക്കേ അമേരിക്കയിലെ മലയാളി കുടുംബങ്ങൾക്ക് സുരക്ഷിതത്വവും പരസ്പര സ്നേഹവും ഉറപ്പുനൽകുന്ന ഒരു വലിയ ചുവടുവെപ്പായിരിക്കും ടീം പ്രോമിസിന്റെ ഈ പ്രൊജക്ട് എന്ന് മാത്യു വർഗീസ് നയിക്കുന്ന ടീം പ്രോമീസിന്റെ വിവിധ സ്ഥാനങ്ങളിലേയ്ക്ക് ജനവിധി തേടുന്ന അനു സ്കറിയ (ജനറൽ സെക്രട്ടറി), ബിനോയ് തോമസ് (ട്രഷറർ), ജോൺസൺ ജോസഫ് (വൈസ് പ്രസിഡന്റ്), രേഷ്മ രഞ്ജൻ (ജോയിന്റ് സെക്രട്ടറി), ടിറ്റോ ജോൺ (ജോയിന്റ് ട്രഷറർ) എന്നിവർ അഭിപ്രായപ്പെടുന്നു.

# എസ്.ബി അസംപ്ഷൻ അലുംനി നോർത്ത് അമേരിക്കൻ ദേശീയ കൺവെൻഷൻ ഒരുക്കങ്ങൾ പൂർത്തിയായി





ഷിക്കാഗോ: ചങ്ങനാശേരി സെന്റ് ബെർക്ക്മാൻസ്, അസംപ്ഷൻ കോളേജ് പൂർവ്വവിദ്യാർത്ഥി അസോസിയേഷനുകൾ സംഘടിപ്പിക്കുന്ന അമേരിക്കയിലെ പ്രഥമ ദേശീയ കൺവൻഷൻ 2026 ജൂലായ് ഒൻപതാം തീയതി വ്യാഴാഴ്ച ഷിക്കാഗോയിൽ നടക്കും. നോർത്ത് അമേരിക്കയിൽ ആദ്യമായി സംഘടിപ്പിക്കുന്ന പൂർവ്വവിദ്യാർത്ഥി സംഗമത്തിന്റെ ഒരുക്കങ്ങൾ പൂർത്തിയായതായി കൺവൻഷൻ ചെയർമാൻ മാത്യു ദാനിയേലും ഭാരവാഹികളും അറിയിച്ചു. അമേരിക്കയിലും കാനഡയിലുമുള്ള മുന്നോറോളം പ്രതിനിധികൾ പങ്കെടുക്കുന്ന അർദ്ധദിന കൺവൻഷൻ, ബെൻസെൻവിൽ സേക്രട്ട് ഹാർട്ട് ഓഡിറ്റോറിയത്തിൽ രാവിലെ എട്ട് മണിക്ക് ആരംഭിച്ചു ഉച്ചക്ക് ഒന്നിന് സമാപിക്കും.

എസ്.ബി കോളേജിന്റെ പൂർവ്വവിദ്യാർഥികളായ കർദ്ദിനാൾ ജോർജ്ജ് ജേക്കബ് കൂവക്കാട്, ചങ്ങനാശേരി ആർച്ചുബിഷപ് മാർ തോമസ് തറയിൽ, കേരളാ ഗവ. പ്രിൻസിപ്പൽ സെക്രട്ടറി രാജു നാരായണസ്വാമി ഐഎഎസ് എന്നിവർ വിശിഷ്ടാതിഥികളായി പങ്കെടുത്തുകൊണ്ട് ചടങ്ങുകൾ അവിസ്മരണീയമാക്കും. എസ്.ബി കോളേജ് പ്രിൻസിപ്പൽ റവ. ഡോ. റ്റെഡി തോമസ് കാഞ്ഞൂപ്പറമ്പിൽ, അസംപ്ഷൻ കോളജ് പ്രിൻസിപ്പൽ ഡോ. റാണി മരിയ തോമസ് എന്നിവരും പ്രത്യേക അതിഥികളായി കൺവെൻഷനിൽ പങ്കെടുക്കും. മുൻ പ്രിൻസിപ്പൽ റവ. ഡോ. ജോർജ്ജ് മഠത്തിപ്പറമ്പിൽ ആശംസകൾ നടത്തും. മെഡിക്കൽ, എഞ്ചിനീയറിംഗ്, നേഴ്സിങ്, ശാസ്ത്രസാങ്കേതികം, ബിസിനസ്സ്, സ്റ്റേറ്റ്/കമ്മ്യൂണിറ്റി സർവീസ് എന്നീ വിവിധ മേഖലകളിൽ അമേരിക്കയിൽ ഉന്നതസേവനം ചെയ്തു വ്യക്തിമുദ്ര പതിപ്പിച്ച തെരെഞ്ഞെടുക്കപ്പെട്ട പൂർവ്വവിദ്യാർഥികളെ കൺവെൻഷനിൽ ആദരിക്കും.

സ്റ്റീയറിങ് കമ്മറ്റി അംഗങ്ങളായ ഡോ. മനോജ് നേര്യംപറമ്പിൽ, ദയാലു ജോസഫ് (കാലിഫോർണിയ), പിന്റോ കണ്ണമ്പള്ളി (മെറിലാൻഡ്), ടോം പെരുമ്പായിൽ (ന്യൂജേഴ്സി), ജോർജ്ജ് ജോസഫ് വിലങ്ങോലിൽ, ഡോ. ബിന്ദു ജോർജ്ജ് തോബിയാസ് (ടെക്സാസ്), പ്രൊഫ. ആർ. ജയകൃഷ്ണൻ (കാലിഫോർണിയ), ലീല മാരേട്ട് (ന്യൂയോർക്ക്) എന്നിവരാണ് കൺവെൻഷന് നേതൃത്വം നകുന്നത്.

കൺവൻഷൻ വിജയകരമാക്കാൻ ആതിഥേയരായ ഷിക്കാഗോ എസ്.ബി അസംപ്ഷൻ കോളജ് അലുംനി അസോസിയേഷൻ ഭാരവാഹികൾ വിവിധ കമ്മറ്റികൾ രൂപീകരിച്ചു ഒരുക്കങ്ങൾ പൂർത്തിയാക്കി. പ്രൊഫ. ജെയിംസ് ഓലിക്കര, തോമസ് ഡിക്രൂസ്, അമ്പിളി ജോർജ്ജ് (പ്രോഗ്രാം, അവാർഡ്സ്, മീഡിയ), ബോബൻ കളത്തിൽ, ബിജി കൊല്ലാപുരം, ജോസഫ് കാളാശ്ശേരി, ഷാജി കൈലാത്ത് (റിസപ്ഷൻ), കാർമൽ തോമസ്, ഷിജി ചിറയിൽ (കൾച്ചറൽ പ്രോഗ്രാം), ഷിബു അഗസ്റ്റിൻ, മനീഷ് തോപ്പിൽ, സെബാസ്റ്റ്യൻ വാഴേപറമ്പിൽ (ഫിനാൻസ്) എന്നിവരാണ് കമ്മറ്റികൾക്കു നേതൃത്വം നൽകുന്നത്. ഡോ. വിൻസെന്റ് കുട്ടംപേരൂർ (വിസ്കോൺസിൻ) ആണ് കൺവെൻഷന്റെ ഗ്രാൻഡ് സ്പോൺസർ. ടാജ് മാത്യു (ന്യൂയോർക്ക്) എഡിറ്ററായി തയ്യാറാക്കിയ കൺവെൻഷൻ സുവനീർ അത്യുന്നത കർദ്ദിനാൾ പ്രകാശനം ചെയ്യും.

അഭിവന്ദ്യപിതാക്കന്മാരും എസ്.ബി അസംപ്ഷൻ കോളേജ് പ്രതിനിധികളും വെള്ളിയാഴ്ച മിൽവാക്കി മാർക്വേറ്റ് യൂണിവേഴ്സിററി സന്ദർശിച്ചു വിദ്യാഭ്യാസ മേഖലയിൽ നടത്താൻ കഴിയുന്ന സംയുക്ത സംരഭസാധ്യതകളെക്കുറിച്ചു യൂണിവേഴ്സിറ്റിയിലെ ഉന്നതവിദ്യാഭ്യാസ വിദഗ്ധരുമായി ചർച്ച ചെയ്യും.

*തോമസ് ഡിക്രൂസ്*



# മാതാപിതാക്കൾ സ്വന്തം ആഗ്രഹങ്ങൾ മക്കളിൽ അടിച്ചേൽപ്പിക്കുന്നതിനേക്കാൾ ദൈവം ഒരോ മക്കൾക്കും ഒരുക്കിയിരിക്കുന്ന ദൈവിക പദ്ധതി തിരിച്ചറിയുവാൻ പ്രാർത്ഥിക്കണമെന്ന് മാർ മാത്യു മൂലക്കാട്ട്

ന്യൂയോർക്ക് : ന്യൂയോർക്കിലെ റോക്‌ലൻഡിലുള്ള സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിലെ 2026ലെ മതബോധന ബിരുദദാന ചടങ്ങ് ഭക്തിനിർഭരവും ആഘോഷപൂർണവുമായി ജൂൺ മാസം 28ന് നടന്നു. കോട്ടയം അതിരൂപത മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് മുഖ്യകാർമികത്വം വഹിച്ചു അർപ്പിച്ച വിശുദ്ധ കുർബാനയോടെയായിരുന്നു പരിപാടികളുടെ തുടക്കം. ഇടവക വികാരി ഫാ. ജോബി പൂച്ചൂക്കണ്ടത്തിൽ, മുൻ വികാരി ഫാ. ജോസ് അദോപ്പിള്ളിൽ എന്നിവർ സഹകാർമികരായിരുന്നു.

വിശുദ്ധ കുർബാന മധ്യേ നൽകിയ സന്ദേശത്തിൽ, മാതാപിതാക്കൾ സ്വന്തം ആഗ്രഹങ്ങൾ മക്കളിൽ അടിച്ചേൽപ്പിക്കുന്നതിനേക്കാൾ ദൈവം ഓരോ മക്കൾക്കും ഒരുക്കിയിരിക്കുന്ന ദൈവിക പദ്ധതി തിരിച്ചറിയുവാൻ പ്രാർത്ഥിക്കണമെന്ന് മാർ മാത്യു മൂലക്കാട്ട് പിതാവ് ആഹ്വാനം ചെയ്തു. മതബോധന അധ്യാപനം ഒരു ദൈവവിളിയാണെന്നും, ആ വിളി സ്വീകരിക്കുന്നവർക്ക് ആവശ്യമായ ജ്ഞാനവും കൃപയും ദൈവം തന്നെ നൽകുന്നുവെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. അധ്യാപകരുടെ കഴിവുകൾ മാത്രമല്ല, ദൈവാനുഗ്രഹവും സഹായവുമാണ് വിശ്വാസപഠനം ഫലപ്രദമാക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

തുടർന്ന് നടന്ന ബിരുദദാന സമ്മേളനത്തിൽ മതബോധന അധ്യാപിക എല്ലൻ റെജുൻ പുരയ്ക്കൽ സ്വാഗതം ആശംസിച്ചു. മാർ മാത്യു മൂലക്കാട്ട് പിതാവ് വിദ്യാർത്ഥികൾക്ക് ബിരുദ സർട്ടിഫിക്കറ്റുകളും വിവിധ മത്സരങ്ങളിൽ മികവ് പുലർത്തിയവർക്കുള്ള പുരസ്കാരങ്ങളും വിതരണം ചെയ്തു.

ഇടവക ട്രസ്റ്റി ജോസഫ് കീഴങ്ങാട്ട് നന്ദി രേഖപ്പെടുത്തി. മതബോധന പ്രിൻസിപ്പൽ ആശാ മൂലേപ്പറമ്പിൽ, ഇടവക ട്രസ്റ്റിമാരായ ജസ്റ്റിൻ ചാമക്കാല, അബ്രാഹം പുളിയലക്കുന്നേൽ, മതബോധന അധ്യാപകർ, വിദ്യാർത്ഥികൾ, ഇടവകാംഗങ്ങൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

*ജസ്റ്റിൻ ചാമക്കാല*





# വിജയ് സർക്കാരിനെ വീഴ്ത്തണം, വാഗ്ദാനം 35 കോടി, മൂന്നുപേർ അറസ്റ്റിൽ

ചെന്നൈ: പുതിയ സർക്കാർ അധികാരമേറ്റ് രണ്ട് മാസം തികയുന്നതിനിടെ തമിഴ്നാട് രാഷ്ട്രീയത്തെ ഇളക്കിമറിച്ച് അട്ടിമറി ശ്രമ വിവാദം. വിജയ് സർക്കാരിനെ താഴെയിറക്കാൻ ശ്രമിച്ചെന്ന ആരോപണത്തിൽ ചെന്നൈ പൊലീസ് മൂന്ന് പേരെ അറസ്റ്റ് ചെയ്തു. ഡി.എം.കെ നേതാവ് സെന്തിൽ ബാലാജിയുടെ വിശ്വസ്തരായ നരേഷ്, ത്യാഗരാജൻ എന്നിവരുൾപ്പെടെയാണ് പിടിയിലായത്.

ആദ്യത്തെ അറസ്റ്റ് ചെന്നൈയിലും മറ്റ് രണ്ട് അറസ്റ്റ് കരൂരിലുമാണ് നടന്നത്. കൃഷ്ണഗിരിയിലെ ഉത്തംഗരൈ മണ്ഡലത്തിലെ ടി.വി.കെ എം.എൽ.എ എൻ. ഇളയരാജ നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ്നടപടി. പ്രമുഖ തിരഞ്ഞെടുപ്പ് തന്ത്രജ്ഞൻ സി. തിരുനാവക്കരസ് ഫോണിലൂടെ നിരവധി തവണ തന്നെ ബന്ധപ്പെട്ടെന്നും കോടികൾ വാഗ്ദാനം ചെയ്തെന്നുമാണ് പരാതി.

15 എം.എൽ.എമാരെ കൂട്ടുപിടിച്ച് സർക്കാരിനെ താഴെയിറക്കുകയായിരുന്നു ലക്ഷ്യം. 35 കോടി രൂപയാണ് ഇതിന് വാഗ്ദാനം ചെയ്തത്. എം.എൽ.എമാരെ ഒരേസമയം രാജിവയ്പിച്ച് സർക്കാരിനെ താഴെയിറക്കാൻ ഗൂഢാലോചന നടന്നതായി തമിഴ്നാട് പൊലീസിന്റെ രഹസ്യാന്വേഷണ വിഭാഗവും കണ്ടെത്തി. സഭയിൽ സ്പീക്കർക്കെതിരെ അവിശ്വാസപ്രമേയംകൊണ്ടുവരാൻ നീക്കമുണ്ടായിരുന്നതായും ആരോപണമുണ്ട്.

അട്ടിമറി നീക്കത്തിന് പിന്നിൽ ഡി.എം.കെ നേതാവ് സെന്തിൽ ബാലാജിയും സഹോദരൻ അശോക് കുമാറുമാണെന്നാണ് പൊലീസ് പറയുന്നത്. പ്രതിപക്ഷം കോടികൾ ഒഴുക്കി നേതാക്കളെ സ്വാധീനിക്കാൻ ശ്രമിച്ചെന്ന് ഭരണപക്ഷം ആരോപിക്കുന്നു. അന്വേഷണം തുടരുകയാണെന്ന് ചെന്നൈ പൊലീസ് അറിയിച്ചു.

അതേസമയം തമിഴ്നാട് മുഖ്യമന്ത്രി വിജയ്‌യും എം.ഡി.എം.കെ തലവൻ വൈകോയും ചേർന്ന് തങ്ങളുടെ രണ്ട് എം.എൽ.എമാരെ വിലയ്ക്കെടുക്കാൻ ശ്രമിച്ചെന്ന് ഡി.എം.കെ ആരോപിച്ചു. നിയമസഭയിൽ ഡി.എം.കെയുടെ അംഗബലം കുറയ്ക്കുന്നതിനു വേണ്ടിയാണ് ശ്രമങ്ങളെന്നും ആരോപിച്ചു.

# അയോദ്ധ്യയിലേക്ക് ഇ.ഡിയും സി.ബി.ഐയും




ന്യൂഡൽഹി: അയോദ്ധ്യ രാമക്ഷേത്രത്തിലെ സംഭാവനാ കൊള്ളയുമായി ബന്ധപ്പെട്ട് കള്ളപ്പണം വെളുപ്പിക്കലും നടന്നിട്ടുണ്ടോ എന്ന സംശയത്തിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി) അന്വേഷണം നടത്തിയേക്കും. കൊള്ളയുടെ വ്യാപ്തി മറ്റ് സംസ്ഥാനത്തേക്കും വിദേശത്തേക്കും വ്യാപിച്ചിട്ടുണ്ടോ എന്നും സംശയമുണ്ട്. അതിനാൽ സി.ബി.ഐയും കേസെടുത്തേക്കും.

സംശയം ഉയർന്ന സാഹചര്യത്തിൽ ഇ.ഡി എത്തണമെന്ന് യു.പി സർക്കാർ താത്പര്യപ്പെടുന്നു. ഇ.ഡി എത്തിയാൽ മാത്രമെ പ്രതികൾ കടത്തിയ തുകയും, പോയ വഴിയും കണ്ടെത്താൻ കഴിയുകയുള്ളുവെന്ന നിലപാട് അന്വേഷണസംഘം സർക്കാരിനെ അറിയിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരും കേന്ദ്രസർക്കാരും തമ്മിൽ ഇക്കാര്യത്തിൽ ആശയവിനിമയം നടന്നുവെന്നാണ് വിവരം. അറസ്റ്റിലായ 8 പ്രതികളും കോടികണക്കിന് രൂപയുടെ സ്വത്തുക്കൾ വാങ്ങിക്കൂട്ടിയെന്ന സംശയത്തിൽ ആദായനികുതി വകുപ്പിന്റെ സഹായത്തോടെ പരിശോധന ആരംഭിച്ചു. സ്വത്തുക്കൾ കണ്ടുകെട്ടും.

പ്രത്യേക അന്വേഷണസംഘത്തിന് (എസ്.ഐ.ടി) അന്വേഷണം പൂർത്തിയാക്കാൻ 15 ദിവസം കൂടി യു.പി സർക്കാർ അനുവദിച്ചു. ഇതിനിടെ, രാമക്ഷേത്രത്തിലേതെന്ന് കരുതുന്ന കാണിക്കപ്പെട്ടികൾ യു.പി കൗശൽപുരിയിലെ യോഗ സെന്ററിൽ നിന്ന് പൊലീസ് കണ്ടെടുത്തുവെന്ന വിവരം പുറത്തുവന്നു. ക്യുആർ കോഡുള്ള ബോക്സുകളിൽ 'രാമരാജ്യ കോശ്'(രാമരാജ്യ ഫണ്ട്) എന്നെഴുതിയിട്ടുണ്ട്.

38 ലക്ഷത്തിൽപ്പരം രൂപയുണ്ടെന്നാണ് സൂചന. നാലു പെട്ടികളിലായി ബ്ലാങ്കറ്റിൽ പൊതിഞ്ഞാണ് പണം സൂക്ഷിച്ചിരുന്നത്. അറസ്റ്റിലായ അവിനാശ് ശുക്ലയുടെ സഹോദരൻ അഭിഷേക് ശുക്ലയ്ക്ക് ബന്ധമുള്ള സ്ഥാപനമാണിത്. നടത്തിപ്പുകാരി ഇതേക്കുറിച്ച് അഭിഷേകിനോട് ചോദിച്ചപ്പോൾ, അവിനാശിന് ലഹരിമരുന്ന് കച്ചവടമുണ്ടെന്നായിരുന്നു മറുപടി.

ജൂൺ 5ന് അവിനാശിന്റെ വാടകവീട്ടിൽ നടത്തിയ റെയിഡിൽ 20 ലക്ഷത്തോളം കണ്ടെടുത്തിരുന്നു. പണം എണ്ണിതിട്ടപ്പെടുത്തുന്ന മുറിയുടെ രണ്ടു താക്കോലുകളിൽ ഒന്ന് അവിനാശ് സൂക്ഷിച്ചിരുന്നു. രണ്ടാമത്തെ താക്കോൽ ബാങ്ക് ജീവനക്കാരുടെ പക്കലാണ്. ക്ഷേത്രത്തിന്റെ അക്കൗണ്ടുള്ള പൊതുമേഖലാ ബാങ്കുകളിലെ ജീവനക്കാർ നിരീക്ഷണത്തിലാണ്.

### കുംഭമേള സമയത്ത് തീവെട്ടിക്കൊള്ള

അനുകൽപ് മിശ്ര, ലവ്കുശ് മിശ്ര, കരുണേഷ് പാണ്ഡെ തുടങ്ങിയ പ്രതികളുടെ വീടുകളിൽ ഇന്നലെ വീണ്ടും റെയിഡ് നടത്തി. കേസിലെ 8 പ്രതികളെയും കോടതി അനുമതിയോടെ കഴിഞ്ഞദിവസം ഫൈസാബാദ് ജയിലിൽ ചോദ്യംചെയ്തു. 2025 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ പ്രയാഗ്‌രാജിൽ മഹാകുംഭമേള നടന്ന സമയത്താണ് അയോദ്ധ്യയിൽ പരമാവധി കൊള്ള നടന്നതെന്ന് വ്യക്തമായി. മഹാകുംഭമേളയ്ക്ക് പോയ ലക്ഷക്കണക്കിന് ഭക്തർ അയോദ്ധ്യയിലുമെത്തി ദർശനം നടത്തിയിരുന്നു.

ഏറ്റവും കൂടുതൽ തുക കൈക്കലാക്കിയത് രാജിവച്ച ട്രസ്റ്റ് അംഗം അനിൽ മിശ്രയുടെ ബന്ധു ലവ്കുശ് മിശ്ര, അനുകൽപ് മിശ്ര എന്നീ പ്രതികളാണ്. സി.സി.ടി.വി ക്യാമറകൾക്ക് അഭിമുഖമായി നിന്ന് കൊള്ള മറയ്ക്കും. പണം ശുചിമുറിയിൽ സൂക്ഷിക്കും. അവസരം കിട്ടുമ്പോൾ പുറത്തേക്ക് കടത്തും.

ക്ഷേത്രത്തിന്റെ സുരക്ഷാചുമതല ഏൽപ്പിച്ചിരുന്ന സ്വകാര്യ ഏജൻസിയിലെ 400ൽപ്പരം ജീവനക്കാരും നിരീക്ഷണത്തിലാണ്. മാസം 1 കോടി രൂപയാണ് ഏജൻസിക്ക് ട്രസ്റ്റ് നൽകുന്നത്. 1600ൽപ്പരം സി.സി.ടി.വികൾ നിരീക്ഷിക്കുന്ന സംഘത്തെ നയിച്ചിരുന്ന റേഡിയോ ഓപ്പറേഷൻ ഓഫീസർ(ആർ.എം.ഒ) അർജുൻ ദേവിനെ ചുമതലയിൽ നിന്ന് നീക്കി.






# കാനഡയിലെ പൗരത്വ ചട്ടങ്ങളിൽ വൻ പൊളിച്ചെഴുത്ത്

വടക്കേ അമേരിക്കൻ രാജ്യമായ കാനഡയിൽ കുടയേറാൻ ആഗ്രഹിക്കുന്ന ലക്ഷക്കണക്കിന് പ്രവാസികൾക്കും നിലവിൽഅവിടെതാമസിക്കുന്നകനേഡിയൻമലയാളി സമൂഹത്തിനും അതീവ നിർണ്ണായകമായ ഒരു നിയമ പരിഷ്കാരം ഒട്ടാവയിൽ നിന്ന് പുറത്തുവന്നിരിക്കുകയാണ്. പാരമ്പര്യം വഴി പൗരത്വം നേടുന്നതിനുള്ള 'സിറ്റിസൺഷിപ്പ് ബൈ ഡിസെന്റ്' അപേക്ഷകളിലെ രേഖകൾ പരിശോധിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഇമിഗ്രേഷൻ വകുപ്പ് കൂടുതൽ കർശനമാക്കിയിരിക്കുന്നു.

കഴിഞ്ഞവർഷംഅവസാനംനടപ്പിലാക്കിയ 'ബിൽ സി-ത്രീ' നിയമത്തിലെ ചില അവ്യക്തതകൾ മുതലെടുത്ത് ആവശ്യമായ തെളിവുകളില്ലാതെ പൗരത്വ സർട്ടിഫിക്കറ്റുകൾ കൈപ്പറ്റിയതായി കണ്ടെത്തിയതിനെത്തുടർന്ന് നടത്തിയ സമഗ്രമായആഭ്യന്തരഅവലോകനത്തിന്ശേഷമാണ് ഇമിഗ്രേഷൻ, റഫ്യൂജീസ് ആൻഡ് സിറ്റിസൺഷിപ്പ് കാനഡ പുതിയ കർശന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നത്.

ഈ പുതിയ ഡോക്യുമെന്റേഷൻ ചട്ടങ്ങൾ കാനഡയിലുള്ള ഇന്ത്യക്കാരെയും വരാനിരിക്കുന്ന കുടിയേറ്റ സാധ്യതകളെയും എങ്ങനെ ബാധിക്കുമെന്നതിനെക്കുറിച്ചുള്ള ആഴത്തിലുള്ള വിശകലനം താഴെ നൽകുന്നു:

കാനഡയ്ക്ക് പുറത്ത് ജനിച്ച കനേഡിയൻ പൗരന്മാരുടെ മക്കൾക്ക് പൗരത്വം നൽകുന്നതുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന ഒന്നാം തലമുറ പരിധി ഭരണഘടനാവിരുദ്ധമാണെന്ന് കോടതി കണ്ടെത്തിയതോടെയാണ് കഴിഞ്ഞ വർഷം ഡിസംബറിൽ ബിൽ സിത്രീ നിലവിൽ വന്നത്. ഇതോടെ മാതാപിതാക്കൾ മാത്രമല്ല, മുത്തശ്ശൻമാരോ മുത്തശ്ശിമാരോ കനേഡിയൻ പൗരന്മാരാണെങ്കിൽ പോലും മൂന്നാം തലമുറയ്ക്ക് വരെ പൗരത്വ സർട്ടിഫിക്കറ്റിനായി അപേക്ഷിക്കാൻ അവസരം ലഭിച്ചു. എന്നാൽ ഈ ഇളവുകൾ പ്രഖ്യാപിച്ചതിന് പിന്നാലെ ഓപ്പൺ സോഴ്സുകളിൽ നിന്നും സ്വകാര്യ വംശാവലി വെബ്സൈറ്റുകളിൽ നിന്നുമുള്ള അനധികൃത രേഖകൾ ഉപയോഗിച്ച് പലരും പൗരത്വം നേടിയതായി ഇമിഗ്രേഷൻ വകുപ്പ് കണ്ടെത്തി. ഇത് കാനഡയുടെ പൗരത്വ സംവിധാനത്തിന്റെ സുതാര്യതയെ ബാധിച്ചേക്കാമെന്ന വിലയിരുത്തലിലാണ് പുതിയ അപ്ഡേറ്റുകൾ വന്നിരിക്കുന്നത്.



### 1. ഐആർസിസി അവലോകനവും സർട്ടിഫിക്കറ്റുകൾ തടഞ്ഞുവെക്കലും

ഇമിഗ്രേഷൻ വകുപ്പ് നടത്തിയ പരിശോധനയിൽ നൂറോളം പേരുടെ പൗരത്വ സർട്ടിഫിക്കറ്റുകളാണ് പ്രാഥമികമായി സംശയത്തിന്റെ നിഴലിലായത്.

**അവ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ**: പുതിയ നിയമം നടപ്പിലാക്കിയപ്പോൾ അപേക്ഷകർ സമർപ്പിക്കേണ്ട രേഖകളെക്കുറിച്ച് ഇമിഗ്രേഷൻ ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും കൃത്യമായ ധാരണയില്ലായിരുന്നുവെന്ന് ഐആർസിസി സമ്മതിക്കുന്നു. ഇതാണ് മതിയായ തെളിവുകളില്ലാതെ സർട്ടിഫിക്കറ്റുകൾ അനുവദിക്കാൻ കാരണമായത്.

**ആറായിരത്തിലധികം അപേക്ഷകളുടെ പരിശോധന**: സുതാര്യത ഉറപ്പാക്കുന്നതിനായി ബിൽ സി-ത്രീ പ്രകാരം ലഭിച്ച ഏകദേശം 6,500 അപേക്ഷകൾ ഇമിഗ്രേഷൻ വകുപ്പ് പൂർണ്ണമായി പുനഃപരിശോധിച്ചു. ഇതിൽ ഒരു ശതമാനത്തോളം വരുന്ന 67 അപേക്ഷകരുടെ പൗരത്വം താൽക്കാലികമായി റദ്ദാക്കുകയും കൂടുതൽ രേഖകൾ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

**സ്വകാര്യ സൈറ്റുകൾക്ക് വിലക്ക്**: മുൻപ് വംശാവലി പഠനത്തിനായി ഉപയോഗിച്ചിരുന്ന പ്രമുഖ സ്വകാര്യ വെബ്സൈറ്റുകളിൽനിന്നുള്ളപ്രിന്റൗട്ടുകൾപൗരത്വത്തിനുള്ള തെളിവായി സ്വീകരിച്ചിരുന്നു. എന്നാൽ ഇനി മുതൽ ഇവ കേവലം സഹായ രേഖകൾ മാത്രമായിരിക്കുമെന്നും ഒഫീഷ്യൽ സിവിൽ രജിസ്ട്രിയിൽ നിന്നുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകൾ തന്നെ വേണമെന്നും പുതിയ നിയമം വ്യക്തമാക്കുന്നു.

### 2. 'ചെയിൻ ഓഫ് പ്രൂഫ്' നയവും പുതിയ രേഖാ ചട്ടങ്ങളും

പാരമ്പര്യം തെളിയിക്കുന്നതിനായി അപേക്ഷകർ ഇനി മുതൽ കടുത്ത നിയമപടവുകൾ കടക്കേണ്ടി വരും.

**തലമുറകളുടെ കൃത്യമായ ബന്ധം**: ഒരു വ്യക്തി തന്റെ മുത്തശ്ശൻ വഴിയാണ് പൗരത്വത്തിന് അപേക്ഷിക്കുന്നതെങ്കിൽ, താനും മാതാപിതാക്കളും മുത്തശ്ശനും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്ന ലോങ് ഫോം ബർത്ത് സർട്ടിഫിക്കറ്റുകൾ സമർപ്പിക്കണം. ഇടയ്ക്കുള്ള ഒരു തലമുറയിലെ രേഖകളിൽ പിഴവുണ്ടായാൽ പോലും അപേക്ഷ നിരസിക്കപ്പെടും.

**നിറമുള്ള പകർപ്പുകൾ നിർബന്ധം**: മുൻപ് ബ്ലാക്ക് ആൻഡ് വൈറ്റ് സ്കാൻ കോപ്പികൾ സ്വീകരിച്ചിരുന്നുവെങ്കിൽ, പുതിയ നിർദ്ദേശപ്രകാരം എല്ലാ രേഖകളുടെയും വ്യക്തതയുള്ള കളർ കോപ്പികൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. മങ്ങിയതോ വ്യക്തതയില്ലാത്തതോ ആയ ചിത്രങ്ങൾ അപേക്ഷകൾ തള്ളാൻ കാരണമാകും.

**ശ്രമങ്ങൾ തെളിയിക്കണം**: പഴയ രേഖകൾ ലഭ്യമല്ലെങ്കിൽ, അത് ലഭിക്കുന്നതിനായി ഔദ്യോഗിക സ്ഥാപനങ്ങളുമായി നടത്തിയ ആശയവിനിമയങ്ങളുടെ രേഖകൾ കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കണം. വെറുമൊരു രേഖാമൂലമുള്ള വിശദീകരണം കൊണ്ട് മാത്രം ഇനി ഇളവുകൾ ലഭിക്കില്ല.

### 3. കാനഡയിലെ ഇന്ത്യൻ സമൂഹത്തെ ഈ മാറ്റങ്ങൾ എങ്ങനെ ബാധിക്കും?

ഈ നിയമ പരിഷ്കാരങ്ങൾ കാനഡയിലുള്ള ഇന്ത്യൻ പ്രവാസികൾക്കിടയിൽ സമ്മിശ്ര പ്രതികരണമാണ് ഉണ്ടാക്കുന്നത്.

**പഴയ കുടിയേറ്റക്കാരുടെ ആശങ്ക**: ദശാബ്ദങ്ങൾക്ക് മുൻപ് ഇന്ത്യയിൽ നിന്ന് കാനഡയിലേക്ക് കുടിയേറുകയും പിന്നീട് അവിടുത്തെ പൗരത്വം നേടുകയും ചെയ്ത പല മലയാളി കുടുംബങ്ങളിലെയും കുട്ടികൾ ഇപ്പോൾ ഇന്ത്യയിലോ മറ്റ് വിദേശ രാജ്യങ്ങളിലോ ആണ് ജീവിക്കുന്നത്. തങ്ങളുടെ പേരക്കുട്ടികൾക്ക് കനേഡിയൻ പൗരത്വം സുരക്ഷിതമാക്കാൻ ആഗ്രഹിക്കുന്ന മുതിർന്ന പ്രവാസികൾക്ക് പഴയ ജനനവിവാഹ സർട്ടിഫിക്കറ്റുകൾ ഇന്ത്യയിലെ പ്രാദേശിക ഓഫീസുകളിൽ നിന്ന് കണ്ടെത്തുക എന്നത് വലിയ വെല്ലുവിളിയാകും.

**നിയമപരമായ നൂലാമാലകൾ**: ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും പഴയ കാലത്തെ ജനന രജിസ്ട്രേഷൻ രേഖകൾ ഡിജിറ്റലൈസ് ചെയ്തിട്ടില്ലാത്തതിനാൽ, അവയുടെ ഒറിജിനൽ സർട്ടിഫിക്കറ്റുകൾ കാനഡ ആവശ്യപ്പെടുന്ന ഉന്നത നിലവാരത്തിൽ എത്തിക്കുക പ്രായോഗികമായി ബുദ്ധിമുട്ടാണ്. ഇത് ഇന്ത്യൻ വംശജരായ അപേക്ഷകരുടെ കാത്തിരിപ്പ് സമയം വർദ്ധിപ്പിക്കും.

**വിവേചനമില്ലാത്ത പരിശോധന**: ഈ നിയമം പ്രധാനമായും അമേരിക്കൻ വംശജരായ അപേക്ഷകരെയാണ് ബാധിക്കുന്നതെങ്കിലും, വിവേചനമില്ലാത്ത കർശന പരിശോധന കാരണം ഇന്ത്യൻ അപേക്ഷകരുടെ ഫയലുകളും ദീർഘകാലം കെട്ടിക്കിടക്കാൻ സാധ്യതയുണ്ട്.

### 4. ഭാവി കുടിയേറ്റ സാധ്യതകളിലെ പ്രതിഫലനങ്ങൾ

ഈ ചട്ടങ്ങൾ കാനഡയിലേക്കുള്ള ഭാവി ജനസംഖ്യാ ഒഴുക്കിനെ സ്വാധീനിക്കാൻ പോകുന്ന ഘടകങ്ങളാണ്.

**എക്സ്പ്രസ് എൻട്രിക്ക് മുകളിലുള്ള സമ്മർദ്ദം**: പാരമ്പര്യം വഴിയുള്ള പൗരത്വത്തിന് നിയന്ത്രണങ്ങൾ വരുന്നതോടെ, സാധാരണ പ്രൊഫഷണലുകൾ ആശ്രയിക്കുന്ന എക്സ്പ്രസ് എൻട്രി, പ്രൊവിൻഷ്യൽ നോമിനി പ്രോഗ്രാം തുടങ്ങിയവയിലേക്ക് ആളുകൾ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കും. ഇത് സാധാരണ കുടിയേറ്റ വിപണിയിലെ മത്സരം വർദ്ധിപ്പിക്കും.

**മാർക്ക് കാർണി ഗവൺമെന്റിന്റെ നയം**: കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണിയുടെ നേതൃത്വത്തിലുള്ള ഭരണകൂടം രാജ്യത്തെ ജനസംഖ്യാ വളർച്ചയും അടിസ്ഥാന സൗകര്യങ്ങളും തമ്മിൽ സന്തുലിതാവസ്ഥ കൊണ്ടുവരാൻ ശ്രമിക്കുകയാണ്. പൗരത്വ നിയമങ്ങളിലെ ഈ കടുപ്പങ്ങൾ കുടിയേറ്റക്കാരുടെ എണ്ണം നിയന്ത്രിക്കാനുള്ള തന്ത്രപരമായ നീക്കമായി മാറ്റാൻ ഒട്ടാവയ്ക്ക് സാധിക്കും.

**സുസ്ഥിരമായ സാമൂഹിക വളർച്ച**: വിദേശത്തുനിന്നുള്ള വംശാവലി അപേക്ഷകൾ കർശനമായി പരശോധിക്കുന്നതിലൂടെ രാജ്യത്തിന്റെ ആഭ്യന്തര സുരക്ഷയും നിയമപരമായ സമഗ്രതയും സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് പുതിയ ഗവർണർ ജനറൽ ലൂയിസ് ആർബറിന്റെ ഓഫീസ് വിലയിരുത്തുന്നു.

### 5. ആഗോള പ്രതികരണങ്ങളും മാനുഷിക നയങ്ങളും

അന്താരാഷ്ട്ര തലത്തിൽ കാനഡയുടെ ഈ കർശന നടപടി വലിയ ചർച്ചകൾക്ക് വഴിവെച്ചിട്ടുണ്ട്.

**അമേരിക്കൻ അപേക്ഷകരുടെ പ്രതിഷേധം**: കാനഡയുടെ പാരമ്പര്യ പൗരത്വത്തിനായി അപേക്ഷിച്ചവരിൽ പകുതിയിലധികവും അമേരിക്കക്കാരാണ്. രേഖകൾ സമർപ്പിക്കാൻ കാനഡ നൽകിയ കുറഞ്ഞ സമയപരിധിക്കെതിരെ യുഎസ് വംശാവലി സംഘടനകൾ രംഗത്തെത്തിയിട്ടുണ്ട്.

**വത്തിക്കാന്റെ സന്ദേശം**: രാജ്യങ്ങളുടെ അതിർത്തി സുരക്ഷയും നിയമ ചട്ടങ്ങളും ആവശ്യമാണെങ്കിലും, കുടുംബബന്ധങ്ങളെ വേർപെടുത്തുന്ന രീതിയിലേക്ക് നിയമങ്ങൾ കഠിനമാകരുതെന്ന് വത്തിക്കാനിൽ നിന്ന് ലിയോ പതിനാലാമൻ മാർപാപ്പ ഓർമ്മിപ്പിച്ചു. കുടിയേറ്റ പ്രക്രിയകൾ എപ്പോഴും മനുഷ്യത്വപരമായ മൂല്യങ്ങൾക്ക് മുൻഗണന നൽകുന്നതാകണമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

**അപേക്ഷകർ ചെയ്യേണ്ടത്**: നിലവിൽ അപേക്ഷ സമർപ്പിച്ചവരും വരാനിരിക്കുന്നവരും തങ്ങളുടെ വംശാവലി രേഖകൾ കൃത്യമാണെന്ന് ഇമിഗ്രേഷൻ വക്കീലന്മാരുടെ സഹായത്തോടെ ഉറപ്പാക്കണം.

പാരമ്പര്യ പൗരത്വ നിയമങ്ങളിലെ ഈ പുതിയ അപ്ഡേറ്റുകൾ അപേക്ഷകർക്ക് താൽക്കാലിക ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ടെങ്കിലും, കാനഡയുടെ ഇമിഗ്രേഷൻ സിസ്റ്റത്തിന്റെ വിശ്വാസ്യത നിലനിർത്താൻ ഇത് ആവശ്യമാണെന്നാണ് വിലയിരുത്തപ്പെടുന്നത്. കൃത്യമായ യഥാർത്ഥ രേഖകൾ കൈവശമുള്ളവർക്ക് ഈ പരിഷ്കാരങ്ങൾ വലിയ തടസ്സമാകില്ല.

# റിയൽ എസ്റ്റേറ്റും ഡിജിറ്റൽ വിപണിയും കീഴടക്കി ട്രംപ്; ആസ്തിയിൽ റെക്കോർഡ് വർധന

ഭരണാധികാരികളുടെ ബിസിനസ്സ് താൽപ്പര്യങ്ങൾ ക്രിപ്റ്റോ വിപണിയെ എങ്ങനെ സ്വാധീനിക്കുന്നു എന്നതിന്റെ വിവരങ്ങളാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്. യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് തന്റെ ക്രിപ്റ്റോ ടോക്കണുകളിലൂടെയും മീം കോയിൻ വിപണനത്തിലൂടെയും കഴിഞ്ഞ വർഷം 1.2 ബില്യൺ ഡോളറിന്റെ വരുമാനമുണ്ടാക്കിയതായി ഗവൺമെന്റ് എത്തിക്സ് ഓഫിസ് സ്ഥിരീകരിച്ചിരിക്കുകയാണ്.

ട്രംപ് ബ്രാൻഡ് ഉൽപ്പന്നങ്ങളായ വാച്ചുകൾ (4.7 മില്യൺ ഡോളർ), ഷൂസ്, ബൈബിൾ എന്നിവയുടെ വിൽപനയ്ക്ക് പുറമെയാണിത്.

### തകർന്നടിഞ്ഞ് കോയിൻ മൂല്യങ്ങൾ

2025ജനുവരിയിൽപുറത്തിറങ്ങുമ്പോൾ 74 ഡോളറിലധികം മൂല്യമുണ്ടായിരുന്ന ട്രംപ് മീം കോയിന്റെ വില നിലവിൽ വെറും 1.68 ഡോളറിലേക്ക് കൂപ്പുകുത്തി. സെപ്തംബറിൽ വിപണിയിലെത്തിയ വേൾഡ് ലിബർട്ടി ഗവേണൻസ് ടോക്കണുകളുടെ മൂല്യത്തിലും 80 ശതമാനത്തിന്റെ ഇടിവാണ് രേഖപ്പെടുത്തിയത്. കമ്പനിയിൽ യാതൊരു ഉടമസ്ഥാവകാശവും നൽകാത്ത ഇത്തരം ടോക്കണുകളുടെ അപകട സാധ്യതകളെക്കുറിച്ച് റെഗുലേറ്റർമാർ നേരത്തെ മുന്നറിയിപ്പ് നൽകിയിരുന്നെങ്കിലും നിക്ഷേപകർ ഇത് അവഗണിക്കുകയായിരുന്നു.

### റിയൽ എസ്റ്റേറ്റിലെ കുതിപ്പ്

ക്രിപ്റ്റോയ്ക്ക് പുറമെ ട്രംപിന്റെ പരമ്പരാഗത റിയൽ എസ്റ്റേറ്റ് ബിസിനസിലും വൻ വരുമാന വർധനയുണ്ടായി. ഫ്ലോറിഡയിലെ മാർ എ ലാഗോ എസ്റ്റേറ്റിൽ നിന്ന് മാത്രം കഴിഞ്ഞ വർഷം 77 ദശലക്ഷം ഡോളറാണ് ട്രംപ് നേടിയത് (50% വർധനവ്). റൊമാനിയ, ഖത്തർ, യുഎഇ, സൗദി അറേബ്യ എന്നിവിടങ്ങളിൽ നിന്നുള്ള കോടിക്കണക്കിന് രൂപയുടെ വരുമാനവും ട്രംപിന്റെ ആസ്തി 6 ബില്യൺ ഡോളറിലേക്ക് എത്തിക്കാൻ സഹായിച്ചു. തന്റെ ബിസിനസുകൾ മക്കൾ കൈകാര്യം ചെയ്യുന്ന ട്രസ്റ്റിന് കൈമാറിയതിനാൽ തനിക്ക് ഇതിൽ പങ്കില്ലെന്നാണ് ട്രംപിന്റെ വാദം. എന്നാൽ പ്രസിഡന്റിന്റെ നയപരമായ തീരുമാനങ്ങൾ ഈ ബിസിനസുകൾക്കെല്ലാം വൻ ലാഭമുണ്ടാക്കിക്കൊടുത്തു എന്ന് തന്നെയാണ് എത്തിക്സ് ഓഫിസ് റിപ്പോർട്ട് വ്യക്തമാക്കുന്നത്.

### അധികാര കസേരയും നയതന്ത്ര ബിസിനസ്സും

ബൈഡൻ ഭരണകൂടം ക്രിപ്റ്റോ വിപണിക്ക് ഏർപ്പെടുത്തിയിരുന്ന കർശന നിയന്ത്രണങ്ങൾ ട്രംപ് അധികാരമേറ്റ ഉടൻതന്നെറദ്ദാക്കിയിരുന്നു. ഈസർക്കാർ ഇടപെടലുകളാണ് ട്രംപിന്റെ സ്വന്തം ക്രിപ്റ്റോ സംരംഭങ്ങൾക്ക് വൻ കുതിപ്പുണ്ടാക്കിയത്. തന്റെ മുഖം പതിപ്പിച്ച മീം കോയിനുകൾ വിറ്റഴിച്ച് 600 ദശലക്ഷം ഡോളറും, വേൾഡ് ലിബർട്ടി ഫിനാൻഷ്യൽ വഴി 500 ദശലക്ഷം ഡോളറും ട്രംപ് സ്വന്തമാക്കി. എന്നാൽ ട്രംപ് ലാഭം കൊയ്തതിന് പിന്നാലെ വിപണിയിൽ ഈ കോയിനുകളുടെ മൂല്യം 80 ശതമാനം വരെ ഇടിഞ്ഞു. സാധാരണ നിക്ഷേപകർക്ക് കോടികളുടെ നഷ്ടം നേരിട്ടപ്പോഴാണ് പ്രസിഡന്റ് പണക്കാരനായത്.



### വിദേശ രാജ്യങ്ങളിലെ റിസോർട്ട് നയതന്ത്രം

അമേരിക്കയുമായി താരിഫ് ഇളവുകൾക്കുംസൈനികസഹായത്തിനുമായിചർച്ച നടത്തുന്ന വിദേശ രാജ്യങ്ങളിലാണ് ട്രംപിന്റെ റിയൽ എസ്റ്റേറ്റ് ബിസിനസുകൾ തഴച്ച് വളരുന്നത്. യുഎഇ, സൗദി അറേബ്യ എന്നി രാജ്യങ്ങലിൽ നിന്നും യഥാക്രമം 10.4, 9 ദശലക്ഷം ഡോളർ ട്രംപിന്റെ കമ്പനി നേടി. ഇതിന് പിന്നാലെ സൗദിക്ക് യുഎസ് യുദ്ധവിമാനങ്ങൾ കൈമാറി. വിയറ്റ്നാമിലെ പുതിയ റിസോർട്ടിൽ നിന്ന് 5 ദശലക്ഷം ഡോളർ നേടിയതിന് പിന്നാലെ വിയറ്റ്നാമിന് താരിഫ് ഇളവുകൾ ലഭിച്ചു. ഖത്തറിന് നൂതന സാങ്കേതിക വിദ്യകളും കൈമാറി.

### ജസ്റ്റിൻ സൺ വിവാദം

ചൈനീസ് ശതകോടീശ്വരനായ ജസ്റ്റിൻ സൺ ട്രംപിന്റെ ക്രിപ്റ്റോയിൽ വൻ നിക്ഷേപം നടത്തിയിരുന്നു. നിക്ഷേപകരെ കബളിപ്പിച്ചതിന് ജസ്റ്റിൻ സണ്ണിനെതിരെയുണ്ടായിരുന്ന ഫെഡറൽ കേസ് കഴിഞ്ഞ വർഷം ഫെബ്രുവരിയിൽ മരവിപ്പിക്കുകയും 10 ദശലക്ഷം ഡോളർ പിഴയിൽ ഒതുക്കുകയും ചെയ്തു. എന്നാൽ ഈ കേസും തന്റെ നിക്ഷേപവും തമ്മിൽ ബന്ധമില്ലെന്നാണ് സണ്ണിന്റെ വാദം. തന്റെ സാമ്പത്തിക കാര്യങ്ങൾ മക്കളാണ് നോക്കുന്നതെന്നും താൻ രാജ്യ താൽപര്യത്തിന് അനുസരിച്ചാണ് പ്രവർത്തിക്കുന്നതെന്നുമാണ് വൈറ്റ് ഹൗസിന്റെയും ട്രംപ് ഓർഗനൈസേഷന്റെയും ഔദ്യോഗിക വിശദീകരണം.

### വൈറ്റ് ഹൗസിന്റെ വിശദീകരണം

അതേസമയം ഉയർന്നുവരുന്ന ആക്ഷേപങ്ങളെ വൈറ്റ് ഹൗസും ട്രംപ് ഓർഗനൈസേഷനും പ്രതിരോധിച്ചു. ട്രംപ് തന്റെ ബിസിനസുകൾ മക്കൾ കൈകാര്യം ചെയ്യുന്ന ഒരു ട്രസ്റ്റിന് കൈമാറിയിട്ടുണ്ടെന്നും രാജ്യത്തിന്റെ താത്പര്യം മുൻനിർത്തി മാത്രമാണ് അദ്ദേഹം പ്രവർത്തിക്കുന്നതെന്നുമാണ് വൈറ്റ് ഹൗസ് വിശദീകരിക്കുന്നത്. വിദേശത്തെ ഇടപാടുകൾ പൂർണ്ണമായും സ്വകാര്യ കമ്പനികളുമായാണെന്ന് ട്രംപ് ഓർഗനൈസേഷനും പ്രതികരിച്ചു.

# ന്യൂയോർക്ക് നഗരം സ്തംഭിക്കും; ആയിരം അതിഥികളും സംഗീത നിശയുമായി ടെയ്‌ലർ–ട്രാവിസ് വിവാഹാഘോഷം!



ആഗോള പോപ്പ് ഗായിക ടെയ്‌ലർ സ്വിഫ്റ്റും അമേരിക്കൻ ഫുട്ബോൾ താരം ട്രാവിസ് കെൽസിയും തമ്മിലുള്ള വരാനിരിക്കുന്ന വിവാഹം വെറുമൊരു ചടങ്ങല്ല, മറിച്ച് ന്യൂയോർക്ക് നഗരത്തിന്റെ ഒരു ഭാഗത്തെത്തന്നെ പൂർണ്ണമായും നിശ്ചലമാക്കാൻ പോകുന്ന ഒരു മഹാവിസ്മയമായിരിക്കുമെന്നാണ് ഏറ്റവും പുതിയ ഹോളിവുഡ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ന്യൂയോർക്കിലെ ചരിത്രപ്രസിദ്ധമായ മാഡിസൺ സ്ക്വയർ ഗാർഡൻ സ്റ്റേഡിയത്തിൽ വെച്ച് ദിവസങ്ങൾ നീണ്ടുനിൽക്കുന്ന വൻ വിവാഹാഘോഷങ്ങളാണ് ദമ്പതികൾ ആസൂത്രണം ചെയ്യുന്നത്. ആയിരത്തിലധികം അതിഥികൾ പങ്കെടുക്കുന്ന ചടങ്ങിനായി നഗരത്തിൽ വൻ സുരക്ഷാ ക്രമീകരണങ്ങളും ഗതാഗത നിയന്ത്രണങ്ങളുമാണ് ഏർപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. വിവാഹത്തോടനുബന്ധിച്ച് ജൂലൈ 3-ന് മാഡിസൺ സ്ക്വയർ ഗാർഡന് ചുറ്റുമുള്ള റോഡുകൾ അടച്ചിടുന്നതിനായി അണിയറപ്രവർത്തകർ ന്യൂയോർക്ക് സിറ്റി അധികൃതരിൽ നിന്നും അനുമതി വാങ്ങിയിട്ടുണ്ട്. ആരാധകരുടെയും മാധ്യമങ്ങളുടെയും വൻ തിരക്ക് പ്രതീക്ഷിക്കുന്നതിനാൽ ന്യൂയോർക്ക് പോലീസ് ഡിപ്പാർട്ട്മെന്റ് പ്രത്യേക സുരക്ഷാ സന്നാഹമാണ് പ്രദേശത്ത് ഒരുക്കുന്നത്. ഫോട്ടോഗ്രാഫർമാരിൽ നിന്നും ഹെലികോപ്റ്ററുകളിൽ നിന്നും ദൃശ്യങ്ങൾ ചോരാതിരിക്കാൻ ജനലുകളില്ലാത്ത മാഡിസൺ സ്ക്വയർ ഗാർഡൻ തിരഞ്ഞെടുത്തത് തന്നെ സുരക്ഷ മുൻനിർത്തിയാണ്. കൂടാതെ, വിവാഹ വിവരങ്ങൾ ചോരാതിരിക്കാൻ അതിഥികൾക്ക് നൽകിയ ക്ഷണക്കത്തുകളിൽ പ്രത്യേക വാട്ടർമാർക്കുകൾ വരെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നാണ് റിപ്പോർട്ടുകൾ. വിവാഹ ചടങ്ങിന് തലേദിവസം നൂറോളം അടുത്ത സുഹൃത്തുക്കൾക്കായി പ്രത്യേക വിരുന്നും സ്റ്റേഡിയത്തിൽ ഒരുക്കിയിട്ടുണ്ട്. സംഗീത ലോകത്തെ പ്രമുഖരായ സ്റ്റീവി നിക്സ്, ടിം മക്ഗ്രോ എന്നിവരുടെ പ്രത്യേക പ്രകടനങ്ങളും ചടങ്ങിൽ ഉണ്ടായേക്കുമെന്ന് സൂചനയുണ്ട്.

## 'സിംഗിളാണ്, 10 വർഷമായി പ്രണയത്തിലായിട്ടില്ല'; ആഞ്ജലീന ജോളി



ഹോളിവുഡ് സിനിമാ ലോകത്തെ എക്കാലത്തെയും പ്രിയപ്പെട്ട ദമ്പതികളായിരുന്ന ബ്രാഡ് പിറ്റും ആഞ്ജലീന ജോളിയും വേർപിരിഞ്ഞതിന് ശേഷം ഇവരുടെ വ്യക്തിജീവിതത്തെക്കുറിച്ചുള്ള ചർച്ചകൾ എപ്പോഴും മാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കാറുണ്ട്. ബ്രാഡ് പിറ്റിന്റെ പുതിയ പങ്കാളിയായ ഇനെസ് ഡി റാമോണിനെക്കുറിച്ച് വിവരങ്ങൾ പുറത്തുവന്നിട്ടുണ്ടെങ്കിലും ആഞ്ജലീന തന്റെ വ്യക്തിജീവിതം രഹസ്യമായി സൂക്ഷിക്കുകയായിരുന്നു. എന്നാൽ ഇപ്പോൾ വർഷങ്ങൾക്ക് ശേഷം തന്റെ പ്രണയജീവിതത്തെക്കുറിച്ചും സിംഗിൾ മദർ എന്ന നിലയിലുള്ള ജീവിതത്തെക്കുറിച്ചും മനസ്സ് തുറന്നിരിക്കുകയാണ് താരം. തന്റെ പുതിയ ചിത്രമായ 'കൂട്ടൂർ' എന്ന സിനിമയുടെ പ്രൊമോഷന്റെ ഭാഗമായി യാഹൂ എന്റർടൈൻമെന്റിന് നൽകിയ അഭിമുഖത്തിലാണ് 51കാരിയായ ആഞ്ജലീന ജോളി മനസ്സ് തുറന്നത്. ബ്രാഡ് പിറ്റുമായുള്ള വേർപിരിയലിന് ശേഷം കഴിഞ്ഞ പത്ത് വർഷമായി താൻ ആരുമായും പ്രണയത്തിലായിട്ടില്ലെന്ന് താരം വെളിപ്പെടുത്തി. എന്നാൽ ഇപ്പോൾ കുട്ടികളെല്ലാം വളർന്നുവെന്നും താൻ വെറുമൊരു അമ്മയായി മാത്രം ഒതുങ്ങിക്കൂടാതെ സ്വന്തം ജീവിതത്തിലേക്ക് തിരിച്ചുവരണമെന്ന് അവർ ആഗ്രഹിക്കുന്നുണ്ടെന്നും താരം വ്യക്തമാക്കി.കുട്ടികളാണ് തന്റെ കരുത്തെന്നും ലോകം ചുറ്റി സഞ്ചരിക്കാനും ജീവിതം ആസ്വദിക്കാനും അവർ തന്നെ പ്രോത്സാഹിപ്പിക്കുന്നുണ്ടെന്നും ആഞ്ജലീന കൂട്ടിച്ചേർത്തു.

## 'ഏകഭാര്യത്വം സൗകര്യപ്രദവും ബഹുഭാര്യത്വം രസകരവുമാണ്;' കമൽഹാസൻ



ഇതിഹാസ നടനും സംവിധായകനുമായ കമൽഹാസന്റെ സിനിമാജീവിതം പോലെത്തന്നെ അദ്ദേഹത്തിന്റെ വ്യക്തിജീവിതവും എപ്പോഴും മാധ്യമങ്ങളിലും ജനങ്ങൾക്കിടയിലും വലിയ രീതിയിൽ ചർച്ചചെയ്യപ്പെട്ടിട്ടുള്ള ഒന്നാണ്. എന്നാൽ തന്റെ കലാജീവിതത്തിന് പ്രാധാന്യം നൽകുന്നതിന് പകരം, ആളുകൾ തന്റെ വ്യക്തിപരമായ കാര്യങ്ങളിലും പ്രണയബന്ധങ്ങളിലും അമിതമായി ശ്രദ്ധ ചെലുത്തുന്നതിൽ തനിക്കുള്ള അതൃപ്തി താരം ഒരിക്കൽ പരസ്യമായി പ്രകടിപ്പിച്ചിരുന്നു. 'കമൽഹാസൻ വിവാഹങ്ങൾ കൊണ്ടല്ല പ്രശസ്തൻ, ജോലി നന്നായി ചെയ്യുന്നതുകൊണ്ടാണ്. ആർക്കും വിവാഹം കഴിക്കാം. എന്നാൽ കഥകൾ അവതരിപ്പിക്കുക, നിർമ്മാതാവാകുക, സിനിമ സംവിധാനം ചെയ്യുക, എഴുതുക എന്നിവയെല്ലാം വലിയ കാര്യങ്ങളാണ്,' എന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.നർത്തകിയായ വാണി ഗണപതി (1978–1988), നടി സരിക ഠാക്കൂർ (1988–2004) എന്നിവരുമായുള്ള അദ്ദേഹത്തിന്റെ വിവാഹബന്ധങ്ങൾ വേർപിരിയലിലാണ് കലാശിച്ചത്. പിന്നീട് നടി ഗൗതമിയുമായി ഒരു ദശകത്തിലേറെ ലിവിങ് റിലേഷനിലായിരുന്ന അദ്ദേഹം.

# തന്റെ ആഡംബര ബംഗ്ലാവ് വിൽക്കാനൊരുങ്ങി ജെന്നർ



ആഗോളതലത്തിൽ ദശലക്ഷക്കണക്കിന് ആരാധകരുള്ള പ്രശസ്ത അമേരിക്കൻ റിയാലിറ്റി ടിവി താരവും വ്യവസായിയുമായ കൈലി ജെന്നർ തന്റെ ഉടമസ്ഥതയിലുള്ള ആഡംബര ബംഗ്ലാവ് വൻ വിലക്കുറവിൽ വിൽക്കാൻ ഒരുങ്ങുന്നു. ലോസ് ആഞ്ചലസിലെ ഏറ്റവും പ്രശസ്തമായ ഹോംബി ഹിൽസ് പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഈ കോൺക്രീറ്റ് കൊട്ടാരം ആദ്യം 48 മില്യൺ ഡോളറിനാണ് (ഏകദേശം 400 കോടിയിലധികം രൂപ) വിൽക്കാൻ വെച്ചിരുന്നത്. എന്നാൽ മാസങ്ങൾ കഴിഞ്ഞിട്ടും അനുയോജ്യമായ ഒരാളെ കണ്ടെത്താൻ കഴിയാത്തതിനെ തുടർന്ന് ഇപ്പോൾ വിലയിൽ ഏകദേശം 10 മില്യൺ ഡോളർ (83 കോടിയിലധികം രൂപ) കുറച്ച്, 38.5 മില്യൺ ഡോളറിനാണ് വീട് വീണ്ടും വിപണിയിൽ എത്തിച്ചിരിക്കുന്നത്.2020-ൽ 36.5 മില്യൺ ഡോളറിന് വാങ്ങിയ ഈ വസതി കഴിഞ്ഞ ഡിസംബറിലാണ് കൈലി ആദ്യമായി വിൽക്കാൻ ശ്രമിച്ചത്. അതിനുശേഷം വിപണിയിൽ നിന്നും താൽക്കാലികമായി പിൻവലിച്ച വീട്, ഇപ്പോൾ പുതിയ ചിത്രങ്ങളും സുരക്ഷാ വിവരങ്ങളും ഉൾപ്പെടുത്തിയാണ് വീണ്ടും വിൽപനയ്ക്ക് വെച്ചിരിക്കുന്നത്.പ്രശസ്ത നടനും കൈലിയുടെ പങ്കാളിയുമായ തിമോത്തി ചാലമേറ്റ് കഴിഞ്ഞ കുറച്ചുകാലമായി ഈ വീട്ടിലായിരുന്നു താമസം. അത്യാധുനികമായ ബാസ്കറ്റ്ബോൾ കോർട്ട്, ജിം, അത്യാധുനിക തിയേറ്റർ, വലിയ സ്വിമ്മിംഗ് പൂൾ എന്നിവയെല്ലാം 15,320 ചതുരശ്ര അടിയിൽ പരന്നുകിടക്കുന്ന ഈ വമ്പൻ ബംഗ്ലാവിലുണ്ട്.ഏഴ് കിടപ്പുമുറികളും പതിനാല് ബാത്റൂമുകളും ഉള്ള ഈ ആഡംബര വീട് കൂടാതെ തന്റെ മറ്റൊരു വലിയ സ്വത്തായ ഹിഡൻ ഹിൽസിലെ വസതിയും വിൽക്കാനുള്ള ശ്രമത്തിലാണ് കൈലി ജെന്നർ. തന്റെ പത്തൊൻപതാം വയസ്സിൽ വാങ്ങിയ ആ വീടിന് ഇപ്പോൾ 17.99 മില്യൺ ഡോളറാണ് വിലയിട്ടിരിക്കുന്നത്. ആറ് വർഷത്തോളം നീണ്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് ശേഷം പൂർത്തിയായ തന്റെ പുതിയ വസതിയിലേക്ക് കൈലി അടുത്തിടെ താമസം മാറിയിരുന്നു.





# പാ രഞ്ജിത്ത് ചിത്രത്തിലൂടെ തമിഴകത്തേക്ക് ചുവടുവെക്കാൻ ജാൻവി കപൂർ

ബോളിവുഡിന് പിന്നാലെ തെന്നിന്ത്യൻ സിനിമാ ലോകത്തും തന്റേതായ ഇടം കണ്ടെത്താനൊരുങ്ങി യുവനടി ജാൻവി കപൂർ. ജൂനിയർ എൻടിആർ ചിത്രം 'ദേവര', രാം ചരൺ ചിത്രം 'പെദ്ദി' എന്നിവയിലൂടെ തെലുങ്കിൽ സാന്നിധ്യമറിയിച്ച താരം ഇനി തമിഴിലേക്കും ചുവടുവെക്കുന്നു എന്നാണ് പുതിയ റിപ്പോർട്ടുകൾ.പ്രമുഖ തമിഴ് സംവിധായകൻ പാ രഞ്ജിത്തിന്റെ നീലം പ്രൊഡക്ഷൻസ് നിർമ്മിച്ച്, സർഗുണം സംവിധാനം ചെയ്യുന്ന 'കുരത്തി' എന്ന വെബ് സീരീസിലൂടെയാണ് ജാൻവി തമിഴിൽ അരങ്ങേറ്റം കുറിക്കുന്നത് എന്നാണ് സിനിമാ ലോകത്തെ പുതിയ ചർച്ചകൾ. എന്നാൽ ഈ പ്രോജക്റ്റുമായി ബന്ധപ്പെട്ട ഔദ്യോഗിക പ്രഖ്യാപനം അണിയറപ്രവർത്തകർ ഇതുവരെ നടത്തിയിട്ടില്ല. മറാഠി ഹിറ്റ് ചിത്രം 'സൈറാത്തിന്റെ' റീമേക്കായ 'ധടക്' എന്ന സിനിമയിലൂടെ 2018-ലാണ് ജാൻവി കപൂർ അഭിനയരംഗത്തേക്ക് കടന്നുവരുന്നത്. തുടർന്ന് ബോളിവുഡിൽ നിരവധി ശ്രദ്ധേയമായ വേഷങ്ങൾ ചെയ്ത താരം 2024-ൽ പുറത്തിറങ്ങിയ 'ദേവര: പാർട്ട് 1' എന്ന ചിത്രത്തിലൂടെയാണ് തെന്നിന്ത്യയിലേക്ക് എത്തിയത്.ചിത്രത്തിന്റെ തമിഴ്നാട് പ്രൊമോഷനിടെ ജാൻവി തമിഴിൽ സംസാരിച്ചത് വലിയ രീതിയിൽ ശ്രദ്ധിക്കപ്പെട്ടിരുന്നു.



അതിനുശേഷം താരം തമിഴിലേക്ക് എത്തുമെന്ന വാർത്തകൾ വന്നിരുന്നെങ്കിലും ഇപ്പോൾ മാത്രമാണ് അതിനൊരു സൂചന ലഭിക്കുന്നത്.

# 'ഡെക്സ്റ്റർ:റിസറക്ഷൻ' രണ്ടാം സീസണിൽ ക്രിസ്റ്റൻ റിട്ടറും!

ഹോളിവുഡ് സിനിമാ പ്രേമികളെയും ത്രില്ലർ ആരാധകരെയും ഒരേപോലെ ആവേശത്തിലാഴ്ത്തിക്കൊണ്ട് സൂപ്പർഹിറ്റ് പരമ്പരയായ 'ഡെക്സ്റ്റർ: റിസറക്ഷൻ' രണ്ടാം സീസണിന്റെ പുതിയ അപ്ഡേറ്റ് പുറത്ത്. ഒന്നാം സീസണിൽ ആരാധകരുടെ പ്രിയപ്പെട്ട കഥാപാത്രമായി മാറിയ ക്രിസ്റ്റൻ റിട്ടർ പരമ്പരയുടെ രണ്ടാം ഭാഗത്തിലും അതിഥി വേഷത്തിൽ എത്തുമെന്നാണ് പുതിയ റിപ്പോർട്ടുകൾ. പാരാമൗണ്ട് പ്ലസ് ഒരുക്കുന്ന ഈ സീരീസിൽ ഏത് വേഷത്തിലാണ് താരം തിരിച്ചെത്തുന്നത് എന്ന കാര്യം അണിയറപ്രവർത്തകർ ഇതുവരെ വെളിപ്പെടുത്തിയിട്ടില്ല.ഒന്നാം സീസണിൽ പകൽ സമയങ്ങളിൽ വൈൻ വിദഗ്ദ്ധയായും രാത്രിയിൽ സീരിയൽ കില്ലറായും ജീവിച്ച 'മിയ' എന്ന ലേഡി വെഞ്ചൻസ് കഥാപാത്രത്തെയാണ് ക്രിസ്റ്റൻ അവതരിപ്പിച്ചത്. കഥ പ്രകാരം ജയിലിൽ വെച്ച് ഈ കഥാപാത്രം കൊല്ലപ്പെടുന്നുണ്ടെങ്കിലും, മൺമറഞ്ഞുപോയ കഥാപാത്രങ്ങളെ വീണ്ടും കഥയിലേക്ക് കൊണ്ടുവരുന്നതിൽ ഡെക്സ്റ്റർ പരമ്പരകൾ എപ്പോഴും പ്രശസ്തമാണ്. ഇരട്ട സഹോദരങ്ങളായോ അതോ ഡെക്സ്റ്ററിന്റെ മനസ്സിലെ വിഭ്രാന്തികളായോ ഒക്കെ കഥാപാത്രങ്ങൾ തിരിച്ചുവരാറുള്ളതിനാൽ ക്രിസ്റ്റന്റെ വരവ് വലിയ ആകാംഷയാണ് പ്രേക്ഷകരിൽ ഉണ്ടാക്കിയിരിക്കുന്നത്. ഉമാ തർമാൻ ചാർലി എന്ന കഥാപാത്രമായി വീണ്ടും എത്തുന്ന രണ്ടാം സീസണിൽ ഹോളിവുഡിലെ വൻ താരനിരയാണ് അണിനിരക്കുന്നത്.

# ബോക്സ് ഓഫീസിൽ തകർന്നടിഞ്ഞ് 'സൂപ്പർഗേൾ'; മിലിക്കെതിരെ വിമർശനം



ഹോളിവുഡിൽ വലിയ പ്രതീക്ഷകളോടെ തിയേറ്ററുകളിലെത്തിയ പുതിയ ഡിസി സൂപ്പർഹീറോ ചിത്രം 'സൂപ്പർഗേൾ' ബോക്സ് ഓഫീസിൽ തകർന്നടിഞ്ഞതിന് പിന്നാലെ ചിത്രത്തിലെ നായിക മിലി ആൽകോക്കിനെതിരെ കടുത്ത വിമർശനവുമായി പ്രശസ്ത ടിവി അവതാരക മേഗൻ കെല്ലി.തന്റെ പുതിയ ടോക്ക് ഷോ എപ്പിസോഡിലാണ് 55-കാരിയായ കെല്ലി, 'ഹൗസ് ഓഫ് ദി ഡ്രാഗൺ' പരമ്പരയിലൂടെ ശ്രദ്ധേയയായ മിലി ആൽകോക്കിനെ വ്യക്തിപരമായി അധിക്ഷേപിക്കുന്ന തരത്തിലുള്ള പ്രസ്താവനകൾ നടത്തിയത്.ചിത്രത്തിന്റെ ആദ്യ വാരത്തിലെ മോശം കളക്ഷൻ വിവരങ്ങൾ പങ്കുവെച്ചുകൊണ്ടായിരുന്നു കെല്ലിയുടെ പ്രതികരണം. ബലം പ്രയോഗിച്ച് പ്രേക്ഷകരുടെ മേൽ അടിച്ചേൽപ്പിക്കുന്ന 'ഗേൾബോസ്' സിനിമകളുടെ കാലം കഴിഞ്ഞെന്നും ഇത്തരം സ്ത്രീ കേന്ദ്രീകൃത സൂപ്പർഹീറോ സിനിമകൾ കാണാൻ ഇനി ആളുകൾക്ക് താല്പര്യമില്ലെന്നും മേഗൻ കെല്ലി തുറന്നടിച്ചു.ചിത്രത്തിലെ നായികയായ മിലി തികച്ചും അരോചകമായ രീതിയിലാണ് പെരുമാറുന്നതെന്നും മുൻപ് 'സ്നോ വൈറ്റ്' ചിത്രത്തിലെ നായിക റേച്ചൽ സെഗ്ലർ നേരിട്ടതുപോലെയുള്ള ജനരോഷമാണ് മിലിയും ഇപ്പോൾ നേരിടുന്നതെന്നും കെല്ലി പറഞ്ഞു. നടിയുടെ ഉയരത്തെയും രൂപത്തെയും പരിഹസിച്ച കെല്ലി, സ്ത്രീകളെ കേന്ദ്രീകരിച്ച് നിർമ്മിക്കുന്ന ഇത്തരം ചിത്രങ്ങളെ പ്രേക്ഷകർ പൂർണ്ണമായും തള്ളിക്കളയുന്നു എന്നതിന് ദി ന്യൂയോർക്ക് ടൈംസ് പുറത്തുവിട്ട കണക്കുകൾ തെളിവാണെന്നും വ്യക്തമാക്കി.

# രാമായണം മുതൽ ആൽഫ വരെ! ഇന്ത്യൻ സിനിമാലോകം കാത്തിരിക്കുന്ന 10 ചിത്രങ്ങൾ



സിനിമാ പ്രേമികൾ ഏറെ ആകാംഷയോടെ കാത്തിരിക്കുന്ന ഇന്ത്യൻ ചിത്രങ്ങളുടെ പുതിയ പട്ടിക പ്രമുഖ സിനിമാ ഡാറ്റാബേസ് വെബ്സൈറ്റായ ഐഎംഡിബി പുറത്തുവിട്ടു. വർഷത്തിന്റെ രണ്ടാം പകുതിയിൽ തിയേറ്ററുകളിലും ഒടിടി പ്ലാറ്റ്ഫോമുകളിലുമായി റിലീസിനൊരുങ്ങുന്ന ചിത്രങ്ങളുടെ ജനപ്രീതിയും തിരച്ചിലുകളും മുൻനിർത്തിയാണ് ഈ പട്ടിക തയ്യാറാക്കിയിരിക്കുന്നത്. ബോളിവുഡ് താരം റൺബീർ കപൂർ നായകനാകുന്ന ബിഗ് ബജറ്റ് ചിത്രം 'രാമായണം' ആണ് മറ്റെല്ലാ ചിത്രങ്ങളെയും പിന്നിലാക്കി ഈ പട്ടികയിൽ ഒന്നാം സ്ഥാനം സ്വന്തമാക്കിയത്. ആലിയ ഭട്ടിന്റെ ആക്ഷൻ ചിത്രം 'ആൽഫ', യഷിന്റെ 'ടോക്സിക്' എന്നിവയാണ് തൊട്ടുപിന്നാലെയുള്ളത്.

**രാമായണം (ഭാഗം1)**:നിതേഷ് തിവാരി സംവിധാനം ചെയ്യുന്ന ഈ ഇതിഹാസ കാവ്യത്തിൽ റൺബീർ കപൂർ ശ്രീരാമനായും, സായ് പല്ലവി സീതയായും, യഷ് രാവണനായും വേഷമിടുന്നു. രണ്ട് ഭാഗങ്ങളായി ഒരുങ്ങുന്ന ഈ ചിത്രത്തിന്റെ ആദ്യ പകുതി ഈ ദീപാവലിക്ക് തിയേറ്ററുകളിലെത്തും.




**ആൽഫ**:യഷ് രാജ് ഫിലിംസിന്റെ സ്പൈ യൂണിവേഴ്സിലെ ആദ്യ വനിതാ കേന്ദ്രീകൃത ചിത്രമാണിത്. ആലിയ ഭട്ട്, ശർവരി എന്നിവർ പ്രധാന വേഷങ്ങളിലെത്തുന്ന ചിത്രം ജൂലൈ മൂന്നിന് റിലീസ് ചെയ്യും.

**ടോക്സിക്**: ഗീതു മോഹൻദാസ് സംവിധാനം ചെയ്യുന്ന ഈ കന്നഡ ഗാങ്സ്റ്റർ ചിത്രത്തിൽ യഷ് ആണ് നായകൻ. നയൻതാര, കിയാര അദ്വാനി തുടങ്ങിയവർ അണിനിരക്കുന്ന ചിത്രത്തിന്റെ റിലീസ് ഓഗസ്റ്റ് മാസത്തിലേക്ക് മാറ്റിയിട്ടുണ്ട്.

**കിങ്**: ബോളിവുഡ് ബാദ്ഷാ ഷാരൂഖ് ഖാനും മകൾ സുഹാന ഖാനും ആദ്യമായി ഒന്നിക്കുന്ന ആക്ഷൻ ചിത്രമാണിത്. ദീപിക പദുകോൺ, അഭിഷേക് ബച്ചൻ തുടങ്ങിയ താരനിര ഇതിലുണ്ട്.

**ധമാൽ4**: ഇന്ദ്ര കുമാർ സംവിധാനം ചെയ്യുന്ന സൂപ്പർഹിറ്റ് കോമഡി ഫ്രാഞ്ചൈസിയുടെ നാലാം ഭാഗമാണിത്. അജയ് ദേവ്ഗൺ, റിതേഷ് ദേശ്മുഖ്, അർഷാദ് വാർസി എന്നിവരാണ് പ്രധാന വേഷങ്ങളിൽ.




**ദൃശ്യം3**: വിജയ് സാൽഗോങ്കറായി അജയ് ദേവ്ഗൺ വീണ്ടുമെത്തുന്ന സൂപ്പർഹിറ്റ് സസ്പെൻസ് ത്രില്ലറിന്റെ മൂന്നാം ഭാഗം ഒക്ടോബർ രണ്ടിന് തിയേറ്ററുകളിലെത്തും.

**വിശ്വനാഥ് ആന്റ് സൺസ്**: തമിഴ് താരം സൂര്യ നായകനാകുന്ന ഈ ചിത്രം ഒരു അന്താരാഷ്ട്ര ഷൂട്ടറുടെ ജീവിതത്തെയും അദ്ദേഹത്തിന്റെ കുടുംബ പശ്ചാത്തലത്തെയും കുറിച്ചുള്ള കഥയാണ് സംസാരിക്കുന്നത്.

**മിർസാപൂർ ദ മൂവി**:പ്രശസ്ത വെബ് സീരീസായ മിർസാപൂർ ഇപ്പോൾ വലിയ ക്യാൻവാസിൽ സിനിമയായി എത്തുകയാണ്. ചിത്രം സെപ്റ്റംബർ നാലിന് റിലീസ് ചെയ്യും

**ഹൈവാൻ**:പ്രിയദർശൻ സംവിധാനം ചെയ്ത മോഹൻലാൽ ചിത്രം 'ഒപ്പത്തിന്റെ' ഔദ്യോഗിക ഹിന്ദി റീമേക്കാണിത്. അക്ഷയ് കുമാറും സെയ്ഫ് അലി ഖാനുംഒന്നിക്കുന്ന ചിത്രത്തിൽ മോഹൻലാൽ ഒരു പ്രത്യേക അതിഥി വേഷത്തിലും എത്തുന്നുണ്ട്.

**ഊഥ**: മഹാരാഷ്ട്രയിലെ പ്രശസ്ത ലാവണി നാടോടി കലാകാരി വിതാബായി നാരായൺഗാവൻകറുടെ ജീവിതത്തെ ആസ്പദമാക്കി ലക്ഷ്മൺ ഉട്ടേക്കർ സംവിധാനം ചെയ്യുന്ന ജീവചരിത്ര സിനിമയാണിത്. ശ്രദ്ധാ കപൂറാണ് വിതാബായിയായി വേഷമിടുന്നത്.

# ചരിത്രത്തിന്റെ നിഴലിലെ സിന്ധു നദീജല കരാർ

ചരിത്രത്തിന്റെ താളുകളിൽ ചോരയും കണ്ണീരും പടർത്തിയ അധിനിവേശങ്ങളുടെ കഥയാണ് അയൽരാജ്യങ്ങൾ തമ്മിലുള്ള അതിർത്തി തർക്കങ്ങൾ പറയാറുള്ളത്. എന്നാൽ ഇന്ന്, തോക്കുകളിൽ നിന്നും മിസൈലുകളിൽ നിന്നും മാറി യുദ്ധത്തിന്റെ ഭൂമിശാസ്ത്രം നദീതീരങ്ങളിലേക്ക് മാറിയിരിക്കുന്നു. ഇസ്ലാമാബാദിൽ അടുത്തിടെ ഇന്ത്യയുടെ ജലനയങ്ങൾക്കെതിരെ ഉയർന്ന ചില ഔദ്യോഗിക പ്രതികരണങ്ങളും അതിനെത്തുടർന്ന് രാജ്യാന്തര തലത്തിൽ ഉടലെടുത്ത സംവാദങ്ങളും ദക്ഷിണേഷ്യയിൽ പുതിയൊരു നയതന്ത്ര യുദ്ധത്തിന് തിരികൊളുത്തിയിരിക്കുകയാണ്.




സിന്ധു നദീജല കരാറുമായി ബന്ധപ്പെട്ട് ഇന്ത്യ സ്വീകരിക്കുന്ന ഉറച്ച നിലപാടുകൾക്കെതിരെ പാകിസ്താൻ ആഗോള വേദികളിൽ ഉയർത്തുന്ന ആവലാതികൾക്ക് പിന്നിലെ യഥാർത്ഥ ലക്ഷ്യങ്ങളെക്കുറിച്ചാണ് മുൻ നയതന്ത്രജ്ഞൻ കൺവൽ സിബൽ ഉൾപ്പെടെയുള്ള പ്രമുഖർ ഇപ്പോൾ ചോദ്യങ്ങൾ ഉന്നയിക്കുന്നത്.

നിരന്തരമായി ഇന്ത്യക്കെതിരെ പ്രകോപനങ്ങൾ സൃഷ്ടിക്കുകയും അതിർത്തി കടന്നുള്ള ഭീകരത പ്രോത്സാഹിപ്പിക്കുകയും ചെയ്ത ഒരു രാജ്യം, വിഭവങ്ങളുടെ പങ്കുവെക്കലിനെക്കുറിച്ച് സംസാരിക്കുമ്പോൾ അത് കേവലം ഒരു ഇരവാദമായി മാത്രമേ കാണാൻ കഴിയൂ എന്ന വാദമാണ് ഇവിടെ ശക്തമാകുന്നത്.

കാലങ്ങളായി തുടരുന്ന ഈ നദീജല തർക്കം കേവലം സാങ്കേതികമായ ചില തർക്കങ്ങളിൽ ഒതുങ്ങുന്നതല്ല, മറിച്ച് അത് ജിയോപൊളിറ്റിക്കൽ തന്ത്രങ്ങളുടെ ഒരു വലിയ ചതുരംഗക്കളമാണ്. ജലസ്രോതസ്സുകളെ ഒരിക്കലും ഒരു ആയുധമായി ഉപയോഗിക്കരുത് എന്ന് പാകിസ്താൻ വാദിക്കുമ്പോൾ, മറുഭാഗത്ത് ഇന്ത്യ ചോദിക്കുന്നത് മറ്റൊന്നാണ്;

നിരന്തരമായ അധിനിവേശങ്ങളും ആക്രമണങ്ങളും നടത്തിയവർക്ക് ഏത് ധാർമ്മികതയുടെ അടിസ്ഥാനത്തിലാണ് കരാറിന്റെ ആനുകൂല്യങ്ങൾ പൂർണ്ണമായി ആവശ്യപ്പെടാൻ അർഹതയുള്ളത്?

### നെഹ്റു–അയൂബ് ഖാൻ ഉടമ്പടിയുടെ പശ്ചാത്തലം

പത്തൊൻപത് നൂറ്റാണ്ടിന്റെ മധ്യത്തിൽ, കൃത്യമായി പറഞ്ഞാൽ 1960 സെപ്തംബർ 19നാണ് അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവും പാകിസ്താൻ പ്രസിഡന്റ് അയൂബ് ഖാനും ചേർന്ന് കറാച്ചിയിൽ വെച്ച് ഈ ചരിത്ര കരാറിൽ ഒപ്പുവെക്കുന്നത്. വിഭജനത്തിനു ശേഷം ഇരുരാജ്യങ്ങളും തമ്മിൽ നിലനിന്നിരുന്ന ഏറ്റവും വലിയ ആഭ്യന്തര പ്രതിസന്ധികളിലൊന്നിന് പരിഹാരം കാണാൻ ലോകബാങ്കിന്റെ മധ്യസ്ഥതയിലാണ് അന്ന് ശ്രമം നടന്നത്.

പടിഞ്ഞാറൻ നദികളായ സിന്ധു, ഝലം, ചെനാബ് എന്നിവയുടെ നിയന്ത്രണം പാകിസ്താനും കിഴക്കൻ നദികളായ രവി, ബിയാസ്, സത്‌ലജ് എന്നിവ ഇന്ത്യക്കും നൽകുന്നതായിരുന്നു ഈ വ്യവസ്ഥ. അക്കാലത്ത് ഇന്ത്യ കാണിച്ച വലിയൊരു നയതന്ത്ര ഉദാരതയായാണ് ഈ കരാർ വിലയിരുത്തപ്പെട്ടത്, കാരണം ഭൂരിഭാഗം വെള്ളവും താഴേക്ക് ഒഴുകിപ്പോകാൻ ഇന്ത്യ അനുവദിക്കുകയായിരുന്നു.

### ഉടമ്പടിയിലെ സാങ്കേതിക പഴുതുകളും ഇന്ത്യയുടെ അവകാശങ്ങളും

സിന്ധു നദീജല കരാർ പ്രകാരം പടിഞ്ഞാറൻ നദികളിലെ ജലം പാകിസ്താന് നീക്കിവെച്ചിട്ടുണ്ടെങ്കിലും, ആ നദികളിൽ നിന്ന് കാർഷിക ആവശ്യങ്ങൾക്കും പരിമിതമായ ജലവൈദ്യുതി പദ്ധതികൾക്കും വെള്ളം ഉപയോഗിക്കാൻ ഇന്ത്യക്ക് നിയമപരമായ അവകാശമുണ്ട്.

റൺഓഫ്ദിറിവർ പദ്ധതികൾ എന്നറിയപ്പെടുന്ന, ജലത്തിന്റെ ഒഴുക്ക് തടസ്സപ്പെടുത്താതെ വൈദ്യുതി ഉത്പാദിപ്പിക്കുന്ന സംവിധാനങ്ങൾ നിർമ്മിക്കാൻ ഇന്ത്യക്ക് അനുവാദമുണ്ട്. എന്നാൽ ഇന്ത്യ അവിടെ നടത്തുന്ന ഏത് ചെറിയ വികസന പ്രവർത്തനത്തെയും വലിയൊരു അണക്കെട്ട് നിർമ്മാണമായി ചിത്രീകരിച്ച് അന്താരാഷ്ട്ര നീതിന്യായ കോടതികളെ സമീപിക്കുകയാണ് പാകിസ്താന്റെ പതിവ് രീതി.

### ആറ് പതിറ്റാണ്ടിന്റെ അതിജീവനവും മാറുന്ന രാഷ്ട്രീയ സാഹചര്യങ്ങളും

ഇരുരാജ്യങ്ങളും തമ്മിൽ 1965, 1971, 1999 വർഷങ്ങളിൽ വൻ യുദ്ധങ്ങൾ ഉണ്ടായിട്ടും ഈ കരാർ തകരാതെ നിന്നു എന്നത് അത്ഭുതകരമായി തോന്നാം. എന്നാൽ കഴിഞ്ഞ കുറച്ചു വർഷങ്ങളായി കാശ്മീരിലെ ഭീകരാക്രമണങ്ങളുടെ പശ്ചാത്തലത്തിൽ ഇന്ത്യയുടെ നിലപാട് കടുത്തിരിക്കുകയാണ്. രക്തവും വെള്ളവും ഒന്നിച്ച് ഒഴുകാൻ കഴിയില്ലെന്ന ശക്തമായ സന്ദേശമാണ് സമീപകാലത്തായി ഡൽഹിയിൽ നിന്ന് ഉണ്ടാകുന്നത്. കരാർ പുനഃപരിശോധിക്കണമെന്ന ആവശ്യവുമായി ഇന്ത്യ പാകിസ്താന് ഔദ്യോഗികമായി നോട്ടീസ് നൽകിയതും ഇതിന്റെ ഭാഗമാണ്.

### അതിർത്തി കടന്നുള്ള ഭീകരതയും നയതന്ത്ര പ്രത്യാഘാതങ്ങളും

#### കൺവൽ സിബലിന്റെ നിരീക്ഷണങ്ങളും മാറിയ ഇന്ത്യൻ ചിന്തകളും

മുൻ വിദേശകാര്യ സെക്രട്ടറി കൺവൽ സിബലിനെപ്പോലുള്ള മുതിർന്ന നയതന്ത്രജ്ഞർ ചൂണ്ടിക്കാണിക്കുന്നത് പാകിസ്താന്റെ ഇരട്ടത്താപ്പാണ്. ഇന്ത്യയുടെ പരമാധികാരത്തെ വെല്ലുവിളിക്കുകയും കാശ്മീരിൽ നിരന്തരം അശാന്തിപടർത്തുകയുംചെയ്യുന്ന ഒരു അയൽക്കാരനോട് എന്തിനാണ് രാജ്യാന്തര നിയമങ്ങളുടെ എല്ലാ ഉദാരതയും കാണിക്കുന്നതെന്നാണ് ഇവിടുത്തെ പ്രധാന ചോദ്യം. ഒരു വശത്ത് യുദ്ധവും തീവ്രവാദവും പ്രോത്സാഹിപ്പിക്കുകയും മറുഭാഗത്ത് കരാറുകളുടെ പവിത്രതയെക്കുറിച്ച് സംസാരിക്കുകയും ചെയ്യുന്നത് അംഗീകരിക്കാൻ കഴിയില്ലെന്ന മാറ്റമാണ് ഇപ്പോഴത്തെ ഇന്ത്യൻ വിദേശനയത്തിൽ കാണുന്നത്.

### ജലം ഒരു പ്രതിരോധ മാർഗ്ഗമായി മാറുമ്പോൾ

ആധുനിക നയതന്ത്രത്തിൽ വിഭവങ്ങൾ എന്നത് വെറുമൊരു സാമ്പത്തിക ഘടകമല്ല, മറിച്ച് അതൊരു ശക്തമായ പ്രതിരോധ ആയുധം കൂടിയാണ്. പാകിസ്താൻ അതിന്റെ ആഭ്യന്തര പരാജയങ്ങളിൽ നിന്നും സാമ്പത്തിക തകർച്ചയിൽ നിന്നും ജനശ്രദ്ധ തിരിക്കാനാണ് ഇന്ത്യ വിരുദ്ധ കാമ്പയിനുകൾ നടത്തുന്നത്. ഇന്ത്യ തങ്ങളുടെ വെള്ളം നിഷേധിക്കുന്നു എന്ന് ആഗോളതലത്തിൽ വരുത്തിത്തീർക്കാനുള്ള പാകിസ്താന്റെ ശ്രമങ്ങൾക്ക് പിന്നിൽ വലിയൊരു ചാരതന്ത്രം ഒളിഞ്ഞിരിപ്പുണ്ട്.

### അന്താരാഷ്ട്ര വേദികളിലെ നയതന്ത്ര യുദ്ധങ്ങൾ

വാഷിംഗ്ടണിലും ഹേഗിലുമുള്ള അന്താരാഷ്ട്ര കോർട്ട് ഓഫ് ആർബിട്രേഷനിൽ പാകിസ്താൻ നിരന്തരം ഇന്ത്യക്കെതിരെ പരാതികളുമായി പോകാറുണ്ട്. കിഷൻഗംഗ, റാറ്റിൽ ജലവൈദ്യുത പദ്ധതികൾക്കെതിരെ അവർ ഉന്നയിച്ച തടസ്സവാദങ്ങൾ ഇതിന് ഉദാഹരണമാണ്. എന്നാൽ കരാറിലെ വ്യവസ്ഥകൾ പരസ്പര ചർച്ചകളിലൂടെ മാത്രമേ പരിഹരിക്കാവൂ എന്നും മൂന്നാമതൊരു കക്ഷിയുടെ ഇടപെടൽ അനുവദിക്കില്ലെന്നുമാണ് ഇന്ത്യയുടെ കൃത്യമായ മറുപടി.

### നദീജല രാഷ്ട്രീയത്തിലെ ചൈനീസ് സാന്നിധ്യം

#### ബെയ്ജിംഗിന്റെ തന്ത്രപരമായ നീക്കങ്ങൾ

സിന്ധു നദീജല തർക്കങ്ങളിൽ പാകിസ്താന് പിന്നിൽ നിൽക്കുന്ന നിശ്ശബ്ദ ശക്തി ചൈനയാണ്. സിന്ധു നദിയുടെ ഉത്ഭവം ചൈനീസ് അധീനതയിലുള്ള ടിബറ്റിൽ നിന്നായതുകൊണ്ടുതന്നെ, ഭാവിയിൽ ഇന്ത്യക്ക് മേൽ സമ്മർദ്ദം ചെലുത്താൻ ചൈനയ്ക്ക് സാധിക്കും. ബ്രഹ്മപുത്ര നദിയിൽ ചൈന നടത്തുന്ന വലിയ ഡാം നിർമ്മാണങ്ങൾ ഇന്ത്യക്ക് എങ്ങനെയൊരു ഭീഷണിയാണോ, അതേ തന്ത്രമാണ് സിന്ധു നദിയുടെ കാര്യത്തിൽ പാകിസ്താനെ മുൻനിർത്തി അവർ കളിക്കുന്നത്.

### സിപെക് പദ്ധതിയും ജലസംരക്ഷണവും

ചൈന-പാകിസ്താൻ സാമ്പത്തിക ഇടനാഴി അഥവാ സിപെക് പദ്ധതികളുടെ ഭാഗമായി വലിയ തോതിലുള്ള അണക്കെട്ടുകളാണ് പാകിസ്താൻ അധീന കാശ്മീരിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ദിയാമർഭാഷാ അണക്കെട്ട് പോലുള്ള പദ്ധതികൾക്ക് ചൈന നൽകുന്ന സാമ്പത്തിക സഹായം ഇന്ത്യയുടെ സുരക്ഷാ താല്പര്യങ്ങൾക്ക് വിരുദ്ധമാണ്. വിഭവങ്ങളുടെ വിനിയോഗത്തിൽ ചൈനയും പാകിസ്താനും ചേർന്നൊരുക്കുന്ന ഈ അച്ചുതണ്ട് ദക്ഷിണേഷ്യൻ മേഖലയിലെ സന്തുലിതാവസ്ഥ തെറ്റിക്കുന്നതാണ്.

### ഏഷ്യൻ ഭൂരാഷ്ട്രീയത്തിലെ പുതിയ മാറ്റങ്ങൾ

വരും ദശകങ്ങളിൽ ഏഷ്യയിലെ ഏറ്റവും വലിയ യുദ്ധങ്ങൾ നടക്കാൻ പോകുന്നത് ജലസ്രോതസ്സുകളെ ചൊല്ലിയായിരിക്കും എന്നാണ് പരക്കെയുള്ള വിലയിരുത്തൽ. കാലാവസ്ഥാ വ്യതിയാനം മൂലം ഹിമാലയൻ ഹിമാനികൾ ഉരുകിത്തീരുന്നതോടെ ജലലഭ്യത കുറയും. ഇത് ഇന്ത്യ, പാകിസ്താൻ, ചൈന എന്നീ മൂന്ന് ആണവ ശക്തികൾക്കിടയിലുള്ള തർക്കങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കാൻ കാരണമാകും.

### ഇന്ത്യയുടെ ഭാവി തന്ത്രങ്ങളും പ്രാദേശിക സുരക്ഷയും

#### കരാർ പുനഃപരിശോധനയലേക്കുള്ള പ്രയാണം

2023ന്റെ തുടക്കത്തിൽ സിന്ധു നദീജല കരാറിൽ ഭേദഗതികൾ ആവശ്യപ്പെട്ട് ഇന്ത്യ ഔദ്യോഗികമായി പാകിസ്താന് കത്തയച്ചിരുന്നു. മാറുന്ന സാങ്കേതിക വിദ്യകളും ജനസംഖ്യാ പെരുപ്പവും കണക്കിലെടുത്ത് പഴയ വ്യവസ്ഥകൾ മാറ്റിയെഴുതണമെന്നാണ് ഡൽഹിയുടെ നിലപാട്. പാകിസ്താൻ ഇതിനോട് അനുകൂലമായി പ്രതികരിച്ചില്ലെങ്കിൽ, കരാറിൽ നിന്ന് ഏകപക്ഷീയമായി പിന്മാറാനുള്ള സാധ്യതകൾ പോലും വിദഗ്ധർ തള്ളിക്കളയുന്നില്ല.

### ആഭ്യന്തര ജലവിനിയോഗം ശക്തമാക്കൽ

കിഴക്കൻ നദികളിൽ നിന്ന് ഇന്ത്യക്ക് അവകാശപ്പെട്ട ജലം ഒരു തുള്ളി പോലും പാകിസ്താനിലേക്ക് ഒഴുക്കിവിടാതെ പൂർണ്ണമായി ഉപയോഗിക്കാനുള്ള പദ്ധതികൾ ഇന്ത്യ വേഗത്തിലാക്കുകയാണ്. ഷാപൂർകണ്ടി അണക്കെട്ട് പദ്ധതി ഇതിന്റെ വലിയൊരു ഉദാഹരണമാണ്. ജമ്മു കാശ്മീരിലെയും പഞ്ചാബിലെയും കർഷകർക്ക് കൂടുതൽ ജലസ്രോതസ്സുകൾ ലഭ്യമാക്കുക എന്നതാണ് ഇന്ത്യ ഇതിലൂടെ ലക്ഷ്യമിടുന്നത്.

### സമാധാനത്തിനായുള്ള വ്യവസ്ഥകൾ

അതിർത്തിയിലെ സമാധാനവും സൗഹൃദവും ഇല്ലാതെ നയതന്ത്ര കരാറുകൾക്ക് മാത്രം നിലനിൽപ്പില്ലെന്ന ഉറച്ച സന്ദേശമാണ് ഇന്ത്യ നൽകുന്നത്. ഭീകരവാദത്തെ ഒരു ഔദ്യോഗിക നയമായി കൊണ്ടുനടക്കുന്ന ഒരു ഭരണകൂടത്തിന് എല്ലാ ആനുകൂല്യങ്ങളും നൽകി സഹായിക്കാൻ ഇന്ത്യക്ക് ബാധ്യതയില്ല. വരും നാളുകളിൽ സിന്ധു നദീജല കരാറിന്റെ ഭാവി എന്നത് പാകിസ്താൻ തങ്ങളുടെ അതിർത്തികളിൽ പുലർത്തുന്ന സമാധാന നിലപാടിനെ ആശ്രയിച്ചിരിക്കും എന്നതിൽ സംശയമില്ല.

# ഗോളടിച്ച്, ഗോളടിച്ച് 'മെസ്സി'യായി സതീശൻ, വലകുലുങ്ങുന്നതുകണ്ട് 'കിളിപോയി' പ്രതിപക്ഷവും!



കേരളാ വിൻഡോ



ആന്റണി ചടയംമുറി

പകൽ സമയത്ത് സഭാ ടി.വി.യിൽ ജനം ഭരണപ്രതിപക്ഷ ഏറ്റുമുട്ടൽ കണ്ട് പുളകിതരാകുന്നു. രാത്രിയാകട്ടെ ലോകകപ്പിന്റെ പിരിമുറുക്കം. ഇതിനിടെ ജില്ലതിരിച്ചുള്ള മഴമുന്നറിയിപ്പുകൾ. ഒപ്പം കാലവർഷം ചതിച്ചുവെന്ന വൈദ്യുതി മന്ത്രി സണ്ണി വക്കീലിന്റെ നിലവിളി. നിയമസഭയിൽ നടന്നുവരുന്ന ബജറ്റ് ചർച്ചകൾ ചിലപ്പോഴെങ്കിലും ലോകകപ്പ് മൂഡിലേക്ക് ഉയരുന്നു. ഏതായാലും മുഖ്യമന്ത്രി വി.ഡി. സതീശനും സ്പീക്കർ തിരുവഞ്ചൂരും നല്ല ഫോമിലാണ്. പ്രതിപക്ഷത്തിന്റെ ഗോൾ പോസ്റ്റിന്റെ മുമ്പിലാണ് മുഖ്യമന്ത്രി എപ്പോഴും. അംഗങ്ങളെ അച്ചടക്കം പഠിപ്പിക്കുന്ന സൂപ്പർ റഫറിയായി തിരുവഞ്ചൂരും 'പൊളി' ഫോമിൽ. എന്തായാലും സതീശൻ മന്ത്രിസഭയ്ക്ക് ശുക്രദശയാണ്.

വിഴിഞ്ഞം തുറമുഖത്തുനിന്നുള്ള വരുമാനം കുത്തനെ കൂടാൻപോകുകയാണ്. എം.എൻ.സി. കമ്പനി അദാനിയുടെ കൈവശമുള്ള 49 ശതമാനം ഓഹരികൾ വാങ്ങുന്നതോടെ, വിദേശ നിക്ഷേപത്തിന്റെ വരവ് വർധിക്കും. സുതാര്യവും സത്യസന്ധവുമായ ഒരു ഭരണം കേരളത്തിൽ ഇപ്പോഴുണ്ടെന്ന് വിദേശ കമ്പനികൾപോലും കരുതുന്നു. കണക്കറിയാവുന്ന ധനമന്ത്രിയും പ്രതിപക്ഷത്തിന്റെ പോയകാല അഴിമതികൾ എണ്ണിയെണ്ണി പറയുന്ന മുഖ്യമന്ത്രിയുമെന്ന ഡബിൾ റോളിൽ കലക്കുകയാണ് വി.ഡി. സതീശൻ.

പ്രതിപക്ഷം 'പോകുന്ന പോക്കിൽ' അടുത്ത സർക്കാരിനായി ഒരുക്കിവച്ച കെണികളെക്കുറിച്ചും പണികളെക്കുറിച്ചും വാതോരാതെ പറയുന്നുണ്ട് മുഖ്യമന്ത്രി. അതിനൊന്നും വേണ്ടവിധം ഉത്തരം പറയാൻപോലും പ്രതിപക്ഷ നേതാവിന് കഴിയുന്നില്ല.

### നിയമസഭയിൽ ലീഡർ സ്മരണ

വി.ഡി. സതീശന്റെ രാഷ്ട്രീയത്തിലെ ഗുരു മുൻ മന്ത്രി ജി. കാർത്തികേയനാണ്. എന്നാൽ, ഇപ്പോൾ സതീശന്റെ രാഷ്ട്രീയ ശൈലി പഴയ ലീഡർ കെ. കരുണാകരന്റേതാണെന്ന് സോഷ്യൽ മീഡിയയിൽ പ്രചരണമുണ്ട്. ചിലപ്പോൾ കരുണാകരനെക്കാൾ കാഞ്ഞ ബുദ്ധി സതീശൻ കാണിച്ചുതുടങ്ങിയിട്ടുണ്ടെന്നുവരെ യൂട്യൂബർമാർ തട്ടിവിടുന്നു. പ്രതിപക്ഷ ബഹളത്തെ മുഖവിലയ്ക്കെടുക്കാതെ 102 അംഗങ്ങളുടെ പിന്തുണയോടെ ഭരിക്കുമ്പോൾ ആരെ പേടിക്കണമെന്ന രാഷ്ട്രീയ ന്യായംപോലും സതീശൻ ഉന്നയിക്കുന്നു. പ്രതിപക്ഷത്തെക്കാൾ, കോൺഗ്രസിലെ സുധീരനെപ്പോലെയുള്ളവർ സതീശന്റെ പുതിയ ഭരണ ശൈലിയിൽ അപകടം മണക്കുന്നു.

മദ്യനയവും കരിണമൽ ഖനനവും സുധീരന് എക്കാലത്തും ഇഷ്ടപ്പെട്ട വിഷയങ്ങളാണ്. മദ്യനയത്തിന്റെ കാര്യത്തിലാണ് സുധീരൻ വെള്ളാപ്പള്ളിയുടെ ശത്രുവായി മാറിയത്. കരിമണൽ ഖനനത്തിൽ കർത്തായും സുധീരന്റെ എതിർപക്ഷത്തായി. അങ്ങനെ നടേശനും കർത്തായും ഒന്നിച്ചപ്പോൾ സുധീരൻ തെരഞ്ഞെടുപ്പിൽ തോറ്റുവെന്നുമാത്രമല്ല, രാഷ്ട്രീയത്തിൽ കട്ടപ്പുറത്തുമായി. കെ.പി.സി.സി. പ്രസിഡന്റ് പദത്തിലിരിക്കെ, യു.ഡി.എഫ്. ഭരണത്തിന് 'കുഴിതോണ്ടിയ' ആദർശവാദിയെന്ന ചീത്തപ്പേരും പിൽക്കാലത്ത് സുധീരനെ തേടിയെത്തിയിരുന്നു. വിചിത്രമെന്നു പറയട്ടെ, സതീശന് മുഖ്യമന്ത്രിപദത്തിലെത്താൻ ഹൈക്കമാൻഡിന്റെ മുമ്പിലെ സുധീരന്റെ നിലപാടും കാരണമായെന്ന കാര്യം മറക്കാനാവില്ല.

എന്നാൽ, വീര്യം കുറഞ്ഞ മദ്യവിൽപ്പന ഈഴവരിൽപെട്ട മദ്യലോബിയെ സോപ്പിടാനാണെന്ന് ചിലർ ആരോപിക്കുന്നുണ്ട്. ഏതായാലും 29 ബാറുകളിൽനിന്ന് 900ത്തിലധികം ബാറുകൾ അനുവദിച്ച ഇടതുപക്ഷത്തിന് മദ്യനയത്തിന്റെ കാര്യത്തിൽ മേനി നടിക്കാനാവില്ല. വീര്യം കുറഞ്ഞ മദ്യത്തിന് നികുതി നിർണയിച്ച ഫയൽ മിന്നൽ വേഗത്തിലാണ് നീങ്ങിയതെന്ന മുൻ എക്സൈസ് വകുപ്പു മന്ത്രി എം.ബി. രാജേഷ് പറഞ്ഞതുകേട്ട് ചിരിക്കാത്തവരുണ്ടാവില്ല.

പാലക്കാട്ട് സ്വകാര്യ ഡിസ്റ്റിലറി അനുവദിച്ച ഫയലിന്റെ ഹൈസ്പീഡ് മുൻ മന്ത്രി മറന്നുവോ? മാത്രമല്ല, ഭരണമൊഴിയുന്നതിന് മുമ്പ് 22 ബാറുകൾക്ക് തിരക്കിട്ട് അനുമതി നൽകിയ കാര്യവും ജനത്തിന്റെ ഓർമ്മയിലുണ്ട്. എന്നിട്ടും, മദ്യത്തിനെതിരെ പഴയ എം.പി. മന്മഥന്റെ ശൈലിയിലുള്ള ഗുണപാഠവർത്തമാനങ്ങൾ മുൻമന്ത്രി പറയുന്നത് ആരാണ് വിശ്വസിക്കുക?

### ഇരുട്ടിലാക്കിയതിന്റെ 'ക്രെഡിറ്റ്' ആർക്ക്?

വൈദ്യുതി പ്രതിസന്ധി തുടരുമെന്ന മന്ത്രി സണ്ണി ജോസഫിന്റെ മാധ്യമങ്ങൾക്കു മുന്നിലെ ഏറ്റുപറച്ചിൽ കേട്ടതോടെ, പാർട്ടി സെക്രട്ടറി എം.വി. ഗോവിന്ദൻ എ.കെ.ജി. സെന്ററിൽ വാർത്താസമ്മേളനം വിളിച്ചുകൂട്ടി. 'ദേ ഇരുണ്ടകാലം വരവായെന്ന' മട്ടിൽ, സർക്കാരിനെ കുറ്റപ്പെടുത്തുകയായിരുന്നു ഗോവിന്ദൻ ചെയ്തത്. എന്നാൽ എന്തുകൊണ്ട് ഇപ്പോൾ ഡാമുകളിൽ 21.34 ശതമാനം മാത്രം ജലമായി കുറഞ്ഞുവെന്നതിന്റെ വിശദീകരണം ഗോവിന്ദന്റെ ഭാഗത്തുനിന്നുണ്ടാവേണ്ടതായിരുന്നു. പക്ഷെ, ഗോവിന്ദൻ മിണ്ടില്ല. കാരണം, ഈ വൈദ്യുതി പ്രതിസന്ധിക്കും കാരണം ഇടതുഭരണംതന്നെയാണ്. ഈ ആരോപണം തെളിയിക്കാൻ ചെറിയൊരു ഫ്ളാഷ്ബാക്ക് വേണം.

2023, 2024, 2025 വർഷങ്ങളിലെ ഡാമുകളിലേക്കുള്ള നീരൊഴുക്കിന്റെ കണക്കിൽ ഏറ്റവും കൂടുതൽ വെള്ളമൊഴുകിയെത്തിയത് 2025–26 സാമ്പത്തികവർഷത്തിലാണ്. ഇതുമൂലം ആ വർഷം കേന്ദ്രപൂളിൽനിന്നുള്ള 1514 ദശലക്ഷം വൈദ്യുതി സംസ്ഥാനം വാങ്ങിയില്ല. പകരം ജലവൈദ്യുതി ഉപയോഗിച്ചു. എന്നാൽ 500 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള വെള്ളംപോലും ബോർഡ് കരുതിവയ്ക്കാഞ്ഞത് വലിയ പിഴവായി. ഉമ്മൻചാണ്ടി സർക്കാർ ഒപ്പുവച്ച കുറഞ്ഞ വിലയ്ക്ക് വൈദ്യുതി ലഭിക്കാനുള്ള ദീർഘകാല കരാറുകൾ ഇതിനകം ഇടതുഭരണകാലത്ത് റദ്ദാക്കിയിരുന്നു. ഇതാകട്ടെ, ജലക്ഷാമം വന്നപ്പോൾ കൂടുതൽ വിലയ്ക്ക് വൈദ്യുതി വാങ്ങേണ്ട അവസ്ഥയിലേക്ക് കേരളത്തെ നയിച്ചു.

2023–24 മാർച്ച് 31ലെ കണക്കനുസരിച്ച് 1916 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള വെള്ളമുണ്ടായിരുന്നത് 2024–25ൽ അതേ കാലയളവിൽ 1935 ദശലക്ഷം യൂണിറ്റ് ഉല്പാദിപ്പിക്കാനുള്ള ജലശേഖരമായി. പക്ഷേ, 2025 മാർച്ച് 31ൽ ഇതേ ജലശേഖരം 1749.53 ദശലക്ഷം യൂണിറ്റിനുള്ളതായി ശോഷിച്ചു. ചെറുഡാമുകൾ നിറയ്ക്കുകയും ഇടുക്കി ഡാമിലെ വെള്ളം പരമാവധി ഉപയോഗിക്കുകയും ചെയ്ത വലിയ അബദ്ധം ആ നാളുകളിൽ ബോർഡിന് പറ്റി.

2025 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ കുറഞ്ഞ വിലയ്ക്ക് വൈദ്യുതി വിപണിയിൽ ലഭ്യമായിരുന്നു. ഈ കാലഘട്ടത്തിൽ എന്തിന് ഇടുക്കി ഡാമിലെ വെള്ളം ശേഖരിച്ചുവയ്ക്കാൻ ബോർഡ് മടികാണിച്ചു? പിന്നീട് വൈദ്യുതിയായിത്തന്നെ മടക്കിനൽകാവുന്ന കരാറനുസരിച്ച് 4900 ദശലക്ഷം യൂണിറ്റ് വൈദ്യുതിയുടെ ബാധ്യതയും പുതിയ സർക്കാരിന്റെ ചുമലിൽ വച്ചിട്ടാണ് ഇടതുസർക്കാർ പടിയിറങ്ങിയത്. എന്നിട്ടും 'ഇരുണ്ടകാലം' പുതിയ സർക്കാരിന്റെ വകയായി മാധ്യമങ്ങൾക്കുമുന്നിൽ അവതരിപ്പിക്കാൻ ഗോവിന്ദൻ മാഷ് നടത്തിയ ശ്രമം പരിഹാസ്യമെന്നേ പറയാനാവൂ.

### പബ്ലിക് സർവീസോ പാർട്ടി സർവീസോ?

ഇടതു ഭരണകാലത്ത് നടത്തിയ പിൻവാതിൽ നിയമനങ്ങൾ കുപ്രസിദ്ധമാണെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. 1957ൽ പബ്ലിക് സർവീസ് കമ്മീഷൻ ആരംഭിച്ചപ്പോൾ അഞ്ച് പി.എസ്.സി. അംഗങ്ങളേ ഉണ്ടായിരുന്നുള്ളൂ. പിന്നീട് അത് 13 ആയി ഉയർന്നു. ഇടതു ഭരണകാലത്താകട്ടെ അംഗങ്ങൾ 21 ആയി. ആശാവർക്കർമാർ തങ്ങളുടെ ഓണറേറിയത്തിൽ ചെറിയൊരു വർധനയെങ്കിലും വരുത്താൻ പിണറായി സർക്കാരിനോട് കരഞ്ഞ് യാചിച്ചിരുന്ന നാളുകളിലാണ് പി.എസ്.സി. മെമ്പർമാരുടെ ശമ്പളം കുത്തനെ കൂട്ടിയത്.

പി.എസ്.സി. മെമ്പർമാരെ നിയമിക്കുന്നത് അതാത് സംസ്ഥാനങ്ങളിലെ ഗവർണർമാരാണ്. യു.പി.എസ്.സി.യിൽ നിയമനം നടത്തുന്നത് രാഷ്ട്രപതിയാണ്. 50 ശതമാനം സർക്കാർ സർവീസിൽനിന്നുള്ളവരും, ബാക്കി രാഷ്ട്രീയ നിയമനവുമെന്ന മട്ടിലാണ് മെമ്പർമാരെ നിയമിച്ചിരുന്നത്. ഇപ്പോൾ മെമ്പർമാരുടെ ഒഴിവുണ്ടായിട്ടും പുതിയ മെമ്പർമാരെ നിയമിക്കാനുള്ള പട്ടിക പഴയ ഗവർണർ ആരിഫ്ഖാനോ പുതിയ ഗവർണർ അർലേക്കറിനോ ഇടതുസർക്കാർ നൽകിയിരുന്നില്ല. കാരണം സി.പി.എം. കൊടുക്കുന്ന പട്ടികയിൽനിന്ന് മെമ്പർമാരെ നിയമിക്കാൻ ബി.ജെ.പി.യുടെ നോമിനിയായ ഗവർണർമാർ തയ്യാറാവില്ലല്ലോ.

ഒന്നര ലക്ഷം രൂപ അടിസ്ഥാനശമ്പളമായുള്ള (ഇതനുസരിച്ച് മൊത്തം ശമ്പളം രണ്ടര ലക്ഷം രൂപ കടക്കും) ആസൂത്രണ ബോർഡിലെ മൂന്ന് നിയമനങ്ങൾ ഇപ്പോൾ വിവാദമായിരിക്കുകയാണ്. എഴുത്തുപരീക്ഷയിലെ ഉത്തരങ്ങൾ പൂർണമായും വാല്യുവേഷൻ നടത്താതെ സി.പി.എം. അവരുടെ ഇഷ്ടക്കാർക്ക് നിയമനം നൽകിയെന്ന ആരോപണമാണ് ഉയർന്നിട്ടുള്ളത്. അഡ്മിനിസ്ട്രേറ്റ് ട്രൈബ്യൂണലിൽ കേസ് നിലവിലിരിക്കെപോലും ഇടതു സർക്കാർ വിവാദ തസ്തികയിൽ നിയമനം നടത്തിയതും ദുരൂഹമാണെന്ന് മാധ്യമങ്ങൾ പറയുന്നു. ഇക്കാര്യത്തിൽ പി.എസ്.സി. നടത്തുന്ന ആഭ്യന്തര അന്വേഷണംപോലും പ്രഹസനമാകുമോയെന്ന് ജനം സംശയിക്കുന്നുണ്ട്.

### ഊരാളുങ്കൽ എന്നുകേട്ടാൽ ഉരുളുന്നതെന്തിന്?

പണ്ട് അന്നാ അലുമിനിയം കമ്പനിയുടെ ഉരുളിക്കുവേണ്ടിയുള്ള പരസ്യവാചകം ശ്രദ്ധേയമായിരുന്നു: ഉരുളിയെന്നുകേട്ടാൽ ഉരുളരുതെന്നായിരുന്നു മീഡിയാമേറ്റ് എന്ന പരസ്യ കമ്പനി ഉരുളിക്കായി തയ്യാറാക്കിയ ക്യാച്ച്ലൈൻ. ഊരാളുങ്കൽ ലേബർ സൊസൈറ്റിയെക്കുറിച്ച് മന്ത്രി പി.കെ. ബഷീർ നിയമസഭയിൽ നൽകിയ ഉത്തരം ഈ പരസ്യത്തെ ഓർമ്മിപ്പിക്കുന്നതായി. മന്ത്രിസഭയിലുള്ള ലീഗ് മന്ത്രി ഷാജി ഊരാളുങ്കലിനെ സി.പി.എം.ന്റെ 'അദാനി'യെന്നുവരെ വിശേഷിപ്പിച്ച ക്ലിപ്പിംഗുകൾ ഏഷ്യാനെറ്റ് ന്യൂസിലെ അന്തിച്ചർച്ചയിൽ കണ്ടു. ഊരാളുങ്കലിന് 'വിശുദ്ധ പദവി' നൽകാൻ മന്ത്രി ബഷീർ നടത്തിയ ശ്രമത്തിനു പിന്നിൽ എന്തെങ്കിലും 'ഫൗൾ പ്ലേ' ഉണ്ടോ?

'ഇ നിയമസഭ' എന്ന ആശയം നടപ്പാക്കാൻ ഊരാളുങ്കൽ സൊസൈറ്റി ആറ് വർഷം മുമ്പ് വാങ്ങിയ 9.4 കോടി രൂപ ക്രമവൽക്കരിക്കാൻ ഇടതുസർക്കാർ ഭരണമൊഴിയുന്നതിനു മുമ്പ് കാണിച്ച തിടുക്കം അന്ന് പ്രതിപക്ഷമായിരുന്ന യു.ഡി.എഫ്. വിമർശിച്ചത് മറന്നോ? 2026 ഫെബ്രുവരി 22നാണ് ഊരാളുങ്കൽ വാങ്ങിയ പണം ക്രമവത്കരിച്ച് സർക്കാർ ഉത്തരവിറക്കിയത്. 2020 ജൂണിൽ പൂർത്തിയാക്കേണ്ടിയിരുന്ന ഈ പദ്ധതി 13 തവണയാണ് നീട്ടി നൽകിയത്. 2019ൽ കൈപ്പറ്റിയ പണത്തിന് ഊരാളുങ്കൽ ജി.എസ്.ടി.പോലും അടച്ചിരുന്നില്ല. പിന്നീട് 2025 ജൂണിൽ 1.43 കോടി രൂപ ജി.എസ്.ടി.യായി അടച്ച കണക്കും പിൽക്കാലത്ത് പുറത്തുവന്നിട്ടുണ്ട്.

മുണ്ടക്കൈച്ചൂരൽമല പുനരധിവാസ പദ്ധതി നടപ്പാക്കുന്നതിൽ ഊരാളുങ്കലിന്റെ കരാറുകൾപോലും വിവാദമായി മാറിയ കാര്യവും യു.ഡി.എഫ്. നേതാക്കൾ മറന്നുവോ? ഇനി ജനം വേണ്ടിവരും ഈ പഴയ കഥകൾ ഓർമിപ്പിക്കാനെന്നു പറഞ്ഞ് ഈ ആഴ്ചക്കുറിപ്പ് അവസാനിപ്പിക്കട്ടെ.



# തീക്കട്ടയിൽ ഉറുമ്പരിക്കുമ്പോൾ..!

ഡൽഹി ഡെർബാർ

**ബംഗാളിൽ എസ്ഐആറിനെത്തുടർന്ന് ആർ. രാജഗോപാലനെപ്പോലെ 27 ലക്ഷത്തിലേറെ മനുഷ്യരെയാണ് സംശയത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.**

ഒടുവിൽ ദേശീയ തലത്തിൽ തന്നെ പ്രതിഷേധക്കൊടുങ്കാറ്റ് ആഞ്ഞുവീശാൻ തുടങ്ങിയതോടെ മുട്ടുമടക്കി കേന്ദ്രസർക്കാർ. ആർ. രാജഗോപാൽ എന്ന ഇന്ത്യ കണ്ട മിടുമിടുക്കനായ ജേണലിസ്റ്റ്, നാളുകളായി ഇന്ത്യയിലെ പ്രതിപക്ഷത്തിന്റെ റോൾ ഏറ്റെടുത്ത ഒറ്റയാൻ. ടെലഗ്രാഫ് എന്ന പത്രത്തിലൂടെ വെല്ലുവിളികൾ നിറഞ്ഞപോരാട്ടമായിരുന്നല്ലോനടത്തിവന്നത്.അതിന്റെപക തീർക്കാൻ വോട്ടേഴ്സ് ലിസ്റ്റിൽ നിന്നു പേരുവെട്ടി. പിന്നെ പാസ്പോർട്ട് പുതുക്കി നൽകാതെ വട്ടം ചുറ്റിക്കാൻ ശ്രമിച്ചു. അതെന്തായാലും രാജഗോപാൽ പാസ്പോർട്ട് എന്ന കടമ്പ ചാടിക്കടന്നിരിക്കുന്നു.

**ആരാണീ രാജഗോപാൽ..?**

നിലവിലുള്ള പത്രങ്ങളുടെ ഗണത്തിൽ, 'രാജാവ് നഗ്നനാണ് 'എന്ന് പറയാൻ എക്കാലവും മടി കാണിക്കാത്ത ഒരേയൊരു പത്രമായിരുന്നു കൊൽക്കത്തയിൽ നിന്നുമിറങ്ങുന്ന ടെലിഗ്രാഫ്. കേരളത്തിൽ ജനിച്ച് വിദ്യാഭ്യാസം നേടിയ ശേഷം വേണാട് പത്രിക എന്ന സായാഹ്നപത്രത്തിലൂടെ രംഗത്തുവന്നയാളാണ് പിന്നെ ഇന്ത്യ കണ്ട ഏറ്റവും മികച്ച പത്രാധിപരായി ഉയർന്നത്. 'ഒരു പത്രത്തിന് പ്രതിപക്ഷത്തിന്റെ റോളുണ്ട്. അത് സർക്കാരിനെ വിമർശിക്കുകയും അതിന്റെ തെറ്റുകൾ തുറന്നുകാട്ടുകയും ജനങ്ങളോടൊപ്പം നിൽക്കുകയും വേണം' എന്നു വിശ്വസിക്കുന്നു ഈ മനുഷ്യൻ.

ഒരു സമയത്ത് രാജ്യത്തുടനീളമുള്ള കർഷകർ ദിവസങ്ങളോളം ഒരുമിച്ച് പ്രതിഷേധിച്ചപ്പോൾ, പ്രധാനമന്ത്രി പാർലമെന്റിൽ അതിനെതിരെ പ്രസംഗിച്ചു. കർഷക പ്രതിഷേധത്തിൽ പങ്കെടുത്തവരെ 'പരാന്നഭോജികളെ'ന്നാണ് (പാരസൈറ്റ്സ്) അദ്ദേഹം ആക്ഷേപിച്ചത്. പൊടുന്നനെ തന്നെ, 'മാരകമായ പരാന്നഭോജിയായി കടന്നുകയറുന്ന ജൂതന്മാർ' എന്ന അഡോൾഫ് ഹിറ്റ്ലറുടെ ഉദ്ധരണി താരതമ്യം ചെയ്യാൻ രാജഗോപാലിന്റെ ടെലിഗ്രാഫ് രംഗത്തു വന്നു. തികച്ചും കാതരമായ തലക്കെട്ടായിരുന്നു അന്നത്തേത്: 'ഫ്യൂററുടെ നേരിട്ടുള്ള നിക്ഷേപം: ആന്തോളൻ ജീവി, വിഷം വമിക്കുന്ന സൂക്ഷ്മ ജീവി '.

അടിയന്തിരാവസ്ഥയുടെ നാളുകൾ കണ്ടവർക്കറിയാം, മാദ്ധ്യമങ്ങളുടെ വായ് മൂടിക്കെട്ടിയതും സെൻസർഷിപ്പ് നിഷ്ഠുരമായി കളം വാണതും. ധീരനായ രാംനാഥ് ഗോയങ്ക ഇന്ത്യൻ എക്സ്പ്രസിലെ പേജുകൾ ശൂന്യമാക്കിയിട്ടാണ് പ്രതിഷേധം പ്രകടിപ്പിച്ചത്. അതിലേറെ അന്ന് ചെയ്യാൻ കഴിയുമായിരുന്നില്ല.




എന്നാൽ കോവിഡ് കാലത്ത് മാസ്ക് ധരിക്കാൻ നിർബന്ധിതരായ സാധാരണ പൗരന്മാരെപ്പോലെ പത്രപ്രവർത്തനത്തിനും മുഖം മൂടേണ്ടിവരുമ്പോൾ, കുഴപ്പം പിടിച്ച സംഭവങ്ങളെ ഉച്ചത്തിൽ അലറിവിളിക്കുന്ന തരത്തിലുള്ള തലക്കെട്ടുകളിലൂടെ പൊതു ശ്രദ്ധയിൽ കൊണ്ടുവന്ന് അത്ഭുതം കാണിച്ചു രാജഗോപാൽ.

അയോദ്ധ്യ കേസിൽ സുപ്രീം കോടതി വിധി പ്രസ്താവിച്ചപ്പോൾ, ടെലിഗ്രാഫ് പറഞ്ഞു: 'IN THE NAME OF RAM, SITE IS NOW HINDU STHAN'. രാമന്റെ നാമത്തിൽ, ആ സ്ഥലമിപ്പോൾ ഹിന്ദുസ്ഥാൻ. അതുകൊണ്ട് അവസാനിപ്പിച്ചില്ല. ബാബറി മസ്ജിദിനെ തകർത്തെന്ന് ആരോപിക്കപ്പെടുന്നവരെ കുറ്റവിമുക്തരാക്കിയ ദിവസം, ടെലിഗ്രാഫ് കഴുതയുടെ ചിത്രം പ്രസിദ്ധീകരിച്ചുകൊണ്ടു നൽകിയ തലക്കെട്ട് ഈവിധം: 'IF WE'RE INDEED SHOCKED, THIS IS WHAT WE ARE' ഞങ്ങൾ യഥാർത്ഥത്തിൽ ഞെട്ടിയെങ്കിൽ, ഇതു തന്നെയാണു ഞങ്ങൾ. പ്രധാനമന്ത്രി അയോധ്യയിലെ ക്ഷേത്രത്തിന് തറക്കല്ലിട്ടപ്പോൾ, ടെലിഗ്രാഫ് ഭരണഘടനയുടെ ചിത്രം തലക്കെട്ടിനോടു ചേർത്തു രേഖപ്പെടുത്തിയതിങ്ങനെ: `The book that begins with We, the people of India, is THE GOD THAT WE FAILED. ഇന്ത്യയിലെ ജനങ്ങളായ നമ്മൾ എന്നു പറഞ്ഞാരംഭിക്കുന്ന ഭരണഘടന ഇതോടെ നമ്മളാൽ പരാജയപ്പെട്ട ദൈവം തന്നെയായെന്നു സാരം.

സാന്ദർഭികമായി ഓർമ്മിക്കാം, രാജേന്ദ്ര പ്രസാദിനുണ്ടായ അനുഭവം. പതിനൊന്നാം നൂറ്റാണ്ടിൽ മുഹമ്മദ് ഗസ്നി കൊള്ളയടിച്ച സോമനാഥ ക്ഷേത്രം1951ൽ പുനഃസ്ഥാപിച്ചപ്പോൾ അന്നു രാഷ്ട്രപതിയായിരുന്ന രാജേന്ദ്രപ്രസാദിന് ചടങ്ങിൽ പങ്കെടുക്കാൻ ആഗ്രഹമുണ്ടായിരുന്നു. പക്ഷേ, മതത്തെ രാഷ്ട്രീയവുമായി കൂട്ടിക്കലർത്തരുത് എന്നു ചൂണ്ടിക്കാട്ടി പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു അതിനെ എതിർത്തു.

അയോദ്ധ്യ വിധി സംബന്ധിച്ച് രാജഗോപാലിന് രസകരമായ ചില കാര്യങ്ങൾ പറയാനുണ്ട്.

അദ്ദേഹത്തിന്റെ മനസ്സിൽ ഉണ്ടായിരുന്ന വാർത്താ തലക്കെട്ട് 'രാമന്റെ പേരിൽ, ഇന്ത്യ ഇപ്പോൾ ഹിന്ദുസ്ഥാൻ ' (In The Name of Ram, India Is Now Hindu Sthan) എന്നതായിരുന്നു. പക്ഷേ, സഹപ്രവർത്തകർ അദ്ദേഹവുമായി ഇക്കാര്യം ചർച്ച ചെയ്ത് അവരുടെ കൂടി അഭിപ്രായം മാനിച്ച് അവസാനം ഇന്ത്യ മാറ്റി 'സൈറ്റ്' എന്നാക്കി. ഇത് പത്രത്തിനു സംരക്ഷയേകിയെന്ന് രാജഗോപാൽ പറയുന്നു. പക്ഷേ, പിൽക്കാല സംഭവവികാസങ്ങൾ നോക്കുമ്പോൾ ആദ്യ തലക്കെട്ട് തന്നെയായിരുന്നു ഉചിതമെന്നു തെളിഞ്ഞു. വിധി വന്ന് ഏകദേശം 24 മണിക്കൂറിനുശേഷമാണ് പത്രം വായനക്കാരിലേക്ക് എത്തുകയെന്ന കാര്യം ചിന്തിച്ചിരുന്നുവെന്ന് അദ്ദേഹം പറയുന്നു. അപ്പോഴേക്കും എല്ലാവരും ടെലിവിഷൻ കാണുകയും വിധിയെക്കുറിച്ച് കേൾക്കുകയും ചെയ്യുമായിരുന്നു. അക്കാരണത്താൽ സംഭവത്തിന് ഒരു പുതിയ 'ആംഗിൾ' നൽകേണ്ടതുണ്ടായിരുന്നു; അങ്ങനെയാണ് തലക്കെട്ട് വികസിച്ചത്.

തലക്കെട്ട് എന്താണെന്ന് ചോദിച്ചു. രാജീവ് വധിക്കപ്പെട്ടുവെന്ന് പറയുന്നത് പഴയ കാര്യമായിക്കഴിഞ്ഞെന്ന് ഈ ലേഖകൻ മറുപടി നൽകി. കാരണം സംഭവം നടന്ന് 30 മണിക്കൂറിനു ശേഷമാകും പത്രം വായനക്കാരിൽ എത്തുന്നത്.

തലക്കെട്ടിനായുള്ള ഇടം പരമ പ്രാധാന്യമുള്ളതാണ്. ഇതിന്റെ ഏറ്റവും മികച്ച ഉപയോഗം നടത്തേണ്ടതുണ്ട്. വളരെ ധീരമായും ദൃഢമനസ്സോടെയുമാണ് രാജഗോപാൽ അക്കാര്യം ചെയ്യുന്നത്. അതുപോലെ ചെങ്കോട്ടയുടെ കവാടങ്ങൾ തകർത്ത ഒരു വിഭാഗം കർഷകരെച്ചൊല്ലി അധികാരത്തിലിരുന്നവർ വിലപിച്ചപ്പോൾ ടെലിഗ്രാഫ് ആകട്ടെ, 1.1 ഡിഗ്രി സെൽഷ്യസിനു താഴെ വരുന്ന ശൈത്യത്തിൽ വിറയ്ക്കുന്ന ഒന്നര ലക്ഷത്തിലധികം വരുന്ന കർഷകരുടെ പ്രതിഷേധം പരാമർശിച്ചു.

ലാത്തികളും ജലപീരങ്കികളും ഉപയോഗിച്ച്, അധികാരികൾ എപ്രകാരമാണ് അവരെ നേരടുന്നതെന്നു ചൂണ്ടിക്കാട്ടി. അനുരഞ്ജനത്തിനെന്ന പേരിൽ വിളിച്ചു ചേർത്ത് ഫലമുളവാക്കാതെ പോയ പത്തിലധികം യോഗങ്ങൾ, 150 കർഷകരുടെ ജീവത്യാഗം, 1.1 ഡിഗ്രി സെൽഷ്യസിൽ 11 പേരുടെ നിരാഹാര വ്രതം എന്നിവയെല്ലാം ശ്രദ്ധയിൽ പെടുത്തിയ ശേഷം വായനക്കാരോട് നിർദ്ദേശിച്ചതിങ്ങനെ: `CHOOSE THE BIGGER CRIME'. വലിയ കുറ്റകൃത്യം ഏതെന്നു തിരഞ്ഞെടുക്കൂ..!

രാജഗോപാലിന്റെ വാക്കുകളിൽ കേവല റിപ്പോർട്ടിംഗിനപ്പുറം പോകുന്നതാണ് പത്രപ്രവർത്തനം. 'ഈ രംഗത്ത് ആരോടും ഉത്തരവാദിത്തമില്ലെന്ന് കരുതുന്നവർക്കു തിരിച്ചടി കിട്ടുക തന്നെ ചെയ്യും.' പത്രപ്രവർത്തനമെന്നത് അക്ഷരാർത്ഥത്തിൽ ഒരു പ്രഭാഷണ നൈരന്തര്യമാണ്. വിനോദത്തിന് പ്രാധാന്യം ലഭിക്കുന്ന ഇക്കാലത്തുപോലും വായനക്കാരുമായുള്ള സംവേദനത്തിന് തികഞ്ഞ പ്രസക്തിയുണ്ട് എന്നു തെളിയിച്ചു രാജഗോപാൽ.

ഒരു കാര്യമോർക്കുക. ഇദ്ദേഹത്തെപ്പോലെ ഇന്ത്യ മുഴുവൻ അറിയപ്പെടുന്ന ഒരു വ്യക്തിയുടെ വോട്ടവകാശം നിഷേധിക്കുമ്പോൾ സാധാരണക്കാരുടെ കാര്യം ഒന്ന് ആലോചിച്ചു നോക്കൂ.

◗ *എം എൽസ എൽവിൻ*

## വ്യാജ മരുന്നുകളും നിരോധിത ഉത്പന്നങ്ങളും വിറ്റഴിച്ചു; യുഎസിൽ അലിബാബയ്ക്ക് പിഴ

ന്യൂയോർക്ക്: അമേരിക്കയിലേക്ക് തങ്ങളുടെ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴി നിരോധിത ഉത്പന്നങ്ങൾ നിയമവിരുദ്ധമായി വിറ്റഴിച്ചതിൽ ചൈനീസ് ഇകോമേഴ്സ് ഭീമന്മാരായ അലിബാബയ്ക്ക് പിഴ.

യുഎസ് നീതിന്യായ വകുപ്പിന് 600 മില്യൺ ഡോളർ (ഏകദേശം 5,000 കോടിയിലധികം രൂപ) പിഴ നൽകാൻ അലിബാബ സമ്മതിച്ചു. പിഴ ഒടുക്കുന്നതോടെ കമ്പനിക്കെതിരെ യുഎസ് സർക്കാർ ക്രിമിനൽ നടപടികൾ ഒഴിവാക്കും.

അലിബാബ ഗ്രൂപ്പും അവരുടെ യുഎസ് അധിഷ്ഠിത പേയ്മെന്റ് പ്രൊസസറായ എയുഎസ് മെർച്ചന്റ് സർവീസസും (സംയുക്തമായാണ്) ഈ തുക നൽകുക. അലിബാബ.കോം, അലിഎക്സ്പ്രസ്സ്.കോം എന്നീ വെബ്സൈറ്റുകൾ വഴി വ്യാജ മരുന്നുകൾ, നിയന്ത്രിത രാസവസ്തുക്കൾ, ലഹരിവസ്തുക്കൾ, വ്യാജ ഗുളികകൾ നിർമ്മിക്കാനുള്ള ഉപകരണങ്ങൾ എന്നിവ അമേരിക്കയിലേക്ക് ഇറക്കുമതി ചെയ്യുന്നത് തടയാൻ കമ്പനിക്ക് സാധിച്ചില്ലെന്ന കണ്ടെത്തലിനെ തുടർന്നാണ് നടപടി.




2016 ജനുവരി മുതൽ 2024 ഡിസംബർ വരെയുള്ള കാലയളവിൽ യുഎസ് ഫെഡറൽ നിയമങ്ങൾ ലംഘിച്ച് 80,000 ഓളം അനധികൃത ഇടപാടുകൾ നടന്നതായി അലിബാബ സമ്മതിച്ചു. ഈ വിൽപനയിലൂടെ 200 മില്യൺ ഡോളറിലധികം മൂല്യമുള്ള വ്യാപാരമാണ് പ്ലാറ്റ്ഫോമിൽ നടന്നത്.

യുഎസ് ഫെഡറൽ ഏജൻസികൾ രഹസ്യമായി നടത്തിയ അന്വേഷണത്തിൽ അലിബാബ വഴി വിലക്കപ്പെട്ട മരുന്നുകളും ഉപകരണങ്ങളും 40 ലധികം തവണ വാങ്ങാൻ സാധിച്ചതായി കണ്ടെത്തി. കമ്പനിയുടെ മണി ലോണ്ടറിങ് വിരുദ്ധ സംവിധാനങ്ങളിലെയും പണം ഇടപാട് നിരീക്ഷണത്തിലെയും വീഴ്ചകളാണ് ഇത്തരം നിയമവിരുദ്ധ വിൽപനകൾക്ക് വഴിയൊരുക്കിയതെന്ന് കോടതി രേഖകൾ വ്യക്തമാക്കുന്നു.

യുഎസ് അധികൃതരുടെ അന്വേഷണത്തോട് പൂർണ്ണമായി സഹകരിച്ചതായും മൂന്നാം കക്ഷി വ്യാപാരികളുടെ വിൽപന കൂടുതൽ കർശനമായി നിരീക്ഷിക്കാൻ സുരക്ഷാ മാനദണ്ഡങ്ങൾ ശക്തമാക്കുമെന്നും അലിബാബ വക്താവ് അറിയിച്ചു.

# അഭിഷേകിനെ പിന്തള്ളി ടി20 റാങ്കിങ്ങിൽ ഇഷാൻ കിഷൻ ഒന്നാമത്

ഇന്ത്യൻ ക്രിക്കറ്റ് ആരാധകർക്ക് ആവേശം പകർന്ന് ഐസിസിയുടെ പുതിയ ടി20 ബാറ്റിങ് റാങ്കിങ് പുറത്ത്. സഹതാരം അഭിഷേക് ശർമ്മയുടെ ഒരു വർഷം നീണ്ടുനിന്ന ആധിപത്യം അവസാനിപ്പിച്ചുകൊണ്ട് ഇന്ത്യൻ വിക്കറ്റ് കീപ്പർ ബാറ്റർ ഇഷാൻ കിഷൻ കരിയറിലാദ്യമായി അന്താരാഷ്ട്ര ടി20 ബാറ്റിങ് റാങ്കിങ്ങിൽ ഒന്നാം സ്ഥാനത്തെത്തി. അടുത്തിടെ സമാപിച്ച 2026-ലെ ഐസിസി പുരുഷ ടി20 ലോകകപ്പിലെ തകർപ്പൻ പ്രകടനമാണ് ഇഷാനെ ഈ ചരിത്രനേട്ടത്തിന് അർഹനാക്കിയത്. വെറും ഏഴ് റേറ്റിങ് പോയിന്റുകളുടെ വ്യത്യാസത്തിലാണ് അഭിഷേക് ശർമ്മയെ മറികടന്ന് കിഷൻ ഒന്നാം സ്ഥാനം സ്വന്തമാക്കിയത്.ഇന്ത്യ കിരീടം ചൂടിയ ലോകകപ്പ് ടൂർണമെന്റിൽ ഏതാണ്ട് ഇരുനൂറിനടുത്ത് സ്ട്രൈക്ക് റേറ്റിൽ 317 റൺസാണ് ഈ ഇടങ്കയ്യൻ ബാറ്റർ അടിച്ചുകൂട്ടിയത്. കൊളംബോയിൽ പാകിസ്ഥാനെതിരെ താരം പുറത്തെടുത്ത മാച്ച് വിന്നിങ് പ്രകടനം ഇഷാന്റെ കരിയറിലെ തന്നെ ഏറ്റവും മികച്ച നിമിഷങ്ങളിലൊന്നായി മാറി.വിരാട് കോഹ്‌ലി, സൂര്യകുമാർ യാദവ്, അഭിഷേക് ശർമ്മ എന്നിവർക്ക് ശേഷം ടി20 റാങ്കിങ്ങിൽ ഒന്നാം സ്ഥാനത്തെത്തുന്ന നാലാമത്തെ മാത്രം ഇന്ത്യൻ പുരുഷ ബാറ്ററാണ് ഇഷാൻ കിഷൻ. അയർലൻഡിനെതിരായ പരമ്പരയിലെ മികച്ച പ്രകടനത്തോടെ ഐറിഷ്



താരങ്ങളായ ലോർക്കൻ ടക്കർ, റോസ് അഡയർ, മാത്യു ഹംഫ്രൈസ് എന്നിവരും റാങ്കിങ്ങിൽ മുന്നേറ്റം നടത്തിയിട്ടുണ്ട്.ടെസ്റ്റ് റാങ്കിങ്ങിലും വലിയ മാറ്റങ്ങളാണ് പുതിയ അപ്ഡേറ്റിൽ ദൃശ്യമാകുന്നത്. ഇംഗ്ലണ്ടിന്റെ ഹാരി ബ്രൂക്കിനെയും ജോ റൂട്ടിനെയും പിന്തള്ളി ഓസ്ട്രേലിയൻ താരം ട്രാവിസ് ഹെഡ് കരിയറിലാദ്യമായി ലോക ഒന്നാം നമ്പർ ടെസ്റ്റ് ബാറ്ററായി മാറി. കൂടാതെ, ന്യൂസിലൻഡ് താരം മാറ്റ് ഹെൻറിയെ മറികടന്ന് ഇന്ത്യൻ പേസ് വിസ്മയം ജസ്പ്രീത് ബുംറ ടെസ്റ്റ് ബൗളിങ് റാങ്കിങ്ങിൽ വീണ്ടും ഒന്നാം സ്ഥാനം തിരിച്ചുപിടിച്ചു.



# ഈജിപ്തിന് ആശ്വാസം, രാജാവ് തിരിച്ചെത്തി; മുഹമ്മദ് സലാ പരിശീലനത്തിൽ

ഫിഫ ലോകകപ്പിന്റെ ചരിത്രപ്രസിദ്ധമായ നോക്കൗട്ട് റൗണ്ട് മത്സരത്തിൽ ഓസ്ട്രേലിയയെ നേരിടാനൊരുങ്ങുന്ന ഈജിപ്തിന് കളിക്ക് മുൻപ് വൻ ആശ്വാസ വാർത്ത. ഹാംസ്ട്രിങ് പരിക്കിനെ തുടർന്ന് വിശ്രമത്തിലായിരുന്ന ഈജിപ്ഷ്യൻ നായകൻ മുഹമ്മദ് സലാ ചൊവ്വാഴ്ച ടീമിനൊപ്പം പരിശീലന മൈതാനത്തേക്ക് തിരിച്ചെത്തി. വെള്ളിയാഴ്ച നടക്കുന്ന നിർണായക മത്സരത്തിന് മുന്നോടിയായി സ്പോകെനിൽ നടക്കുന്ന പരിശീലന സെഷനിലാണ് താരം ഭാഗികമായി പങ്കെടുത്തത്. സലാ സഹതാരങ്ങൾക്കൊപ്പം പുഞ്ചിരിയോടെ നിൽക്കുന്ന ചിത്രങ്ങൾ ഈജിപ്ഷ്യൻ ഫുട്ബോൾ അസോസിയേഷൻ സോഷ്യൽ മീഡിയയിൽ പങ്കുവെച്ചുകൊണ്ട് 'രാജാവ് തിരിച്ചെത്തി' എന്ന് കുറിച്ചു.ഗ്രൂപ്പ് ഘട്ടത്തിൽ ഇറാനെതിരായ മത്സരത്തിനിടയിലാണ് ലിവർപൂൾ ഫോർവേഡായ സലാക്ക് പരിക്കേറ്റത്. മത്സരത്തിന്റെ 57-ാം മിനിറ്റിൽ താരം കളം വിട്ടത് ഈജിപ്ഷ്യൻ ആരാധകരിൽ വലിയ ആശങ്ക ഉണ്ടാക്കിയിരുന്നു. എന്നാൽ സലായുടെ പരിക്ക് ഗുരുതരമല്ലെന്നും താരം അടുത്ത മത്സരത്തിൽ തിരിച്ചെത്തുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ഈജിപ്ത് കോച്ച് ഹൊസാം ഹസ്സൻ വ്യക്തമാക്കി. താരം പൂർണ്ണമായ രീതിയിൽ പരിശീലനം പുനരാരംഭിച്ചിട്ടില്ലെങ്കിലും ചൊവ്വാഴ്ച മൈതാനത്തിറങ്ങിയത് ഓസ്ട്രേലിയക്കെതിരെ താരം കളിച്ചേക്കുമെന്ന വലിയ പ്രതീക്ഷയാണ് നൽകുന്നത്.ഫിഫയുടെ പുതുക്കിയ ടൂർണമെന്റ് ഘടന പ്രകാരം ചരിത്രത്തിലാദ്യമായാണ് ഈജിപ്ത് ലോകകപ്പിന്റെ നോക്കൗട്ട് ഘട്ടത്തിലേക്ക് യോഗ്യത നേടുന്നത്. ബെൽജിയത്തിന് തൊട്ടുപിന്നാലെ അഞ്ച് പോയിന്റുമായി ഗ്രൂപ്പിൽ രണ്ടാം സ്ഥാനക്കാരായാണ് ഈജിപ്ത് മുന്നേറിയത്. ടൂർണമെന്റിൽ ന്യൂസിലാൻഡിനെതിരെ ഈജിപ്ത് നേടിയ ചരിത്രത്തിലെ ആദ്യ ലോകകപ്പ് വിജയത്തിൽ സലാ തന്റെ 68-ാം അന്താരാഷ്ട്ര ഗോൾ സ്വന്തമാക്കിയിരുന്നു. നോക്കൗട്ട് കടമ്പ കടന്ന് അടുത്ത റൗണ്ടിലേക്ക് യോഗ്യത നേടാൻ സലായുടെ സാന്നിധ്യം ഈജിപ്തിന് വലിയ ഊർജ്ജമാകും.

# നെതർലൻഡ്സ് പരിശീലക സ്ഥാനം രാജിവെച്ച് കൂമാൻ



ഫിഫ ലോകകപ്പിൽ മൊറോക്കോയ്ക്കെതിരായ പെനാൽറ്റി ഷൂട്ടൗട്ട് തോൽവിക്ക് പിന്നാലെ നെതർലൻഡ്സ് ദേശീയ ഫുട്ബോൾ ടീമിന്റെ മുഖ്യ പരിശീലക സ്ഥാനം രാജിവെച്ച് ഇതിഹാസ താരം റൊണാൾഡ് കൂമാൻ.ലോകകപ്പിന്റെ ചരിത്രത്തിൽ ആദ്യമായാണ് നെതർലൻഡ്സ് പ്രീ-ക്വാർട്ടർ കാണാതെ റൗണ്ട് ഓഫ് 32 ഘട്ടത്തിൽ പുറത്താകുന്നത്. ടീമിന്റെ ഈ ചരിത്ര പരാജയത്തിന്റെ പൂർണ്ണ ഉത്തരവാദിത്തം ഏറ്റെടുത്തുകൊണ്ടാണ് ഡച്ച് ടീമിലെ തന്റെ രണ്ടാം പരിശീലക ദൗത്യം അവസാനിപ്പിക്കുന്നതായി 63-കാരനായ കൂമാൻ പ്രഖ്യാപിച്ചത്.താൻ ഇനി ഫുട്ബോൾ പരിശീലന രംഗത്തേക്ക് തിരികെ വന്നേക്കില്ലെന്ന സൂചനയും ഇൻസ്റ്റഗ്രാമിൽ പങ്കുവെച്ച വൈകാരികമായ കുറിപ്പിൽ അദ്ദേഹം നൽകിയിട്ടുണ്ട്. മെക്സിക്കോയിലെ മോണ്ടെറെയിൽ നടന്ന ആവേശകരമായ മത്സരത്തിൽ നിശ്ചിത സമയത്ത് ഇരുടീമുകളും 1-1 എന്ന നിലയിൽ സമനില പാലിച്ചതിനെ തുടർന്നാണ് മത്സരം പെനാൽറ്റി ഷൂട്ടൗട്ടിലേക്ക് നീണ്ടത്.ഷൂട്ടൗട്ടിൽ ഡച്ച് താരങ്ങളായ ജസ്റ്റിൻ ക്ലൂവർട്ട്, ക്വിന്റൻ ടിംബർ, ക്രിസെൻസിയോ സമ്മർവില്ലെ എന്നിവരുടെ ഷോട്ടുകൾ തടുത്തിട്ട് മൊറോക്കോ ഗോൾകീപ്പർ ബോണോ ഹീറോയായതോടെ നെതർലൻഡ്സ് 3-2 ന് തോൽവി വഴങ്ങി. മത്സരത്തിന് പിന്നാലെ പെനാൽറ്റി പാഴാക്കിയ മൂന്ന് യുവതാരങ്ങൾക്കെതിരെയും സോഷ്യൽ മീഡിയയിൽ കടുത്ത വംശീയ അധിക്ഷേപങ്ങൾ ഉയർന്നതായും ഇതിനെതിരെ നിയമനടപടി സ്വീകരിക്കുമെന്നും ഡച്ച് ഫുട്ബോൾ അസോസിയേഷൻ വ്യക്തമാക്കി. തന്റെ കരിയറിനെക്കുറിച്ച് അഭിമാനമുണ്ടെന്നും എന്നാൽ ലോകകപ്പിൽ ചരിത്രം കുറിക്കണമെന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ കഴിയാത്തതിൽ തനിക്കാണ് ഏറ്റവും കൂടുതൽ നിരാശയെന്നും കൂമാൻ കുറിപ്പിൽ പറഞ്ഞു. ഫുട്ബോളിനേക്കാൾ പ്രാധാന്യമുള്ള മറ്റ് ചില കാര്യങ്ങൾ ജീവിതത്തിലുണ്ടെന്ന് കഴിഞ്ഞ കുറച്ചുകാലമായി താൻ മനസ്സിലാക്കുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ശ്രീശാന്തിനേർപ്പെടുത്തിയ 3 വർഷ വിലക്ക് പിൻവലിച്ച് കെസിഎ

മലയാളി ക്രിക്കറ്റ് താരം സഞ്ജു സാംസണെ പിന്തുണച്ച് കേരള ക്രിക്കറ്റ് അസോസിയേഷനെതിരെ (കെസിഎ) നടത്തിയ വിവാദ പരാമർശങ്ങളുടെ പേരിൽ മുൻ ഇന്ത്യൻ താരം എസ്. ശ്രീശാന്തിന് ഏർപ്പെടുത്തിയിരുന്ന മൂന്ന് വർഷത്തെ വിലക്ക് പിൻവലിച്ചു.കെസിഎ ഭാരവാഹികൾക്കെതിരെ ഉന്നയിച്ച വിമർശനങ്ങളിൽ ശ്രീശാന്ത് നിരുപാധികം ഖേദം പ്രകടിപ്പിച്ച് മാപ്പപേക്ഷ നൽകിയതിനെത്തുടർന്നാണ് നടപടി. കേരള ക്രിക്കറ്റ് ലീഗിൻറെ പുതിയ സീസൺ ആരംഭിക്കാനിരിക്കെയാണ് ശ്രീശാന്തിന് അനുകൂലമായ ഈ നിർണായക തീരുമാനം വന്നിരിക്കുന്നത്.കഴിഞ്ഞ കെസിഎൽ സീസൺ മത്സരങ്ങൾക്ക് തൊട്ടുമുമ്പായിരുന്നു ദൃശ്യ-സമൂഹ മാധ്യമങ്ങളിലൂടെ അസോസിയേഷന് അപകീർത്തി വരുത്തുന്ന രീതിയിൽ സംസാരിച്ചതിന് ശ്രീശാന്തിന് കെസിഎ വിലക്കേർപ്പെടുത്തിയത്.സഞ്ജു സാംസണെ പിന്തുണച്ചുകൊണ്ട് കെസിഎ നേതൃത്വത്തിനെതിരെ താരം കടുത്ത ഭാഷയിൽ രംഗത്തുവന്നിരുന്നു. ഈ നടപടിക്കെതിരെ ശ്രീശാന്ത് തിരുവനന്തപുരം മുൻസിഫ് കോടതിയെ സമീപിച്ചെങ്കിലും കോടതി ഹർജി തള്ളിയിരുന്നു.



## കുട്ടികൾ മറ്റുള്ളവരെ ഉപദ്രവിക്കുന്ന ശീലമുള്ളവരാണോ? മാതാപിതാക്കൾക്ക് പിന്തുടരാം ഈ ശാസ്ത്രീയ മാർഗങ്ങൾ



തങ്ങളുടെ കുട്ടി മറ്റുള്ളവരെ ബുള്ളി ചെയ്യുന്നു അല്ലെങ്കിൽ മാനസികമായി പീഡിപ്പിക്കുന്നു എന്ന് അറിയുമ്പോൾ ഏതൊരു രക്ഷിതാവിനും വലിയ ആശങ്കയുണ്ടാകുന്നത് സ്വാഭാവികമാണ്. എന്നാൽ ഇത്തരം സാഹചര്യങ്ങളിൽ ദേഷ്യപ്പെടുകയോ ശിക്ഷിക്കുകയോ ചെയ്യുന്നതിന് പകരം ശാന്തമായി കാര്യങ്ങൾ കൈകാര്യം ചെയ്യുകയാണ് വേണ്ടത്. കുട്ടി എന്തുകൊണ്ടാണ് ഇത്തരത്തിൽ പെരുമാറുന്നത് എന്നതിന്റെ പിന്നിലെ കാരണം കണ്ടെത്താൻ ശ്രമിക്കുക എന്നതാണ് ആദ്യം ചെയ്യേണ്ട കാര്യം.

പലപ്പോഴും കുട്ടികൾ തങ്ങളുടെ വികാരങ്ങൾ പ്രകടിപ്പിക്കാൻ കഴിയാതെ വരുമ്പോഴോ അല്ലെങ്കിൽ ശ്രദ്ധ ലഭിക്കാത്തപ്പോഴോ ആണ് മോശമായ പെരുമാറ്റങ്ങളിലേക്ക് തിരിയുന്നത്. ഇത്തരത്തിൽ കുട്ടികൾ പെരുമാറുമ്പോൾ അവരോട് സംസാരിക്കാൻ സമയം കണ്ടെത്തണം. കുട്ടി പറയുന്നത് മുഴുവൻ കേൾക്കാൻ തയ്യാറാകുകയും അവരുടെ കാഴ്ചപ്പാടുകൾ മനസ്സിലാക്കുകയും വേണം.

കുട്ടികൾ നല്ല പെരുമാറ്റങ്ങൾ കണ്ടാണ് പഠിക്കുന്നത്. അതിനാൽ മാതാപിതാക്കൾ വീട്ടിൽ പരസ്പര ബഹുമാനത്തോടെയും സ്നേഹത്തോടെയും പെരുമാറുന്നത് കുട്ടികളിലും വലിയ സ്വാധീനം ചെലുത്തും. വീട്ടിൽ കാണുന്ന അന്തരീക്ഷം തന്നെയാകും കുട്ടികൾ സ്കൂളിലും സുഹൃത്തുക്കൾക്കിടയിലും പകർന്നു നൽകുന്നത്.

മറ്റുള്ളവരെ ഉപദ്രവിക്കുന്നതിന് പകരം എങ്ങനെ നല്ല രീതിയിൽ ഇടപെടാം എന്ന് കുട്ടികളെ പരിശീലിപ്പിക്കണം. സുഹൃത്തുക്കളെ ഉൾക്കൊള്ളാനും അവരോട് സൗഹൃദപരമായി പെരുമാറാനും കുട്ടികളെ പ്രോത്സാഹിപ്പിക്കുക. നല്ല കാര്യങ്ങൾ ചെയ്യുമ്പോൾ അവരെ അഭിനന്ദിക്കാൻ മറക്കരുത്, കാരണം ഇത് കുട്ടികളിൽ ആത്മവിശ്വാസം വളർത്താൻ സഹായിക്കും.

കുട്ടി തെറ്റ് ചെയ്താൽ അതിന് തക്കതായ പരിണിതഫലങ്ങൾ അനുഭവിക്കേണ്ടി വരുമെന്ന് ബോധ്യപ്പെടുത്തണം. എന്നാൽ ഇത് ശാരീരികമായ ശിക്ഷയായിരിക്കരുത്. പകരം അവർക്ക് ഇഷ്ടപ്പെട്ട ചില വിനോദങ്ങളിൽ നിന്നോ സോഷ്യൽ മീഡിയ ഉപയോഗത്തിൽ നിന്നോ താൽക്കാലികമായി നിയന്ത്രണം ഏർപ്പെടുത്തുന്നത് ഫലപ്രദമാണ്.

മറ്റൊരാളുടെ വേദന എന്താണെന്ന് തിരിച്ചറിയാൻ കുട്ടികളെ സഹായിക്കുക. മറ്റുള്ളവരുടെ സ്ഥാനത്ത് നിന്ന് ചിന്തിക്കാൻ അവരെ പഠിപ്പിക്കുന്നത് ബുള്ളിങ്ങ് പോലുള്ള ശീലങ്ങളിൽ നിന്ന് അവരെ പിന്തിരിപ്പിക്കാൻ സഹായിക്കും. ഇതെല്ലാം ചെയ്ത ശേഷവും കുട്ടിയുടെ സ്വഭാവത്തിൽ മാറ്റമില്ലെങ്കിൽ ഒരു കൗൺസിലറുടെയോ മനഃശാസ്ത്ര വിദഗ്ധന്റെയോ സഹായം തേടാൻ മടിക്കരുത്.

## നരച്ച മുടി മാറ്റാൻ വഴികൾ തേടുകയാണോ? ശാസ്ത്രം പറയുന്ന സത്യങ്ങൾ ഇതൊക്കെയാണ്



പ്രായമാകുമ്പോൾ മുടി നരയ്ക്കുന്നത് സ്വാഭാവികമായ ഒരു പ്രക്രിയയാണെന്ന് എല്ലാവർക്കുമറിയാം. എന്നാൽ ചെറുപ്പത്തിൽ തന്നെ മുടി നരയ്ക്കുന്നത് പലരെയും വലിയ തോതിൽ ആശങ്കപ്പെടുത്താറുണ്ട്. നരയെക്കുറിച്ച് സമൂഹത്തിൽ നിലനിൽക്കുന്ന പല ധാരണകളും അന്ധവിശ്വാസങ്ങൾ മാത്രമാണെന്ന് ശാസ്ത്രം വ്യക്തമാക്കുന്നു.

പാരമ്പര്യമാണ് മുടി നരയ്ക്കുന്നതിലെ പ്രധാന ഘടകം. മാതാപിതാക്കൾക്ക് നേരത്തെ മുടി നരച്ചിട്ടുണ്ടെങ്കിൽ മക്കൾക്കും അത് സംഭവിക്കാൻ സാധ്യത ഏറെയാണ്. ഇതിനെ തടയാൻ മരുന്നുകൾ കൊണ്ടോ ഭക്ഷണക്രമം കൊണ്ടോ വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിയില്ല.

സമ്മർദ്ദം മുടി നരയ്ക്കാൻ കാരണമാകുമെന്ന് ചിലർ പറയാറുണ്ട്. എന്നാൽ തീവ്രമായ മാനസിക സമ്മർദ്ദം മാത്രമേ ഇതിലേക്ക് നയിക്കുകയുള്ളു എന്ന് പഠനങ്ങൾ പറയുന്നു. ജോലിസ്ഥലത്തെ സാധാരണ സമ്മർദ്ദങ്ങൾ കൊണ്ട് പെട്ടെന്ന് മുടി നരയ്ക്കുകയില്ല.

മുടി പറിച്ചാൽ അവിടെ കൂടുതൽ നര വരും എന്നത് മറ്റൊരു വലിയ മിഥ്യയാണ്. ഒരു മുടി പറിക്കുമ്പോൾ പകരം രണ്ട് മുടി നരച്ച് വരും എന്നത് തീർത്തും തെറ്റായ ധാരണയാണ്. മുടി പറിക്കുന്നത് തലയോട്ടിക്ക് കേടുപാടുകൾ വരുത്തുമെന്നല്ലാതെ നരയുമായി ഇതിന് ബന്ധമില്ല.

ഭക്ഷണക്രമത്തിൽ ശ്രദ്ധിച്ചാൽ നരയെ ഒരു പരിധി വരെ വൈകിപ്പിക്കാം. വിറ്റാമിൻ ബി 12 അടങ്ങിയ ഭക്ഷണങ്ങൾ മുടിയുടെ ആരോഗ്യത്തിന് വളരെ നല്ലതാണ്. സമീകൃത ആഹാരരീതി പിന്തുടരുന്നത് മുടി നരയ്ക്കുന്ന പ്രക്രിയയെ മന്ദഗതിയിലാക്കാൻ സഹായിക്കും.

പുകവലി മുടിയുടെ ആരോഗ്യത്തെ നശിപ്പിക്കുന്ന ഒന്നാണ്. പുകവലിക്കുന്നവരിൽ മുടി നേരത്തെ നരയ്ക്കാനുള്ള സാധ്യത മറ്റുള്ളവരെ അപേക്ഷിച്ച് കൂടുതലാണ്. പുകവലി ഉപേക്ഷിക്കുന്നത് മുടിയുടെ സ്വാഭാവിക നിറം നിലനിർത്താൻ സഹായിക്കുമെന്ന് വിദഗ്ധർ പറയുന്നു.

മുടിയിൽ ഉപയോഗിക്കുന്ന കെമിക്കൽ ഷാംപൂകളും ഡൈകളും ഗുണത്തേക്കാളേറെ ദോഷം ചെയ്യും. ഇവ തുടർച്ചയായി ഉപയോഗിക്കുന്നത് മുടിയുടെ വേരുകളെ ബാധിക്കും. പ്രകൃതിദത്തമായ മാർഗ്ഗങ്ങൾ ഉപയോഗിച്ച് മുടിയെ സംരക്ഷിക്കുന്നതാണ് എപ്പോഴും നല്ലത്.

അമിതമായ സൂര്യപ്രകാശം മുടിക്ക് ഏൽക്കുന്നത് മുടിയുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കും. അത് മുടിയിലെ പിഗ്മെന്റുകളെ നശിപ്പിക്കുകയും നരയ്ക്ക് കാരണമാവുകയും ചെയ്യുന്നു. വെയിലത്ത് ഇറങ്ങുമ്പോൾ തൊപ്പിയോ സ്കാർഫോ ഉപയോഗിക്കുന്നത് മുടി സംരക്ഷണത്തിന് നല്ലതാണ്.

ജീവിതശൈലിയിലെ മാറ്റങ്ങൾ വരുത്തുന്നത് വഴി മുടിയുടെ ആരോഗ്യം മെച്ചപ്പെടുത്താം. കൃത്യമായ ഉറക്കവും വെള്ളം കുടിക്കുന്നതും മുടി നരയ്ക്കുന്നത് ഒരു പരിധിവരെ കുറയ്ക്കാൻ സഹായിക്കും. നര എന്നത് പേടിക്കേണ്ട ഒന്നല്ല മറിച്ച് മുടിയുടെ ആരോഗ്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയാണ് വേണ്ടത്.

## അമിതമായി പ്രോട്ടീൻ കഴിക്കുന്നത് ശരീരത്തിന് നല്ലതാണോ? അറിയേണ്ടതെല്ലാം ഇവിടെയുണ്ട്



ആരോഗ്യകരമായ ഭക്ഷണക്രമത്തെക്കുറിച്ച് സംസാരിക്കുമ്പോൾ പലരും ആദ്യം പരിഗണിക്കുന്ന ഒന്നാണ് പ്രോട്ടീൻ. എന്നാൽ അമിതമായ അളവിൽ പ്രോട്ടീൻ കഴിക്കുന്നത് ശരീരത്തിൽ എന്ത് മാറ്റങ്ങളാണ് വരുത്തുക എന്നത് പലർക്കും വലിയൊരു ചോദ്യചിഹ്നമാണ്. ശരീരഭാരം കുറയ്ക്കാൻ സഹായിക്കുമെന്ന വിശ്വാസത്തിൽ പലരും ഇന്ന് ഉയർന്ന അളവിൽ പ്രോട്ടീൻ അടങ്ങിയ ഭക്ഷണം കഴിക്കാൻ താല്പര്യപ്പെടുന്നു.

പ്രോട്ടീൻ പേശികളുടെ വളർച്ചയ്ക്കും കേടുപാടുകൾ സംഭവിച്ച കോശങ്ങളെ നന്നാക്കാനും വളരെ അത്യാവശ്യമായ ഒരു ഘടകമാണ്. ശരീരത്തിന് ആവശ്യമായ ഊർജ്ജം നൽകുന്നതിലും ഹോർമോണുകളുടെ പ്രവർത്തനത്തിലും പ്രോട്ടീന് വലിയ പങ്കുണ്ട്. എന്നാൽ ശരീരത്തിന്റെ ആവശ്യത്തിലധികം പ്രോട്ടീൻ അകത്തെത്തിയാൽ എന്ത് സംഭവിക്കും എന്നത് ശ്രദ്ധിക്കേണ്ട വിഷയമാണ്.

ധാരാളം പ്രോട്ടീൻ കഴിക്കുമ്പോൾ ശരീരം അത് ദഹിപ്പിക്കാൻ കൂടുതൽ സമയം എടുക്കുന്നു. ഇത് ദഹന സംബന്ധമായ പ്രശ്നങ്ങൾക്ക് ചിലരിൽ കാരണമാകാറുണ്ട്. കൂടാതെ അമിതമായ പ്രോട്ടീൻ ഉപയോഗം വൃക്കകളുടെ പ്രവർത്തനത്തെ ബാധിക്കുമോ എന്ന ആശങ്കയും ആരോഗ്യ വിദഗ്ധർ പങ്കുവെക്കുന്നുണ്ട്.

പ്രോട്ടീൻ അമിതമാകുമ്പോൾ ശരീരത്തിലെ ജലാംശം നഷ്ടപ്പെടാൻ സാധ്യതയുണ്ട്. അതിനാൽ പ്രോട്ടീൻ അടങ്ങിയ ഭക്ഷണം കഴിക്കുമ്പോൾ ആവശ്യത്തിന് വെള്ളം കുടിക്കാൻ മറക്കരുത്. ശരീരത്തിന് ആവശ്യമുള്ള അത്രയും പ്രോട്ടീൻ കൃത്യമായ അളവിൽ കഴിക്കുന്നതാണ് ഏറ്റവും ഉചിതം.

ശരീരഭാരം കുറയ്ക്കാൻ ആഗ്രഹിക്കുന്നവർക്ക് പ്രോട്ടീൻ മികച്ചൊരു ഘടകമാണ്. പ്രോട്ടീൻ അടങ്ങിയ ഭക്ഷണം കഴിക്കുമ്പോൾ പെട്ടെന്ന് വയറു നിറഞ്ഞതായി തോന്നുകയും വിശപ്പ് കുറയുകയും ചെയ്യും. ഇത് അനാവശ്യമായ ലഘുഭക്ഷണങ്ങൾ കഴിക്കുന്നത് ഒഴിവാക്കാൻ സഹായിക്കുന്നു.

ചിക്കൻ, മുട്ട, പയർ വർഗ്ഗങ്ങൾ, മീൻ എന്നിവ പ്രോട്ടീന്റെ മികച്ച ഉറവിടങ്ങളാണ്. റെഡ് മീറ്റ് അമിതമായി കഴിക്കുന്നത് ഹൃദയാരോഗ്യത്തെ ബാധിക്കാൻ സാധ്യതയുള്ളതിനാൽ അത് ഒഴിവാക്കുന്നതാണ് നല്ലത്. സംസ്കരിച്ച ഭക്ഷണങ്ങളിലെ അമിതമായ പ്രോട്ടീൻ പലപ്പോഴും ആരോഗ്യകരമല്ല.

ഓരോ വ്യക്തിയുടെയും പ്രായം, ലിംഗഭേദം, ശാരീരിക പ്രവർത്തനങ്ങൾ എന്നിവയ്ക്ക് അനുസരിച്ചാണ് പ്രോട്ടീന്റെ അളവ് തീരുമാനിക്കേണ്ടത്. അത്യാവശ്യം വ്യായാമം ചെയ്യുന്നവർക്ക് പ്രോട്ടീൻ ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നത് വലിയ ഗുണങ്ങൾ നൽകും. അല്ലാത്തവർ അമിതമായ അളവിൽ ഇത് കഴിക്കുന്നത് അനാവശ്യമായ കൊഴുപ്പായി ശരീരത്തിൽ അടിഞ്ഞുകൂടാൻ സാധ്യതയുണ്ട്.

തുടർച്ചയായി ഉയർന്ന അളവിൽ പ്രോട്ടീൻ കഴിക്കാൻ ഉദ്ദേശിക്കുന്നവർ ഒരു ഡോക്ടറുടെയോ ഡയറ്റീഷ്യന്റെയോ ഉപദേശം തേടുന്നത് നന്നായിരിക്കും. പ്രോട്ടീൻ മാത്രം കേന്ദ്രീകരിച്ചുള്ള ഭക്ഷണരീതിയല്ല, മറിച്ച് സമീകൃതാഹാരമാണ് ആരോഗ്യത്തിന് പ്രധാനം. ആരോഗ്യകരമായ ജീവിതശൈലിയിലൂടെ മാത്രമേ ദീർഘകാലം കരുത്ത് നിലനിർത്താൻ കഴിയൂ.

## ദിവസവും അൽപസമയം വ്യായാമം മതിയോ? ആരോഗ്യ വിദഗ്ധർ പറയുന്ന പുതിയ രഹസ്യങ്ങൾ ഇതാ



നമ്മുടെ തിരക്കേറിയ ജീവിതശൈലിയിൽ വ്യായാമത്തിനായി സമയം കണ്ടെത്തുക എന്നത് പലപ്പോഴും വലിയൊരു വെല്ലുവിളിയാണ്. മണിക്കൂറുകളോളം ജിമ്മിൽ ചിലവഴിക്കാൻ കഴിയാത്തവർക്ക് ആശ്വാസകരമായ വാർത്തകളാണ് ഇപ്പോൾ പുറത്തുവരുന്നത്. വളരെ കുറഞ്ഞ സമയത്തെ ശാരീരിക അധ്വാനം പോലും ശരീരത്തിന് വലിയ ഗുണങ്ങൾ നൽകുന്നുണ്ടെന്നാണ് പുതിയ കണ്ടെത്തൽ.

ദിവസവും കുറഞ്ഞ മിനിറ്റുകൾ മാത്രം വ്യായാമം ചെയ്യുന്നത് ഹൃദയാരോഗ്യത്തിന് അത്ഭുതകരമായ മാറ്റങ്ങൾ വരുത്തും. ഇത് രക്തസമ്മർദ്ദം കുറയ്ക്കാനും ശരീരത്തിലെ അമിത കൊഴുപ്പ് ഇല്ലാതാക്കാനും സഹായിക്കുന്നു. വ്യായാമത്തിന്റെ ദൈർഘ്യത്തേക്കാൾ അതിന്റെ തീവ്രതയ്ക്കാണ് കൂടുതൽ പ്രാധാന്യം നൽകേണ്ടതെന്ന് ആരോഗ്യ വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു.

വേഗത്തിൽ നടക്കുകയോ ചെറിയ രീതിയിൽ ഓടുകയോ ചെയ്യുന്നത് ഹൃദയമിടിപ്പ് വർദ്ധിപ്പിക്കാൻ സഹായിക്കും. ഇത് ശരീരത്തിലെ മെറ്റബോളിസം ഉയർത്തുകയും ഊർജ്ജസ്വലത നിലനിർത്താൻ സഹായിക്കുകയും ചെയ്യുന്നു. ലളിതമായ വ്യായാമങ്ങൾ പോലും മനസ്സിന്റെ സമ്മർദ്ദം കുറയ്ക്കാൻ മികച്ച മാർഗ്ഗമാണ്.

തുടക്കക്കാർക്ക് പതിനഞ്ച് മുതൽ ഇരുപത് മിനിറ്റ് വരെയുള്ള വ്യായാമം മതിയാകും. ഇത് പതിവാക്കുന്നത് ശരീരത്തിന്റെ പ്രതിരോധശേഷി വർദ്ധിപ്പിക്കാൻ സഹായിക്കുമെന്ന് പഠനങ്ങൾ പറയുന്നു. വ്യായാമം എന്നത് ഒരു വലിയ ഉത്തരവാദിത്തമായി കാണാതെ ദൈനംദിന ജീവിതത്തിന്റെ ഭാഗമാക്കുകയാണ് വേണ്ടത്.

പ്രായഭേദമന്യേ എല്ലാവർക്കും ചെറിയ തോതിലുള്ള വ്യായാമങ്ങൾ ചെയ്യാവുന്നതാണ്. കൃത്യമായ ഇടവേളകളിൽ വ്യായാമം ചെയ്യുന്നത് വാർദ്ധക്യ സഹജമായ പല രോഗങ്ങളെയും അകറ്റി നിർത്തും. എല്ലുകളുടെയും പേശികളുടെയും ബലത്തിന് ഇത് വളരെ അത്യാവശ്യമാണ്.

ദീർഘനേരം ഒരിടത്തിരുന്ന് ജോലി ചെയ്യുന്നവർക്ക് ചെറിയ ഇടവേളകളിൽ നടക്കുന്നത് ഗുണകരമാകും. കോണിപ്പടികൾ ഉപയോഗിക്കുന്നത് പോലും മികച്ചൊരു വ്യായാമമായി കണക്കാക്കാം. ഇത്തരത്തിൽ ചെറിയ കാര്യങ്ങൾ ശ്രദ്ധിക്കുന്നത് ആരോഗ്യത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കും.

ഉറക്കമില്ലായ്മ പോലുള്ള പ്രശ്നങ്ങൾ ഉള്ളവർക്കും വ്യായാമം വലിയൊരു പരിഹാരമാണ്. ശാരീരിക അധ്വാനം ലഭിക്കുമ്പോൾ ശരീരം സ്വാഭാവികമായി വിശ്രമത്തിലേക്ക് കടക്കും. വ്യായാമം ചെയ്യാൻ തുടങ്ങുമ്പോൾ തുടക്കത്തിൽ തന്നെ വലിയ കഠിനമായ മുറകൾ ഒഴിവാക്കുന്നതാണ് നല്ലത്.

ശരീരം വഴങ്ങുന്നതിനനുസരിച്ച് വ്യായാമത്തിന്റെ അളവ് വർദ്ധിപ്പിക്കാം. വെള്ളം ധാരാളം കുടിക്കുകയും പോഷക സമൃദ്ധമായ ഭക്ഷണം കഴിക്കുകയും ചെയ്യുന്നത് വ്യായാമത്തോടൊപ്പം വളരെ പ്രധാനമാണ്. ആരോഗ്യകരമായ ജീവിതശൈലിയിലേക്ക് മാറാൻ ചെറിയ തുടക്കങ്ങൾ ധാരാളമാണ്.

# എന്താണ് വാട്സാപ്പ് യൂസർ നെയിം ഫീച്ചർ? ഇതിന്റെ പ്രാധാന്യം എന്ത്?

വാട്സാപ്പ് ചരിത്രത്തിലെ ഏറ്റവും വലിയ മാറ്റത്തിന് തുടക്കമിട്ടിരിക്കുകയാണ്. ഇനി മുതൽ മറ്റുള്ളവർക്ക് നമ്മുടെ ഫോൺ നമ്പർ നൽകാതെ തന്നെ വാട്സാപ്പിൽ ചാറ്റ് ചെയ്യാൻ സഹായിക്കുന്ന 'യൂസർ നെയിം' ഫീച്ചർ മെറ്റ അവതരിപ്പിച്ചു കഴിഞ്ഞു. ഇൻസ്റ്റാഗ്രാമിലും ടെലിഗ്രാമിലും ഒക്കെയുള്ളതുപോലെ ഓരോരുത്തർക്കും തനതായ ഒരു ഐഡന്റിറ്റി (ഉദാഹരണത്തിന്: @yourname) ഇതിലൂടെ നിർമ്മിക്കാം.

നിലവിൽ ഈ ഫീച്ചർ ലോകമെമ്പാടും ഘട്ടങ്ങളായി റോളൗട്ട് ചെയ്തുകൊണ്ടിരിക്കുകയാണ്. വരും മാസങ്ങളിൽ കർശനമായ സുരക്ഷാ മാനദണ്ഡങ്ങളോടെ ഈ ഫീച്ചർ പൂർണ്ണമായി ലഭ്യമാകും. അതിനാൽ ഇപ്പോഴേ ഇതിനെക്കുറിച്ച് കൃത്യമായി അറിഞ്ഞിരിക്കേണ്ടതും നിങ്ങളുടെ യൂസർ നെയിം റിസർവ് ചെയ്യേണ്ടതും അത്യാവശ്യമാണ്.

### നിങ്ങളുടെ വാട്സാപ്പ് യൂസർ നെയിം എങ്ങനെ ക്രിയേറ്റ്/റിസർവ് ചെയ്യാം?

നിലവിൽ ആൻഡ്രോയിഡ്, ഐഒഎസ് ഫോണുകളിൽ ഈ ഫീച്ചർ ലഭ്യമായി തുടങ്ങിയിട്ടുണ്ട്. നിങ്ങളുടെ പ്രിയപ്പെട്ട യൂസർ നെയിം മറ്റാരെങ്കിലും എടുക്കുന്നതിന് മുൻപ് റിസർവ് ചെയ്യാൻ താഴെ പറയുന്ന കാര്യങ്ങൾ ചെയ്യുക:

1. **ആപ്പ് അപ്ഡേറ്റ് ചെയ്യുക: ആദ്യ പടി**
   ഗൂഗിൾ പ്ലേ സ്റ്റോറോ ആപ്പിൾ ആപ്പ് സ്റ്റോറോ തുറന്ന് നിങ്ങളുടെ വാട്സാപ്പ് ഏറ്റവും പുതിയ വേർഷനിലേക്ക് അപ്ഡേറ്റ് ചെയ്യുക.
2. **സെറ്റിങ്സ് തുറക്കുക**
   വാട്സാപ്പ് തുറന്ന ശേഷം മുകളിൽ വലതുഭാഗത്തുള്ള മൂന്ന് ഡോട്ടുകളിൽ (സെറ്റിംഗ്സ്) ക്ലിക്ക് ചെയ്യുക. അവിടെ നിങ്ങളുടെ പ്രൊഫൈൽ പിക്ചർ കാണുന്ന ഭാഗത്ത് ടാപ്പ് ചെയ്യുക.
3. **അക്കൗണ്ട് സെറ്റിങ്സ് പരിശോധിക്കുക:**
   Username">
   പ്രൊഫൈൽ സെറ്റിങ്സിൽ അക്കൗണ്ട് ക്ലിക്ക് ചെയ്യുമ്പോൾ അവിടെ യൂസർ നെയിം അല്ലെങ്കിൽ റിസേർവ് യൂസർനെയിം എന്നൊരു ഓപ്ഷൻ കാണാം. അതിൽ ടാപ്പ് ചെയ്യുക.
4. **യൂസർ നെയിം ടൈപ്പ് ചെയ്യുക**
   നിങ്ങൾക്ക് ആവശ്യമുള്ള പേര് ടൈപ്പ് ചെയ്യുക. (കുറഞ്ഞത് 3 അക്ഷരങ്ങളും പരമാവധി 35 അക്ഷരങ്ങളും പാടുള്ളൂ. അക്കങ്ങളും, അണ്ടർസ്കോറും _, ഫുൾസ്റ്റോപ്പും . ഉപയോഗിക്കാം). പേര് ലഭ്യമാണെങ്കിൽ Save / Done നൽകാം.

**ഒരു പ്രധാന ടിപ്:** നിങ്ങൾക്ക് നിങ്ങളുടെ ഇൻസ്റ്റാഗ്രാം, ഫേസ്ബുക്ക് അക്കൗണ്ടുകളിലെ അതേ യൂസർ നെയിം തന്നെ വാട്സാപ്പിലും വേണമെന്നുണ്ടെങ്കിൽ, മെറ്റയുടെ 'Accounts Center' വഴി അക്കൗണ്ടുകൾ ലിങ്ക് ചെയ്ത് വളരെ എളുപ്പത്തിൽ ആ പേര് വാട്സാപ്പിലേക്കും സ്വന്തമാക്കാവുന്നതാണ്.

### ബ്രാൻഡുകൾക്കും ബിസിനസുകൾക്കും വരാൻ പോകുന്ന വലിയ വിന!

വാട്സാപ്പിന് ലോകത്താകമാനം 300 കോടിയിലധികം ഉപഭോക്താക്കളുണ്ട്. അതുകൊണ്ടുതന്നെ പേരുകൾ വേഗത്തിൽ തീർന്നുപോകും. ഒരു പ്രമുഖ ബ്രാൻഡോ ബിസിനസ്സോ അവരുടെ ഔദ്യോഗിക പേര് കൃത്യസമയത്ത് റിസർവ് ചെയ്തില്ലെങ്കിൽ മറ്റാരെങ്കിലും അത് സ്വന്തമാക്കിയേക്കാം (Cybersquatting).

■ **ബ്രാൻഡ് വാല്യൂ നഷ്ടപ്പെടും:** നിങ്ങളുടെ കടയുടെയോ കമ്പനിയുടെയോ പേര് മറ്റൊരാൾ എടുത്താൽ, പിന്നീട് ആ പേര് നിങ്ങൾക്ക് കിട്ടില്ല.

■ **ഉപഭോക്താക്കൾ വഴിതെറ്റും:** ആളുകൾ നിങ്ങളുടെ ബ്രാൻഡിന്റെ പേര് സെർച്ച് ചെയ്യുമ്പോൾ വ്യാജ അക്കൗണ്ടുകളിലേക്ക് എത്തിപ്പെടാൻ ഇത് കാരണമാകും.

പൊതുപ്രവർത്തകർ, സെലിബ്രിറ്റികൾ, വെരിഫൈഡ് മെറ്റാ അക്കൗണ്ടുകൾ എന്നിവരുടെ പേരുകൾ മറ്റുള്ളവർ ദുരുപയോഗം ചെയ്യാതിരിക്കാൻ വാട്സാപ്പ് ചില മുൻകരുതലുകൾ എടുത്തിട്ടുണ്ടെങ്കിലും ചെറുകിടഇടത്തരം ബിസിനസുകൾ സ്വന്തം പേര് വേഗത്തിൽ റിസർവ് ചെയ്തില്ലെങ്കിൽ വലിയ പ്രതിസന്ധിയിലാകും.

### ഈ ഫീച്ചർ എങ്ങനെ ദുരുപയോഗം ചെയ്യപ്പെടാം?

ഫോൺ നമ്പർ ഇല്ലാതെ ചാറ്റ് ചെയ്യാം എന്നത് തട്ടിപ്പുകാർക്ക് വലിയൊരു ആയുധമാണ്. പേയ്ടിഎം സ്ഥാപകൻ വിജയ് ശേഖർ ശർമ്മ ഉൾപ്പെടെയുള്ള പ്രമുഖ ടെക് വിദഗ്ധരും കേന്ദ്ര സർക്കാരും ഈ ഫീച്ചറിനെതിരെ ആശങ്ക പ്രകടിപ്പിക്കാൻ കാരണങ്ങൾ ഇവയാണ്:

■ **വ്യാജൻമാരുടെ വിളയാട്ടം:** പ്രമുഖ ബാങ്കുകളുടെയോ, കൊറിയർ കമ്പനികളുടെയോ (ഉദാഹരണത്തിന്: @Bluedart_Support, @SBI_Helpline) പേരിൽ വ്യാജ യൂസർ നെയിം ഉണ്ടാക്കി ആളുകളെ എളുപ്പത്തിൽ പറ്റിക്കാം.

■ **ഡിജിറ്റൽ അറസ്റ്റ്, ഫിഷിംഗ് തട്ടിപ്പുകൾ:** ഫോൺ നമ്പർ ഇല്ലാത്തതിനാൽ തട്ടിപ്പുകാരൻ ഏത് രാജ്യത്തിരുന്നാണ് മെസ്സേജ് അയക്കുന്നതെന്ന് പെട്ടെന്ന് കണ്ടുപിടിക്കാൻ കഴിയില്ല. ഇത് ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ വർദ്ധിപ്പിക്കും.

■ **തിരിച്ചറിയാൻ ബുദ്ധിമുട്ട്:** ഒരേപോലെ തോന്നിക്കുന്ന അക്ഷരങ്ങൾ ഉപയോഗിച്ച് (ഉദാഹരണത്തിന് ഹ എന്ന ചെറിയ അക്ഷരത്തിന് പകരം 1 ഉപയോഗിച്ച്) ആളുകളെ തെറ്റിദ്ധരിപ്പിക്കാൻ സാധിക്കും.

### വ്യക്തികളെയും ബിസിനസുകളെയും ഇത് എങ്ങനെ ബാധിക്കും?

■ **വ്യക്തികൾക്ക്:** നിങ്ങളുടെ സുഹൃത്തിന്റെയോ ബന്ധുവിന്റെയോ പേരിൽ വരുന്ന വ്യാജ യൂസർ നെയിം അക്കൗണ്ടുകളിൽ നിന്ന് പണം ചോദിച്ചുള്ള മെസ്സേജുകൾ വരാം. നമ്പർ കാണാത്തതുകൊണ്ട് അത് വ്യാജനാണോ എന്ന് തിരിച്ചറിയാൻ പ്രയാസമായിരിക്കും.

■ **ബിസിനസുകൾക്ക്:** കമ്പനിയുടെ വ്യാജ കസ്റ്റമർ കെയർ അക്കൗണ്ടുകൾ നിർമ്മിച്ച് ഉപഭോക്താക്കളുടെ ബാങ്ക് വിവരങ്ങളും പണവും തട്ടിയെടുക്കാൻ സാധിക്കും. ഇത് ബിസിനസിന്റെ വിശ്വാസ്യത തകർക്കും.

### നമ്മൾ ഇപ്പോൾ അടിയന്തരമായി ചെയ്യേണ്ടത് എന്താണ്?

ടെക്നോളജി മാറുമ്പോൾ നമ്മളും സുരക്ഷിതരായിരിക്കണം. താഴെ പറയുന്ന കാര്യങ്ങൾ ഉടൻ തന്നെ ചെയ്യുക:

■ **നിങ്ങളുടെ പേര് റിസർവ് ചെയ്യുക:** വാട്സാപ്പ് അപ്ഡേറ്റ് ചെയ്ത് നിങ്ങളുടെ പേരോ അല്ലെങ്കിൽ നിങ്ങളുടെ ബ്രാൻഡിന്റെ ഔദ്യോഗിക പേരോ ഉടൻ തന്നെ റിസർവ് ചെയ്ത് സുരക്ഷിതമാക്കുക.

■ **യൂസർ നെയിം കീ എനേബിൾ ചെയ്യുക:** ഫീച്ചർ ലഭ്യമാകുമ്പോൾ തന്നെ സെറ്റിങ്സിൽ പോയി യൂസർ നെയിം കീ ഓൺ ചെയ്തു വെക്കുക. അപരിചിതർ മെസ്സേജ് അയക്കുന്നത് തടയാൻ ഇത് സഹായിക്കും.

■ **വ്യാജന്മാരെ സൂക്ഷിക്കുക:** ഇനി മുതൽ വാട്സാപ്പിൽ ബാങ്കുകളുടെയോ മറ്റ് കമ്പനികളുടെയോ പേരിൽ വരുന്ന യൂസർ നെയിം അക്കൗണ്ടുകളിൽ നിന്ന് ലിങ്കുകളോ ഒടിപികളോ ചോദിച്ചാൽ ഒരു കാരണവശാലും നൽകരുത്. അവ വെരിഫൈഡ് അക്കൗണ്ടുകൾ (Green Tick ഉള്ളവ) ആണോ എന്ന് ഉറപ്പുവരുത്തുക.

പുതിയ സാങ്കേതികവിദ്യകൾ സ്വകാര്യത വർദ്ധിപ്പിക്കുമെങ്കിലും ജാഗ്രത കുറഞ്ഞാൽ അത് വലിയ ചതിക്കുഴിയാകും. സുരക്ഷിതരായിരിക്കുക!




◗ റോബിൻസ് ആന്റണി

## ഐഫോൺ ഉപയോക്താക്കൾ ശ്രദ്ധിക്കുക;

# ആപ്പിളിന്റെ മുന്നറിയിപ്പ്, എഐ ഭീഷണികൾ നേരിടാൻ അടിയന്തര അപ്ഡേറ്റ് പുറത്തിറക്കി



ആപ്പിൾ ഐഫോൺ ഉപയോക്താക്കൾക്ക് നിർണ്ണായക സുരക്ഷാ മുന്നറിയിപ്പുമായി കമ്പനി രംഗത്തെത്തിയിരിക്കുകയാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അഥവാ എഐ സാങ്കേതികവിദ്യ ഉപയോഗിച്ച് ഹാക്കർമാർ ഐഫോണുകളെ ലക്ഷ്യം വെക്കുന്നതായാണ് ആപ്പിൾ കണ്ടെത്തിയിരിക്കുന്നത്. ഇതിനെ പ്രതിരോധിക്കാനായി ഐഒഎസ് 26.5.2 എന്ന പുതിയ സുരക്ഷാ അപ്ഡേറ്റ് കമ്പനി ഉടൻ തന്നെ ലഭ്യമാക്കിയിട്ടുണ്ട്.

സാധാരണയായി വലിയ സോഫ്റ്റ്‌വെയർ മാറ്റങ്ങളോടൊപ്പം മാത്രമാണ് ആപ്പിൾ സുരക്ഷാ പാച്ചുകൾ പുറത്തിറക്കാറുള്ളത്. എന്നാൽ എഐ അധിഷ്ഠിത ഭീഷണികളുടെ വർദ്ധനവ് കണക്കിലെടുത്ത്, പതിവുരീതികൾ മാറ്റി അടിയന്തരമായി അപ്ഡേറ്റ് നൽകാൻ ആപ്പിൾ നിർബന്ധിതരാവുകയായിരുന്നു. ഹാക്കർമാർ എഐ ഉപയോഗിച്ച് ഫോണിലെ സോഫ്റ്റ്‌വെയർ തകരാറുകൾ വളരെ വേഗത്തിൽ കണ്ടെത്തുന്നതായാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് ഹാക്കർമാർക്ക് ഫോണിലെ ഡാറ്റ ചോർത്താനും നിയന്ത്രണം ഏറ്റെടുക്കാനും സാധിക്കും. അതുകൊണ്ടുതന്നെ സുരക്ഷാ പാച്ചുകൾ നൽകുന്നതിൽ ഒട്ടും കാലതാമസം വരുത്താൻ ആപ്പിൾ തയ്യാറല്ല. പുതിയ അപ്ഡേറ്റിലൂടെ ഏകദേശം മുപ്പതോളം സുരക്ഷാ പ്രശ്നങ്ങൾക്കാണ് പരിഹാരം കാണുന്നത്.

പ്രധാനമായും വെബ്കിറ്റ് ഉൾപ്പെടെയുള്ള ഭാഗങ്ങളിലെ തകരാറുകളാണ് ഈ അപ്ഡേറ്റ് വഴി പരിഹരിക്കുന്നത്. വെബ്സൈറ്റുകൾ വഴി ഉപയോക്താക്കളുടെ സ്വകാര്യ വിവരങ്ങൾ മോഷ്ടിക്കാൻ ശ്രമിക്കുന്ന ഹാക്കർമാരുടെ നീക്കങ്ങളെ ഇത് തടയിടും. ഇതോടൊപ്പം ഓപ്പറേറ്റിംഗ് സിസ്റ്റത്തിന്റെ കാതലായ കേർണൽ ഭാഗത്തുള്ള സുരക്ഷാ പിഴവുകളും ഈ അപ്ഡേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ആപ്പിളിന്റെ ഈ പുതിയ തീരുമാനം സൈബർ സുരക്ഷാ രംഗത്ത് വലിയ ചർച്ചയായി മാറിയിട്ടുണ്ട്. എഐയുടെ വരവോടെ ഹാക്കിംഗ് കൂടുതൽ എളുപ്പമാകുന്ന സാഹചര്യത്തിൽ, വേഗത്തിലുള്ള സുരക്ഷാ സംവിധാനങ്ങൾ അനിവാര്യമാണെന്ന് വിദഗ്ധരും അഭിപ്രായപ്പെടുന്നു. അടിയന്തരമായി എല്ലാ ഉപയോക്താക്കളും ഐഫോണുകൾ പുതിയ പതിപ്പിലേക്ക് അപ്ഡേറ്റ് ചെയ്യാൻ ശ്രദ്ധിക്കണം.

ഏറ്റവും പുതിയ മോഡലുകൾ മാത്രമല്ല, ഐഫോൺ 11 മുതൽ മുകളിലോട്ടുള്ള എല്ലാ ഉപയോക്താക്കൾക്കും ഈ സുരക്ഷാ അപ്ഡേറ്റ് ലഭ്യമാണ്. നിങ്ങളുടെ ഫോണിലെ സെറ്റിംഗ്സിൽ പോയി സോഫ്റ്റ്‌വെയർ അപ്ഡേറ്റ് പരിശോധിക്കുന്നത് സുരക്ഷ ഉറപ്പാക്കാൻ സഹായിക്കും. അജ്ഞാതമായ വെബ് ലിങ്കുകളിൽ ക്ലിക്ക് ചെയ്യാതിരിക്കാനും പൊതു വൈഫൈ ഉപയോഗിക്കുമ്പോൾ ജാഗ്രത പാലിക്കാനും പ്രത്യേകം ശ്രദ്ധിക്കുക.

ആപ്പിളിന്റെ ഈ നടപടി ഉപയോക്താക്കളുടെ സ്വകാര്യത സംരക്ഷിക്കുന്നതിലുള്ള അവരുടെ പ്രതിബദ്ധതയെയാണ് കാണിക്കുന്നത്. വരും ദിവസങ്ങളിലും കൂടുതൽ സുരക്ഷാ അപ്ഡേറ്റുകൾ കമ്പനി പുറത്തിറക്കിയേക്കും. ഡിജിറ്റൽ സുരക്ഷയുടെ കാര്യത്തിൽ ഒട്ടും അലംഭാവം കാണിക്കരുതെന്ന് ടെക് വിദഗ്ധർ മുന്നറിയിപ്പ് നൽകുന്നു.

# പ്രൈം വീഡിയോയിൽ പരസ്യങ്ങൾ അടിച്ചേൽപ്പിച്ചു; ആമസോണിനെതിരെ നിയമനടപടിയുമായി ഉപഭോക്താക്കൾ




ജനപ്രിയ വീഡിയോ സ്ട്രീമിംഗ് സേവനമായ ആമസോൺ പ്രൈം വീഡിയോ വലിയൊരു നിയമക്കുരുക്കിലേക്ക്. പണം നൽകി സബ്സ്ക്രിപ്ഷൻ എടുത്തവർക്ക് പോലും പരസ്യങ്ങൾ കാണേണ്ടി വരുന്ന അവസ്ഥയിലാണ് പുതിയ നിയമനടപടി. പരസ്യങ്ങൾ ഒഴിവാക്കാൻ അധിക തുക ഈടാക്കുന്ന ആമസോണിന്റെ രീതിക്കെതിരെ ഉപഭോക്താക്കൾ പരാതിയുമായി കോടതിയെ സമീപിച്ചു.

ആമസോൺ പ്രൈം വീഡിയോ സബ്സ്ക്രിപ്ഷൻ എടുക്കുമ്പോൾ പരസ്യങ്ങളില്ലാത്ത സേവനം ഉറപ്പുനൽകിയിരുന്നുവെന്ന് ഉപഭോക്താക്കൾ ചൂണ്ടിക്കാട്ടുന്നു. എന്നാൽ പിന്നീട് കാര്യങ്ങൾ മാറിമറിഞ്ഞു. പണമടച്ചാലും വീഡിയോകൾക്കിടയിൽ പരസ്യങ്ങൾ ഉൾപ്പെടുത്താൻ കമ്പനി തീരുമാനിച്ചത് വലിയ പ്രതിഷേധത്തിന് കാരണമായി.

കൂടാതെ, പരസ്യങ്ങൾ ഒഴിവാക്കാൻ ഉപഭോക്താക്കൾ മാസത്തിൽ അധിക തുക നൽകണമെന്ന നിബന്ധനയും ആമസോൺ വെച്ചു. ഇത് നിലവിലുള്ള കരാറുകളുടെ ലംഘനമാണെന്നാണ് ഉപഭോക്താക്കളുടെ വാദം. ഈ രീതിയിൽ അധിക പണം പിരിക്കുന്നത് ന്യായീകരിക്കാനാവില്ലെന്നും ഇവർ ആരോപിക്കുന്നു.

ഈ വിഷയത്തിൽ വലിയൊരു ക്ലാസ് ആക്ഷൻ ലോ സ്യൂട്ട് ആണ് ഫയൽ ചെയ്തിരിക്കുന്നത്. ആമസോൺ തങ്ങളുടെ വാണിജ്യപരമായ ലാഭത്തിന് വേണ്ടി സേവനത്തിന്റെ ഗുണനിലവാരം കുറച്ചെന്ന് പരാതിക്കാർ വാദിക്കുന്നു. പ്രൈം മെമ്പർഷിപ്പിന്റെ പ്രധാന ഗുണങ്ങളിൽ ഒന്ന് പരസ്യരഹിത വിനോദമായിരുന്നു എന്ന് ഇവർ ഓർമ്മിപ്പിക്കുന്നു.

ആഗോളതലത്തിൽ തന്നെ ആമസോണിനെതിരെ ഈ പരാതി ശക്തമാണ്. ഉപഭോക്താക്കളെ തെറ്റിദ്ധരിപ്പിച്ചുവെന്നും കരാറിൽ നിന്ന് ഏകപക്ഷീയമായി പിന്മാറിയെന്നും കോടതിയിൽ സമർപ്പിച്ച പരാതിയിൽ പറയുന്നു. അധിക തുക ഈടാക്കി പരസ്യങ്ങൾ ഒഴിവാക്കാനുള്ള ഓപ്ഷൻ നൽകുന്നത് ഉപഭോക്താക്കളോടുള്ള അനീതിയാണെന്ന് പലരും കരുതുന്നു.

ഈ സംഭവത്തെത്തുടർന്ന് സോഷ്യൽ മീഡിയയിലും കടുത്ത വിമർശനങ്ങളാണ് ആമസോണിനെതിരെ ഉയരുന്നത്. പ്രൈം വീഡിയോയുടെ സബ്സ്ക്രൈബർമാർ തങ്ങൾ വഞ്ചിക്കപ്പെട്ടതായി വിശ്വസിക്കുന്നു. സ്ട്രീമിംഗ് രംഗത്തെ മുൻനിര കമ്പനികളിൽ ഒന്നായ ആമസോണിന്റെ വിശ്വാസ്യതയെ തന്നെ ഈ കേസ് ബാധിച്ചേക്കാം.

കമ്പനി അധികൃതർ ഈ ആരോപണങ്ങളോട് ഇതുവരെ കൃത്യമായി പ്രതികരിച്ചിട്ടില്ല. നിയമപരമായ നടപടികൾ മുന്നോട്ട് പോകുന്നതോടെ ആമസോണിന് വലിയ തുക പിഴയായി നൽകേണ്ടി വരുമോ എന്നതും കാത്തിരുന്ന് കാണേണ്ടതാണ്. വരും ദിവസങ്ങളിൽ ഈ കേസിന്റെ വിധി നിർണ്ണായകമാകും.

ആമസോൺ പ്രൈം വീഡിയോയുടെ ഭാവി പ്രവർത്തനങ്ങളെ ഈ കേസ് എങ്ങനെ ബാധിക്കുമെന്ന് വ്യക്തമല്ല. എങ്കിലും ഉപഭോക്താക്കളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇത്തരത്തിലുള്ള നിയമനടപടികൾ അത്യാവശ്യമാണെന്ന് പല സാങ്കേതിക വിദഗ്ധരും അഭിപ്രായപ്പെടുന്നു. വലിയ കമ്പനികൾ ഉപഭോക്താക്കളെ തങ്ങളുടെ ഇഷ്ടത്തിന് അനുസരിച്ച് നിയന്ത്രിക്കുന്നത് അംഗീകരിക്കാൻ കഴിയില്ല.

ഡിജിറ്റൽ സ്ട്രീമിംഗ് സേവനങ്ങൾ ഉപയോഗിക്കുന്നവർക്ക് ഇത് വലിയ പാഠമാണ്. കരാറുകൾ വായിക്കുമ്പോൾ കൂടുതൽ ശ്രദ്ധ വേണമെന്നും കമ്പനികളുടെ ഇത്തരത്തിലുള്ള മാറ്റങ്ങളെ ചോദ്യം ചെയ്യണമെന്നും സന്ദേശം ഉയരുന്നു. ആമസോൺ പ്രൈം വീഡിയോയുടെ നടപടിയിൽ മാറ്റം ഉണ്ടാകുമോ എന്ന് ലോകമെമ്പാടുമുള്ള വരിക്കാർ ശ്രദ്ധയോടെ നിരീക്ഷിക്കുകയാണ്.

# കീവിൽ ഡ്രോൺ ആക്രമണം; ഹോട്ടലിന് തീപിടിച്ചു, യുക്രെയ്ൻ തലസ്ഥാനത്ത് കനത്ത നാശനഷ്ടം

യുക്രെയ്ൻ തലസ്ഥാനമായ കീവിൽ റഷ്യൻ വ്യോമസേന നടത്തിയ ഡ്രോൺ ആക്രമണത്തിൽ വ്യാപക നാശനഷ്ടം റിപ്പോർട്ട് ചെയ്തു. കനത്ത ബോംബാക്രമണത്തിനിടയിൽ നഗരത്തിന്റെ മധ്യഭാഗത്തുള്ള ഒരു പ്രമുഖ ഹോട്ടലിന് തീപിടിച്ചതായാണ് വിവരം. പുലർച്ചെയുണ്ടായ വ്യോമാക്രമണത്തെ തുടർന്ന് നഗരവാസികൾ ഭീതിയോടെയാണ് കഴിഞ്ഞുകൂടുന്നത്.റഷ്യ വിക്ഷേപിച്ച നിരവധി ആത്മഹത്യാ ഡ്രോണുകൾ കീവിലെ ജനവാസ മേഖലകളെയാണ് ലക്ഷ്യമിട്ടത്. ആക്രമണത്തെ തുടർന്ന് ഹോട്ടൽ കെട്ടിടത്തിൽ നിന്നും വലിയ രീതിയിൽ പുക ഉയർന്നതായി ദൃക്സാക്ഷികൾ വ്യക്തമാക്കി. വിവരമറിഞ്ഞ് അഗ്നിശമന സേനാംഗങ്ങളും രക്ഷാപ്രവർത്തകരും സ്ഥലത്തെത്തി തീ നിയന്ത്രണവിധേയമാക്കാൻ ശ്രമിക്കുകയാണ്.നഗരത്തിലെ പ്രധാന തന്ത്രപ്രധാന കേന്ദ്രങ്ങൾക്ക് നേരെയും ആക്രമണ ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. യുക്രെയ്നിന്റെ വ്യോമ പ്രതിരോധ സംവിധാനങ്ങൾ പല ഡ്രോണുകളെയും ആകാശത്തുവെച്ച് തന്നെ വെടിവെച്ചിട്ടു. എങ്കിലും ചില ഡ്രോണുകൾ ലക്ഷ്യസ്ഥാനങ്ങളിൽ പതിക്കുകയായിരുന്നു എന്ന് അധികൃതർ സ്ഥിരീകരിക്കുന്നു.ആക്രമണത്തിൽ തകർന്ന കെട്ടിടങ്ങളിൽ ആളുകൾ കുടുങ്ങിക്കിടക്കുന്നുണ്ടോ എന്ന് കണ്ടെത്താൻ തിരച്ചിൽ തുടരുകയാണ്. പരിക്കേറ്റ ചിലരെ സമീപത്തെ ആശുപത്രികളിലേക്ക് മാറ്റിയിട്ടുണ്ട്. ആളപായത്തെക്കുറിച്ചുള്ള കൃത്യമായ വിവരങ്ങൾ വരും മണിക്കൂറുകളിൽ മാത്രമേ വ്യക്തമാകൂ.കീവിലെ വിവിധ ഭാഗങ്ങളിൽ വ്യോമാക്രമണ മുന്നറിയിപ്പ് നൽകുന്ന സൈറണുകൾ തുടർച്ചയായി മുഴങ്ങുന്നുണ്ട്. സുരക്ഷിതമായ അണ്ടർഗ്രൗണ്ട് താവളങ്ങളിലേക്ക് മാറാൻ ജനങ്ങൾക്ക് ഭരണകൂടം നിർദ്ദേശം നൽകി. റഷ്യ തങ്ങളുടെ ആക്രമണങ്ങളുടെ തീവ്രത വീണ്ടും വർദ്ധിപ്പിക്കുന്നതായാണ് ഈ സംഭവം തെളിയിക്കുന്നത്.ഹോട്ടൽ കെട്ടിടത്തിന് പുറമെ സമീപത്തെ ചില പാർപ്പിട സമുച്ചയങ്ങൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.






## ഇന്ധനക്ഷാമം; സഹായത്തിനായി ഇന്ത്യയിലേക്ക് കണ്ണുംനട്ട് മോസ്കോ

ഉക്രെയ്ൻ നടത്തുന്ന തുടർച്ചയായ ഡ്രോൺ ആക്രമണങ്ങൾ റഷ്യയുടെ ഊർജ്ജ മേഖലയെ വലിയ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. തങ്ങളുടെ പ്രധാന എണ്ണ ശുദ്ധീകരണ ശാലകൾക്ക് നേരെയുണ്ടായ ആക്രമണങ്ങളെത്തുടർന്ന് രാജ്യത്ത് രൂക്ഷമായ ഇന്ധനക്ഷാമമാണ് അനുഭവപ്പെടുന്നത്. ഇന്ധന ലഭ്യത ഉറപ്പാക്കുന്നതിനായി റഷ്യ ഇപ്പോൾ ഇന്ത്യയെയാണ് ആശ്രയിക്കുന്നത്. റഷ്യയുടെ പതിനൊന്ന് ടൈം സോണുകളിലായി വ്യാപിച്ചു കിടക്കുന്ന വിവിധ പ്രദേശങ്ങളിൽ ഇന്ധനത്തിന് വലിയ ദൗർലഭ്യമാണ് അനുഭവപ്പെടുന്നത്. പെട്രോൾ പമ്പുകളിൽ ഇന്ധനം ലഭിക്കാത്ത അവസ്ഥയും നീണ്ട നിരകളും സാധാരണ ജനങ്ങളെ വലയ്ക്കുന്നുണ്ട്. സ്ഥിതിഗതികൾ നിയന്ത്രിക്കുന്നതിനായി പലയിടത്തും ഇന്ധന റേഷനിങ് ഏർപ്പെടുത്തിയിട്ടുണ്ട്. രാജ്യത്തെ ഇന്ധനവിലയിലും വലിയ വർധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്.റഷ്യൻ ഭരണകൂടം ഇതിനകം തന്നെ ബെലാറസ് ഉൾപ്പെടെയുള്ള അയൽരാജ്യങ്ങളിൽ നിന്നും കൂടുതൽ ഇന്ധനം ശേഖരിക്കാൻ ശ്രമിക്കുന്നുണ്ട്. ഈ പ്രതിസന്ധിക്ക് പരിഹാരമായാണ് ഏഷ്യൻ വിപണിയിലെ പ്രധാന ഇന്ധന ഉൽപ്പാദകരായ ഇന്ത്യയിലേക്ക് റഷ്യ തിരിഞ്ഞത്. ഇതിനകം തന്നെ കുറഞ്ഞത് അറുപതിനായിരം മെട്രിക് ടൺ ഗ്യാസോലിൻ ഇന്ത്യയിൽ നിന്ന് റഷ്യയിലേക്ക് അയച്ചു കഴിഞ്ഞതായാണ് റിപ്പോർട്ടുകൾ.

## ഖത്തറിൽ മരവിപ്പിച്ച കോടികളുടെ ഫണ്ട് തിരിച്ചുപിടിക്കാൻ ഇറാൻ

ഖത്തറിലെ ബാങ്കുകളിൽ മരവിപ്പിച്ചു നിർത്തിയിരുന്ന വൻ തുക സ്വന്തം ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ ഒരുങ്ങി ഇറാൻ ഭരണകൂടം. രാജ്യത്തിന് ആവശ്യമായ അത്യാവശ്യ സാധനങ്ങളും വിഭവങ്ങളും വാങ്ങുന്നതിനായി ഈ ഫണ്ട് വിനിയോഗിക്കുമെന്ന് ഔദ്യോഗിക വൃത്തങ്ങൾ വ്യക്തമാക്കി. അന്താരാഷ്ട്ര തലത്തിൽ നിലനിൽക്കുന്ന സാമ്പത്തിക ഉപരോധങ്ങൾക്കിടയിലാണ് ഇറാന്റെ ഈ നിർണായക നീക്കം.ദക്ഷിണ കൊറിയയിൽ നിന്നും കൈമാറ്റം ചെയ്യപ്പെട്ട ആറ് ബില്യൺ ഡോളറോളം വരുന്ന ഫണ്ടാണ് ഖത്തറിലെ ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നത്. ഈ തുക രാജ്യത്തെ ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾക്കായി ഉപയോഗിക്കാനാണ് ഇപ്പോഴത്തെ തീരുമാനം. ദീർഘനാളായി ഈ ഫണ്ട് ഇപ്രകാരം മരവിപ്പിച്ച നിലയിലായിരുന്നു തുടർന്നത്.

ഭക്ഷ്യവസ്തുക്കളും മരുന്നുകളും ഉൾപ്പെടെയുള്ള മാനുഷിക പരിഗണന അർഹിക്കുന്ന സാമഗ്രികൾ വാങ്ങാൻ മാത്രമേ ഈ തുക ഉപയോഗിക്കാവൂ എന്ന വ്യവസ്ഥയുണ്ട്. മുൻപ് ഒപ്പിട്ട ചില അന്താരാഷ്ട്ര കരാറുകളുടെ അടിസ്ഥാനത്തിലാണ് ഈ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. നിയമപരമായ എല്ലാ വശങ്ങളും പരിശോധിച്ച ശേഷമായിരിക്കും ഫണ്ട് വിനിയോഗിക്കുക.ഇറാന്റെ കേന്ദ്ര ബാങ്ക് അധികൃതർ ഖത്തറിലെ ധനകാര്യ സ്ഥാപനങ്ങളുമായി ഇതുസംബന്ധിച്ച് സജീവമായ ചർച്ചകൾ നടത്തിവരികയാണ്. സാങ്കേതിക തടസ്സങ്ങൾ എല്ലാം നീക്കി തുക എത്രയും വേഗം ലഭ്യമാക്കാനാണ് ടെഹ്റാൻ ശ്രമിക്കുന്നത്. നിലവിലെ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ ഇത് സഹായകരമാകും.പശ്ചിമേഷ്യൻ മേഖലയിലെ രാഷ്ട്രീയ സാഹചര്യങ്ങളിൽ ഇറാന്റെ ഈ നീക്കം വലിയ ചർച്ചകൾക്ക് കാരണമായിട്ടുണ്ട്. അമേരിക്ക ഉൾപ്പെടെയുള്ള പാശ്ചാത്യ രാജ്യങ്ങൾ ഇറാന്റെ സാമ്പത്തിക ഇടപാടുകളെ അതീവ ജാഗ്രതയോടെയാണ് നിരീക്ഷിക്കുന്നത്. ഉപരോധങ്ങളുടെ ലംഘനം ഉണ്ടാകാത്ത രീതിയിലാകും ഇടപാടുകൾ നടക്കുക. രാജ്യത്തെ വിപണിയിൽ അത്യാവശ്യ സാധനങ്ങളുടെ ലഭ്യത



ഉറപ്പാക്കാൻ ഈ ഫണ്ട് സഹായിക്കുമെന്നാണ് സാമ്പത്തിക വിദഗ്ധരുടെ വിലയിരുത്തൽ. വിലക്കയറ്റം നിയന്ത്രിക്കാനും ജനങ്ങൾക്ക് ആശ്വാസം നൽകാനും ഭരണകൂടത്തിന് ഇതിലൂടെ സാധിക്കും.

തന്ത്രപരമായ ഒരു സാമ്പത്തിക നീക്കമായാണ് ഇതിനെ കാണുന്നത്.കരാറുകളിൽ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചുകൊണ്ട് മാത്രമേ ഖത്തർ ഈ ഫണ്ട് റിലീസ് ചെയ്യുകയുള്ളൂ. അന്താരാഷ്ട്ര ബാങ്കിംഗ് മാനദണ്ഡങ്ങൾ അനുസരിച്ചുള്ള പരിശോധനകൾ ഇതിനായി നടക്കും. സുതാര്യമായ രീതിയിൽ മാത്രമേ പണം കൈമാറ്റം ചെയ്യപ്പെടുകയുള്ളൂ എന്ന് ഖത്തറും വ്യക്തമാക്കിയിട്ടുണ്ട്.ഇറാന്റെ ആഭ്യന്തര വിപണിയിൽ ഡോളറിന്റെ മൂല്യത്തിലുണ്ടാകുന്ന വ്യതിയാനങ്ങൾ കുറയ്ക്കാൻ ഈ പുതിയ ഫണ്ട് വരവ് സഹായിച്ചേക്കും. വിദേശ നാണ്യ ശേഖരം വർദ്ധിപ്പിക്കാൻ ബാങ്കുകൾക്ക് ഇത് പുതിയ കരുത്ത് നൽകും.

കൂടുതൽ വ്യാപാര കരാറുകളിൽ ഏർപ്പെടാനും ഇറാൻ ആലോചിക്കുന്നുണ്ട്.പശ്ചിമേഷ്യയിലെ നയതന്ത്ര ബന്ധങ്ങളിൽ ഖത്തർ വഹിക്കുന്ന മധ്യസ്ഥ പങ്ക് ഈ ഇടപാടിലൂടെ ഒരിക്കൽ കൂടി വ്യക്തമാകുകയാണ്. അമേരിക്കയും ഇറാനും തമ്മിലുള്ള പല തർക്കങ്ങളിലും ഖത്തർ മുൻപും ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ഈ സാമ്പത്തിക ഇടപാടും അതിന്റെ ഭാഗമായാണ് നടക്കുന്നത്.ഇറാൻ ജനത നേരിടുന്ന കടുത്ത സാമ്പത്തിക ബുദ്ധിമുട്ടുകൾക്ക് ഒരു പരിധി വരെ ഇതിലൂടെ പരിഹാരം കാണാൻ സാധിക്കും. മരുന്നുകളുടെ ക്ഷാമം പരിഹരിക്കുക എന്നതാണ് ഭരണകൂടത്തിന്റെ ഏറ്റവും വലിയ മുൻഗണന.

## ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ കവരാൻ ചൈന; വിവാദ വംശീയ ഐക്യ നിയമം പ്രാബല്യത്തിൽ

ചൈനയിൽ കനത്ത രാജ്യാന്തര വിമർശനങ്ങൾക്കും പ്രതിഷേധങ്ങൾക്കും ഇടയാക്കിയ പുതിയ വംശീയ ഐക്യ നിയമം ഔദ്യോഗികമായി പ്രാബല്യത്തിൽ വന്നിരിക്കുകയാണ്. തിബറ്റുകാർ, ഉയ്ഗൂർ മുസ്‌ലിംകൾ തുടങ്ങിയ ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ സാംസ്കാരികവും ഭാഷാപരവുമായ വ്യക്തിത്വം ഇല്ലാതാക്കാൻ ഈ നിയമം കാരണമാകുമെന്നാണ് ഉയരുന്ന പ്രധാന ആക്ഷേപം. തായ്‌വാൻ ഭരണകൂടവും ഐക്യരാഷ്ട്ര സഭയും ഉൾപ്പെടെയുള്ള ആഗോള ശക്തികൾ ഈ നിയമനിർമ്മാണത്തിന് എതിരെ ശക്തമായ നിലപാടുമായി രംഗത്തുണ്ട്.രാജ്യത്തെ എല്ലാ വിഭാഗം ജനങ്ങളെയും ഒരൊറ്റ ചൈനീസ് സംസ്കാരത്തിന് കീഴിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയാണ് പ്രസിഡന്റ് ഷി ജിൻപിങ് ഈ നിയമം നടപ്പിലാക്കിയത്. ചൈനയിലെ ഔദ്യോഗിക ഭാഷയായ മാൻഡറിന് സ്കൂളുകളിലും പൊതുവിടങ്ങളിലും പൂർണ്ണ മുൻഗണന നൽകാൻ ഈ നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇത് പ്രാദേശിക ഭാഷകളുടെ വളർച്ചയെയും നിലനിൽപ്പിനെയും ദോഷകരമായി ബാധിക്കുമെന്ന് മനുഷ്യാവകാശ സംഘടനകൾ ആശങ്കപ്പെടുന്നു.പുതിയ നിയമപ്രകാരം ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആശയങ്ങളോട് എല്ലാ വംശീയ വിഭാഗങ്ങളും പൂർണ്ണമായി പൊരുത്തപ്പെട്ടു പോകേണ്ടതുണ്ട്. വംശീയമായ വ്യത്യാസങ്ങൾ മറന്ന് ഒരൊറ്റ ജനതയായി മാറാൻ ജനങ്ങളെ നിർബന്ധിക്കുന്നതാണ് ഈ പുതിയ ചട്ടങ്ങൾ. ചൈനയ്ക്ക് പുറത്തു ജീവിക്കുന്ന വ്യക്തികൾ പോലും ഈ നിയമത്തിന് വിരുദ്ധമായി പ്രവർത്തിച്ചാൽ അവർക്കെതിരെ നടപടിയെടുക്കാൻ പുതിയ വ്യവസ്ഥകൾ അധികാരം നൽകുന്നു.

# അമേരിക്ക – ഇറാൻ സംഘർഷവും ഇന്ത്യയുടെ പുതിയ പ്രതിരോധ തന്ത്രങ്ങളും

സൈനികമായി എത്ര തന്നെ ശക്തരായാലും ഒരു രാജ്യത്തിനുമേൽ പൂർണ്ണമായ ആധിപത്യം സ്ഥാപിക്കാൻ വൻ ശക്തികൾക്ക് പോലും സാധിക്കില്ലെന്ന വലിയ പാഠമാണ് പുതിയ ആഗോള സാഹചര്യങ്ങൾ ലോകത്തെ പഠിപ്പിക്കുന്നത്. അമേരിക്ക-ഇറാൻ സംഘർഷങ്ങളും, പാക് ഭീകര കേന്ദ്രങ്ങൾക്ക് നേരെ ഇന്ത്യ നടത്തിയ ഓപ്പറേഷൻ സിന്ദൂറും വിരൽ ചൂണ്ടുന്നത് ഈയൊരു യാഥാർത്ഥ്യത്തിലേക്കാണ്.

കേവലം ആയുധബലം കൊണ്ട് മാത്രം യുദ്ധങ്ങൾ ജയിക്കാനാകില്ലെന്നും സൈനിക വിജയങ്ങളെ രാഷ്ട്രീയ നേട്ടങ്ങളാക്കി മാറ്റാൻ തന്ത്രപരമായ നയതന്ത്രം ആവശ്യമാണെന്നും ഈ സംഭവങ്ങൾ തെളിയിക്കുന്നു.

### ഇറാൻ പ്രതിസന്ധി: താൽക്കാലിക ആശ്വാസം, പരിഹരിക്കപ്പെടാത്ത ആശങ്കകൾ

യു.എസും ടെഹ്റാനും തമ്മിലുണ്ടാക്കിയ 60 ദിവസത്തെ കർമ്മ പദ്ധതിയും ധാരണകളും ആഗോള തലത്തിൽ താൽക്കാലിക ആശ്വാസം നൽകുന്നുണ്ട്. ഹോർമുസ് കടലിടുക്ക് വീണ്ടും തുറന്നതും എണ്ണ വിതരണം സാധാരണ നിലയിലായതും ആഗോള ഊർജ്ജ വിപണിയിലെ സമ്മർദ്ദം കുറച്ചു. എങ്കിലും ഇത് ശാശ്വതമായ ഒരു സമാധാനമല്ല.

**പ്രതിരോധത്തിന്റെ പുതിയ മുഖം:** യു എസ് സൈനിക നീക്കങ്ങളിൽ വലിയ നാശനഷ്ടങ്ങൾ ഉണ്ടായിട്ടും ഇറാൻ കീഴടങ്ങാൻ തയാറായില്ല. തങ്ങളുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, മിസൈലുകൾ, ഡ്രോണുകൾ, പ്രോക്സി ഗ്രൂപ്പുകൾ എന്നിവ ഉപയോഗിച്ച് അവർ ചർച്ചാമേശയിൽ തങ്ങളുടെ പ്രസക്തി നിലനിർത്തി. അതേസമയം ഇറാന്റെ ആണവബാലിസ്റ്റിക് മിസൈൽ പദ്ധതികളും ഇസ്രയേലിന്റെ സുരക്ഷാ ആശങ്കകളും ഇപ്പോഴും പരിഹരിക്കപ്പെടാതെ തുടരുകയാണ്.



### ഓപ്പറേഷൻ സിന്ദൂറും ഇന്ത്യൻ യാഥാർത്ഥ്യങ്ങളും

പഹൽഗാം ആക്രമണത്തിന് മറുപടിയായി പാക് അധിനിവേശ കശ്മീരിലെ ഭീകരകേന്ദ്രങ്ങൾക്ക് നേരെ ഇന്ത്യ നടത്തിയ ഓപ്പറേഷൻ സിന്ദൂർ അതിർത്തി കടന്നും ശത്രുവിനെ തകർക്കാനുള്ള ഇന്ത്യയുടെ പ്രഹരശേഷി തെളിയിച്ചതാണ്. എന്നാൽ സൈനികമായ ഈ വലിയ വിജയം പാകിസ്ഥാന്റെ ഭീകരവാദ നയങ്ങളിൽ മാറ്റം വരുത്താൻ പൂർണ്ണമായി പര്യാപ്തമായില്ല.

കൃത്യമായ ഇന്റലിജൻസ് വിവരങ്ങളോടെ ഇന്ത്യ ശത്രുവിന് വലിയ നാശനഷ്ടം വരുത്തിയെങ്കിലും, പാകിസ്ഥാൻ വിവരസാങ്കേതിക വിദ്യ ഉപയോഗിച്ച് വ്യാജ പ്രചാരണങ്ങൾ നടത്തുകയും തങ്ങളുടെ അതിജീവനത്തെ വലിയൊരു വിജയമായി ചിത്രീകരിക്കുകയുമാണ് ചെയ്തത്. സൈനിക ആക്രമണങ്ങൾ കൊണ്ട് ശത്രുവിനെ തളർത്താം, എന്നാൽ അവരുടെ സ്വഭാവം മാറ്റാൻ മറ്റ് തന്ത്രങ്ങൾ കൂടി അനിവാര്യമാണ്.

### സൈനിക വിജയം രാഷ്ട്രീയ വിജയമാകാത്തത് എന്തുകൊണ്ട്?

വലിയ സൈനിക ശക്തികൾക്ക് പോലും തങ്ങളേക്കാൾ ദുർബലരായ ശത്രുക്കൾക്ക് മുന്നിൽ പൂർണ്ണ വിജയം നേടാനാകാത്തതിന് പിന്നിൽ പ്രധാനമായും നാല് കാരണങ്ങളാണുള്ളത്:

**അസമത്വങ്ങളിലെ പ്രതിരോധം:** പരമ്പരാഗത യുദ്ധമുറകളിൽ വൻശക്തികളോട് മുട്ടിനിൽക്കാൻ കഴിയില്ലെന്ന് മനസ്സിലാക്കുന്ന ചെറിയ രാജ്യങ്ങൾ പ്രതിരോധത്തിനായി മറ്റ് മാർഗ്ഗങ്ങൾ സ്വീകരിക്കുന്നു. അമേരിക്കക്കെതിരെ പ്രോക്സി ഗ്രൂപ്പുകളെയും മിസൈലുകളെയും ഇറാൻ ആയുധമാക്കുമ്പോൾ, ഇന്ത്യക്കെതിരെ ആണവ ഭീഷണിയും അതിർത്തി കടന്നുള്ള ഭീകരവാദവുമാണ് പാകിസ്ഥാൻ പ്രയോഗിക്കുന്നത്. ഇത്തരം തന്ത്രങ്ങൾ വൻശക്തികളുടെ സൈനിക മേധാവിത്വത്തെ പ്രതിരോധിക്കാൻ ചെറുകിട രാജ്യങ്ങളെ സഹായിക്കുന്നു.

**വിവരയുദ്ധം:** ഇന്നത്തെ കാലത്ത് യുദ്ധങ്ങൾ നടക്കുന്നത് വെറും അതിർത്തികളിൽ മാത്രമല്ല, ഡിജിറ്റൽ ലോകത്ത് കൂടിയാണ്. യുദ്ധക്കളത്തിൽ നേരിടുന്ന പരാജയങ്ങളെ സോഷ്യൽ മീഡിയ തന്ത്രങ്ങളിലൂടെയും ആസൂത്രിതമായ വ്യാജപ്രചാരണങ്ങളിലൂടെയും മറച്ചുവെക്കാൻ ശത്രുരാജ്യങ്ങൾ ശ്രമിക്കുന്നു. ഇത് പൊതുജന മധ്യത്തിൽ സൈനിക വിജയങ്ങളുടെ പ്രാധാന്യം കുറയ്ക്കുകയും രാഷ്ട്രീയമായ നേട്ടമുണ്ടാക്കുന്നതിൽ നിന്ന് വലിയ രാജ്യങ്ങളെ തടയുകയും ചെയ്യുന്നു.

**ബാഹ്യശക്തികളുടെ ഇടപെടൽ:** ഏതൊരു പ്രാദേശിക സംഘർഷത്തിലും മറ്റ് ആഗോള ശക്തികളുടെ ഇടപെടൽ സാധാരണമാണ്. അമേരിക്കഇറാൻ തർക്കത്തിൽ ഇസ്രയേലും ഗൾഫ് രാജ്യങ്ങളും തങ്ങളുടെ താല്പര്യങ്ങൾക്ക് അനുസരിച്ച് ഇടപെട്ടപ്പോൾ, ഇന്ത്യപാക് വിഷയത്തിൽ ചൈനയുടെ പിന്തുണയും അന്താരാഷ്ട്ര സമൂഹത്തിന്റെ ശ്രദ്ധയും നിർണ്ണായക പങ്കുവഹിക്കുന്നു. ഇത്തരം ബാഹ്യ ഇടപെടലുകൾ പലപ്പോഴും സൈനിക നീക്കങ്ങളെ അതിന്റെ ലക്ഷ്യത്തിൽ എത്തിക്കാൻ അനുവദിക്കാറില്ല.

**സാമ്പത്തിക ആഘാതങ്ങൾ:** ദീർഘകാലം നീണ്ടുനിൽക്കുന്ന യുദ്ധങ്ങൾ വൻ സാമ്പത്തിക ബാധ്യത വരുത്തിവെക്കുമെന്ന് എല്ലാ രാജ്യങ്ങൾക്കും അറിയാം. ഹോർമുസ് കടലിടുക്കിലെ അനിശ്ചിതത്വം ആഗോള എണ്ണ വിപണിയെ തകിടം മറിക്കുമെന്നതിനാൽ യുദ്ധം വേഗത്തിൽ അവസാനിപ്പിക്കാൻ ലോക രാജ്യങ്ങൾ സമ്മർദ്ദം ചെലുത്തി. സമാനമായി ഇന്ത്യയ്ക്കും തങ്ങളുടെ സാമ്പത്തിക വളർച്ച നിലനിർത്താൻ സുരക്ഷിതമായ അന്തരീക്ഷം ആവശ്യമായതിനാൽ ദീർഘകാല സംഘർഷങ്ങൾ ആരും ആഗ്രഹിക്കുന്നില്ല.

### ഇന്ത്യ ഇനി സ്വീകരിക്കേണ്ട തന്ത്രങ്ങൾ

കേവലമൊരു സൈനിക തിരിച്ചടി എന്നതിനപ്പുറം, ദീർഘകാലാടിസ്ഥാനത്തിൽ ശത്രുവിന്റെ സ്വഭാവത്തിൽ മാറ്റം വരുത്താൻ ഇന്ത്യ ഇനിപ്പറയുന്ന തന്ത്രങ്ങളിലേക്ക് മാറേണ്ടതുണ്ട്:

### മൾട്ടിഡൊമെയ്ൻ പ്രതിരോധ സംവിധാനം

സൈനിക ശേഷിക്ക് പുറമെ നയതന്ത്രം, സൈബർ സുരക്ഷ, സാമ്പത്തിക ഉപരോധങ്ങൾ എന്നിവ ഒരേസമയം ഏകോപിപ്പിക്കണം. ഒറ്റത്തവണയുള്ള സൈനിക നീക്കങ്ങൾക്ക് പകരം ശത്രുവിനെ സാമ്പത്തികമായും നയതന്ത്രപരമായും ഒറ്റപ്പെടുത്തുന്ന ദീർഘകാല തന്ത്രങ്ങൾ വേണം.

### ആർട്ടിഫിഷ്യൽ ഇന്റലിജൻസും ഇന്റലിജൻസ് നവീകരണവും

ഭീകരരുടെ നീക്കങ്ങൾ, അവരുടെ സാമ്പത്തിക സ്രോതസുകൾ, ഡിജിറ്റൽ മാധ്യമങ്ങളിലൂടെയുള്ള വ്യാജ പ്രചാരണങ്ങൾ എന്നിവ മുൻകൂട്ടി അറിയാനും തടയാനും എഐ, അത്യാധുനിക സോഫ്റ്റ്‌വെയറുകൾ എന്നിവയുടെ സഹായം തേടണം.

### ഇൻഫർമേഷൻ വാർഫെയറിലെ മേധാവിത്വം

സൈനിക നീക്കങ്ങൾ കഴിഞ്ഞയുടൻ തന്നെ അതിന്റെ കൃത്യമായ തെളിവുകൾ വേഗത്തിൽ ആഗോള പൊതു സമൂഹത്തിന് മുന്നിൽ എത്തിക്കണം. ശത്രുവിന്റെ വ്യാജ പ്രചാരണങ്ങളുടെ ആയുധം മൂർച്ചയില്ലാത്തതാക്കാൻ ഇത് സഹായിക്കും.

ആരാണ് കൂടുതൽ ശക്തമായി ആക്രമിച്ചത് എന്നതിലല്ല, മറിച്ച് സൈനിക ശക്തിയെ കൃത്യമായ രാഷ്ട്രീയനയതന്ത്ര നേട്ടമാക്കി മാറ്റാൻ ആർക്ക് കഴിഞ്ഞു എന്നതിലായിരിക്കും ഭാവിയിലെ വിജയം.

# അമേരിക്കൻ മണ്ണിലെ പൗരത്വ അവകാശം: ട്രംപിന്റെ ഉത്തരവ് യു.എസ് സുപ്രീംകോടതി തള്ളി; ഏഷ്യൻ വംശജർക്ക് നിർണ്ണായക വിജയം

2026 ജൂൺ 30. വാഷിംഗ്ടണിലെ യു.എസ് സുപ്രീം കോടതി സമുച്ചയത്തിൽ നിന്ന് ഇന്ന് പുറത്തുവന്ന ഒരു ചരിത്രവിധി ആഗോള കുടിയേറ്റ ഭൂപടത്തെയും ദശലക്ഷക്കണക്കിന് ഏഷ്യൻ വംശജരുടെ ഭാവിയെയും മാറ്റിമറിച്ചിരിക്കുകയാണ്. അമേരിക്കൻ മണ്ണിൽ ജനിക്കുന്ന കുട്ടികൾക്ക് സ്വയമേവ ലഭിക്കുന്ന പൗരത്വ അവകാശം അഥവാ ബർത്ത് റൈറ്റ് സിറ്റിസൺഷിപ്പ് നിർത്തലാക്കാനുള്ള പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ വിപ്ലവകരമായ നീക്കത്തിന് സുപ്രീം കോടതി പൂർണ്ണമായി തടയിട്ടു. ട്രംപ് ഗവൺമെന്റ് പുറപ്പെടുവിച്ച വിവാദപരമായ എക്സിക്യൂട്ടീവ് ഉത്തരവ് ഭരണഘടനാ വിരുദ്ധമാണെന്ന് വ്യക്തമാക്കിക്കൊണ്ട് ആറിനെതിരെ മൂന്ന് വോട്ടുകൾക്കാണ് ചീഫ് ജസ്റ്റിസ് ജോൺ റോബർട്ട്സിന്റെ നേതൃത്വത്തിലുള്ള ബെഞ്ച് ഈ സുപ്രധാന വിധി പ്രസ്താവിച്ചത്.

അമേരിക്കൻ ഭരണഘടനയുടെ പതിനാലാം ഭേദഗതിക്ക് വിരുദ്ധമായ ഈ നടപടിയെ സുപ്രീം കോടതി തള്ളിയതോടെ അമേരിക്കയിലുള്ള ലക്ഷക്കണക്കിന് ഇന്ത്യൻ ഐടി പ്രൊഫഷണലുകളും വിദ്യാർത്ഥികളും വലിയൊരു ആശ്വാസത്തിലാണ്.

അമേരിക്കയിൽ താൽക്കാലിക വിസകളിൽ ജോലി ചെയ്യുന്നവരുടെയും നിയമപരമായ രേഖകളില്ലാതെ താമസിക്കുന്നവരുടെയും മക്കൾക്ക് പൗരത്വം നൽകേണ്ടതില്ല എന്നതായിരുന്നു ട്രംപ് ഭരണകൂടത്തിന്റെ നിലപാട്. തന്റെ രണ്ടാം ഭരണകാലത്തിന്റെ തുടക്കത്തിൽ ഒപ്പിട്ട എക്സിക്യൂട്ടീവ് ഉത്തരവ് 14160 വഴിയാണ് ട്രംപ് ഈ കടുത്ത മാറ്റത്തിന് ശ്രമിച്ചത്. എന്നാൽ ഈ ഉത്തരവ് അമേരിക്കയുടെ അടിസ്ഥാന മൂല്യങ്ങൾക്കും ഒരു നൂറ്റാണ്ടിലധികം പഴക്കമുള്ള നിയമപരമായ മുൻഗണനകൾക്കും എതിരാണെന്ന് കോടതി നിരീക്ഷിച്ചു.

### 1. വിധിന്യായത്തിന്റെ കാതലും ഭരണഘടനാ സംരക്ഷണവും

അമേരിക്കൻ ഭരണഘടനയുടെ അന്തസ്സ് ഉയർത്തിപ്പിടിക്കുന്നതായിരുന്നു ചീഫ് ജസ്റ്റിസ് ജോൺ റോബർട്ട്സിന്റെ വിധിന്യായം.

**പതിനാലാം ഭേദഗതിയുടെ വിജയം:** അമേരിക്കൻ മണ്ണിൽ ജനിക്കുന്ന ഏതൊരു വ്യക്തിയും യു.എസ് പൗരനായിരിക്കുമെന്ന ഭരണഘടനയുടെ പതിനാലാം ഭേദഗതിയിലെ സിറ്റിസൺഷിപ്പ് ക്ലോസ് കോടതി പൂർണ്ണമായി ശരിവെച്ചു. മാതാപിതാക്കളുടെ വിസ സ്റ്റാറ്റസ് കുട്ടികളുടെ ജന്മസിദ്ധമായ അവകാശത്തെ ഹനിക്കാൻ കാരണമാകില്ലെന്ന് കോടതി വ്യക്തമാക്കി.

**റോബർട്ട്സിന്റെ നിരീക്ഷണം:** ഭരണഘടനയിലെ ലളിതമായ വരികളെ തിരുത്താൻ എക്സിക്യൂട്ടീവ് ഉത്തരവുകൾക്ക് കഴിയില്ലെന്ന് ചീഫ് ജസ്റ്റിസ് ചൂണ്ടിക്കാട്ടി. മാതാപിതാക്കളുടെ താൽക്കാലിക താമസമോ നിയമസാധുതയോ പൗരത്വ നിർണ്ണയത്തിൽ ഒരു മാനദണ്ഡമല്ലെന്ന് ഭൂരിപക്ഷ വിധി വ്യക്തമാക്കുന്നു.

**ഭൂരിപക്ഷത്തിന്റെ നിലപാട്:** കോടതിയിലെ കൺസർവേറ്റീവ് ജഡ്ജിമാരിൽ ചിലർ പോലും ട്രംപിന്റെ വാദങ്ങളെ തള്ളിക്കൊണ്ട് ഭരണഘടനാപരമായ സ്ഥിരതയ്ക്കാണ് വോട്ട് ചെയ്തത്. ഇത് ട്രംപിന്റെ കടുത്ത കുടിയേറ്റ വിരുദ്ധ നയങ്ങൾക്ക് ലഭിച്ച വലിയൊരു തിരിച്ചടിയാണ്.

### 2. ഇന്ത്യൻ വംശജർക്കും ഏഷ്യക്കാർക്കും ലഭിക്കുന്ന വലിയ നേട്ടങ്ങൾ

ഈ വിധി ഏറ്റവുമധികം സ്വാധീനിക്കുന്നത് അമേരിക്കയിലെ ഇന്ത്യൻ കമ്മ്യൂണിറ്റിയെയാണ്.

**താൽക്കാലിക വിസ ജീവനക്കാരുടെ ആശ്വാസം:** എച്ച്‌വൺബി, എൽവൺ തുടങ്ങിയ താൽക്കാലിക തൊഴിൽ വിസകളിൽ അമേരിക്കയിൽ ജോലി ചെയ്യുന്ന പതിനായിരക്കണക്കിന് ഇന്ത്യൻ പ്രൊഫഷണലുകൾക്ക് ഈ വിധി വലിയ സുരക്ഷിതത്വം നൽകുന്നു. ഗ്രീൻ കാർഡിനായുള്ള ദശാബ്ദങ്ങൾ നീണ്ട കാത്തിരിപ്പിനിടയിലും തങ്ങളുടെ മക്കൾക്ക് യു.എസ് പൗരത്വം ലഭിക്കുമെന്നത് അവരുടെ ആശങ്കകൾ ഇല്ലാതാക്കുന്നു.



**ഉന്നത വിദ്യാഭ്യാസ രംഗത്തെ സാധ്യതകൾ:** അമേരിക്കയിൽ ജനിച്ച കുട്ടികൾക്ക് പൗരത്വം ലഭിക്കുന്നതിലൂടെ അവർക്ക് യു.എസ് പൗരന്മാർക്ക് ലഭിക്കുന്ന കുറഞ്ഞ ഫീസിലുള്ള ഉന്നത വിദ്യാഭ്യാസ ആനുകൂല്യങ്ങളും സ്കോളർഷിപ്പുകളും സ്വന്തമാക്കാൻ സാധിക്കും. ഇത് ഇന്ത്യൻ കുടുംബങ്ങളുടെ സാമ്പത്തിക ബാധ്യത ഗണ്യമായി കുറയ്ക്കും.

**സാമൂഹിക സുരക്ഷിതത്വം:** വിസ പുതുക്കുന്നതുമായി ബന്ധപ്പെട്ട് മാതാപിതാക്കൾ നേരിടുന്ന അനിശ്ചിതത്വങ്ങൾ കുട്ടികളുടെ ഭാവിക്ക് തടസ്സമാകില്ലെന്നതാണ് ഈ വിധിയുടെ ഏറ്റവും വലിയ സവിശേഷത. കുട്ടികൾക്ക് യു.എസ് പാസ്പോർട്ട് ലഭിക്കുന്നതോടെ അവർക്ക് ആഗോളതലത്തിൽ മികച്ച അവസരങ്ങൾ തുറക്കപ്പെടും.

### 3. ട്രംപിന്റെ അടുത്ത തന്ത്രങ്ങൾ: വരാനിരിക്കുന്ന നിയമപോരാട്ടങ്ങൾ

സുപ്രീം കോടതിയിൽ നിന്ന് കടുത്ത തിരിച്ചടി നേരിട്ടെങ്കിലും ട്രംപ് തന്റെ കുടിയേറ്റ വിരുദ്ധ നയങ്ങളിൽ നിന്ന് പൂർണ്ണമായി പിന്മാറാൻ സാധ്യതയില്ല.

**ഭരണഘടനാ ഭേദഗതിക്കുള്ള നീക്കം:** എക്സിക്യൂട്ടീവ് ഉത്തരവുകൾ പരാജയപ്പെട്ട സാഹചര്യത്തിൽ, ഭരണഘടന തന്നെ ഭേദഗതി ചെയ്യാൻ കോൺഗ്രസിന് മേൽ സമ്മർദ്ദം ചെലുത്താൻ ട്രംപ് ശ്രമിച്ചേക്കാം. എന്നാൽ ഇതിനായി പ്രതിനിധി സഭയിലും സെനറ്റിലും മൂന്നിൽ രണ്ട് ഭൂരിപക്ഷം ആവശ്യമായതിനാൽ ഇത് പ്രായോഗികമാകാൻ ബുദ്ധിമുട്ടാണ്.

**വിസ നിയമങ്ങൾ കർശനമാക്കൽ:** പൗരത്വം നേരിട്ട് തടയാൻ കഴിഞ്ഞില്ലെങ്കിൽ, എച്ച്‌വൺബി വിസകളുടെ എണ്ണം കുറയ്ക്കാനും ആശ്രിത വിസകളായ എച്ച് ഫോർ വിസക്കാരുടെ തൊഴിൽ അനുമതി നിഷേധിക്കാനും ട്രംപ് ഭരണകൂടം പുതിയ നിയന്ത്രണങ്ങൾ കൊണ്ടുവന്നേക്കാം. ഇത് കുടിയേറ്റക്കാരുടെ എണ്ണം സ്വാഭാവികമായി കുറയ്ക്കാൻ ലക്ഷ്യമിട്ടുള്ളതാണ്.

**അതിർത്തി നിയന്ത്രണങ്ങൾ ശക്തമാക്കൽ:** മെക്സിക്കൻ അതിർത്തി വഴിയുള്ള അനധികൃത കുടിയേറ്റം തടയുന്നതിലൂടെ ഇത്തരം ജനനങ്ങളുടെ എണ്ണം കുറയ്ക്കാനുള്ള തന്ത്രങ്ങൾക്കായിരിക്കും ട്രംപ് ഇനി കൂടുതൽ പ്രാധാന്യം നൽകുക. വരാനിരിക്കുന്ന തിരഞ്ഞെടുപ്പുകളിൽ ഈ സുപ്രീം കോടതി വിധിയെ തന്റെ രാഷ്ട്രീയ പ്രചാരണങ്ങൾക്കായി ട്രംപ് ഉപയോഗിക്കാനും സാധ്യതയുണ്ട്.

### 4. ആഗോള പ്രതികരണങ്ങളും നയതന്ത്ര ലോകത്തെ ചലനങ്ങളും

ഈ വിധിക്ക് അന്താരാഷ്ട്ര തലത്തിൽ വലിയ പിന്തുണയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്.

**കാനഡയുടെ സ്വാഗതം:** കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണിയുടെ നേതൃത്വത്തിലുള്ള ഭരണകൂടം ഈ തീരുമാനത്തെ സ്വാഗതം ചെയ്തു. കുടിയേറ്റക്കാരുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടത് വടക്കേ അമേരിക്കൻ മേഖലയുടെ വികസനത്തിന് ആവശ്യമാണെന്ന് ഒട്ടാവ വ്യക്തമാക്കി.

**വത്തിക്കാന്റെ മനുഷ്യത്വപരമായ നിലപാട്:** വത്തിക്കാനിൽ നിന്ന് ലിയോ പതിനാലാമൻ മാർപാപ്പ ജന്മസിദ്ധമായ പൗരത്വ അവകാശങ്ങളെ സംരക്ഷിച്ച സുപ്രീം കോടതി വിധിയെ പ്രകീർത്തിച്ചു. കുട്ടികളെ മാതാപിതാക്കളുടെ രാഷ്ട്രീയ സാഹചര്യങ്ങളുടെ പേരിൽ വേർതിരിക്കരുതെന്നും അവർക്ക് സുരക്ഷിതമായ ഭാവി ഉറപ്പാക്കേണ്ടത് പ്രകൃതിനിയമമാണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

**ഏഷ്യൻ രാജ്യങ്ങളുടെ പ്രതികരണം:** ഇന്ത്യ, തായ്‌വാൻ, ദക്ഷിണ കൊറിയ തുടങ്ങിയ രാജ്യങ്ങളിലെ വിദേശകാര്യ മന്ത്രാലയങ്ങൾ ഈ വിധിയെ സസൂക്ഷ്മം നിരീക്ഷിക്കുകയും തങ്ങളുടെ പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെട്ടതിൽ സംതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു.

അമേരിക്കൻ നീതിന്യായ വ്യവസ്ഥയുടെ ചരിത്രത്തിലെ ഏറ്റവും നിർണ്ണായകമായ ഒന്നായി ഈ ജൂൺ 30ലെ വിധി രേഖപ്പെടുത്തപ്പെടും. ട്രംപിന്റെ കടുത്ത കുടിയേറ്റ നയങ്ങൾക്ക് ഭരണഘടന തന്നെ ശക്തമായ മറുപടി നൽകിയ ഈ സാഹചര്യം വരും വർഷങ്ങളിലെ ആഗോള കുടിയേറ്റ നിരക്കുകളെ സ്വാധീനിക്കും.

# ഗ്രീൻ കാർഡ് അപേക്ഷകർ ജാഗ്രതൈ! യു. എസ് ഇമിഗ്രേഷൻ നിയമങ്ങളിൽ വലിയ മാറ്റങ്ങൾ വരുന്നു; ഫീസും സമയവും നഷ്ടപ്പെടാൻ സാധ്യത!

വടക്കേ അമേരിക്കൻ മലയാളി സമൂഹത്തിലും അവിടെയുള്ള ഐടി പ്രൊഫഷണലുകൾക്കിടയിലും അതീവ ആശങ്ക പടർത്തിക്കൊണ്ട് യു.എസ് പൗരത്വകുടിയേറ്റ വകുപ്പ് ചില കടുത്ത സുരക്ഷാനിയമ പരിഷ്കാരങ്ങൾ പ്രഖ്യാപിച്ചിരിക്കുകയാണ്. ഗ്രീൻ കാർഡ് അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കുകയും കാത്തിരിപ്പ് കാലാവധി കുത്തനെ കൂട്ടുകയും ചെയ്യുന്ന പുതിയ വിസ ബുള്ളറ്റിനും ഫെഡറൽ ചട്ടങ്ങളും ജൂലൈ മാസം മുതൽ പ്രാബല്യത്തിൽ വരികയാണ്.

അമേരിക്കൻ സ്വപ്നവുമായി ജീവിക്കുന്ന ലക്ഷക്കണക്കിന് ഏഷ്യൻ വംശജരെ, പ്രത്യേകിച്ച് ഇന്ത്യൻ അപേക്ഷകരെയാണ് ഈ പുതിയ നീക്കം ഏറ്റവും കൂടുതൽ നിരാശയിലാക്കുന്നത്.

### വാഷിംഗ്ടൺ നയതന്ത്ര വിശകലനം 2026 ജൂൺ 30

ട്രംപ് ഭരണകൂടം നിയമപരമായ കുടിയേറ്റത്തിന് മേൽ തങ്ങളുടെ കർശനമായ നിയന്ത്രണങ്ങൾ കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായാണ് ഈ പുതിയ മാറ്റങ്ങൾ കൊണ്ടുവരുന്നത്. അപേക്ഷകളിൽ സംഭവിക്കുന്ന ചെറിയ സാങ്കേതിക പിഴവുകൾക്ക് പോലും വലിയ വില നൽകേണ്ടി വരുന്ന തരത്തിലാണ് പുതിയ ഫെഡറൽ ചട്ടങ്ങൾ രൂപീകരിച്ചിരിക്കുന്നത്. ഇതിനൊപ്പം ഈ വർഷത്തെ വാർഷിക വിസ ക്വാട്ടകൾ പല കാറ്റഗറികളിലും നേരത്തെതന്നെ തീർന്നതും പ്രതിസന്ധിയുടെ ആഴം കൂട്ടുന്നു.

### 1. ജൂലൈ വിസ ബുള്ളറ്റിനും ഇല്ലാതാകുന്ന വിസ നമ്പറുകളും




അമേരിക്കൻ സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് പുറത്തുവിട്ട ഏറ്റവും പുതിയ ജൂലൈ 2026 വിസ ബുള്ളറ്റിൻ കനത്ത തിരിച്ചടിയാണ് സമ്മാനിക്കുന്നത്.

**തൊഴിൽ അധിഷ്ഠിത വിസകളിലെ പ്രതിസന്ധി:** ഉയർന്ന വൈദഗ്ധ്യമുള്ള പ്രൊഫഷണലുകൾ ആശ്രയിക്കുന്ന പ്രൊഫഷണൽ കാറ്റഗറിയിൽ ഇന്ത്യയിൽ നിന്നുള്ള അപേക്ഷകർക്ക് ഈ സാമ്പത്തിക വർഷത്തെ ബാക്കി മാസങ്ങളിൽ പുതിയ വിസകൾ ലഭ്യമാകില്ല. ഒക്ടോബർ ഒന്നിന് പുതിയ സാമ്പത്തിക വർഷം ആരംഭിക്കുന്നത് വരെ ഈ താല്ക്കാലിക നിരോധനം തുടരും.

**പിന്നോട്ട് പോകുന്ന മുൻഗണനാ തിയതികൾ:** മുൻഗണനാ തിയതികൾ മന്നോട്ട് പോകുന്നതിന് പകരം പല കാറ്റഗറികളിലും മാസങ്ങളോളം പിന്നോട്ട് പോകുന്ന പ്രതിഭാസമാണ് കാണുന്നത്. ഇത് വർഷങ്ങളായി ഗ്രീൻ കാർഡിനായി കാത്തിരിക്കുന്നവരുടെ കാത്തിരിപ്പ് സമയം ഇനിയും ദീർഘിപ്പിക്കും.

**നിക്ഷേപക വിസകളിലെ നിയന്ത്രണം:** പണം നിക്ഷേപിച്ച് പൗരത്വം നേടുന്ന പ്രത്യേക ഇൻവെസ്റ്റർ വിസകളിലും ഇന്ത്യയിൽ നിന്നുള്ള അപേക്ഷകർക്ക് ഈ സാമ്പത്തിക വർഷത്തെ ക്വാട്ട പൂർണ്ണമായും അവസാനിച്ചു കഴിഞ്ഞു.

### 2. അപേക്ഷകളിലെ സാങ്കേതിക പിഴവുകളും കടുത്ത ശിക്ഷാനടപടികളും

ഹോംലാൻഡ് സെക്യൂരിറ്റി ഡിപ്പാർട്ട്മെന്റ് ജൂലൈ പത്ത് മുതൽ നടപ്പിലാക്കുന്ന പുതിയ നിയമം അപേക്ഷകരെ ഭീതിയിലാഴ്ത്തുന്നതാണ്.

**ഒപ്പുകളിലെ പിഴവുകൾക്ക് കടുത്ത ശിക്ഷ:** അപേക്ഷാ ഫോമുകളിൽ സാധുവായ ഒപ്പില്ലെങ്കിലോ അല്ലെങ്കിൽ ഒപ്പിൽ എന്തെങ്കിലും വ്യത്യാസങ്ങൾ കണ്ടെത്തിയാലോ ആ അപേക്ഷകൾ പൂർണ്ണമായും നിരസിക്കാൻ ഉദ്യോഗസ്ഥർക്ക് പുതിയ ചട്ടം അധികാരം നൽകുന്നു. മുൻപ് ഇത്തരം സാഹചര്യങ്ങളിൽ തിരുത്താൻ അവസരം നൽകാറുണ്ടായിരുന്നു.

**ഫീസ് നഷ്ടപ്പെടും:** അപേക്ഷകൾ നിരസിക്കപ്പെടുക മാത്രമല്ല, അപേക്ഷയോടൊപ്പം നൽകിയ വലിയ തുകയുടെ ഫീസ് തിരികെ ലഭിക്കുകയുമില്ല. അപേക്ഷകർ വീണ്ടും പുതിയ ഫീസ് നൽകി പ്രക്രിയകൾ ആദ്യം മുതൽ ആരംഭിക്കേണ്ടിവരും.

**ഉദ്യോഗസ്ഥരുടെ വിവേചനാധികാരം:** അപേക്ഷകന് എല്ലാ യോഗ്യതകളും ഉണ്ടെങ്കിൽ പോലും ഗ്രീൻ കാർഡ് നൽകണോ വേണ്ടയോ എന്ന് തീരുമാനിക്കാൻ ഉദ്യോഗസ്ഥർക്ക് വിവേചനാധികാരം നൽകുന്ന പുതിയ പോളിസി മെമ്മോറാണ്ടം മെയ് മാസത്തിൽ പുറത്തിറങ്ങിയിരുന്നു. ഇത് അപേക്ഷകളിലെ സുതാര്യത കുറയ്ക്കുമെന്നാണ് നിയമവിദഗ്ധർ പറയുന്നത്.

### 3. ഇന്ത്യൻ പ്രൊഫഷണലുകൾ നേരിടുന്ന തനതായ വെല്ലുവിളികൾ

ഈ നിയമ പരിഷ്കാരങ്ങൾ ഏഷ്യൻ വംശജരിൽ ഏറ്റവും കൂടുതൽ ബാധിക്കുന്നത് ഇന്ത്യൻ സമൂഹത്തെയാണ്.

**ദശകങ്ങൾ നീളുന്ന ക്യൂ:** ഓരോ രാജ്യത്തിനും പരമാവധി ഏഴ് ശതമാനം വിസകൾ മാത്രമേ ഒരു വർഷം നൽകാവൂ എന്ന നിയമം നിലവിലുണ്ട്. ഇന്ത്യയിൽ നിന്നുള്ള അപേക്ഷകരുടെ എണ്ണം കൂടുതലായതിനാൽ സാധാരണ തൊഴിൽ വിസകളിലെ കാത്തിരിപ്പ് കാലാവധി ഇതിനകം തന്നെ പത്ത് വർഷത്തിലധികമാണ്.

**എച്ച്‌വൺബി വിസക്കാരുടെ ആശങ്ക:** താൽക്കാലിക വിസകളിൽ ജോലി ചെയ്യുന്ന ലക്ഷക്കണക്കിന് ഐടി വിദഗ്ധർക്ക് തങ്ങളുടെ വിസ കാലാവധി തീരുന്നതിന് മുൻപ് ഗ്രീൻ കാർഡ് പ്രക്രിയകൾ പൂർത്തിയാക്കാൻ കഴിയമോ എന്ന ആശങ്കയുണ്ട്. പുതിയ ചട്ടങ്ങൾ അവരുടെ കരിയർ സുരക്ഷിതത്വത്തെ ബാധിക്കും.

**കുടുംബാംഗങ്ങളുടെ ഭാവി:** ഗ്രീൻ കാർഡ് വൈകുന്നതിലൂടെ താൽക്കാലിക വിസകളിൽ കൂടെയുള്ള മക്കൾക്ക് ഇരുപത്തിയൊന്ന് വയസ്സ് തികയമ്പോൾ സ്വയമേവ വിസ പദവി നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകും. ഇത് ഇന്ത്യൻ കുടുംബങ്ങളെ കുട്ടികളുടെ ഉന്നത പഠന കാര്യങ്ങളിൽ വലിയ പ്രതിസന്ധിയിലാക്കുന്നു.

### 4. അപേക്ഷകർ സ്വീകരിക്കേണ്ട മുൻകരുതലുകൾ

ഈ കടുത്ത സാഹചര്യങ്ങളെ നേരിടാൻ അപേക്ഷകർ അതീവ ജാഗ്രത പുലർത്തേണ്ടതുണ്ട്.

**രേഖകളുടെ കൃത്യത ഉറപ്പാക്കുക:** അപേക്ഷ സമർപ്പിക്കുന്നതിന് മുൻപ് എല്ലാ രേഖകളും കൃത്യമാണെന്നും ഒപ്പുകൾ യഥാസ്ഥാനത്താണെന്നും ഒന്നിലധികം തവണ പരിശോധിച്ച് ഉറപ്പുവരുത്തണം. ചെറിയൊരു അശ്രദ്ധ പോലും വലിയ സാമ്പത്തിക നഷ്ടത്തിനും സമയനഷ്ടത്തിനും കാരണമാകും.

**നിയമോപദേശം തേടുക:** പുതിയ വിവേചനാധികാര നിയമങ്ങൾ നിലവിൽ വന്നതിനാൽ പരിചയസമ്പന്നരായ ഇമിഗ്രേഷൻ വക്കീലന്മാരുടെ സഹായത്തോടെ മാത്രം അപേക്ഷകൾ തയ്യാറാക്കുക.

**ബദൽ മാർഗ്ഗങ്ങൾ പരിശോധിക്കുക:** തങ്ങളുടെ മുൻഗണനാ തിയതികൾ വരാൻ താമസമെടുക്കുമെന്ന് ഉറപ്പുള്ളവർ താൽക്കാലിക വിസകൾ പുതുക്കുന്നതിനുള്ള ബദൽ മാർഗ്ഗങ്ങൾ മുൻകൂട്ടി കണ്ട് തയ്യാറെടുപ്പുകൾ നടത്തണം.

അമേരിക്കൻ കുടിയേറ്റ നിയമങ്ങളിലെ ഈ പുതിയ കടുപ്പങ്ങൾ താൽക്കാലിക വിസകളിൽ കഴിയുന്ന പ്രൊഫഷണലുകളെ കടുത്ത സമ്മർദ്ദത്തിലാക്കുന്നുണ്ട്. എങ്കിലും കൃത്യമായ ആസൂത്രണത്തിലൂടെയും ജാഗ്രതയോടെയുള്ള അപേക്ഷാ സമർപ്പണത്തിലൂടെയും ഈ പ്രതിസന്ധികളെ ഒരു പരിധി വരെ മറികടക്കാൻ സാധിക്കും.

# മനഃപാഠ പഠനത്തിന് വിട; എഐ യുഗത്തിൽ അതിജീവിക്കാൻ ക്ലാസ് റൂമുകൾ മാറുന്നു; പുതിയ തൊഴിൽ വിപണി ലക്ഷ്യമിട്ട് വിദ്യാഭ്യാസ പരിഷ്കാരം!

ഒരു പുതിയ സാങ്കേതികവിദ്യ വിപണി കീഴടക്കുമ്പോൾ അത് സമൂഹത്തിൽ വരുത്തുന്ന മാറ്റങ്ങൾ വലുതാണ്. എന്നാൽ, കൃത്രിമബുദ്ധി അഥവാ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വിദ്യാഭ്യാസ മേഖലയിൽ സൃഷ്ടിക്കാൻ പോകുന്ന വിപ്ലവം കേവലം പുത്തൻ കോഴ്സുകളിലോ സ്മാർട്ട് ക്ലാസ് റൂമുകളിലോ ഒതുങ്ങുന്നതല്ല. 'ക്യുഎസ് വേൾഡ് ഫ്യൂച്ചർ സ്കിൽസ് ഇൻഡക്സ്' വ്യക്തമാക്കുന്നതുപോലെ, വരുംവർഷങ്ങളിൽ ലോകം അഭിമുഖീകരിക്കാൻ പോകുന്ന ഏറ്റവും വലിയ പ്രതിസന്ധി ഡിജിറ്റൽ സാക്ഷരതയുടെ അഭാവമല്ല, മറിച്ച് 'എഐ സന്നദ്ധത' അഥവാ എഐ റെഡിനസ്സിലുള്ള അസമത്വമായിരിക്കും. സാങ്കേതികവിദ്യ വിവേചനമില്ലാതെ എല്ലാവരിലും എത്തിക്കാൻ കഴിഞ്ഞില്ലെങ്കിൽ, അത് സമൂഹത്തിൽ വലിയൊരു പുതിയ വിദ്യാഭ്യാസ വിഭജനത്തിന് വഴി തുറക്കുമെന്ന യാഥാർത്ഥ്യം ഇന്ന് ചർച്ച ചെയ്യപ്പെടുകയാണ്.

മാറിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസ ശീലങ്ങളെയും ഭാവി തലമുറ നേരിടേണ്ടി വരുന്ന വെല്ലുവിളികളെയും കുറിച്ചുള്ള സമഗ്രമായ വിശകലനം താഴെ നൽകുന്നു:

ലോകമെമ്പാടുമുള്ള വിദ്യാലയങ്ങൾ ഇന്ന് വലിയൊരു പ്രതിസന്ധിയിലാണ്. ഒരു വശത്ത്, നോർവേ പോലുള്ള വികസിത രാജ്യങ്ങൾ പ്രാഥമിക വിദ്യാർത്ഥികൾക്കിടയിൽ എഐ ഉപയോഗിക്കുന്നത് കടുത്ത നിയന്ത്രണങ്ങളിലൂടെ തടയാൻ ശ്രമിക്കുന്നു. കുട്ടികളുടെ ചിന്താശേഷിയും അടിസ്ഥാന വായനാഎഴുത്ത് ശീലങ്ങളും സംരക്ഷിക്കാൻ ഇത് അനിവാര്യമാണെന്ന് അവർ വാദിക്കുന്നു. മറുവശത്ത്, അമേരിക്കയിലെയും ദക്ഷിണ കൊറിയയിലെയും പ്രമുഖ ഇൻസ്റ്റിറ്റ്യൂട്ടുകൾ എഐയെ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന സൗകര്യമായി അംഗീകരിച്ച് അധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകിത്തുടങ്ങി. ഈ രണ്ട് വ്യത്യസ്ത ചിന്താഗതികൾക്കിടയിൽ സ്വന്തം ഭാവി കണ്ടെത്തേണ്ടി വരുന്ന പുതിയ തലമുറ നേരിടുന്ന വെല്ലുവിളികൾ ചെറുതല്ല.

### വിദ്യാഭ്യാസ പ്രക്രിയയെ എഐ മാറ്റിമറിക്കുന്ന രീതികൾ

പഠന ശീലങ്ങളിലും അധ്യാപന രീതികളിലും വിപ്ലവകരമായ മാറ്റങ്ങളാണ് നിലവിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്.

**വ്യക്തിഗത പഠന രീതികൾ:** എല്ലാ കുട്ടികളുടെയും പഠന വേഗത ഒരേപോലെയല്ല. ഓരോ വിദ്യാർത്ഥിയുടെയും കഴിവുകളും പരിമിതികളും മനസ്സിലാക്കി അവർക്കായി പ്രത്യേക പഠന പദ്ധതികൾ തയ്യാറാക്കാൻ പുതിയ എഐ ട്യൂട്ടർമാർക്ക് സാധിക്കുന്നുണ്ട്.

**അധ്യാപകരുടെ ജോലിഭാരം കുറയുന്നു:** പരീക്ഷാ പേപ്പറുകൾ വിലയിരുത്തുക, അറ്റൻഡൻസ് രേഖപ്പെടുത്തുക, ടൈംടേബിൾ തയ്യാറാക്കുക തുടങ്ങിയ നിത്യോപയോഗ ജോലികൾ എഐ ഏറ്റെടുക്കുന്നതോടെ അധ്യാപകർക്ക് കുട്ടികളുടെ മാനസികവും വൈകാരികവുമായ വികാസത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സമയം ലഭിക്കുന്നു.

**മൂല്യനിർണ്ണയത്തിലെ മാറ്റങ്ങൾ:** വെറുമൊരു പരീക്ഷാ പേപ്പറിലെ മാർക്കിനപ്പുറം, ഒരു കുട്ടി എങ്ങനെ ചിന്തിക്കുന്നു, പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കുന്നു എന്ന് പഠന പ്രക്രിയയിലുടനീളം നിരീക്ഷിക്കാൻ തത്സമയ വിലയിരുത്തൽ സംവിധാനങ്ങൾ നിലവിൽ വന്നിട്ടുണ്ട്.

### പുതിയ തലമുറയിലെ വിദ്യാർത്ഥികൾ ചെയ്യേണ്ട തയ്യാറെടുപ്പുകൾ



വരുംകാല തൊഴിൽ വിപണിയിൽ നിലനിൽക്കണമെങ്കിൽ വിദ്യാർത്ഥികൾ തങ്ങളുടെ ചിന്താഗതികളിൽ വലിയ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്.

**സ്വയം ചിന്തിക്കാനുള്ള കഴിവ്:** എഐ നൽകുന്ന ഉത്തരങ്ങൾ അന്ധമായി വിശ്വസിക്കാതെ, അവയുടെ കൃത്യത പരിശോധിക്കാനും സ്വന്തമായി ചോദ്യങ്ങൾ ചോദിക്കാനുമുള്ള വിമർശനാത്മക ചിന്താരീതി കുട്ടികൾ വളർത്തിയെടുക്കണം.

**പ്രോംപ്റ്റ് എഞ്ചിനീയറിംഗിനപ്പുറമുള്ള അറിവ്:** കേവലം എഐ ടൂളുകളിൽ കമാൻഡുകൾ ടൈപ്പ് ചെയ്യാൻ പഠിച്ചതുകൊണ്ട് മാത്രം കാര്യവുമില്ല. ഡാറ്റാ ബയസ്, സ്വകാര്യതാ ലംഘനങ്ങൾ, സാങ്കേതികവിദ്യയുടെ നൈതികമായ ഉപയോഗം എന്നിവയെക്കുറിച്ചുള്ള കൃത്യമായ അറിവ് വികസിപ്പിച്ചെടുക്കണം.

**തുടർച്ചയായ പഠന ശീലം:** സാങ്കേതികവിദ്യ അതിവേഗം മാറുന്നതിനാൽ, സ്കൂളിൽ നിന്ന് പഠിച്ച കാര്യങ്ങൾ കൊണ്ട് മാത്രം ജീവിതകാലം മുഴുവൻ ജോലി ചെയ്യാൻ സാധിക്കില്ല. പുതിയ മാറ്റങ്ങളെ ഉൾക്കൊണ്ട് നിരന്തരം സ്വയം പുതുക്കാനുള്ള മനസ്സ് വളർത്തിയെടുക്കണം.

### ഇന്ത്യൻ വിദ്യാഭ്യാസ മേഖല വരുത്തേണ്ട അടിയന്തിര മാറ്റങ്ങൾ

ആഗോളതലത്തിൽ എഐ സാമ്പത്തിക സന്നദ്ധതയിൽ ഇന്ത്യ പതിമൂന്നാം സ്ഥാനത്താണെങ്കിലും, മനുഷ്യവിഭവശേഷിയുടെ ഗുണനിലവാരത്തിൽ രാജ്യം ഇനിയും മുന്നേറാനുണ്ട്.

**ദേശീയ വിദ്യാഭ്യാസ നയത്തിന്റെ വിപുലീകരണം:** പുതിയ വിദ്യാഭ്യാസ നയത്തിൽ എഐ സാക്ഷരതയെക്കുറിച്ച് പറയുന്നുണ്ടെങ്കിലും, അത് വലിയ നഗരങ്ങളിലെ വിദ്യാലയങ്ങളിൽ മാത്രം ഒതുങ്ങാതെ ഗ്രാമീണ മേഖലകളിലേക്കും ഒരുപോലെ വ്യാപിപ്പിക്കണം.

**അധ്യാപകരുടെ സന്നദ്ധത ഉറപ്പാക്കൽ:** കുട്ടികൾക്ക് മുൻപ് അധ്യാപകർക്ക് എഐ ടൂളുകളെക്കുറിച്ചുള്ള കൃത്യമായ പരിശീലനം നൽകണം. എങ്കിൽ മാത്രമേ ക്ലാസ് റൂമുകളിൽ ഈ സാങ്കേതികവിദ്യ ദുരുപയോഗം ചെയ്യപ്പെടുന്നത് തടയാൻ സാധിക്കൂ.

**പരീക്ഷാ രീതികളുടെ പൊളിച്ചെഴുത്ത്:** വെറുതെ മനഃപാഠം പഠിച്ച് എഴുതുന്ന പഴയ പരീക്ഷാ രീതികൾ പൂർണ്ണമായും നിർത്തലാക്കണം. എഐ ടൂളുകൾ ലഭ്യമാക്കിക്കൊണ്ട് തന്നെ സങ്കീർണ്ണമായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കുട്ടികളോട് ആവശ്യപ്പെടുന്ന പ്രായോഗിക പരീക്ഷകൾ കൊണ്ടുവരണം.

### പുതിയ എഐ തൊഴിലുകൾ കണ്ടെത്താനുള്ള വഴികൾ

പരമ്പരാഗത ജോലികൾ പലതും ഇല്ലാതാകുമ്പോൾ പുതിയ നൂറുകണക്കിന് കരിയർ സാധ്യതകളാണ് എഐ യുഗം തുറന്നുതരുന്നത്.

**വ്യവസായശാലകളുമായുള്ള സഖ്യങ്ങൾ:** ഐടി കമ്പനികളും സർവ്വകലാശാലകളും സംയുക്തമായി കോഴ്സുകൾ രൂപീകരിക്കണം. ഇത് വിപണിക്ക് ആവശ്യമുള്ള കൃത്യമായ കഴിവുകളോടെ കുട്ടികൾ പുറത്തിറങ്ങാൻ സഹായിക്കും.

**മൾട്ടിഡിസിപ്ലിനറി പഠനം:** കമ്പ്യൂട്ടർ സയൻസ് പഠിക്കുന്നവർ സൈക്കോളജിയോ ഫിലോസഫിയോ കൂടി പഠിക്കേണ്ടി വരുന്ന കാലമാണിത്. എഐ ഹ്യൂമൻ ഇന്ററാക്ഷൻ, എഐ എത്തിക്സ് തുടങ്ങിയ മേഖലകളിൽ വലിയ തൊഴിലവസരങ്ങൾ വരാൻ പോകുന്നു.

**ഗ്രാജുവേറ്റ് എംപ്ലോയബിലിറ്റി ഉറപ്പാക്കൽ:** വെറും ബിരുദ സർട്ടിഫിക്കറ്റുകൾക്ക് പകരം വ്യവസായ ലോകം അംഗീകരിക്കുന്ന പ്രായോഗിക സർട്ടിഫിക്കേഷനുകൾക്ക് സിലബസിൽ സ്ഥാനം നൽകണം. ഇത് കോൾ സെന്ററുകളിലും ബിപിഒ മേഖലകളിലും ഉണ്ടാകാൻ സാധ്യതയുള്ള തൊഴിൽ നഷ്ടങ്ങളെ ചെറുക്കാൻ യുവതലമുറയെ പ്രാപ്തരാക്കും.

എഐ റെഡിനസ്സിലുള്ള വ്യത്യാസങ്ങൾ പാവപ്പെട്ടവനും പണക്കാരനും തമ്മിലുള്ള പുതിയൊരു വലിയ വിടവായി മാറാൻ അനുവദിക്കരുത്. സാങ്കേതികവിദ്യയെ കേവലം ഭയപ്പെടുന്നതിന് പകരം അതിനെ മനുഷ്യന്റെ പഠന ശേഷി വർദ്ധിപ്പിക്കാനുള്ള ഒരു ഉപകരണമായി ഉപയോഗിക്കാൻ കുട്ടികളെ പ്രാപ്തരാക്കുകയാണ് വേണ്ടത്.

വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ മൂല്യം നിലനിർത്തിക്കൊണ്ടുള്ള ഒരു പുതിയ മാറ്റത്തിനാണ് ഇനി തുടക്കം കുറിക്കേണ്ടത്.

# ST BERCHMANS & ASSUMPTION COLLEGES' ALUMNI OF NORTH AMERICA

# ALUMNI CONVENTION 2026, CHICAGO

**St Berchmans College**
Founded 1922
AUTONOMOUS | College with Potential for Excellence | Reaccredited by NAAC with A Grade

**ASSUMPTION COLLEGE**
SURSUM CORDA
CHANGANASSERY, KERALA 686101 | AUTONOMOUS
Accredited by NAAC with A+ Grade (Cycle 4) | ISO 9001:2015 Certified

**2026 JULY 09**
**8:00AM-1:00PM**

**Sacred Heart Knanaya Catholic Church Auditorium**
145 E Grand Ave
Bensenville
IL 60106



CHIEF Guest

**Mar Thomas Tharayil**
Metropolitan Archbishop of Changanassery

**Cardinal George Jacob Koovakad**
Prefect, Dicastery for Interreligious Dialogue

**Dr. Raju Narayana Swami IAS**
Principal Secretary
Govt. of Kerala



**Rev. Dr. Teddy C Kanjooparampil**
Principal



**Dr. Rani Maria Thomas**
Principal

## Invitation

It is with immense pride, honor, and great enthusiasm that I extend a warm invitation to all alumni of St. Berchmans College and Assumption College residing across North America to participate in the First National Alumni Convention of St. Berchmans & Assumption Colleges North America to be held on Thursday, July 9, 2026 in Chicago.

This historic convention represents the realization of a long-cherished vision—to bring together generations of alumni from our esteemed institutions under one unified platform, fostering lifelong connections, collaboration, and a shared commitment to the advancement of our alma maters and the communities we serve. On behalf of the organizing committee, I wish to express our profound gratitude to His Grace Mar Thomas Tharayil, Archbishop of Changanacherry, whose visionary leadership, guidance, encouragement, and unwavering support have been instrumental in transforming this dream into reality. His inspiration has provided the foundation for what we believe will become a transformative movement for our alumni community across North America and beyond.

The convention marks the beginning of an exciting new chapter. Our long-term vision extends far beyond this inaugural gathering. We aspire to create meaningful collaborations between our alma maters and leading universities, educational institutions, corporations, and research organizations throughout the United States and Canada. We are equally committed to building a strong and sustainable alumni infrastructure that will support educational initiatives, mentorship programs, student development, scholarships, professional networking, and community engagement for future generations. As the first undertaking of its kind in North America, this convention is poised to become a landmark event in the proud history of St. Berchmans College and Assumption College. More importantly, it will serve as a catalyst for strengthening the bonds among thousands of alumni worldwide while creating new opportunities for leadership, service, and global impact.



**Mathew Daniel**
Chairman, National Convention

We look forward to welcoming alumni from across North America as we celebrate our shared heritage, honor our distinguished legacy, and chart an inspiring path forward for generations to come.

Sincerely,
**Mathew Daniel**
Chairman, National Convention of Alumni Berchmans & Assumption College in North America

## Welcome to Chicago!

It is with great pride and a deep sense of responsibility that we welcome all alumni of St. Berchmans and Assumption Colleges to this First National Convention. While this gathering celebrates our shared heritage and lifelong friendships, it also offers us a unique opportunity to strengthen our bonds, renew our commitment to our alma maters, and shape the future of our alumni community.

As we come together from different cities, professions, and generations in the USA we wish this convention inspire meaningful connections, fruitful discussions, and a renewed spirit of service and collaboration. On behalf of the SB Assumption Alumni Association of Chicago we extend a warm welcome to each one of you. We are honored to host you and look forward to a memorable and enriching convention.

Sincerely,



**Dr Manoj Mathew Neriamparampil**
President



**Thomas Decross**
Secretary

### OFFICE BEARERS OF THE CONVENTION

**Prof. James Abraham Olikara**
Award Committee Co-chair
**Augustine Joseph Kalathil**
Reception Co- Chair
**Shibu Augustine**
Finance Committee Co-chair
**Sebastian Vazhaparampil**
Finance
**Carmel Thomas**
Cultural Programs
**Ambily George**
Registration
**Shiji Chirayil**
Cultural Programs
**Shaji Kailath**
Reception
**Biji Kollapuram**
Reception
**Manish Thoppil**
Finance
**Joseph Kalassery**
Reception
**Taj Mathew NY**
Souvenir Editor
**Lovely Thomas**
Registration

### STEERING COMMITTEE

**Very. Rev. Fr Kurien Naduvelichalunkal IL**
Patron
**Dayalu Joseph CA**
Convention Co-chair
**Pinto Kannampally MD**
National Co- chair
**George Joseph Vilangolil TX**
Souvenir Coordinator
**Tom Perumpail NY**
Convention Coordinator
**Dr. Bindu George Tobias TX**
Women's Forum Coordinator
**Prof. R Jayakrishnan CA**
Convention Coordinator
**Leela Maret NY**
Convention Coordinator

### GRAND SPONSOR

**Dr. Vincent Kuttemperoor WI**